13 MAY 1885

COMPUTERISED

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number Q,6WM75 32J72

Accession Number ~~221~~ 216227

Available for loan from

This book should be returned on or before the date last marked below.

O. 61

177

# എന്റെ ജീവിതവും ചിന്തയും

COMPUTERISED

NATIONAL BOOK STALL ● KOTTAYAM ● SPCS LTD

*Malayalam*]

# Ente Jeevithavum Chinthayum

**Translation of My Life and Thought by**
**ALBERT SCHWEITZER.**

TRANSLATED BY
**M. C. NAMBUDIRIPAD, B. Sc.**

*First Impression—December, 1957*
*Copies five thousand*

**Publishers :**
**THE MANGALODAYAM (Private) LTD.,**
**TRICHUR.**

This book is one of a common series published under the auspices of the Southern Languages Book Trust.

**Price: Re. 1 · 50**

---

*First published in German by Verlag Felix Meiner in 1931.*

# എന്റെ ജീവിതവും ചിന്തയും

UNIVERSITY LIBRARY
- 2 NOV 1964
MADRAS

മൂലഗ്രന്ഥകാരൻ:

ആൽബർട്ട് ഷ്വൈറ്റ്സർ

വിവർത്തകൻ:

എം. സി. നമ്പൂതിരിപ്പാട്ട്, ബി. എസ്സ്സി.

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,

തൃശ്ശിവപേരൂർ.

1957/1133 ]

[ വില: ഒന്നരഉറുപ്പിക.

ഒന്നാംപതിപ്പ്:
അയ്യായിരം കോപ്പി.

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

216227
Q6wM75
32 J72

കവർ:
കൃഷ്ണാ കമ്പനി
തൃശ്ശൂർ.

# അവതാരിക

നമ്മുടെ തലമുറയിലെ ഏററവും മഹാനായ വ്യക്തി ആരാ
ണ്?—ഇന്നൊരു പരിഷ്കാരമായിത്തീന്നിട്ടുള്ള, എന്നാൽ തികച്ചും
സ്വാഭാവികവുമായ, ഒരു ചോദ്യമാണിതു്. ഇംഗ്ലീഷുകാരൻ മറു
പടി പറഞ്ഞേക്കും, വിൻസ്റ്റൺചച്ചിലെന്നു്. കമ്മ്യൂണിസ്ററു
കാരനാകട്ടെ, ലെനിൻ അല്ലെങ്കിൽ സ്റ്റാലിൻ എന്നു്. ഇന്ത്യക്കാ
രനോ?—ഏഷ്യക്കാരൻ എന്നുതന്നെ പറയാം—ഗാന്ധിജിയെ
ന്നും. ഇവരിൽ ഓരോരുത്തനും പ്രതിഭാശാലിയാണു്; സ്വകീയ
മായ പ്രവത്തനമണ്ഡലങ്ങളിൽ ഓരോരുത്തനും ചെയ്ത സേവന
ങ്ങൾ നിസ്തുലങ്ങളുമാണു്. ഇതിനൊന്നും സംശയമില്ല. എന്നാൽ
ഇവരെല്ലാം പ്രഥമമായും പ്രധാനമായും സേവിച്ചതു സ്വന്തം നാ
ടിനേയും നാട്ടാരേയുമാണു്. ലോകത്തിന്നു രണ്ടാംസ്ഥാനമേ ഇ
വർ നല്കീയിട്ടുള്ളു. ഇവിടെയിതാ, മറെറാരു വ്യക്തി—സംഗീത
ത്തിലും തത്വചിന്തയിലും ശാസ്ത്രത്തിലും അഗാധപണ്ഡിതൻ;
അതിലോരോ വിഷയത്തിലും അദ്വിതീയനാവാൻ കഴിവുററ ബു
ദ്ധിശാലി; തൻേറതായ പ്രവൃത്തിമണ്ഡലങ്ങളിൽ തുടരുകയും നാ
ട്ടിൽ താമസിച്ചു സ്വന്തം നാട്ടുകാരെ സേവിക്കുകയും ചെയ്യുന്നതി
ലുള്ള മെച്ചങ്ങൾ കൈവെടിഞ്ഞ ത്യാഗി; അപരിചിതമായ നാ
ട്ടിൽപ്പോയി, അപരിചിതരായ ആളുകളെ സേവിച്ച കമ്മധീ
രൻ! ആ വ്യക്തി ആൽബട്ടു് ഷൈ്വററ്സരാണു്. അകക്കാമ്പോ
ളം ഒരു ക്രിസ്ത്യാനിയായ അദ്ദേഹത്തിന്നു വെള്ളക്കാരനും കറുത്ത
മനുഷ്യനും സമന്മാരാണു്. മാത്രമല്ല, ക്രൈസ്തവതത്വങ്ങൾക്കു
വിരുദ്ധമായി, കറുത്ത മനുഷ്യനെ ചൂഷണംചെയ്യുന്ന വെള്ളക്കാര
നെ ഓത്തു് അദ്ദേഹം വല്ലാതെ ലജ്ജിച്ചിരുന്നു. തൻെറ വഗ്ഗത്തി

ൻെറ പാപം കഴുകിക്കളയുവാനെന്നോണം, പരിഷ്കൃതജീവിതത്തിൻെറ സകലസുഖസൌകര്യങ്ങളെയും പരിത്യജിക്കുവാൻ അദ്ദേഹം സന്നദ്ധനായി. ഫ്രെഞ്ചാഫ്രിക്കയിലെ മദ്ധ്യരേഖാവനങ്ങളിൽ അദ്ദേഹം താമസമുറപ്പിച്ചു—കേട്ടുകേൾവിയില്ലാത്ത ലാംബറീനിയിൽ.

അദ്ദേഹത്തിൻെറ ജീവിതകഥ ആരിലും അതിയായ താൽപര്യം ഉളവാക്കാതിരിക്കയില്ല. 'എൻെറ ജീവിതവും ചിന്തയും' എന്ന പുസ്തകത്തിലൂടെ ഷൈ്വററ്സർ തൻെറ ആന്തരികവ്യക്തിത്വത്തിൻെറ വാതിൽ മലക്കെ തുറന്നുവെച്ചിരിക്കുന്നു.

ഒരു പുരോഹിതകുടുംബത്തിൽ ജനിച്ചുവളന്ന അദ്ദേഹം കുട്ടിക്കാലത്തുതന്നെ സംഗീതവാസന പ്രദശിപ്പിച്ചിരുന്നു. എട്ടുവയസ്സിൽ കിന്നരം വായിച്ചുതുടങ്ങി; ഒമ്പതായപ്പോഴെയ്ക്കും ഗ്രുൺസ്ബാക്കിലുള്ള പള്ളിയിലെ കിന്നരംവായന ഏറെറടുത്തു. സംഗീതപ്രിയത്വം ഒരിക്കലും അദ്ദേഹത്തെ വിട്ടുപിരിയുകയുണ്ടായിട്ടില്ല. ഇന്നദ്ദേഹം ലോകത്തിലെ ഏററവും വലിയ കിന്നരംവായനക്കാരനാണ്. ബാക്കിനെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ കൃതി ഒരു വിശേഷാത്തരസംഗീതഗ്രന്ഥമായി വത്തിക്കുകയും ചെയ്യുന്നു. സവ്വകലാശാലയിൽവെച്ച് അദ്ദേഹം മതശാസ്ത്രവും തത്വചിന്തയും പഠിച്ചു. അഗാധചിന്തകനായിരുന്നതുകൊണ്ട്, മതശാസ്ത്രത്തിലെ പ്രമാണങ്ങൾ അപ്പടി കണ്ണടച്ചു സ്വീകരിക്കുവാൻ അദ്ദേഹം തയ്യാറില്ല. അദ്ദേഹത്തിൻെറ മതശാസ്ത്രഗ്രന്ഥങ്ങളിൽപ്പോലും തത്വചിന്ത പ്രകടമായി കാണാമായിരുന്നു. മതശാസ്ത്രജ്ഞന്മാർ പതിവുള്ളപോലെ യേശുവിനെ ചിത്രണംചെയ്തതുകൊണ്ട് അദ്ദേഹം തൃപ്തിപ്പെട്ടില്ല. അദ്ദേഹം യേശുവിൽ കാണുന്നതു ശരിയായ ദൈവപുത്രനെയാണ്—സദാ സേവനസന്നദ്ധനായ, കഷ്ടപ്പെടുന്നവരുടെ മോചനത്തിനു സ്വന്തം ജീവൻപോലും പരിത്യജിച്ച, ദൈവപുത്രൻ. ദൈവരാജ്യത്തിൻെറ അഭ്യുന്നതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്ത ഒരു മഹാനെയാണ് അദ്ദേ

ഹം യേശുവിൽ കാണുന്നതു്. ക്രിസ്തുമതപഠനത്തിൽ സത്യസന്ധതയ്ക്കു് അദ്ദേഹം അളവററ വില കല്പിച്ചു. ധമ്മനീതിയാണു് മതത്തിൻെറ കാമ്പെന്ന നിഗമനത്തിൽ അദ്ദേഹം എത്തി. അതിന്നു് അടിസ്ഥാനമോ, യേശുവിൻെറ അരുളപ്പാടുകൾ തന്നെ.

മതകാര്യങ്ങളിൽമാത്രമല്ല, ജീവിതത്തിലുടനീളംതന്നെ അദ്ദേഹത്തിൻെറ സാവ്വത്രികത്വം വ്യക്തമായിക്കാണാം: ജന്മദേശം ആൽസെസ് ലൊറൈൻ; മാതൃഭാഷ ഫ്രെഞ്ച്; പാണ്ഡിത്യം ജമ്മനിലും. ജമ്മൻഭാഷയോടുള്ള മമതകൊണ്ടു് അതിനെ മാതൃഭാഷയായി ഗണിച്ചുതുടങ്ങുകപോലും ചെയ്തു അദ്ദേഹം. ബാക്കിനെക്കുറിച്ചുള്ള പുസ്തകം എഴുതപ്പെട്ടതു ഫ്രെഞ്ചിലാണു്. എന്നിരുന്നാലും അദ്ദേഹം പറയാറുണ്ടു്, ജമ്മനിലെന്നപോലെ ഫ്രെഞ്ചിൽ ആശയപ്രകാശനംചെയ്വാൻ തനിക്കു കഴിവില്ലെന്നു്. മതശാസ്ത്രപഠനത്തോടൊപ്പം അദ്ദേഹം തത്വചിന്തയും പഠിച്ചുപോന്നിരുന്നു. കാന്തിൻെറ മതപരമായ തത്വചിന്തയാണു് പ്രത്യേകപഠനത്തിന്നു് അദ്ദേഹം തിരഞ്ഞെടുത്തതെന്ന സംഗതി ശ്രദ്ധാഹ്മമാണു്. മുപ്പതുവയസ്സുവരെ ഇങ്ങനെ കഴിഞ്ഞു. അപ്പോഴേയ്ക്കും പുതിയൊരു ആശ നാമ്പെടുത്തു. മതത്തിലും തത്വചിന്തയിലും അദ്ദേഹത്തിന്നുണ്ടായിരുന്ന താൽപര്യം അഗാധമാണു്; എന്നാൽ കൂടുതൽ അഗാധമായ ഒന്നു് അദ്ദേഹത്തെ ആധുനികശാസ്ത്രപഠനത്തിന്നു പ്രേരിപ്പിച്ചു. ആഫ്രിക്കയിലെ കഷ്ടപ്പെടുന്ന ജനസമൂഹത്തെ സേവിപ്പാൻവേണ്ടി ഒരു ഡോക്ടറാവാൻ അദ്ദേഹം ഉറച്ചു. അതിന്നു് അവസരം ലഭിക്കയും ചെയ്തു. ആഫ്രിക്കയിലേയ്ക്കു് ഒരു ഡോക്ടറെ ആവശ്യമുണ്ടെന്നു പാരീസ്സിലെ പാതിരിസംഘം പരസ്യം ചെയ്തിട്ടുണ്ടായിരുന്നു. യേശുസന്ദേശം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്ന ഏതു പാതിരിസംഘവും ഷൈ്വററ്സറെപ്പോലെ നിഷ്കളങ്കനായ ഒരു വ്യക്തിയെ സസന്തോഷം സ്വീകരിക്കുമെന്നു കരുതാമല്ലോ. എന്നാൽ ദൌഭാഗ്യവശാൽ, മതം മിക്കപ്പോഴും അ-

ന്ധവിശ്വാസജടിലമായിരിപ്പാകുന്നു. തൽഫലമായി, ഷ്വെറററ്സരുടെ മതവിശ്വാസങ്ങളെക്കുറിച്ചു പാതിരിസംഘത്തിന്നു സംശയങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സേവനസന്നദ്ധതയിൽ അവൎക്കു താൽപര്യമേ ഉണ്ടായിരുന്നില്ല. ഈ സംശയാലുക്കളുടെ മുമ്പിൽ തന്റെ ചിന്താസ്വാതന്ത്ര്യത്തെ ബലികഴിപ്പാൻ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. സ്വൈരമായി ആതുരശുശ്രൂഷ ചെയ്യാനുള്ള അവസരംമാത്രമേ അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളു. ഒടുവിൽ വിവേകം ജയിച്ചു. ഷ്വെററ്സർ തന്റെ ജീവിതലക്ഷ്യത്തിലേയ്ക്കു യാത്രയായി. 1913-ൽ ആണ് അദ്ദേഹം ലാംബറീനിയിലെത്തിയതു്. അവിടുത്തെ സ്ഥിതി ഏററവും പ്രാകൃതമായിരുന്നു. അവിടെ നേരിടേണ്ടിവന്ന ക്ലേശങ്ങളുടെ മുമ്പിൽ, ഷ്വെററ്സറൊഴിച്ചു മററാരും തളൎന്നുപോവാതിരിക്കയില്ല.

ആസ്പത്രിയുടെ എളിയ മട്ടിലുള്ള തുടക്കത്തെ ഷ്വെററ്സർ ഇങ്ങനെ വിവരിക്കുന്നു: "അതുകൊണ്ടു്, എന്റെ താമസസ്ഥലത്തിനടുത്തുള്ള പഴയൊരു കോഴിക്കൂട്ടിൽവെച്ചാണ് ഞാൻ രോഗപരിശോധന ആരംഭിച്ചതു്. എന്നാൽ, ശരൽക്കാലാവസാനത്തോടുകൂടി, പുഴവക്കിലുള്ള ഒരു പുരയിലേയ്ക്കു നീങ്ങുവാൻ എനിക്കു കഴിഞ്ഞു. തുത്തനാകപ്പലകകൊണ്ടു ചുമർവെച്ചു പട്ടമേഞ്ഞുണ്ടാക്കിയ ആ പുരയ്ക്കു് 26 അടി നീളവും 13 അടി വീതിയുമുണ്ടായിരുന്നു. ചെറിയൊരു പരിശോധനമുറി, അതേ വലിപ്പത്തിലൊരു ശസ്ത്രക്രിയാശാല, കുറേക്കൂടി ചെറുതായ ഒരു മരുന്നുമുറി—ഇത്രയുമാണവിടെയുണ്ടായിരുന്നതു്. അതിന്നു ചുററും വളൎന്നുവന്നു, കുറേ കുടിലുകൾ—മുളകെട്ടിയുണ്ടാക്കിയ വലിയ കുടിലുകൾ. നാടൻരോഗികൾ അവിടെയാണു് താമസിക്കുന്നതു്. വെള്ളക്കാരായ രോഗികളാകട്ടെ, പാതിരിമാരുടേയും ഡോക്ടരുടേയും ബങ്കളാവുകളിൽ താമസിച്ചുപോന്നു." ഷ്വെററ്സർ ആഫ്രിക്കക്കാരോടു മനുഷ്യോചിതമായി പെരുമാറി. തൽഫലമായി, അവരുടെ സ്നേഹാദരങ്ങൾ ആൎജ്ജിക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞു.

മതപ്രസംഗം അദ്ദേഹത്തിൻെറ ചുമതലയായിരുന്നില്ല; വാക്കുകളിലൂടെയല്ല, പ്രവൃത്തിയിലൂടെയാണ് അദ്ദേഹം യേശുസന്ദേശം പ്രചരിപ്പിക്കുവാൻ തുനിഞ്ഞതു്. അദ്ദേഹത്തിൻെറ ആസ്പത്രി ഇന്നു വിശ്വവിഖ്യാതമാണ്. ആരുമാരുമറിയാതെ കിടന്നിരുന്ന ആ സ്ഥലം ഭൂപടത്തിൽ സ്ഥാനംപിടിച്ചുകഴിഞ്ഞു. അവിടെവെച്ചു കാട്ടുജന്തുക്കളോടും രോഗാണുക്കളോടും അദ്ദേഹം ഇന്നോളം പടപൊരുതിപ്പോന്നിട്ടുണ്ടു്. രോഗശമനവും ആരോഗ്യവും കാംക്ഷിച്ചു വിദൂരപ്രദേശങ്ങളിൽനിന്നു വന്ന രോഗികളുടെ സ്നേഹം അദ്ദേഹത്തിന്നു ലഭിച്ചു. അദ്ദേഹത്തിൻെറ സഹോദരീസഹോദരന്മാരായി അവരെല്ലാം. 'വൈദ്യുത'ജീവിതം നയിക്കുന്ന നമ്മൾക്കു വിശ്വസിപ്പാൻ കഴികയില്ല, ്വെറും മണ്ണെണ്ണവിളക്കുകളുടെ സഹായത്താൽ രാത്രിയിൽ ഷൈ്വററ്സർ അടിയന്തരമായ ശസ്ത്രക്രിയകൾ നടത്താറുണ്ടെന്നു്.

ക്ലേശകരമായ ഒരു ജീവിതമായിരുന്നു അതു്. ഷൈ്വററ്സറുടെ കരുത്തുററ ശരീരപ്രകൃതിക്കേ ആ ക്ലേശങ്ങൾ താങ്ങാൻ കഴികയുള്ളൂ. നാഗരികത തൊട്ടുകുളിപ്പാനില്ലാത്ത ആ കാട്ടുജീവിതം അദ്ദേഹത്തിന്നു സുകരമായതു്, ഒരു കിന്നരം സമ്മാനിക്കപ്പെട്ടതോടുകൂടിയാണ്. അതിൽ അദ്ദേഹം പാടും, അങ്ങനെ മടുപ്പു തീർക്കും. അത്രയുമല്ല, ചിന്തിക്കുവാനും എഴുതുവാനുംപോലും അദ്ദേഹം സമയമുണ്ടാക്കി. ഡോക്ടറായെന്നുവെച്ച് ഒരു ചിന്തകനല്ലാതായിട്ടുണ്ടായിരുന്നില്ല അദ്ദേഹം. ക്രമത്തിൽ ആ മഹാഗ്രന്ഥം, 'സംസ്കാരത്തിൻെറ തത്വശാസ്ത്രം', രൂപംകൊണ്ടു. ഒരു സായംസന്ധ്യക്കു് "അപ്രതീക്ഷിതമായ ഒരു വാക്കു് എൻെറ മനസ്സിൽ ഒളിവീശി: 'ജീവിതശക്തി'. ഇരുമ്പുവാതിൽ തുറന്നുകഴിഞ്ഞു; കാട്ടിലെ വഴി തെളിഞ്ഞു കാണായി." ഷൈ്വററ്സറുടെ ജീവിതത്തിലെ ഏററവും വിലപ്പെട്ട നിമിഷമായിരുന്നു അതു്, സംശയമില്ല.

'സംസ്കാരത്തിൻെറ തത്വശാസ്ത്രം' എഴുതിക്കൊണ്ടിരിക്കുമ്പോൾ, അദ്ദേഹം ചീനക്കാരുടേയും പേർസ്യക്കാരുടേയും ഇന്ത്യ

ക്കാരുടേയും വിജ്ഞാനീയങ്ങൾ നിഷ്കൃഷ്ടമായി പഠിക്കയുണ്ടായി. തൽഫലമായാണു് 'ഭാരതീയചിന്തയും അതിൻെറ വളൎച്ചയും' എന്ന പുസ്തകം ഉണ്ടായതു്. പഴമക്കാരായ ചില ഇന്ത്യക്കാൎക്കു രുചിക്കാത്ത ആശയങ്ങളും വ്യാഖ്യാനങ്ങളും അതിൽ കണ്ടേക്കാം. എന്നാൽ ഇത്രയും സത്യസന്ധവും അൎത്ഥപുഷ്ടവും വിജ്ഞാനപ്രദവുമായ മറെറാരു പുസ്തകം ഭാരതീയതത്വചിന്തയെക്കുറിച്ചു് ഇന്നുവരെ എഴുതപ്പെട്ടിട്ടില്ലതന്നെ.

ഷ്വെററ്സർ ആഫ്രിക്കയിലെ ജീവിതം തുടൎന്നുപോന്നു. സംഗീതം, തത്വചിന്ത, വൈദ്യം എന്നിവ ഒത്തിണങ്ങിയ ഒരു മൂന്നിനജീവിതമായിരുന്നു അദ്ദേഹത്തിൻേറതു്. ആസ്പത്രിയുടെ പ്രവൎത്തകരെല്ലാം ത്യാഗസന്നദ്ധരും അചഞ്ചലമായ കൂറുള്ളവരുമായിരുന്നു; അതുകൊണ്ടുമാത്രം വളൎന്നുവരുന്ന ഒരു ആസ്പത്രി നടന്നുപോകയില്ലല്ലോ. പണംകൂടി അത്യന്താപേക്ഷിതമാണു്. അതിന്നും വഴി കാണേണ്ടിവന്നു. സഹായിപ്പാൻ സന്നദ്ധരായ കൃസ്തീയസ്നേഹിതന്മാർ ഷ്വെററ്സൎക്കുണ്ടായിരുന്നു. പക്ഷേ അതുകൊണ്ടും മതിയായില്ല. തൽഫലമായി, പണമുണ്ടാക്കുവാൻവേണ്ടി അദ്ദേഹം ഇടക്കിടക്കെല്ലാം യൂറോപ്പു സന്ദൎശിച്ചുകൊണ്ടിരുന്നു. കിന്നരംവായനയും പ്രസംഗപര്യടനവുമായിരുന്നു മുഖ്യധനാഗമമാൎഗ്ഗം. കൊല്ലങ്ങൾ പറന്നു നീങ്ങി. അതോടൊപ്പം അദ്ദേഹത്തിൻെറ പ്രശസ്തി ഉച്ചനിലയിലെത്തി. ഫ്രാൻസിലേയും ജൎമ്മനിയിലേയും സ്വിററ്സർലണ്ടിലേയും സ്വീഡനിലേയും ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും സൎവ്വകലാശാലകളിൽനിന്നുള്ള ക്ഷണനങ്ങൾ കുന്നുകൂടി. ജൎമ്മൻകാരനായോ ഫ്രെഞ്ചുകാരനായോ യൂറോപ്യനായിത്തന്നെയോ അദ്ദേഹം ഗണിക്കപ്പെടാറില്ല. അദ്ദേഹം ഒരു ലോകപൌരനാണു്. കാലദേശങ്ങൾക്കതീതനാണദ്ദേഹം. എന്നിരുന്നാലും ഒരു വെറുംകാട്ടുഡോക്ടരായി അറിയപ്പെടാനേ അദ്ദേഹമാഗ്രഹിക്കുന്നുള്ളൂ. അദ്ദേഹത്തിൻെറ ആസ്പത്രി മനുഷ്യരുടെമാത്രമല്ല, പക്ഷിമൃഗാദികളുടെകൂടി ഒരഭയസ്ഥാനമായി

രുന്നു. കോഴി, താറാവു്, ടർക്കിക്കോഴി, പൂച്ച, നായ, ആട്ടു്, കൃഷ്ണ മൃഗം, പലതരം പക്ഷികൾ—എല്ലാം ആസ്പത്രിക്കു ചുററും വളർത്ത പ്പെട്ടിരുന്നു. ലാംബറീനി സന്ദർശിച്ചശേഷം ഡോക്ടർ എമറി റോസ്സ് ഷൈപററ്സറെപ്പററി തൻെറ ഡയറിയിൽ ഇങ്ങനെ എഴുതി: "ശരിയായും മററൊരസിസിയിലെ പുണ്യവാളൻതന്നെ." ക്രസ്തുമതമാകെ രണ്ടു ക്രസ്ത്യാനികളെമാത്രമേ സൃഷ്ടിച്ചിട്ടുള്ളുവെന്നു പറയാറുണ്ടു്: ഒന്നു് അസിസിയിലെ യഥാർത്ഥപുണ്യ വാളൻ; മറേറതു വിക്തോർ യൂഗോവിൻെറ 'പാവങ്ങ'ളിലെ സങ്കല്പസൃഷ്ടിയായ മെത്രാനും. ഇപ്പോൾ മൂന്നാമതൊരു ക്രസ്ത്യാനികൂടിയുണ്ടായിട്ടുണ്ടു്—ഡോക്ടർ ഷൈപററ്സർ. ഏകാധിപതികളുടെ യുഗത്തിൽപ്പോലും മനുഷ്യത്വത്തെ സമ്പന്നമാക്കിയ വ്യക്തിയാണു് അദ്ദേഹം.

കേവലസത്യത്തിൽ അധിഷ്ഠിതമത്രേ ഡോക്ടർ ഷൈപററ്സരുടെ ജീവിതം. ഒരശുഭാപ്തിവിശ്വാസിയോ ശുഭാപ്തിവിശ്വാസിയോ എന്ന ചോദ്യത്തിന്നു് അദ്ദേഹത്തിൻെറ മറുപടി ഇതാണു്: "എൻെറ അറിവിനെസ്സംബന്ധിച്ചിടത്തോളം അശുഭാപ്തിവിശ്വാസി; ഇച്ഛയേയും ആശയേയും സംബന്ധിച്ചാകട്ടെ, ശുഭാപ്തിവിശ്വാസിയും." ഷൈപററ്സരുടെ ആരോഗ്യം അസാധാരണംതന്നെയായിരുന്നു. കാലാവസ്ഥയുടെ കാഠിന്യത്തേയും പ്രവൃത്തിയുടെ നിരന്തരതയേയും താങ്ങുവാൻ അദ്ദേഹത്തിന്നു വിഷമമില്ല. ഒരിക്കൽ ഒരു സ്നേഹിതൻ ഗുണദോഷിക്കയുണ്ടായി, "മെഴുകുതിരിയുടെ രണ്ടററവും ഒരുമിച്ചു കത്തിപ്പാൻ കഴികയില്ല." "ഓ, തീർച്ചയായും കഴിയും. മെഴുകുതിരി നീളമുള്ളതായിരിക്കണമെന്നു മാത്രം"—ഇതായിരുന്നു ഷൈപററ്സരുടെ മറുപടി. തീർച്ചയായും, അദ്ദേഹത്തിൻെറ മെഴുകുതിരി നീളമുള്ളതുതന്നെയാണു്. എമ്പതു കഴിഞ്ഞിട്ടും അദ്ദേഹം വിശ്രമമെന്തെന്നറിഞ്ഞിട്ടില്ല.

അദ്ദേഹത്തിൻെറ അസാധാരണമായ ശക്തിയുടെ രഹസ്യമെന്താണു്? നിസ്സംശയം പറയാം, യേശുവിലുള്ള വിശ്വാസവും

ആന്തരികമായ ഉത്സാഹശീലവുമാണെന്നു്. ഈ ശീലം അദ്ദേഹത്തെ പലപ്പോഴും ഒരു നേരമ്പോക്കുകാരനാക്കിത്തീക്കാറുണ്ടു്. എവെറററ് സ്കില്ലിങ്ങ്സ് പറഞ്ഞിട്ടുള്ള ഒരു സംഭവം ശ്രദ്ധേയമാണു്. "ഷൈ്വറററ്സരുടെ പ്രസംഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചിരുന്ന ആൾ ചോദിച്ചു, അദ്ദേഹത്തെ എങ്ങനെയാണു് സദസ്സിനു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതെന്നു്. അദ്ദേഹം മറുപടി നല്കി, 'ഒരു സ്കോട്ടിഷ് കൂലിക്കാരനെപ്പോലെയിരിക്കുന്ന ഈ മനുഷ്യൻ ആൽബെട്ട് ഷൈ്വറററ്സരാണെന്നുമാത്രം പറഞ്ഞാൽ മതി' ". മറെറാരവസരത്തിൽ ഗ്രെൻഫലും ഷൈ്വറററ്സരും ഒരു സ്ഥലത്തു് അതിഥികളായിരുന്നു. അതിഥിപുസ്തകത്തിൽ ഗ്രെൻഫലിൻെറ പേരിന്നു താഴെ ഷൈ്വറററ്സർ ഇങ്ങനെ എഴുതി: "വെള്ളക്കരടിയെ കാണുവാൻ കഴിഞ്ഞതിൽ കണ്ടാമൃഗം അതിയായി സന്തോഷിക്കുന്നു."

ലാംബറീനിയുടെ പ്രശസ്തിയില്ലായ്മ ഷൈ്വറററ്സറെ അപ്രശസ്തനാക്കിയില്ല. പ്രവൎത്തനങ്ങളുടെ ഊൎജ്ജസ്വലതയും നിസ്വാൎത്ഥതയും അദ്ദേഹത്തെ ഒരു കൎമ്മധീരനാക്കിയുയൎത്തി. ക്രിസ്ത്യാനികൾമാത്രമല്ല, നിസ്വാൎത്ഥസേവനത്തെ മാനിക്കുന്ന എവരും തന്നെ ഇക്കാര്യം സമ്മതിക്കും. ഒന്നാംലോകമഹായുദ്ധകാലത്തു ഷൈ്വറററ്സക്കുപോലും സെൻസർഷിപ്പും തടങ്ങലും അനുഭവിക്കേണ്ടിവന്നുവെന്നതു ശോചനീയമായ ഒരു സത്യംമാത്രമാണു്. യുദ്ധത്തടവുകാരനായി ആസ്പത്രിയിൽനിന്നു നീക്കംചെയ്യപ്പെട്ടപ്പോൾ അദ്ദേഹം അനുഭവിച്ച മനോവേദന അവൎണ്ണ്യമത്രേ. യുദ്ധാവസാനത്തോടുകൂടി അദ്ദേഹം വീണ്ടും ആഫ്രിക്കയിലേയ്ക്കു മടങ്ങി. യുദ്ധംമൂലം സഞ്ജാതമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു് അളവററ ലജ്ജയോടെയാണു് ഷൈ്വററ്സർ സമാധാനം നല്കിയിരുന്നതു്. "യേശുവിൻെറ സ്നേഹസന്ദേശം കൊണ്ടുവന്ന വെള്ളക്കാർ ഇപ്പോഴെന്താണു് ചെയ്യുന്നതു്? അന്യോന്യം കൊലചെയ്യുന്നു, യേശുവിൻെറ ശാസനങ്ങളെ അവഹേളിക്കുന്നു.

ഇതെങ്ങനെ സംഭവിച്ചു? ഈ ചോദ്യം അവർ ചോദിക്കുമ്പോൾ ഞങ്ങൾ നിസ്സഹായരാവുന്നു. ചിന്തിക്കുവാൻ കഴിവുള്ള വല്ലവരു മാണു് ഈ ചോദ്യം ചോദിച്ചതെങ്കിൽ ഞാൻ ന്യായീകരിക്കുവാനോ വിശദീകരിക്കുവാനോ മുതിരാറില്ല; മാത്രമല്ല, ഭയങ്കരവും ദുർഗ്രഹവുമായ ഒന്നിന്റെ മുമ്പിലാണു് നാം പെട്ടുപോയിരിക്കുന്ന തെന്നു തുറന്നുപറകയും ചെയ്യും. പ്രകൃതിയുടെ മക്കളുടെ ഇടയിൽ വെള്ളക്കാരന്നുള്ള സ്ഥാനമുണ്ടല്ലോ, അതിന്നു യുദ്ധംകാരണം എത്രകണ്ടു ക്ഷതം തട്ടിയിട്ടുണ്ടെന്നു് ഇപ്പോൾ പറവാൻ പ്രയാസം. അതു ഗണ്യമായിരിക്കുമെന്നാണു് എന്റെ ഭയം.''

ആഫ്രിക്കയിൽ വെള്ളക്കാരന്റെ ഭരണം ന്യായീകരിക്കത്തക്കതാണോ? ഷ്വെപറ്റ്സറെ പലതവണ അഭിമുഖീകരിച്ചിട്ടുള്ള ചോദ്യമാണിതു്. വികാരഭരിതനായി അദ്ദേഹമെഴുതുന്നു: ''വെള്ളക്കാരായ നമുക്കു് അപരിഷ്കൃതരായ ജനങ്ങളുടെ മേൽ നമ്മുടെ ഭരണം വെച്ചുകെട്ടാൻ അധികാരമുണ്ടോ? ഇല്ല, ഭരിക്കയും അവരുടെ രാജ്യത്തിൽനിന്നു ഭൗതികമായ നേട്ടങ്ങളുണ്ടാക്കുകയുമാണുദ്ദേശമെങ്കിൽ. ഉവ്വു്, അവരെ വിദ്യാസമ്പന്നരാക്കുകയും സുഖജീവിതം നയിക്കാൻ സഹായിക്കുകയുമാണുദ്ദേശമെങ്കിൽ. ഈ ആളുകൾക്കു തനിയെ ജീവിപ്പാൻ കഴിയുമെങ്കിൽ അതിന്നവരെ അനുവദിക്കുകയാണു് ഉത്തമം.'' യൂറോപ്യന്മാരുടെ ചൂഷണങ്ങളിൽനിന്നു് ആഫ്രിക്കക്കാൾക്കു മോചനം ലഭിക്കുന്ന ദിവസത്തെ ഉററുനോക്കിക്കൊണ്ടിരിക്കയാണു് അദ്ദേഹം. വെള്ളക്കാരും കറുത്ത മനുഷ്യരും ധർമ്മബോധത്തിന്റെ അന്തരിക്ഷത്തിൽ ഒത്തിണങ്ങുന്നതു കാണാൻ അദ്ദേഹം കൊതിക്കുന്നു. അപ്പോൾ മാത്രമേ വർഗ്ഗമൈത്രി സാധ്യമാകൂ. ആഫ്രിക്കയുടെ ചരിത്രം എഴുതപ്പെടുമ്പോൾ ആഫ്രിക്കയുടെ പിതാവായി ഷ്വെപറ്റ്സർ ഗണിക്കപ്പെടും. യുദ്ധത്തിന്റെ വിനാശങ്ങൾ അദ്ദേഹത്തിന്റെ ആത്മാവിനെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ലാവോസേയുടെ ഈ വചനങ്ങൾ അദ്ദേഹത്തിന്നു സ്വല്പം മനശ്ശാന്തി നല്കി: ''ആയുധങ്ങൾ

നാശകാരിയായ ഉപകരണങ്ങളാണു്. നല്ലവന്നു ചേൎന്നതല്ല അവ. വേറെ പോംവഴിയില്ലെങ്കിലല്ലാതെ അവൻ അവയെ പ്രയോഗിക്കയില്ല. സമാധാനവും ശാന്തിയുമാണു് അവന്നേററവും വിലപ്പെട്ടതു്. അവൻ കീഴടക്കുന്നു; പക്ഷേ അതിൽ സന്തോഷിക്കുന്നില്ല. വിജയത്തിൽ ആഹ്ലാദിക്കുന്നവൻ കൊലയിലും ആഹ്ലാദിക്കും. വിജയം കൊണ്ടാടുമ്പോൾ ശവസംസ്കാരച്ചടങ്ങിലെന്നപോലെയാണു് സേനാനായകൻ അതിൽ പങ്കുചേരേണ്ടതു്. ആളുകളുടെ കൂട്ടക്കൊലയിൽ കണ്ണീർ വാൎത്തു സഹതപിക്കുകയാണു് വേണ്ടതു്. അതുകൊണ്ടു പോൎക്കളത്തിൽ വിജയിച്ചവൻ ദുഃഖിതനെപ്പോലെ പെരുമാറണം."

ആൽബർട്ടു് ഷൈപററ്സറുടെ 'എൻെറ ജീവിതവും ചിന്തയും' എന്ന പുസ്തകം വായിക്കുന്നതുതന്നെ അമൂല്യമായ ഒരവസരമാണു്. അതിൽ വാശ്ധാടിയില്ല. ഏററവും എളിയ രീതിയിലാണു് അതെഴുതപ്പെട്ടിട്ടുള്ളതു്. വസ്തുസ്ഥിതികളുടെ ഒരു യഥാതഥവിവരണം; സ്വന്തം ആത്മാവിൻെറ ആവിഷ്കരണം—അത്രമാത്രം. സാഹിത്യപരമായി പറഞ്ഞാൽ ഇപ്പുസ്തകം മേലേക്കിടയിലുള്ളതാണെന്നു പറഞ്ഞുകൂടാ. എങ്കിലും അനുപമമായ സാഹിത്യസിദ്ധികൾ അദ്ദേഹത്തിന്നുണ്ടെന്നുള്ള സംഗതി മറന്നുകൂടാ. 'ആൽബർട്ടു് ഷൈപററ്സറുടെ അഫ്രിക്ക' എന്ന ഗ്രന്ഥത്തിലെ ഉദ്ധാരണങ്ങൾ നോക്കുക: "നമുക്കിന്നാവശ്യം പ്രചരണമല്ല, സത്യം ഗ്രഹിപ്പാനുള്ള കഴിവാണു്; ഇന്നത്തെ മട്ടിലുള്ള ദേശഭക്തിയല്ല, മനുഷ്യരാശിയുടെ മുഴുവൻ ഗുണത്തെ മുൻനിൎത്തിയുള്ള ശ്രേഷ്ഠമായൊരു ദേശഭക്തിയാണു്; വ്യക്ത്യാരാധനയിൽ അധിഷ്ഠിതമായ ദേശീയതയല്ല, സമാനസംസ്കാരമുള്ള ലോകജനതയാണു്; ശരിയായ ആദൎശപരത നഷ്ടപ്പെട്ട സമുദായമല്ല, പരിഷ്കൃതരാജ്യനീതിയിലുള്ള വിശ്വാസത്തിൻെറ പുനസ്ഥാപനമാണു്;.......ആത്മീയത തൊട്ടുകുളിപ്പാനില്ലാത്ത ഒരു മനോഭാവ

മല്ല, പുരോഗതിയിലുള്ള വിശ്വാസമാണു്; ഇതെല്ലാമത്രേ നമ്മുടെ കടമകൾ.''

'ഉപസംഹാരം' തുടങ്ങുന്നതു ശ്രദ്ധേയമായ ഈ വാക്കുകളിലാണു്: ''എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞ രണ്ടു കാര്യങ്ങൾ എന്റെ ജീവിതത്തിൽ നിഴൽവീശിയിരുന്നു. അതിലൊന്നു്, ഈ ലോകം ദുർഗ്രഹവും നിഗൂഢവും വേദനാപൂർണ്ണവുമാണെന്ന സംഗതിയാണു്. മറെറാന്നു്, മനുഷ്യവംശം ആത്മീയമായി അധഃപതിച്ച ഒരു കാലഘട്ടത്തിലാണു് എന്റെ പിറവിയുണ്ടായതെന്നതാണു്. ഈ രണ്ടു കാര്യങ്ങളും എനിക്കു പരിചിതമാണു്. ചിന്തയിലൂടെ അവയെ സമീപിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. ആ സമീപനമാണു് എന്നെ 'ജീവിതഭക്തി'യിലെത്തിച്ചതു്. ഈ തത്വത്തിൽ എന്റെ ജീവിതത്തിന്നു കാലുറപ്പു കിട്ടിയിട്ടുണ്ടു്. പോകേണ്ട മാർഗ്ഗം തെളിഞ്ഞു കാണുവാനും എനിക്കു കഴിഞ്ഞു. ആളുകളെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചു് അവരുടെ ബുദ്ധിക്കാഴം കൂട്ടുകയും അവരുടെ ധാർമ്മികനിലവാരം ഉയർത്തുകയും ചെയ്യുക—ഈ ഉദ്ദേശ്യത്തോടുകൂടിയാണു് ഞാൻ ഈ ലോകത്തിൽ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും.''

ഷ്വെറ്റ്സർക്കു നോബൽസമ്മാനം ലഭിക്കുകയുണ്ടായി. അതു വലിയൊരു മാന്യതയായിട്ടാണു് ആളുകൾ കണക്കാക്കാറു്. എന്നാൽ ഇവിടെ മറിച്ചാണു്: സമ്മാനം സ്വീകരിപ്പാൻ അദ്ദേഹം സമ്മതിച്ചതു നോബൽസമ്മാനത്തിന്നുതന്നെ ഒരു മാന്യതയായിട്ടാണു് ഗണിക്കപ്പെടുന്നതു്.

ഈ ആത്മകഥ വായിച്ചു് ഉത്സാഹവും ആവേശവും ഉൾക്കൊള്ളാതെ എഴുന്നേല്ക്കുന്ന വ്യക്തി മൃതപ്രായനാണു്. ഇപ്പുസ്തകം ഒട്ടേറെ ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു; ഇപ്പോഴിതാ, ലോകത്തിലെ ഏററവും പഴക്കം ചെന്ന

ഭാഷകളിൽപ്പെട്ട തമിഴ്, തെലുങ്ക്, മലയാളം, കൎണ്ണാടകം എന്നിവയിലേക്കും. സമ്പന്നമായ മലയാളസാഹിത്യം ഈ പുസ്തകത്തോടുകൂടി കൂടുതൽ സമ്പന്നമാവുമെന്നതിന്നു സംശയമില്ല.

എ. ആർ. വാഡിയാ.

UNIVERSITY LIBRARY
2 NOV 1984
MADRAS

# അദ്ധ്യായം ഒന്ന്

## ബാല്യം, വിദ്യാലയം, സർവ്വകലാശാല

1875 ജനുവരി 14-ാംതീയതി മേലെ ആൽസെസ്സിലെ കെയ്സേഴ്സ്ബെർഗ്ഗിൽ ഞാൻ ജനിച്ചു. ലൂയി ഷ്വൈറ്റ്സറുടെ രണ്ടാമത്തെ കുട്ടിയായിരുന്നു ഞാൻ. അദ്ദേഹമാകട്ടെ, ആ കത്തോലിക്കാകേന്ദ്രത്തിലെ വിശ്വാസികളുടെ ചെറുസംഘത്തെ നയിച്ചുപോരികയായിരുന്നു അക്കാലത്ത്. എൻെറ പിതാമഹനോ, കീഴെ ആൽസെസ്സിലെ ഫാഫൻഹോഫനിൽ ഒരദ്ധ്യാപകനും കിന്നരക്കാരനും * ആയിരുന്നു. അദ്ദേഹത്തിൻെറ മൂന്നു സഹോദരന്മാർക്കും ഇതുതന്നെയായിരുന്നു ജോലി. എൻെറ അമ്മ അഡേൽ (ഷില്ലിങ്ഗർ) മേലെ ആൽസെസ്സിൽ മുൺസ്റ്റർ താഴ്വരയിലുള്ള മൂൾബാക്കിലെ വികാരിയുടെ മകളുമായിരുന്നു.

എൻെറ ജനനാനന്തരം അച്ഛൻ മൂൺസ്റ്റർതാഴ്വരയിലെ ഗ്ഗൺസ്ബാക്കിലേയ്ക്കു താമസം മാററി. മൂന്നു സഹോദരിമാരും ഒരു സഹോദരനും ഒരുമിച്ച്, ഞാനെൻെറ ബാല്യവും യൌവന-

---

* ഒരു സംഗീതോപകരണമാണ് കിന്നരം, അല്ലെങ്കിൽ 'ഓർഗ്ഗൻ' (Organ).

വും അവിടെ സസുഖം കഴിച്ചുകൂട്ടി. അച്ഛൻെറ കൂടെക്കൂടെയുള്ള ദീനമൊഴിച്ചാൽ, ആ ജീവിതം കാറുകയറാത്ത ഒന്നായിരുന്നു. എന്നാൽ അച്ഛൻെറ ആരോഗ്യം പിന്നീട്ട ഭേദപ്പെട്ടുവന്നു; മാത്രമല്ല, ദൃഢഗാത്രനായ ഒരു എഴുപതുകാരനായി അദ്ദേഹം. അക്കാലത്തു്, ഒന്നാംലോകമഹായുദ്ധത്തിലെ ഫ്രെഞ്ചുപീരങ്കികളെ കൂസാതെ, അദ്ദേഹം തൻെറ എടവക സംരക്ഷിച്ചുപോന്നു. വോസ്ഗെമലമുകളിൽനിന്നുള്ള വെടിയുണ്ടകൾ ആ താഴ്വരയിൽ മുഴുവൻ പരന്നിരുന്നു; ഗ്ഗൺസ്ബാക്കിലെ ഒട്ടേറെ വീടുകളും ആളുകളും അതിന്നിരയായി. 1925-ൽ പരിപൂൎണ്ണവാൎദ്ധക്യത്തിൽ അദ്ദേഹം മൃതിയടഞ്ഞു. എൻെറ അമ്മ 1916-ൽത്തന്നെ മരിച്ചുകഴിഞ്ഞിരുന്നു. ഗ്ഗൺസ്ബാക്കിൽനിന്നു വീർ-ഇം-ടാലിലേയ്ക്കുള്ള റോഡിൽവെച്ചു പട്ടാളക്കുതിരകൾ തട്ടിവീഴ്ത്തിയതുമൂലമാണു് അവർ മരണമടഞ്ഞതു്.

എനിക്കു് അഞ്ചു വയസ്സായപ്പോഴേയ്ക്കും അച്ഛൻ എന്നെ പാട്ടു പഠിപ്പിച്ചുതുടങ്ങി. മുത്തച്ഛനായ ഷില്ലിങ്ഗറിൽനിന്നു ഞങ്ങൾക്കു കിട്ടിയ പഴയ ചതുരൻപിയാണോവിലായിരുന്നു പഠനം. അച്ഛന്നു വലിയ വൈദഗ്ദ്ധ്യമൊന്നുമുണ്ടായിരുന്നില്ല; പക്ഷേ നല്ല പൊടിക്കയ്യുകൾ തോന്നും. എനിക്കു വയസ്സു് ഏഴേ ആയിക്കഴിഞ്ഞിരുന്നുള്ളു; അക്കാലത്തു ഞാൻ സ്വന്തമായി രചിച്ച സ്വരവിന്യാസങ്ങളെക്കൊണ്ടു ഹാൎമ്മോണിയത്തിൽ വേദഗാനങ്ങൾ പാടി, അദ്ധ്യാപികയെ അത്ഭുതപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. എട്ടു വയസ്സായപ്പോഴേയ്ക്കും ഞാൻ കിന്നരത്തിൽപ്പോലും പാടുവാൻതുടങ്ങി. ചവിട്ടിൽ കാലെത്താൻതന്നെ വിഷമമായിരുന്നു. ആ സംഗീതോപകരണത്തിലുള്ള എൻെറ ആവേശം, മുത്തച്ഛനിൽനിന്നു കിട്ടിയതായിരിക്കണം. അദ്ദേഹത്തിന്നു കിന്നരംവായനയിലും അതിൻെറ നിൎമ്മാണത്തിലും വലിയ താൽപര്യമായിരുന്നു; രസികൻപൊടിക്കയ്യുകൾക്കു പ്രസിദ്ധനായിരുന്നു അദ്ദേഹമെന്നു് അമ്മ പറയാറുണ്ടു്. ഏതു പട്ടണത്തിൽ ചെന്നാലും, അദ്ദേഹ

ത്തിന്റെ ആദ്യത്തെ ജോലി അവിടെയുള്ള കിന്നരങ്ങൾ ചെന്നു കാണുകയാണു്. ലൂസേണിലെ സ്റ്റിഫ്ട്സ്കുക്കിൽ സ്ഥാപിച്ചിട്ടുള്ള സുപ്രസിദ്ധമായ കിന്നരം നിർമ്മിക്കുന്നതു കണ്ടു പഠിക്കുവാൻ വേണ്ടി, അദ്ദേഹം അങ്ങോളം യാത്രപോകപോലും ചെയ്തുവത്രേ.

വയസ്സു് ഒമ്പതായപ്പോൾ, ഞാൻ ഗുൺസ്ബാക്കിൽവെച്ചു പ്രാർത്ഥനയ്ക്കു കിന്നരം വായിപ്പാനിരുന്നു.

1884-ലെ ശരല്ക്കാലംവരെ ഞാൻ ഗുൺസ്ബാക്കിലെ ഗ്രാമീണവിദ്യാലയത്തിൽ പോയിക്കൊണ്ടിരുന്നു. അതിനുശേഷം ഞാൻ മുൺസ്റ്ററിലെ 'റീൽസ്കൂ'ളിൽ—മൃതഭാഷകളിൽ അദ്ധ്യയനമില്ലാത്ത ഒരു 'സെക്കണ്ടറി'വിദ്യാലയമാണതു്—ഒരു കൊല്ലം പഠിച്ചു. അക്കാലത്തു ഞാൻ ഒരു സ്വകാര്യാദ്ധ്യാപകന്റെ കീഴിൽ ലത്തീൻഭാഷ പഠിച്ചുകൊണ്ടിരുന്നു—'ജിംനേഷ്യ'*ത്തിൽ അഞ്ചാംഫോറത്തിൽ പ്രവേശിക്കുവാൻവേണ്ടി. 1885-ലെ ശരല്ക്കാലത്തു്, ഞാൻ ആൽസെസ്സിലെ മൾഹോസനിലുള്ള 'ജിംനേഷ്യ'ത്തിൽ ചേർന്നു. മുത്തച്ഛന്റെ അർദ്ധസോദരനും എന്റെ 'തലതൊട്ടപ്പ'നും ആയ ലൂയി ഷൈഫറ്സർ ആ പട്ടണത്തിലെ പ്രാഥമികവിദ്യാലയങ്ങളുടെ മേലദ്ധ്യക്ഷനായിരുന്നു. എന്നെ കൂടെ പ്പാർപ്പിക്കുവാനുള്ള സന്മനസ്സു് അദ്ദേഹത്തിന്നുണ്ടായി. അല്ലാത്ത പക്ഷം, എളിയ വരുമാനവും വലിയ കുടുംബവുമുള്ള അച്ഛനു് എന്നെ 'ജിംനേഷ്യ'ത്തിലേയ്ക്കയപ്പാൻ കഴിയുമായിരുന്നില്ല.

സ്വന്തമായി കുട്ടികളില്ലാത്ത എന്റെ രക്ഷിതാവിന്റേയും പത്നിയുടേയും വീട്ടിലെ കണിശമായ അച്ചടക്കം എനിയ്ക്കു വളരെ നന്മ ചെയ്തു. അവരുടെ ദയാവായ്പു ഞാൻ അളവററ നന്ദിയോടെ പലപ്പോഴും അനുസ്മരിക്കാറുണ്ടു്.

എഴുത്തും വായനയും പഠിക്കുന്ന കാര്യം ക്ലേശകരമായി എനിക്കു് അനുഭവപ്പെട്ടുവെങ്കിലും, ഗുൺസ്ബാക്കിലേയും മുൺസ്റ്റ

* ജർമ്മനിയിൽ ശാസ്ത്രത്തിലും സാഹിത്യത്തിലും ഉപരിപഠനത്തിന്നുള്ള ഒരു വിദ്യാലയം.

റിലേയും വിദ്യാലയങ്ങളിൽ ഞാൻ നല്ലനിലയിൽ കഴിച്ചുകൂട്ടി. 'ജിംനേഷ്യ'ത്തിലാകട്ടെ, ഞാൻ വളരെ മോശമായിരുന്നു ആദ്യത്തിൽ. എൻെറ ആലസ്യവും മനോരാജ്യവും മാത്രമായിരുന്നില്ല ഇതിന്നു കാരണം. ഞാൻ ചേൎന്ന അഞ്ചാംഫാറത്തിലേയ്ക്കു വേണ്ടുന്ന 'ലത്തീൻ'ഭാഷ എൻെറ സ്വകാര്യാദ്ധ്യാപകൻ എന്നെ പഠിപ്പിച്ചിരുന്നില്ല. നാലിലെ അദ്ധ്യാപകനായ ഡോ: വൈമാൻ, ശരിയായി പ്രവൃത്തിയെടുക്കേണ്ടതെങ്ങനെയെന്നു കാണിച്ചുതരികയും എനിക്കു് ആത്മവിശ്വാസം ഉണ്ടാക്കിത്തരികയും ചെയ്തപ്പോഴേ, കാര്യങ്ങൾ മെച്ചപ്പെട്ടുതുടങ്ങിയുള്ളു. എന്നാൽ ഡോ: വൈമാന്നു് എന്നിലുണ്ടായിരുന്ന സ്വാധീനതയ്ക്കു കാരണം മറെറാന്നായിരുന്നു: മുൻകൂട്ടി ഓരോ പാഠവും നിഷ്കൃഷ്ടമായി സ്വയം പഠിച്ചേ അദ്ദേഹം പഠിപ്പിക്കാൻ വരൂ; ആദ്യദിവസങ്ങളിൽത്തന്നെ എനിക്കീ സംഗതി വ്യക്തമായി; തൽഫലമായി, എന്നെ സ്സംബന്ധിച്ചിടത്തോളം, കൃത്യനിൎവ്വഹണത്തിൻെറ മാതൃകയായിരുന്നു അദ്ദേഹം. അനന്തരജീവിതത്തിൽ പലതവണ ഞാനദ്ദേഹത്തെ സന്ദൎശിച്ചിട്ടുണ്ടു്. യുദ്ധത്തിൻെറ അവസാനകാലത്തു ഞാൻ സ്ട്രാസ്ബുൎഗ്ഗിലേയ്ക്കു പോയപ്പോൾ—അവിടെയാണദ്ദേഹം താമസിച്ചിരുന്നതു്—ഉടനെത്തന്നെ അദ്ദേഹത്തെ അന്വേഷിച്ചു. എന്നാലെനിക്കു മനസ്സിലായി, ദാരിദ്ര്യം അദ്ദേഹത്തെ തകൎത്തുകളഞ്ഞുവെന്നും, അദ്ദേഹം ആത്മഹത്യ ചെയ്തുവെന്നും!

മൾഹോസനിൽ എൻെറ സംഗീതാദ്ധ്യാപകൻ യൂഷീൻ മുങ്കു് ആയിരുന്നു—സെൻറ് സ്റ്റീഫൻപള്ളിയിലെ ചെറുപ്പക്കാരനായ കിന്നരക്കാരൻ. ബൎളിനിലെ സംഗീതവിദ്യാലയം വിട്ടശേഷം, അദ്ദേഹത്തിന്നു് ആദ്യമായി ലഭിച്ച ജോലിയായിരുന്നു അതു്. അക്കാലത്തു് 'ബാക്കു്'സംഗീതത്തിൽ പുതിയൊരു ആവേശം ഉണൎന്നുയൎന്നിരുന്നു. ബൎളിനിൽവെച്ചു് ആ ആവേശം അദ്ദേഹം ഉൾക്കൊണ്ടിരുന്നു. സെൻറ് തോമാസ് പള്ളിയിലെ ഗായകൻെറ കൃതികളുമായി ചെറുപ്പത്തിൽ തന്നെ പരിചയപ്പെ

ട്ടവാനും പതിനഞ്ചു വയസ്സുതൊട്ടു കിന്നരംവായനയിൽ വിദഗ്ദ്ധ ശിക്ഷണം ലഭിക്കുവാനും എനിക്കു സാധിച്ചതിന്നു ഞാനദ്ദേഹ ത്തോടു കടപ്പെട്ടവനാണു്. 1898-ലെ ശരൽക്കാലത്തു് യുവാ വായ അദ്ദേഹം 'ടൈഫോയ്ഡ്'പനി പിടിച്ചു നിര്യാതനായി. അദ്ദേഹത്തിൻെറ ഓർമ്മ നിലനിർത്തുവാനായി ഞാനൊരു കൊച്ചു പുസ്തകമെഴുതി, ഫ്രെഞ്ചുഭാഷയിൽ. അതു് മുൾഹോസനിൽ പ്ര സിദ്ധീകൃതമായി; എൻെറ ആദ്യപ്രസിദ്ധീകരണമായിരുന്നു അതു്. *

'ജിംനേഷ്യ'ത്തിൽ എനിക്കു കൂടുതൽ താല്പര്യമുണ്ടായിരു ന്ന വിഷയങ്ങൾ ചരിത്രവും പ്രകൃതിശാസ്ത്രവുമായിരുന്നു. ഞങ്ങ ളുടെ ചരിത്രാദ്ധ്യാപകൻ ഡോക്ടർ കോഫ്മാൻ ആയിരുന്നു— ബ്രെസ്ലോവിലെ പ്രസിദ്ധചരിത്രകാരൻെറ സഹോദരൻ. ഡോക്ടർ ഫോർസ്റ്റർ ഒന്നാന്തരമായി ഞങ്ങളെ പ്രകൃതിശാസ്ത്രം പഠിപ്പിച്ചു.

ഗണിതത്തിലും ഭാഷകളിലും എനിക്കു പണിപ്പെടേണ്ടി വന്നു, വല്ല നേട്ടവുമുണ്ടാവാൻ. എന്നാൽ, കുറച്ചു ചെന്നപ്പോൾ, സവിശേഷതാല്പര്യമില്ലാത്ത വിഷയങ്ങൾ വശത്താക്കുവാൻ ഒരു പ്രത്യേകരസംതന്നെ തോന്നിത്തുടങ്ങി. തൽഫലമായി, ഉയന്ന ക്ലാസുകളിലെത്തിയപ്പോഴേയ്ക്കും ഞാൻ നല്ലപോലെ പഠിക്കുന്ന കുട്ടികളുടെ കൂടെ എണ്ണപ്പെട്ടുതുടങ്ങി—ഒന്നാംകിടക്കാരനായിരു ന്നില്ലെങ്കിലും. ഉപന്യാസങ്ങളുടെ കാര്യത്തിലാകട്ടെ, എൻെറ ഓർമ്മ ശരിയാണെങ്കിൽ, സാധാരണയായി ഒന്നാമൻ ഞാൻത ന്നെയായിരുന്നു.

ലത്തീനും ഗ്രീക്കും പഠിപ്പിച്ചിരുന്നതു്, 'ജിംനേഷ്യ'ത്തി ലെ ഡയറക്ടറായ ലൂബെക്കിലെ വിൽഹെം ഡീക്കു് എന്ന പ്രശ സ്തവ്യക്തിയായിരുന്നു. ഒരു വെറും ഭാഷാവിദഗ്ദ്ധൻെറ ഉണങ്ങി വരണ്ട അദ്ധ്യാപനമായിരുന്നില്ല അദ്ദേഹത്തിൻേറതു്. പഴയ ത

---

* 'യൂഷീൻ മുങ്കു്', 1898, 28 പേജ് (ബ്രിൻക്മാൻ, മുൾഹോ സൻ, ആൽസസ്)

തത്വചിന്തയുമായി അദ്ദേഹം ഞങ്ങളെ പരിചയപ്പെടുത്തി. ആ പരിചയം, ആധുനികചിന്തയുടെ വിവിധവശങ്ങളെ ദർശിക്കുവാൻ ഞങ്ങളെ സഹായിച്ചു. അദ്ദേഹം ഷോപ്പൻഹോവറുടെ * ആവേശംപൂണ്ട അനുയായിയായിരുന്നു.

1893 ജൂൺ 18-ാംതീയതി ഞാൻ അവസാനപരീക്ഷ പാസ്സായി. ഞാൻ തീരെ ശോഭിച്ചില്ല, പരീക്ഷയിൽ—ഉപന്യാസത്തിൽപ്പോലും. എന്നാൽ വായ്പ്പരീക്ഷയിൽ ഞാൻ പരീക്ഷകസംഘത്തിലെ അദ്ധ്യക്ഷന്റെ—സ്ട്രാസ്ബർഗ്ഗിലെ ഡോക്ടർ ആൽബ്രക്ടിന്റെ—സവിശേഷശ്രദ്ധയെ ആകർഷിച്ചു. ചരിത്രത്തിലുള്ള എന്റെ അറിവും അഭിപ്രായങ്ങളുമാണ് അദ്ദേഹത്തെ ആകർഷിച്ചതു്. മററു വിഷയങ്ങളെസ്സംബന്ധിച്ചു വെറും ഇടമട്ടിലുള്ള എന്റെ 'സർട്ടിഫിക്കററ്', അദ്ദേഹത്തിന്റെ ആവശ്യപ്രകാരം, 'ചരിത്രത്തിൽ മേത്തരം' എന്ന വിശേഷണംകൊണ്ടു് അലംകൃതമായി; ഈ പ്രശംസയ്ക്കുള്ള കാരണവും അതിൽ വ്യക്തമാക്കിയിരുന്നു.

അക്കൊല്ലം ഒക്ടോബറിൽ എന്റെ വലിയച്ഛന്റെ—അദ്ദേഹം പാരീസ്സിൽ കച്ചവടം ചെയ്തുവരികയായിരുന്നു—കാരുണ്യംകൊണ്ടു് പാരീസ്സിലെ വിദഗ്ദ്ധകിന്നരംവായനക്കാരനായ ഷാൽമരീ വീഡോറുടെ അടുത്തു് കിന്നരംവായന അഭ്യസിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. മൂൽഹോസിനിലെ അദ്ധ്യാപകൻ എന്നെ നന്നായി പഠിപ്പിച്ചിട്ടുണ്ടായിരുന്നു, കിന്നരം വായിപ്പാൻ. അതുകൊണ്ടു വായന കേട്ട ഉടനെത്തന്നെ വീഡോർ എന്നെ ഒരു ശിഷ്യനായി സ്വീകരിച്ചു, സംഗീതവിദ്യാലയത്തിലെ കിന്നരക്ലാസ്സിൽമാത്രമേ അദ്ദേഹം സാധാരണയായി പഠിപ്പിക്കാറുള്ളുവെങ്കിലും. ഈ അഭ്യസനം, എന്നെസ്സംബന്ധിച്ചിടത്തോളം, പ്രാധാന്യമേറിയ ഒന്നായിരുന്നു. എന്റെ കിന്നരംവായനയുടെ സാങ്കേതികവശം അടിസ്ഥാനപരമായിത്തന്നെ സംസ്കരി

* ഒരു ജർമ്മൻ തത്വചിന്തകൻ.

കുവാൻ വീഡോർ സഹായിച്ചു. എൻെറ വായനയ്ക്കു നല്ല ഒഴുക്കും ലയവും ഉണ്ടായിത്തുടങ്ങി. സംഗീതത്തിൽ ശില്പത്തിനുള്ള പ്രാധാന്യം എനിക്കു വ്യക്തമായി; അതിനും ഞാൻ വീഡോറോടു് കടപ്പെട്ടവനാണു്.

ഫ്രാൻകോ-റഷ്യൻസൌഹാർദ്ദം പ്രകടമായിത്തുടങ്ങിയ കാലമായിരുന്നു അതു്. വെയിലുള്ള ഒരു ഒക്ടോബർദിവസം അഡ്മിറൽ അവെല്ലാൻെറ നേതൃത്വത്തിൽ റഷ്യൻനാവികരുടെ ഒരു സൂഹൃൽസംഘം പാരീസ് ആദ്യമായി സന്ദർശിച്ചു. അന്നായിരുന്നു വീഡോറുടെ ആദ്യപാഠം. ആ സന്ദർശകരെ പ്രതീക്ഷിച്ചു തിങ്ങിക്കൂടിയിരുന്ന ജനക്കൂട്ടത്തെക്കൊണ്ടു് വീഥികളെല്ലാം നിറഞ്ഞിരുന്നു. ഞാൻ ഗുരുനാഥൻെറ വീട്ടിലെത്തിച്ചേൎന്നതു്, വളരെ വൈകിയിട്ടാണു്.

1893 ഒക്ടോബർ ഒടുവോടുകൂടി, ഞാൻ സ്റ്റ്രാസ്ബുർഗ്ഗ് സൎവ്വകലാശാലയിൽ ചേൎന്നു. 'സെൻറ്തോമാസ് മതശാസ്ത്രകോളേജി'ലാണു് ഞാൻ താമസിച്ചിരുന്നതു്. അതിവിദ്വാനായ റവറൻഡ് ആൽഫ്രെഡ് എറിക്സൺ ആയിരുന്നു പ്രിൻസിപ്പാൾ. കാൽവിൻെറ കൃതികളുടെ ഗംഭീരമായ പുതുപ്പതിപ്പു് പൂൎത്തിയാക്കുന്ന ജോലിയിൽ മുഴുകിയിരിക്കയായിരുന്നു അന്നദ്ദേഹം.

സ്റ്റ്രാസ്ബുർഗ്ഗ് സൎവ്വകലാശാല ഏററവുമധികം പ്രശസ്തിയാൎജ്ജിച്ച കാലമായിരുന്നു അതു്. പഴയ പാരമ്പര്യങ്ങളുടെ ചങ്ങലക്കെട്ടുകളില്ലാതെ അദ്ധ്യാപകരും അദ്ധ്യേതാക്കളും ഒന്നുപോലെ ശ്രമിച്ചു, ഒരാധുനികസൎവ്വകലാശാലയുടെ ആദൎശങ്ങൾ സാധിക്കുവാൻ. പ്രായംകൂടിയ ഒരദ്ധ്യാപകൻപോലും അവിടെയുണ്ടായിരുന്നില്ല. യുവത്വത്തിൻെറ പുതുകാററു് അവിടെയെങ്ങും വീശിയിരുന്നു.

മതശാസ്ത്രം, തത്വചിന്ത എന്നീ രണ്ടു വിഷയങ്ങൾ ഞാൻ ഒരുമിച്ചു പഠിച്ചു. 'ജിംനേഷ്യ'ത്തിൽവെച്ചു് 'ഹീബ്രൂ'ഭാഷ ഞാൻ വളരെ കുറച്ചുമാത്രമേ പഠിച്ചിട്ടുണ്ടായിരുന്നുള്ളു. അതുകൊണ്ടു് ഇ

വിട്ടത്തെ പഠിപ്പിൻെറ ആദ്യഘട്ടം അതിന്നായി നീക്കിവെക്കേണ്ടിവന്നു. 1894 ഫെബ്രുവരി 17-ാംതീയതി ഞാൻ 'ഹീബ്രു' പരീക്ഷ പാസ്സായി. വളരെ ക്ലേശിക്കേണ്ടിവന്നു അതിന്നു്. എന്നാൽ, എനിക്കു വശപ്പെടാത്ത എന്തിനേയും കീഴൊതുക്കുവാനുള്ള വാശി കാരണം, ക്രമത്തിൽ ഞാൻ ആ ഭാഷയിൽ നല്ല അറിവു സമ്പാദിച്ചു.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളെക്കുറിച്ചു, ഹൈൻറിച്ച് ജൂലിയസ് ഹോൾട്സ്മാൻ നടത്തിയ പ്രസംഗപരമ്പര; മററു വിഷയങ്ങളിൽ വിൽഹെം വിൻഡെൻബാൻഡിൻെറയും തത്വചിന്തയുടെ ചരിത്രത്തെ അധികരിച്ച തിയോബാൾഡ് സീഗ്ലറുടേയും പ്രസംഗങ്ങൾ—ഇവയിൽ ഞാൻ ആസക്തിയോടെ സംബന്ധിച്ചിരുന്നു; ഹീബ്രൂപരീക്ഷയെക്കുറിച്ചുള്ള ഉൽക്കണ്ഠ അതിന്നു തടസ്സമായില്ല.

1894 ഏപ്രിൽ 1-ാംതീയതി ഞാൻ ഒരു കൊല്ലത്തെ പട്ടാളപരിശീലനം ആരംഭിച്ചു. എൻെറ സേനാനായകൻെറ—ക്രൂൾ എന്നാണദ്ദേഹത്തിൻെറ പേർ—കാരുണ്യംകൊണ്ടു്, അഭ്യസനം മുററക്കു നടക്കുമ്പോൾപ്പോലും ദിവസേന പതിനൊന്നു മണിക്കു സർവ്വകലാശാലയിലെത്തിച്ചേരാനും തുടന്നു വിൻഡെൽബാൻഡിൻെറ പ്രസംഗങ്ങൾ കേൾപ്പാനും എനിക്കു സാധിച്ചു.

ശരൽക്കാലത്തു പട്ടാളമുറകൾ അഭ്യസിപ്പാനായി ഞങ്ങൾ കീഴെ ആൽസെസ്സിലെ ഹോക്ഫെൽഡനിലേക്കു പോയപ്പോൾ, ഞാനെൻെറ തീൻസഞ്ചിയിൽ ഗ്രീക്കുഭാഷയിലുള്ള ബൈബിൾ കൂടി എടുത്തിട്ടു. എന്തിനെന്നല്ലേ? 'സ്കോളർഷിപ്പി'ന്നു മത്സരിക്കുവാൻ ഉദ്ദേശിക്കുന്ന മതശാസ്ത്രവിദ്യാത്ഥികൾ മൂന്നു വിഷയങ്ങളുള്ള ഒരു പരീക്ഷ ശൈത്യകാലത്തു പാസ്സാവേണ്ടതുണ്ടു്; പട്ടാളപരിശീലനത്തിൽ ഏപ്പെട്ടവക്കാകട്ടെ, ഒരൊററ വിഷയമേ വേണ്ടതുള്ളു. സുവിശേഷങ്ങളാണു് ഞാൻ തിരഞ്ഞെടുത്ത വിഷയം.

ഹോൾട്സ്മാനെപ്പോലെ ബഹുമാന്യനായ ഒരദ്ധ്യാപകൻെറ മുമ്പിൽ ചീത്തപ്പെട്ടവാൻ കഴികയില്ലെന്ന വിചാരംകൊണ്ടാണു് ഞാൻ ഗ്രീക്കുബൈബിൾ കയ്യിലെടുത്തതു്. നല്ല കരുത്തുള്ള ആരോഗ്യം കാരണം, ക്ഷീണം എന്നൊന്നു് ഞാൻ അറിഞ്ഞിട്ടേയുണ്ടായിരുന്നില്ല. തൽഫലമായി സൈനികപരിശീലനത്തിനുശേഷം വൈകുന്നേരങ്ങളിലും വിശ്രമദിവസങ്ങളിലും നല്ലപോലെ പഠിക്കുവാൻ എനിയ്ക്കു കഴിഞ്ഞു.

സ്തുത്യർഹങ്ങളാണു് ജമ്മൻസവ്വകലാശാലകൾ. എന്തെന്നാൽ അവ വിദ്യാത്ഥികളെ കടിഞ്ഞാണിട്ടു നയിക്കാറില്ല. മററു രാജ്യങ്ങളിലുള്ളപോലെ, പരീക്ഷകളെക്കൊണ്ടു ക്ലേശിപ്പിക്കാറുമില്ല. സ്വതന്ത്രവും ശാസ്ത്രീയവുമായ പ്രവൃത്തികൾക്കു് അവസരവും ഉത്തേജനവും നൽകുന്ന രീതിയിലാണു് അവിടത്തെ പഠിപ്പു്.

സ്ട്രാസ്ബുർഗ്ഗിൽ അക്കാലത്തു നടന്നിരുന്ന മതശാസ്ത്രപഠനം നവീനാശയങ്ങൾ പ്രതിഫലിക്കുന്ന മട്ടിലായിരുന്നു. ഹോൾട്സ്മാൻെറ സഹായി കാറൽ ബഡ്ഡു് ആയിരുന്നു. 'പഴയ ടെസ്റ്റുമെണ്ടി'ൽ ഒരു സവിശേഷപണ്ഡിതനായിരുന്നു അദ്ദേഹം. അടുത്ത കാലത്തുമാത്രമാണു് അദ്ദേഹം സ്ട്രാസ്ബുർഗ്ഗിൽ വന്നതു്. എനിക്കു വളരെ ഇഷ്ടപ്പെട്ട ഒരദ്ധ്യാപകനായിരുന്നു അദ്ദേഹം. ശാസ്ത്രീയകാര്യങ്ങളെ ലളിതമായും, എന്നാൽ, സമഗ്രമായും കൈകാര്യം ചെയ്യാനുള്ള അദ്ദേഹത്തിൻെറ പാടവമാണു്, എന്നെ ആകഷിച്ചതു്. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ഒരാനന്ദാനുഭൂതിയായിരുന്നു.

സ്ട്രാസ്ബുർഗ്ഗിലെ വിദ്യാത്ഥിജീവിതം വേഗം കടന്നുപോയി. 1897_ലെ വേനലിൻെറ അവസാനത്തിൽ ഞാൻ ഒന്നാമത്തെ മതശാസ്ത്രപരീക്ഷയ്ക്കിരുന്നു.

# അദ്ധ്യായം രണ്ടു്

## പാരീസ്സും ബർളിനും

### 1898-1899

1898 മേയ് 6-ാംതീയതി ഞാൻ മതശാസ്ത്രത്തിലെ ആദ്യ പരീക്ഷ— അതു ഗവമ്മേണ്ടുപരീക്ഷയായിരുന്നു—പാസ്സായി. അതിനുശേഷം ഞാൻ വേനല്ക്കാലം മുഴുവൻ സ്ത്രാസ്ബുഗ്ഗിൽ കഴിച്ചു—തത്വചിന്തയിൽ പൂണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കുവാൻവേണ്ടി. അക്കാലത്തു ഞാൻ താമസിച്ചിരുന്നതു്, ഗീഥെ സ്ത്രാസ്ബുഗ്ഗിൽ പഠിക്കുമ്പോൾ താമസിച്ചിരുന്ന വീട്ടിലായിരുന്നു—പഴയ മത്സ്യച്ചന്തയിലെ 36-ാംനമ്പ്ര് വീടു്. വിൻഡെൽബാൻഡും സീഗ്ലറും അവരവരുടെ വിഷയത്തിൽ പ്രാമാണികന്മാരായിരുന്നു; എന്നാൽ ഇരുവരും സമഞ്ജസമായി ഒത്തിണങ്ങുകയും ചെയ്തിരുന്നു. വിൻഡൽബാൻഡിന്നു പ്രാചീനതത്വചിന്തയിലായിരുന്നു പ്രാവീണ്യം. പ്ലേറേറാവിനേയും അരിസ്റ്റോട്ടിലിനേയും പററിയുള്ള അദ്ദേഹത്തിൻെറ പാഠങ്ങൾ, എൻെറ വിദ്യാത്ഥിജീവിതസ്മരണകളിൽ മുന്തിനില്ക്കുന്നു. സീഗ്ലറുടെ സാമ്രാജ്യം ധമ്മശാസ്ത്രവും മതത്തിൻെറ തത്വചിന്തയുമാണു്. രണ്ടാമത്തെ വിഷയത്തിൽ അദ്ദേഹത്തിന്നു സവിശേഷജ്ഞാനമുണ്ടായിരുന്നു; മുമ്പു മതശാസ്ത്രജ്ഞനെന്ന നിലക്കു കൈവന്ന വിജ്ഞാനമായിരുന്നു അതിന്നു കാരണം. ടൂബിൻജനിലെ മതശാസ്ത്രകോളേജിൽ അദ്ദേഹം പഠിച്ചിട്ടുണ്ടായിരുന്നു.

എൻെറ പരീക്ഷാഫലവും ഹോൾട്സ്മാൻെറ ശുപാശിയും അടിസ്ഥാനമാക്കി, എനിക്കു 'ഗോൾ'സ്റ്റോളർഷിപ്പു നല്കപ്പെട്ടു. സെൻറ്തോമാസ്സഭയും മതശാസ്ത്രപഠനവിഭാഗവും കൂട്ടായി ന

ടത്തിവരുന്ന ഒരു സ്കോളർഷിപ്പാണതു്. കൊല്ലത്തിൽ 60 പവൻ (1,200 മാർക്ക) കിട്ടും. ഓരോ തവണയും ആറാറുകൊല്ലത്തേയ്ക്കാണു് സ്കോളർഷിപ്പു നല്കപ്പെടുക. ഏററിയതു് ആറു കൊല്ലം കൊണ്ടു സ്ട്രാസ്ബുർഗ്ഗിൽനിന്നു മതശാസ്ത്രത്തിൽ ബിരുദം നേടുകയോ, അല്ലാത്തപക്ഷം, വാങ്ങിയ പണം തിരികെ കൊടുക്കുകയോ വേണം—ഇതാണു് നിബന്ധന.

തിയോബാൾഡ് സീഗ്ലറുടെ ഉപദേശപ്രകാരം ഞാൻ തീർച്ചപ്പെടുത്തി, അടുത്തതായി തത്വചിന്തയിൽ ഡോക്ടർ ബിരുദത്തിന്നു ശ്രമിക്കണമെന്നു്. സർവ്വകലാശാലയുടെ കല്പടവുകളിൽ കുട നിവർത്തി നിന്നുകൊണ്ടു് അദ്ദേഹമൊരു ദിവസം അഭിപ്രായപ്പെട്ടു, കാന്തിൻെറ മതപരമായ തത്വചിന്തയാവട്ടെ എൻെറ വിഷയമെന്നു്. ഈ നിർദ്ദേശം എന്നെ വല്ലാതെ ആകർഷിച്ചു. 1898 ഒക്ടോബർ ഒടുവോടുകൂടി ഞാൻ പാരീസ്സിലേയ്ക്കു പോയി—സോർബോൺസർവ്വകലാശാലയിൽ തത്വചിന്ത പഠിപ്പാനും, വീഡോറുടെ കീഴിൽ കിന്നരാഭ്യാസം തുടരുവാനും.

പാരീസ്സിൽ ഞാൻ ഒരേട്ടെ പ്രസംഗങ്ങളിൽ സന്നിഹിതനാവാതിരുന്നിട്ടുണ്ടു്. ഒന്നാമതായി, 'മട്രിക്കുലേഷൻ' ചടങ്ങു നടത്തപ്പെട്ടരീതി—ആഭാടരഹിതമായ അതിൻെറ സമ്പ്രദായം—എനിക്കു തീരെ പിടിച്ചില്ല. പിന്നെ, അവിടുത്തെ അദ്ധ്യയനരീതി വളരെ പഴഞ്ചനായിരുന്നു. തൽഫലമായി അദ്ധ്യാപകന്മാരുടെ കഴിവുകൾ—അതു ഗണനീയമായിരുന്നുതാനും—വേണ്ടപോലെ പ്രകടമായിക്കണ്ടില്ല. എല്ലാംകൂടി സോർബോൺ എനിക്കു രുചിച്ചില്ല. നാലോ അഞ്ചോ പ്രസംഗങ്ങളെക്കൊണ്ടുള്ള സമഗ്രാവിഷ്കരണം—സ്ട്രാസ്ബുർഗ്ഗിൽ എനിക്കു സുപരിചിതമായ ആ രീതി—ഇവിടെ നടപ്പുണ്ടായിരുന്നില്ല. പരീക്ഷയ്ക്കുവേണ്ട കാര്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന പ്രസംഗങ്ങൾ; അല്ലെങ്കിൽ, പ്രത്യേകവിഷയങ്ങളെ അധികരിച്ചുള്ള പ്രസംഗങ്ങൾ—ഇവിടെ ഇത്രയേയുള്ളൂ.

അക്കാലത്തെ പാരീസ്സിലെ പ്രശസ്തവ്യക്തകളുമായി പരിചയപ്പെട്ടവാൻ വീഡോർ എന്നെ സഹായിച്ചു; ഞാനതിന്നു കൃതജ്ഞതയുള്ളവനാണ്. എൻെറ ക്ഷേമത്തിൽ അതീവ തല്പരനായിരുന്നു അദ്ദേഹം. എൻെറ പണസ്സഞ്ചിയുടെ മെലിവുകാരണമാ ഞാൻ വേണ്ടത്ര ഭക്ഷിച്ചിട്ടില്ലെന്നോ മറോ തോന്നിയാൽ, അദ്ദേഹം സംഗീതാഭ്യസനത്തിനുശേഷം എന്നെ ലക്സംബെഗ്ഗിനടുത്തുള്ള ഫോയോഹോട്ടലിലേക്കു കൂട്ടിക്കൊണ്ടുപോകും. അദ്ദേഹത്തിന്നു പ്രിയമായ ഒരു താവളമായിരുന്നു അതു്. പല തവണയുണ്ടായിട്ടുള്ള സംഭവമാണിതു്. ഞാൻ ഒരിക്കൽക്കൂടി വേണ്ടുവോളം വയർ നിറച്ചോട്ടെ എന്നാണ് അദ്ദേഹത്തിൻെറ ഭാവം!

പാരീസ്സിൽ താമസിക്കുന്ന രണ്ടു പിതൃസഹോദരന്മാരും അവരുടെ ഭാൎയ്യമാരും എന്നോടു നല്ലപോലെ ആദരവു കാണിച്ചിരുന്നു. അവരിൽ ഇളയവനായ ചാൾസ് ഒരു ഭാഷാവിദഗ്ദ്ധനായിരുന്നു. ആധുനികഭാഷകളുടെ അദ്ധ്യയനക്രമം പരിഷ്കരിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കിയിട്ടുണ്ടു്. അദ്ദേഹംവഴി, സൎവ്വകലാശാലയിലെ ആളുകളായും വിദ്യാഭ്യാസലോകമായും ഞാൻ പരിചയപ്പെട്ടു. അങ്ങനെഞാൻ പാരീസ്സുമായി ഇണങ്ങിച്ചേൎന്നു.

സംഗീതാഭ്യസനമോ ജനസമ്പൎക്കമോമൂലം, ഡോക്ടർബിരുദത്തിന്നുള്ള എൻെറ പഠിപ്പു് അവഗണിക്കപ്പെട്ടതൊൻനുമില്ല. എന്തെന്നാൽ, കരുത്തുററ എൻെറ ആരോഗ്യം രാത്രിയിൽ അത്യദ്ധ്വാനം ചെയ്യാൻ എന്നെ അനുവദിച്ചു. രാത്രിയിൽ തീരെ കണ്ണടയ്ക്കാതെ, പിറേറന്നു കാലത്തു വീഡോറുടെ അടുത്തു സംഗീതാഭ്യസനത്തിന്നു പോവുക—ഇങ്ങനെ ചിലപ്പോഴെല്ലാം ഉണ്ടായിട്ടുണ്ടു്.

1899 മാൎച്ച് മദ്ധ്യത്തിൽ ഞാൻ സ്ത്രാസ്ബുഗ്ഗിലേക്കു മടങ്ങി. ഡോക്ടർബിരുദത്തിന്നു സമൎപ്പിക്കുവാൻ തയ്യാറാക്കിയ ഗ്രന്ഥം ഞാൻ തിയോബാൾഡ്സീഗ്ളറെ വായിച്ചുകേൾപ്പിച്ചു. അ

ദ്ദേഹം അതിലെ നിഗമനങ്ങളോടു പൂർണ്ണമായി യോജിച്ചു. ജൂലായി അവസാനത്തിൽ ഞാൻ ബിരുദമെടുക്കണമെന്നു തീരുമാനിക്കപ്പെട്ടു.

1899-ലെ വേനൽക്കാലം ഞാൻ ബർളിനിൽ കഴിച്ചുകൂട്ടി. തത്വചിന്താഗ്രന്ഥങ്ങൾ വായിക്കലായിരുന്നു പണി. പ്രാചീനവും അർവ്വാചീനവുമായ തത്വചിന്തയെ അധികരിച്ചുള്ള പ്രധാനകൃതികളെല്ലാം വായിച്ചുതീർക്കണമെന്നായിരുന്നു എന്റെ അഭിലാഷം. അതേസമയത്തുതന്നെ, ഹാർണാക്കു്, ലീഡർ, കാഫ്ടൻ, പോൾസൻ, സിമ്മൽ തുടങ്ങിയവരുടെ പ്രസംഗങ്ങളും ഞാൻ കേട്ടുകൊണ്ടിരുന്നു. സിമ്മലിന്റെ പ്രസംഗങ്ങൾക്കു് ഇടയ്ക്കിടയ്ക്കേ ഞാനാദ്യം പോകാറുണ്ടായിരുന്നുള്ളു. എന്നാൽ താമസിയാതെ ഞാൻ അവിടെ പതിവുകാരനായി.

കൈസർ വിൽഹെം സ്മാരകപ്പള്ളിയിലെ കിന്നരംവായനക്കാരനായ പ്രൊഫസർ ഹൈൻറീക് റൈമാന്നുമായി, വീഡോറുടെ കത്തുവഴി, ഞാൻ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ കിന്നരത്തിൽ പതിവായി പാടുവാൻ എന്നെ അനുവദിച്ചു. അദ്ദേഹം അവുധിയിൽപ്പോയ സമയങ്ങളിൽ എന്നെ ചുമതലകളേല്പിക്കാറുണ്ടു്. അദ്ദേഹംമുഖാന്തിരം ബർളിനിലെ ഗായകരായും ചിത്രകാരന്മാരായും കൊത്തുപണിക്കാരായും ഞാൻ പരിചയപ്പെട്ടു.

സുപ്രസിദ്ധഗ്രീക്കുവിദഗ്ദ്ധനായ എണസ്റ്റു് കർട്ടിയസ്സിന്റെ വിധവയുടെ വീട്ടിൽവെച്ചു് എനിക്കു പണ്ഡിതലോകവുമായി പരിചയപ്പെടുവാൻ സാധിച്ചു. അവർ എന്നെ വളരെ സൌഹൃദത്തോടെയാണു് സ്വീകരിച്ചതു്; അവരുടെ ഭർത്തൃപുത്രന്റെ—കോൾമാറിലെ ജില്ലാസൂപ്രേണ്ടാണദ്ദേഹം—പരിചിതനായിരുന്നു ഞാൻ. അന്നത്തെ ബർളിനിലെ ബുദ്ധിജീവിതത്തിന്റെ നേതാക്കളുമായി നേരിട്ടു സമ്പർക്കം പുലർത്തുവാൻ ആ വീട്ടിൽ വെച്ചു് എനിക്കു സാധിച്ചതു്, ഒരു മഹാഭാഗ്യമായി ഞാനിന്നും കരുതുന്നു.

ബർളിനിലെ ബുദ്ധിജീവിതം, പാരീസ്സിലേതിനേക്കാൾ ആഴത്തിൽ എന്നിൽ പതിഞ്ഞു. ലോകനഗരമായ പാരീസ്സിലെ ബുദ്ധിജീവിതം ഭിന്നിച്ചുപോയിരുന്നു. അതിൻെറ മൂല്യങ്ങൾ മനസ്സിലാക്കുവാൻ കഴിയണമെങ്കിൽ, അവിടുത്തെ അന്തരീക്ഷവുമായി തികച്ചും ഇണങ്ങിച്ചേരണ്ടേ പററൂ. ബർളിനിലെ കഥയാവട്ടെ, അങ്ങനെയല്ല. അവിടുത്തെ മഹത്വമേറിയ സർവ്വകലാശാല ബുദ്ധിജീവിതത്തിൻെറ കേന്ദ്രമായി, സജീവഘടകമായി, വർത്തിച്ചു. പിന്നെ, ആ പട്ടണം ഒരു ലോകനഗരമായിക്കഴിഞ്ഞിട്ടുമുണ്ടായിരുന്നില്ല. നാനാമുഖമായി വികസിച്ചുകൊണ്ടേയിരുന്ന ഒരു കൂററൻപ്രാദേശികനഗരിയുടെ പ്രതീതിയാണ് അന്നത്തെ ബർളിൻ നൽകിയിരുന്നതു്. ആരോഗ്യകരമായ ആത്മബോധത്തിൻേറയും വിധികർത്താക്കളായ നേതാക്കളിലുള്ള അടിയുറച്ച വിശ്വാസത്തിൻേറയും കാററ് അവിടെ വീശിയിരുന്നു. സമകാലികപാരീസ്സിൽ ഇതുണ്ടായിരുന്നില്ല. ചുരുക്കത്തിൽ, ബർളിൻ നഗരത്തിൻെറ ഏററവും നല്ലകാലത്തത്രേ, ഞാൻ അതുമായി പരിചയപ്പെട്ടതു്. ഞാനതിനെ സ്നേഹിച്ചു. ബർളിൻജനതയുടെ ജീവിതരീതിയുടെ എളിമ; അവിടുത്തെ കുടുംബജീവിതത്തിലേക്കു പ്രവേശനം ലഭിക്കുവാനുള്ള വിഷമമില്ലായ്മ—എന്നിൽ സവിശേഷമായി പതിഞ്ഞ സംഗതികളാണിവ.

# അദ്ധ്യായം മൂന്നു്

## സ്ട്രാസ്ബുർഗ്ഗിലെ പ്രവർത്തനങ്ങളുടെ ആദ്യവർഷങ്ങൾ

1899 ജൂലായി അവസാനത്തിൽ ഞാൻ സ്ട്രാസ്ബുർഗ്ഗിലേയ്ക്കു മടങ്ങി. തത്വചിന്തയിൽ ബിരുദം എടുക്കുകയും ചെയ്തു.

സർവ്വകലാശാലയിലെ തത്വചിന്താവിഭാഗത്തിൽ ഒരദ്ധ്യാപകനാവാൻ തിയോബാൾഡ് സീഗ്ലർ എന്നോടാവശ്യപ്പെട്ടു. പക്ഷേ ഞാൻ മതശാസ്ത്രവിഭാഗത്തിലാണ് ജോലിക്കു ചേർന്നതു്. എന്തെന്നാൽ, തത്വചിന്തയിലെ അദ്ധ്യാപകൻ ഒരു മതപ്രാസംഗികൻകൂടിയാകുന്നതു്, ആളുകൾക്കു രുചിച്ചെന്നു വരില്ലെന്നു്, സീഗ്ലർതന്നെ എന്നോടു സൂചിപ്പിക്കയുണ്ടായി. എനിക്കാണെങ്കിൽ, മതപ്രസംഗം അനുപേക്ഷണീയവുമായിരുന്നു. ജീവിതത്തിലെ അഗാധപ്രശ്നങ്ങളെക്കുറിച്ചു് എല്ലാ ഞായറാഴ്ചയും ഭക്തജനങ്ങളെ അഭിസംബോധനംചെയ്തു സംസാരിയ്ക്കുക—എത്ര നിർവൃതിപ്രദമാണതു്!

ഇക്കാലംതൊട്ടു ഞാൻ സ്ട്രാസ്ബുർഗ്ഗിൽ സ്ഥിരതാമസമായി. ഞാൻ ഒരു വിദ്യാർത്ഥിയല്ലെന്നിരുന്നാലും, എനിക്കു പ്രിയമായ സെൻറ്തോമസ് കോളേജിൽത്തന്നെ താമസിപ്പാൻ അനുവാദം ലഭിച്ചു. ചിലവു കൊടുക്കുന്നൊരു അതിഥിയായി ഞാൻ അവിടെ താമസിച്ചു. വന്മരങ്ങൾ മുററിനിൽക്കുന്ന, പ്രശാന്തസുന്ദരമായ ഉദ്യാനത്തിന്നഭിമുഖമാണ് എൻെറ മുറി. വിദ്യാർത്ഥിയായിരുന്ന കാലത്തു ഞാനിതേ മുറിയിൽത്തന്നെയാണ് സാധാരണം

താമസിച്ചുപോന്നിട്ടുള്ളതു്. എൻെറ മുന്നിലുള്ള ജോലി നിർവ്വഹിക്കുവാൻ ഏററവും പററിയ സ്ഥലംതന്നെ!

ഡോക്ടർബിരുദത്തിനു സമർപ്പിപ്പാനുള്ള ഗ്രന്ഥത്തിൻെറ 'പ്രൂഫ്' നോക്കിക്കഴിഞ്ഞ ഉടനെ ഞാൻ മതശാസ്ത്രത്തിൽ ബിരുദം നേടുവാനുള്ള ശ്രമത്തിലേർപ്പെട്ടു. കഴിയുന്ന വേഗത്തിൽ ബിരുദമെടുത്തേ തീരൂ; എന്നിട്ടു വേണം, എനിക്കു കിട്ടിക്കൊണ്ടിരുന്ന 'ഗോൾ'സ്കോളർഷിപ്പ് മറെറാരു വിദ്യാർത്ഥിക്കുവേണ്ടി ഒഴിഞ്ഞുകൊടുക്കുവാൻ. അയാൾക്കാകട്ടെ, പഠിപ്പു തുടരുവാൻ അതല്ലാതെ ഒരു മാർഗ്ഗവുമില്ല. എൻെറ സമകാലീനനായ യേഗക്കുവേണ്ടിയായിരുന്നു ഞാനിത്ര ക്ലേശിച്ചതു്. അദ്ദേഹം വാസനാസമ്പന്നനായ ഒരു പൌരസ്ത്യഭാഷാവിദ്യാർത്ഥിയായിരുന്നു. പിന്നീടദ്ദേഹം സ്ട്രാസ്ബുർഗ്ഗിലെ പ്രോട്ടസ്റ്റൻറ് ജിംനേഷ്യത്തിൻെറ മേലദ്ധ്യക്ഷനുമായി. ദൌർഭാഗ്യവശാൽ അദ്ദേഹം സ്കോളർഷിപ്പ് ഉപയോഗപ്പെടുത്തുകയുണ്ടായില്ല. ഇതു മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ, കുറേക്കൂടി ദേശസഞ്ചാരം ചെയ്യുകയും ഒരിംഗ്ലീഷുസർവ്വകലാശാലയിൽക്കൂടി പഠിക്കുകയും ചെയ്തശേഷമേ ഞാൻ ജോലി സ്വീകരിച്ച് ഇരിപ്പുറപ്പിക്കുമായിരുന്നുള്ളു. അസ്ഥാനത്തായിപ്പോയ സഹാനുഭൂതി കാരണം എനിക്കു വിനഷ്ടമായ അവസരങ്ങളെ ഓർത്തു ഞാൻ ഇപ്പോഴും വ്യസനിക്കാറുണ്ടു്.

1899 ഡിസംബർ 1-ാംനു എനിക്കു് ഒരു മതപ്രാസംഗികൻെറ ജോലി കിട്ടി, സ്ട്രാസ്ബുർഗ്ഗിലെ സെൻറ് നിക്കോളാസ് പള്ളിയിൽ. ആദ്യത്തിൽ ഞാനൊരു 'ഡീക്കൺ'* ആയിരുന്നു; പിന്നീടു രണ്ടാംമതശാസ്ത്രപരീക്ഷ പാസ്സായശേഷം, ഒരു 'ക്യൂറേററു'†മായി.

---

* പള്ളിയിലെ പുരോഹിതനെ സഹായിപ്പാനുള്ള ഒരുദ്യോഗസ്ഥൻ.

† ഒരു പുരോഹിതൻ.

നിക്കോളാസ്‌പള്ളിയിൽ ഉദ്യോഗസ്ഥന്മാരായി രണ്ടുപേരുണ്ടായിരുന്നു—പ്രായംകൂടിയ, എന്നാൽ നല്ല ഓജസ്സുററ, രണ്ടു പുരോഹിതന്മാർ. അവരിലൊരാളായ മിസ്റ്റർ നിററൽ, ഗ്രൺസ്‌ബാക്കിൽ അച്ഛൻെറ മുൻഗാമിയായിരുന്നു. മറേറയാൾ, മിസ്റ്റർ ജെറോൾഡ്, എൻെറ ഒരമ്മാമൻെറ ഉററ ചങ്ങാതിയുമായിരുന്നു. ഈ രണ്ടുപേരുടേയും സഹായിയായാണു് ഞാൻ നിയമിതനായതു്. വൈകുന്നേരത്തെ പ്രാത്ഥന, ഞായറാഴ്ച, കുട്ടികളുടെ പ്രാത്ഥന, 'സ്ഥിരീകരണാചാര'പാഠങ്ങൾ എന്നിവയിൽ അവക്കു പകരം ഞാൻ പങ്കുകൊണ്ടു. അങ്ങിനെ എനിക്കു നിശ്ചയിച്ചുകിട്ടിയ പ്രവത്തനങ്ങൾ എനിക്കു് അളവില്ലാത്ത സന്തോഷവും സംതൃപ്തിയും നല്കി. വൈകുന്നേരത്തെ പ്രാത്ഥനാസമയത്തു കുറച്ചാളുകളേ ഉണ്ടാകാറുള്ളു. അപ്പോൾ അച്ഛനിൽനിന്നു ഞാൻ പഠിച്ച രീതിയിൽ, അനൗപചാരികവും അടുപ്പം തോന്നിക്കുന്നതുമായ മട്ടിൽ, മതപ്രസംഗംചെയ്യാൻ എനിക്കു കഴിഞ്ഞു. പ്രഭാതപ്രാത്ഥനയുടെ കഥ അതായിരുന്നില്ല; ഇന്നുപോലും വലിയൊരു സദസ്സിനെ അഭിമുഖീകരിക്കുവാനുള്ള കൂസൽ എന്നെ വിട്ടുപിരിഞ്ഞിട്ടില്ല. കൊല്ലങ്ങൾ കടന്നുപോയി. വൃദ്ധരായ ആ രണ്ടു മാന്യന്മാരും അധികമധികം പ്രാത്ഥനാപ്രസംഗങ്ങൾക്കു വരാതായിത്തുടങ്ങി. പ്രഭാതപ്രാത്ഥനയിൽ പ്രസംഗിക്കേണ്ട ഭാരവും ഏറിയകൂറും എൻെറ തലയിൽ വീണു. മുൻകൂട്ടി പ്രസംഗങ്ങളെല്ലാം എഴുതി ശരിപ്പെടുത്തുകയാണു് ഞാൻ പതിവു്. പലപ്പോഴും രണ്ടും മൂന്നും തവണ കരടെഴുതിയശേഷമേ അസ്സലെഴുതുവാൻ മുതിരാറുള്ളു. എന്നാൽ നല്ലപോലെ കാണാപ്പാഠമാക്കിയ ഈ പ്രസംഗങ്ങളിൽനിന്നു വ്യതിചലിക്കുവാൻ ഞാൻ മടിക്കാറില്ല. പലപ്പോഴും അവയ്ക്കു പുതുരൂപംതന്നെ കൊടുക്കാറുണ്ടു്.

മതപ്രസംഗമെന്നതിലേറെ, ഭക്തിപരമായ പരിശീലനമെന്ന നിലയ്ക്കാണു്, ഞാൻ വൈകുന്നേരത്തെ പ്രസംഗങ്ങളെ കണക്കാക്കിയിരുന്നതു്. ആ പ്രഭാഷണങ്ങൾ ചെറുതായിരിക്കുക

യും ചെയ്യും. തൽഫലമായി ഒരിക്കൽ ഒരു സംഭവമുണ്ടായി. ഭക്തജനങ്ങളിൽച്ചിലർ പ്രസംഗത്തിൻെറ ഹ്രസ്വതയെപ്പററി നിററലിനോട്ട് ആക്ഷേപം ബോധിപ്പിച്ചു. 'ആദ്ധ്യാത്മികകാൎയ്യങ്ങളിലെ പരിശോധകൻ'കൂടിയായിരുന്നു അദ്ദേഹം. എന്നെ അദ്ദേഹം വിളിച്ചു. ഞാൻ മുമ്പിൽച്ചെന്നു നിന്നു. എന്നോടൊപ്പം അദ്ദേഹവും തെല്ലൊരമ്പരപ്പു പ്രദശിപ്പിച്ചുകാണായി. ആക്ഷേപക്കാരായ ഭക്തജനങ്ങളോട്ട് എന്താണ് മറുപടി പറയേണ്ടതെന്ന് അദ്ദേഹം എന്നോടു ചോദിച്ചു. വിഷയത്തെപ്പററി കൂടുതൽ പറവാനില്ലാതാവുമ്പോൾ, പ്രസംഗം നിൎത്തിക്കളയുന്ന ഒരു സാധു 'ക്യൂറേററു'മാത്രമാണ് ഞാനെന്നു പറഞ്ഞാൽ മതി എന്നായിരുന്നു എൻെറ മറുപടി. തുടൎന്ന് ഒരു ചെറിയ ശാസനയോടുകൂടി അദ്ദേഹം എന്നെ മടക്കി. ഇരുപതുമിനുട്ടിൽ ചുരുങ്ങി പ്രസംഗിക്കരുതെന്നു കല്പിക്കയും ചെയ്തു.

ഭക്തികൊണ്ടു മയപ്പെട്ട യാഥാസ്ഥിതികനാണ് മിസ്റ്റർ നിററൽ. ജെറോൾഡാകട്ടെ, തെല്ലൊരു ഉല്പതിഷ്ണുവുമായിരുന്നു. എന്നിരുന്നാലും അവരിരുവരും തികച്ചും സഹോദരഭാവത്തോടെ താന്താങ്ങളുടെ ചുമതലകൾ നിൎവ്വഹിച്ചുപോന്നു. എല്ലാ പ്രവൃത്തിയിലും പൂൎണ്ണയോജിപ്പു കാണപ്പെട്ടിരുന്നു. സെൻറ്തോമാസ്സിന്നെതിർവശത്തു സ്ഥിതിചെയ്തിരുന്ന ഈ എണ്ണപ്പെടാത്ത പള്ളിയിൽ തികച്ചും ആദരണീയമായ പ്രവൎത്തനമാണ് നടന്നിരുന്നതു്.

വല്ല ഞായറാഴ്ചയും എനിക്കു് ഒഴിവു കിട്ടിയാൽ ഞാൻ ഗ്ൺസ്ബാക്കിലേയ്ക്കു പോകും, അച്ഛനുവേണ്ടി പ്രാൎത്ഥന നയിക്കാൻ. ഇങ്ങനെ പലതവണയുണ്ടായിട്ടുണ്ടു്.

പ്രഭാതപാഠങ്ങൾക്കശേഷം, പതിനൊന്നുതൊട്ടു പന്ത്രണ്ടുമണിവരെ, ആഴ്ചയിൽ മൂന്നുതവണ ഞാൻ ആൺകുട്ടികൾക്ക 'സ്ഥിരീകരണാചാര'പാഠങ്ങൾ എടുക്കാറുണ്ടു്. ആൽസെസ്സിൽ അതു രണ്ടുകൊല്ലം നീണ്ടുനില്ക്കുന്നതാണ്. വിദ്യാൎത്ഥികൾക്ക വീട്ടുപഠിത്തം കഴിയുന്നതും കുറയ്ക്കണമെന്ന് എനിക്ക നിഷ്കൎഷയുണ്ടാ

യിരുന്നു. എന്നാൽമാത്രമേ പാഠങ്ങൾ ഉള്ളുകുളപ്പിക്കുന്നവയാകയുള്ളു. ക്ലാസ്സിലെ ഒടുവിലത്തെ പത്തുമിനുട്ടുനേരം കാണാപ്പാഠമാക്കുവാനായി ഞാൻ നീക്കിവെയ്ക്കും. ബൈബിളിലെ ചൊല്ലുകൾ, വേദഗാനങ്ങൾ എന്നിവയെ എന്നോടൊപ്പം പലവുരു ചൊല്ലിക്കും, കാണാപ്പാഠമാകുന്നതുവരെ. ജീവിതകാലം മുഴുവൻ അവക്കു് ഈ സദ്വചനങ്ങൾ മാൎഗ്ഗദൎശകമായിത്തീരട്ടെ! സുവിശേഷങ്ങളിലെ മഹത്തായ സത്യങ്ങളെ ഹൃദയത്തിലും വിചാരത്തിലും പ്രതിഷ്ഠിക്കുക; അങ്ങിനെ അവിശ്വാസിയാകാനുള്ള പ്രവണതകളെ പ്രതിരോധിക്കുവാനുള്ള കഴിവുണ്ടാക്കുക—ഇതായിരുന്നു എന്റെ അദ്ധ്യാപനത്തിന്റെ ഉന്നം. പള്ളിയെ സ്നേഹിക്കേണ്ടതിന്റേയും ഞായറാഴ്ച പ്രാൎത്ഥനാവേളയിൽ ആത്മശുദ്ധി നിലനിൎത്തേണ്ടുന്നതിന്റേയും ആവശ്യകത മനസ്സിലാക്കിക്കൊടുക്കുവാനും ഞാൻ ശ്രമിച്ചു. പരമ്പരാഗതമായി കൈവന്നിട്ടുള്ള വിശ്വാസസിദ്ധാന്തങ്ങളെ മാനിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പററിയും ഞാൻ പഠിപ്പിച്ചു. എന്നാൽ അതേസമയത്തുതന്നെ, പോൾശ്ലീഹയുടെ പുണ്യവചനത്തെ—എവിടെ യേശുവുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ടു്, എന്ന വചനത്തെ—മുറുകെ പിടിച്ചുകൊള്ളണമെന്നു ഞാൻ ഊന്നിപ്പറകയും ചെയ്തു.

കുറെ കൊല്ലങ്ങളിലൂടെ ഞാൻ വിതച്ചിരുന്ന വിത്തുകളിൽ ചിലവ മുററിത്തഴച്ചുവെന്നു ഞാൻ സാഭിമാനം മനസ്സിലാക്കി. യേശുവിന്റെ മതത്തിലെ മൌലികതത്വങ്ങളെ മനസ്സിൽ ഉറപ്പിച്ചുകൊടുത്തതിന്നു പലരും എന്നെ പിന്നീടഭിനന്ദിച്ചിട്ടുണ്ടു്. ഒരുവന്റെ മനസ്സിൽ ലയിക്കേണ്ട തത്വങ്ങളാണവ. ജീവിതയാത്രയിൽ മതവിചാരം ഇല്ലാതായേയ്ക്കുമോ എന്ന ഭയം അവക്കു തീരെ ഇല്ലാതായി.

ഈ മതപാഠങ്ങൾ കൈകാൎയ്യംചെയ്യുമ്പോഴാണു് എനിക്കാദ്യമായി ബോധമുണ്ടായതു്, പരമ്പരാഗതമായി എത്രമാത്രം അദ്ധ്യാപകരക്തം എന്നിൽ കുടികൊള്ളുന്നുണ്ടെന്നു്.

.    .    .    .

നിക്കോളാസിൽ എനിക്കു കിട്ടിയിരുന്ന പ്രതിഫലം മാസത്തിൽ വെറും നൂറു മാർക്കായിരുന്നു—അഞ്ചു പവൻമാത്രം. എങ്കിലും എന്റെ ആവശ്യങ്ങൾക്കതു മതിയായിരുന്നു; സെൻറ്തോമാസ് ഹോസ്റ്റലിലെ താമസച്ചിലവ് അത്രയും പരിമിതമായിരുന്നു.

എന്റെ ജോലിയുടെ വലിയൊരു മെച്ചം, ശാസ്ത്രീയപ്രവർത്തനങ്ങൾക്കും സംഗീതത്തിന്നും വേണ്ടുവോളം സമയം അവശേഷിച്ചിരുന്നുവെന്നതാണ്. എന്റെ ആഗ്രഹങ്ങൾ നിറവേറുന്നതിൽ രണ്ടു പുരോഹിതന്മാരും തികഞ്ഞ സന്നദ്ധത പ്രദർശിപ്പിച്ചുപോന്നു. വസന്തത്തിലേയും ശരൽക്കാലത്തിലേയും ഒഴിവുകാലത്തു സ്ഥിരീകരണാചാരക്ലാസ്സുകൾ ഉണ്ടാവാറില്ല. എന്റെ മതപ്രസംഗങ്ങൾക്കു ബദലിന്നാളെ നിർത്തി സ്ഥലംവിടുവാൻ അക്കാലത്തു് എനിക്കനുവാദമുണ്ടായിരുന്നു. പലപ്പോഴും ബദൽതന്നെ വേണ്ടിവരാറില്ല. പുരോഹിതന്മാർതന്നെ ആ ജോലി എനിക്കുവേണ്ടി നിർവ്വഹിച്ചുകൊള്ളും. കൊല്ലത്തിൽ മൂന്നു മാസമുണ്ടു് എനിക്കൊഴിവുകാലം—ഈസ്റ്ററിൽ ഒരു മാസം, ശരൽക്കാലത്തു രണ്ടു മാസം. വസന്തത്തിൽ സാധാരണയായി ഞാൻ പാരീസ്സിലായിരിക്കും; വലിയച്ഛന്റെ അതിഥിയായി ഞാൻ അവിടെ താമസിക്കും. വിഡോറുടെ അടുത്തു പഠനങ്ങൾ തുടരും. ശരൽക്കാലത്താകട്ടെ, ഞാനധികദിവസവും ഗുൺസ്ബാക്കിലെ പഴയ വീട്ടിൽ കഴിച്ചുകൂട്ടും.

പാരീസ്സിൽ കൂടെക്കൂടെ താമസിച്ചതിന്റെ ഫലമായി എണ്ണപ്പെട്ട പല വ്യക്തികളുമായി പരിചയപ്പെടുവാൻ എനിക്കു കഴിഞ്ഞു. 1905-ൽ ഞാൻ റൊമേങ് റൊളാങ്ങുമായി പരിചയപ്പെട്ടു. ആദ്യത്തിൽ ഞങ്ങളുടെ പരിചയം ഗായകരെന്ന നിലയ്ക്കുമാത്രമായിരുന്നു. ക്രമേണ ഞങ്ങളിരുവരും മനസ്സിലാക്കി, ഞങ്ങൾ മനുഷ്യർകൂടിയാണെന്നു്; ഞങ്ങൾ ഉററ ചങ്ങാതികളായി.

ജർമ്മൻസാഹിത്യത്തിന്റെ സൂക്ഷ്മദർശിയായ ആസ്വാദകനും, വിമർശകനുമായ ഹെൻറി ലിച്ചൻബർഗ്ഗുമായുള്ള എന്റെ ബന്ധവും വളരെ സൌഹൃദത്തോടുകൂടിയതായിരുന്നു.

ആ സംഭവം ഞാനൊരിക്കലും മറക്കയില്ല. ആഹ്ലാദജനകമായ ഒരു വസന്തസുപ്രഭാതം. ഇടുങ്ങിയ സാങ്ഘാക്തെരുവിൽ വെച്ചാണതുണ്ടായതു്. ഒരു സന്ദശ്നത്തിന്നു നേരം വൈകിപ്പോയതുകാരണം എനിക്കു് ഒരു വണ്ടി പിടിക്കേണ്ടിവന്നു. ഒരു കവലയിൽ ഗതാഗതം കുറച്ചുനേരം സ്തംഭിച്ചുപോയിരുന്നു. രണ്ടു വരിയായിപ്പോയിരുന്ന വണ്ടികൾ അനങ്ങാതെ നിന്നു. എൻെറതിനോടു് അടുത്തു നിന്നിരുന്ന വണ്ടിയിലെ വ്യക്തിയുടെ ശിരസ്സു് എന്നെ ആകഷിച്ചു. ഭംഗിയുള്ള നീളൻതൊപ്പിയാണു് ഒന്നാമതായി എൻെറ ശ്രദ്ധയെ പിടിച്ചുവലിച്ചതു്. അക്കാലത്തെ പാരീസ്സിൽ അത്തരം തൊപ്പി ഉപയോഗിക്കാതായിക്കഴിഞ്ഞിരുന്നില്ല. ഒട്ടുംതന്നെ സുന്ദരമല്ലാത്ത ആ ശിരസ്സിൽ ആ തൊപ്പി വളരെ അസാധാരണമായി എനിക്കു തോന്നി. ഗതാഗതസ്തംഭനം കുറച്ചു നേരം നീണ്ടുനിന്നതുകൊണ്ടു ഞാനാ വണ്ടിയിലേക്കു നോക്കിക്കൊണ്ടേയിരുന്നു. നോക്കുംതോറും ഞാനധികമധികം പിടിച്ചുവലിക്കപ്പെട്ടു. ആ മുഖം ബീഭത്സവും ആത്മീയത തൊട്ടുകുളിക്കാത്തതും ആയിരുന്നു. നിയന്ത്രിക്കപ്പെടാത്തതും പ്രാകൃതവുമായ മനുഷ്യപ്രകൃതിയുടെ സൂചനകൾ, അല്ലെങ്കിൽ, നിഭ്യവും നിദ്ദ്യവുമായ മനശ്ശക്തി വിളിച്ചുപറയുന്ന മുഖഭാവം—ഞാനീ തോതിൽ ഒരു മനുഷ്യനിലും ഇതുവരെ കണ്ടിട്ടില്ല. ഞാൻ തുറിച്ചുനോക്കിക്കൊണ്ടേയിരിക്കുമ്പോൾ പെട്ടെന്നെനിക്കു തോന്നി, അതു ക്ലെമൻകോ ആയിരുന്നുവെന്നു്.

ക്ലെമൻകോവിൻെറ ഛായ വരയ്ക്കുവാൻവേണ്ടി മൂന്നുവട്ടം പരിശ്രമിച്ച സിസാൻ എന്ന ചിത്രകാരൻ ഒടുവിൽ ആ ഉദ്യമം വേണ്ടെന്നു വെയ്ക്കയാണുണ്ടായതു്. "ഇതുപോലൊരു സാധനത്തിൻെറ ഛായ വരയ്ക്കുവാൻ എന്നെക്കൊണ്ടാവില്ലെ"ന്നു് അദ്ദേഹം പറഞ്ഞുവത്രേ. അതിൻെറ അത്ഥം എനിക്കിപ്പോഴാണു് നല്ലപോലെ മനസ്സിലാകുന്നതു്.

പാരീസിലെ വിദേശഭാഷാസംഘത്തിൽ ഞാൻ ജമ്മൻഭാഷ

യിൽ ഒരു പ്രസംഗപരമ്പര നടത്തുകയുണ്ടായി. പുതിയ നൂററാണ്ടിന്റെ തുടക്കത്തിലാണതുണ്ടായതു്. ജർമ്മൻസാഹിത്യവും തത്വചിന്തയുമായിരുന്നു വിഷയം. നീററ്സ്ഷേ, ഷോപ്പൻഹോവർ, ഗഹാട്ട് ഹോപ്ട്മേൻ, സുഡർമേൻ, ഗീഥെ എന്നിവരെപ്പററിയുള്ള പ്രസംഗങ്ങൾ ഞാനിന്നുമോർക്കുന്നു. 1900 ആഗസ്റ്റിൽ നീററ്സ്ഷേയെപ്പററിയുള്ള പ്രസംഗം എഴുതിക്കൊണ്ടിരിക്കുമ്പോഴാണു് എനിക്കു വിവരം കിട്ടിയതു്, ഒടുവിൽ മരണം അദ്ദേഹത്തെ കഷ്ടതകളിൽനിന്നു മോചിപ്പിച്ചുവെന്നു്.

ഇപ്രകാരം ഞാനെന്റെ ജീവിതം ഏററവും എളിയ രീതിയിൽ നയിച്ചുപോന്നു. എന്റെ സൃഷ്ടിപരമായ പ്രവത്തനങ്ങളെസ്സംബന്ധിച്ചു നിണ്ണായകമായ ഒരു കാലഘട്ടമായിരുന്നു അതു്. ഞാൻ ദീഘനേരം അവിശ്രമം പണിയെടുത്തുപോന്നു. പ്രവൃത്തിയിൽ ഞാനെന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചു. എന്നാൽ തീരെ ധൃതിപ്പെട്ടിരുന്നതുമില്ല.

ഞാൻ ലോകത്തിൽ അധികമൊന്നും ചുററിനടന്നിട്ടില്ല. കാരണം യാത്രയ്ക്കു വേണ്ട സമയവും പണവും എനിക്കുണ്ടായിരുന്നില്ല. എന്നാൽ 1900-ൽ ഞാൻ വലിയച്ഛന്റെ പത്നിയുമൊരുമിച്ചു ഓബെറാമ്മർഗ്ഗോവിലേയ്ക്കു പോയി. അവിടെവെച്ചു കണ്ട 'ക്രിസ്തുവിന്റെ കഷ്ടാനുഭവനാടക'ത്തേക്കാൾ, പശ്ചാത്തലത്തിലെ അത്ഭുതകരമായ പ്രകൃതിദൃശ്യമാണു്, എന്നിൽ കൂടുതൽ പതിഞ്ഞതു്. കഷ്ടാനുഭവം അഭിനയിച്ചു ഫലിപ്പിക്കുന്നതിന്നുപകരം പഴയ ടെസ്റ്റമെണ്ടിൽനിന്നെടുത്ത രംഗങ്ങൾ ചിത്രങ്ങളായി പ്രദശിപ്പിക്കൽ; അതിരുകവിഞ്ഞ നാടകീയത; പ്രതിപാദനത്തിന്റെ അപൂണ്ണതകൾ; ഗാനങ്ങളുടെ ചീത്തത്തം—ഇവയാണു് നാടകത്തെ വഷളാക്കിത്തീത്തിരുന്നതു്. എന്നാൽ വേഷക്കാർ തങ്ങളുടെ അഭിനയത്തിൽ സ്വയം ലയിച്ചിരുന്നു. അതു് എനിക്കു വല്ലാതെ ഉള്ളിൽത്തട്ടി.

* * * *

'കഷ്ടാനുഭവനാടകം' ഗ്രാമീണർ ഗ്രാമീണക്കുവേണ്ടി പ്രാകൃതമായ രീതിയിൽ ഒരു മതച്ചടങ്ങെന്നോണം നടത്തേണ്ട ഒന്നാണ്. പകരം അതു വിദേശീയരുടെ മുമ്പിൽ വ്യത്യസ്തമായ പശ്ചാത്തലത്തിൽ പ്രേക്ഷകരുടെ സംതൃപ്തിയെ ലക്ഷ്യമാക്കി രംഗത്തു് അവതരിപ്പിക്കപ്പെടുകയാണെങ്കിൽ, അതിൻെറ ഫലം തീരെ തൃപ്തികരമല്ലെന്നു വന്നാൽ അത്ഭുതപ്പെടുവാനുണ്ടോ? എന്നാലും ഒന്നു സമ്മതിക്കാതെ തരമില്ല. രൂപഭേദപ്പെടുത്തിയിട്ടാണെങ്കിൽക്കൂടി, ആദികാലത്തെ എളിയ മനോഭാവം നിലനിർത്തിക്കൊണ്ടുതന്നെയാണ് ഓബറാമ്മർഗ്ഗോവിലെ ജനങ്ങൾ നാടകം അഭിനയിച്ചുപോന്നിരുന്നതു്.

എൻെറ ഈട്ടുവെപ്പു് അനുവദിക്കുമ്പോഴെല്ലാം ഉത്സവമുള്ള കൊല്ലങ്ങളിൽ ഞാൻ ബൈറൂത്തിലേയ്ക്കുള്ള തീർത്ഥാടനം നടത്താറുണ്ടു്.

കോസ്സിമാ വാഗ്നർ എന്നെ ആകർഷിച്ചു. ബാക്ക് സംഗീതത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കാലത്തു സ്ട്രാസ്ബുർഗ്ഗിൽവെച്ചാണ് ഞാനവരുമായി പരിചയപ്പെട്ടതു്. ബാക്കിൻെറ സംഗീതം വിവരണാത്മകമാണെന്ന എൻെറ അഭിപ്രായത്തിൽ അവർ താൽപര്യം പ്രദർശിപ്പിച്ചു. മതചരിത്രകാരനായ ജൊഹാന്നസ്സ് ഫിക്കറെ സന്ദർശിക്കുവാനായി അവർ ഒരിക്കൽ സ്ട്രാസ്ബുർഗ്ഗിൽ വന്നു. അപ്പോൾ അവിടുത്തെ പുത്തൻപള്ളിയിലെ ഒന്നാന്തരം കിന്നരത്തിൽ പാടി, എൻെറ ആശയം വിശദീകരിച്ചുകൊടുക്കുവാൻ എനിക്കു സാധിച്ചു. തൻെറ ചെറുപ്പകാലത്തു് അവർ അത്യന്തം ആസ്വദിച്ച മതപഠനത്തെപ്പററി രസകരങ്ങളായ പല കഥകളും എന്നോടവർ പറകയുണ്ടായിട്ടുണ്ടു്. ഈ വനിതയെ എത്രതന്നെ പരിചയപ്പെട്ടിട്ടും ഒരു ലജ്ജാബോധം എന്നെ വിടാതെ നിന്നതേയുള്ളു. കലാപരമായ കഴിവിലും അന്തസ്സുററ നടപ്പിലും അവർ അനുപമതന്നെയായിരുന്നു.

*   *   *   *   *

സീഗ്ഫ്രീഡ് വാഗ്നറുടെ എളിമയും, താഴ്മയുമാണ് ഞാൻ ആദരിച്ചിരുന്നതു്. എന്തുകൊണ്ടു നോക്കിയാലും അസാധാരണമായ വാസനാവിശേഷങ്ങളെക്കൊണ്ടു് അനുഗൃഹീതനായിരുന്നു അദ്ദേഹം. ബൈറൂത്തിൽ തൻെറ പ്രവൃത്തിയിൽ മുഴുകിയിരിക്കുന്ന അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞ ആക്കുംതന്നെ അദ്ദേഹത്തോടു ബഹുമാനം തോന്നാതിരിപ്പാൻ നിവൃത്തിയില്ല. അദ്ദേഹത്തിൻെറ സംഗീതത്തിൽ ശ്രദ്ധാർഹവും സുന്ദരവുമായ പലതുമുണ്ടു്.

# അദ്ധ്യായം നാല്

## ഞാൻ ഒരു കാട്ടുഡോക്ടരാവാൻ തീരുമാനിക്കുന്നു

1905 ഒക്ടോബർ 13-ാംനു-വെള്ളിയാഴ്ച പാരീസ്സിലെ അവെന്യൂ ദ് ലാ ഗ്രാൻറ് ആർമിയിലെ ഒരു തപാൽപ്പെട്ടിയിൽ അച്ഛനമ്മമാക്കും ഉററവരായ ചില സ്നേഹിതന്മാക്കും ഞാൻ എഴുത്തുകൾ എഴുതിയിട്ടു. ശൈത്യകാലത്തു ഞാൻ വൈദ്യവിദ്യാഭ്യാസം ആരംഭിക്കുവാൻ പോകയാണെന്നും പഠനാനന്തരം ഒരു ഡോക്ടരായി ആഫ്രിക്കയിലെ മദ്ധ്യരേഖാപ്രദേശങ്ങളിലേക്കു പോകാൻ ഉദ്ദേശിക്കുന്നുവെന്നുമായിരുന്നു എഴുത്തുകളിൽ പറഞ്ഞിരുന്നതു്. വേറൊരു എഴുത്തിലൂടെ സെൻറ്തോമാസ് മതശാസ്ത്രകോളേജിലെ പ്രിൻസിപ്പാൾപദവി ഞാൻ രാജിവെച്ചു. പഠിപ്പ് എൻെറ മുഴുവൻസമയവും അവകാശപ്പെടുമെന്നതുകൊണ്ടാണ് ഞാനിങ്ങനെ ചെയ്തതു്.

ഞാനിപ്പോൾ പ്രവൃത്തനത്തിൽ കൊണ്ടുവരുവാനുദ്ദേശിക്കുന്ന പരിപാടി വളരെക്കാലമായിട്ട് എൻെറ മനസ്സിലുള്ളതാണ്; വിദ്യാഭ്യാസകാലത്തുതന്നെ രൂപംകൊണ്ട ആശയമാണിതു്. എൻെറ ചുററുപാടുമുള്ള ആളുകൾ ദുഃഖിക്കുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ ഞാൻ സുഖമായി ജീവിക്കുക—അതു് എനിക്കു് ആലോചിക്കുവാൻപോലും പററാത്ത ഒരു സംഗതിയായിരുന്നു. സ്കൂളിൽവെച്ചുതന്നെ എൻെറ മനസ്സിളകിയ സന്ദർഭങ്ങളുണ്ടായിട്ടുണ്ടു്. എൻെറ സഹപാഠികളിൽ പലരും ഏററവും ദയനീയ

മായ ചുററുപാടുകളിൽ ജീവിക്കുമ്പോൾ, ഗുൺസ്ബാക്കിലെ പുരോഹിതന്മാരുടെ സന്താനങ്ങളായ ഞങ്ങൾ തികച്ചും അസൂയാവഹമായ ജീവിതമത്രേ നയിച്ചിരുന്നതു്. സവ്വകലാശാലയിലും ഇതേ പ്രശ്നം എന്നെ അഭിമുഖീകരിച്ചു. വേണ്ടപോലെ പഠിക്കുന്നതിന്നു പുറമെ, ശാസ്ത്രത്തിലും കലയിലും സ്വന്തം വ്യക്തിമുദ്രകൾ കുത്തുവാൻപോലും എനിക്കു സാധിക്കുമ്പോൾ, ഞാൻ തുടർച്ചയായി ഓർത്തുകൊണ്ടിരിക്കാറുണ്ടു്, സാമ്പത്തികസ്ഥിതികൊണ്ടോ അനാരോഗ്യംകൊണ്ടോ അതിന്നവസരം ലഭിക്കാത്ത മററുള്ളവരെപ്പററി. എന്നിട്ടു് ഒരു വേനല്ക്കാലത്തെ ശോഭായമാനമായ സുപ്രഭാതത്തിൽ—1896-ലെ 'വിററ്സൺടൈഡ്' ഒഴിവുദിവസങ്ങളിലാണതുണ്ടായതു്—ഗുൺസ്ബാക്കിൽവെച്ചു് ഒരു വിചാരം എന്നിൽ ഉദയംചെയ്തു: ഞാൻ ഈ സുഖങ്ങൾ വരുംപടി സ്വീകരിക്കുവാൻ പാടില്ല; പകരം എന്തെങ്കിലും അങ്ങോട്ടും കൊടുത്തേ തീരൂ. ഞാനിക്കാര്യം അപ്പോൾത്തന്നെ ശാന്തതയോടെ പര്യാലോചിച്ചു തീർച്ചപ്പെടുത്തി. പക്ഷികൾ പുറത്തു പാടിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. തീരുമാനം എടുത്തശേഷം മാത്രമേ ഞാൻ കിടക്കയിൽനിന്നെഴുന്നേല്ക്കുപോലും ചെയ്തുള്ളു. മുപ്പതു വയസ്സുവരെ ശാസ്ത്രത്തിന്നും കലക്കും വേണ്ടി ജീവിക്കുന്നതിൽ ന്യായമുണ്ടു്; അതിന്നുശേഷമോ, മുഴുവൻ സമയവും നേരിട്ടുള്ള മനുഷ്യസേവനത്തിന്നുവേണ്ടി ചിലവഴിക്കുതന്നെ വേണം. "എന്തൊരുത്തൻ സ്വന്തം ജീവനെ രക്ഷിക്കുവാൻ നോക്കുന്നുവോ, അയാൾക്കതു നഷ്ടപ്പെടും. ഏതൊരുത്തൻ എനിക്കും, സുവിശേഷങ്ങൾക്കും വേണ്ടി സ്വന്തം ജീവനെ പരിത്യജിക്കുന്നുവോ, അയാൾക്കതു നഷ്ടപ്പെടുകയില്ല." യേശുവിന്റെ ഈ വാക്കുകളിൽ അന്തർല്ലീനമായിക്കിടക്കുന്ന അർത്ഥം ഗ്രഹിക്കുവാൻ ഞാൻ പലതവണ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോഴേ എനിക്കതു മനസ്സിലായുള്ളു. എനിക്കിപ്പോൾ ബാഹ്യസുഖം മാത്രമല്ല ആന്തരികസുഖംകൂടി കൈവന്നിരിക്കുന്നു.

ഞാൻ തയ്യാറാക്കിയ ഭാവിപരിപാടിയുടെ പ്രവൎത്തനസ്വഭാവം എങ്ങനെയിരിക്കുമെന്ന് എനിക്കു വ്യക്തമായിരുന്നില്ല. ഞാനതെല്ലാം പരിതസ്ഥിതിക്കു വിട്ടുകൊടുക്കയാണുണ്ടായതു്. ഒന്നുമാത്രം ഞാനുറച്ചിരുന്നു. എത്രതന്നെ ലോകശ്രദ്ധയെ ആകൎഷിക്കാത്തതായാലും ശരി, നേരിട്ടുള്ള മനുഷ്യസേവനമായിരിക്കണം എൻെറ ലക്ഷ്യം.

സ്വാഭാവികമായി, ഞാനാദ്യമായി വിചാരിച്ചതു്, യൂറോപ്പിൽത്തന്നെ വല്ല പ്രവൎത്തനവും തുടങ്ങുവാനാണ്. ഉപേക്ഷിക്കപ്പെട്ട അനാഥബാലരെ ഏററെടുത്തു് അവരുടെ വിദ്യാഭ്യാസം കഴിപ്പിക്കുക; എന്നിട്ടു് ഇതേ സ്ഥിതിയിലുള്ള കുട്ടികളെ മോചിപ്പിക്കുന്നതിൽ തങ്ങൾ മേലിൽ വ്യാപൃതരായിക്കൊള്ളാമെന്ന് അവരെക്കൊണ്ടു ദൃഢനിശ്ചയം ചെയ്യിക്കുക—ഇതായിരുന്നു ഒരു പരിപാടി. 1903-ൽ മതശാസ്ത്രഹോസ്റ്റലിലെ വാർഡനെന്ന നിലയ്ക്കു ഞാൻ സെൻറ്തോമാസ് കോളേജിലെ രണ്ടാംനിലയിലുള്ള വിശാലമായ ഔദ്യോഗികവസതിയിലേയ്ക്കു മാറിത്താമസിച്ചപ്പോൾ ഈ പുതിയ പരീക്ഷണം ആരംഭിക്കുവാൻ പററിയ സമയമായിരുന്നു. അങ്ങിങ്ങായി സേവനങ്ങൾ നല്കാൻ ഞാൻ തുനിഞ്ഞു. പക്ഷേ എപ്പോഴും അതെല്ലാം പരാജയത്തിൽ കലാശിച്ചതേയുള്ളു. അശരണരായ കുട്ടികളെ പരിരക്ഷിക്കുന്ന സംഘടനകളുടെ നിയമാവലികളിൽ ഇത്തരത്തിലുള്ള സേവനങ്ങൾ സ്വീകരിപ്പാനുള്ള വ്യവസ്ഥകളുണ്ടായിരുന്നില്ല. ഒരു ഉദാഹരണം പറയാം: സ്ട്രാസ്ബുൎഗ്ഗിലെ അനാഥാലയം കത്തി നശിച്ചപ്പോൾ താല്ക്കാലികമായി കുറച്ചു കുട്ടികളെ ഏററെടുക്കുവാൻ ഞാൻ സന്നദ്ധത പ്രകടിപ്പിച്ചു. പക്ഷേ എനിക്കു പറവാനുള്ളതു മുഴമിക്കാൻപോലും അതിൻെറ 'സൂപ്രെണ്ട്' സമ്മതിച്ചില്ല. ഇതുപോലുള്ള മററു പരിശ്രമങ്ങളും പരാജയപ്പെടുകതന്നെയാണുണ്ടായതു്.

തെണ്ടികളുടേയും, ജയിൽവിമോചിതരുടേയും അഭ്യുന്നതിക്കുവേണ്ടി പരിശ്രമിക്കുവാൻ ഞാനാലോചിച്ചു. ഇതിന്നു തയ്യാ

റെട്ടക്കലെന്ന നിലയ്ക്കു ഞാൻ സെൻറ്തോമാസിലെ റവറൻറ് അഗസ്റ്റസ് എണസ്‌റവുമായി കൂട്ടുചേൎന്നു. അദ്ദേഹം പുതിയൊരു പരിപാടി ആരംഭിച്ചിട്ടുണ്ടായിരുന്നു. ഉച്ചയ്ക്കു് ഒരു മണിമുതൽരണ്ടു മണിവരെ അദ്ദേഹമെപ്പോഴും വീട്ടിലുണ്ടായിരിക്കും. ആ സമയത്തു സഹായമോ, ഒരു രാത്രിയിലെ കിടപ്പോ ആവശ്യപ്പെട്ടുകൊണ്ടുവരുന്ന ആരോടും സംസാരിക്കുവാൻ അദ്ദേഹം ഒരുക്കമാണു്. എന്നാൽ അപേക്ഷകൎക്കു് ഒട്ടുംതന്നെ ധനസഹായം ചെയ്യാറില്ല അദ്ദേഹം. അവരുടെ പരിതസ്ഥിതികളെക്കുറിച്ചു് അന്വേഷിച്ചറിയുന്നതുവരെ കാത്തുനില്പാൻ അവരോടു പറയാറുമില്ല. അന്നുച്ചതിരിഞ്ഞുതന്നെ അപേക്ഷകരുടെ താമസസ്ഥലത്തു ചെന്നു വിവരമന്വേഷിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്കയാണു് അദ്ദേഹം പതിവു്. അന്വേഷിച്ചു ബോദ്ധ്യംവന്നശേഷംമാത്രമേ അദ്ദേഹം സഹായം ചെയ്യാറുള്ളു; അതും ആവശ്യമുള്ളത്രമാത്രം. എത്ര തവണയാണു് ഞങ്ങൾ പട്ടണത്തിലും പരിസരങ്ങളിലും സൈക്കിൾ യാത്ര ചെയ്തിട്ടുള്ളതു്! പലപ്പോഴും അപേക്ഷകർ തരുന്ന മേൽവിലാസത്തിൽ ആളുകളെ കണ്ടുകിട്ടുകയേ പതിവില്ല. എന്നാൽ പരിതസ്ഥിതികൾ മനസ്സിലാക്കി സമയോചിതമായ സഹായം ചെയ്യുവാൻ ഞങ്ങൾക്കു സാധിച്ച സന്ദൎഭങ്ങളും ധാരാളമുണ്ടായിട്ടുണ്ടു്. ചില സ്നേഹിതന്മാർ അവരുടെ സ്വത്തിൻെറ ഒരു ഭാഗം എൻെറ പ്രവൎത്തനങ്ങൾക്കായി നീക്കിവെയ്ക്കുകപോലും ചെയ്തു.

വിദ്യാൎത്ഥിയായിരുന്ന കാലത്തുതന്നെ ഞാൻ സാമൂഹ്യസേവനത്തിൽ സജീവമായി പങ്കെടുത്തിരുന്നു. സെൻറ്തോമാസിലെ 'ഡയാക്കൊണേററ്' എന്നറിയപ്പെടുന്ന വിദ്യാൎത്ഥിസംഘടനയിൽ ഒരംഗമായിരുന്നു ഞാൻ. കോളേജിൽവെച്ചാണു് സംഘടനയുടെ യോഗങ്ങൾ ചേരാറു്. അതിലെ അംഗങ്ങളായ ഞങ്ങളിലോരോരുത്തരേയും കുറച്ചു ദരിദ്രകുടുംബങ്ങളുടെ സംരക്ഷണം ചുമതലപ്പെടുത്തിയിരിക്കും. തങ്ങളുടെ രക്ഷയിലുള്ള കുടുംബങ്ങളെ ആഴ്ചയിലൊരിക്കൽ സന്ദൎശിക്കണം; ഓരോ കുടുംബത്തിനും

നീക്കിവെച്ച സഹായം ആ സമയത്തു് അവിടെ എത്തിച്ചുകൊടു ക്കണം; കുടുംബങ്ങളുടെ നിലയെപ്പററി റിപ്പോർട്ടു ചെയ്തുകൊ ണ്ടിരിക്കയും വേണം—ഇപ്രകാരം വിതരണം ചെയ്തിരുന്ന സഹാ യധനം പിരിച്ചുണ്ടാക്കിയിരുന്നതു സ്രൗസ്ബ്ബെറ്റ്ജിലെ പഴയ തറ വാടുകളിൽനിന്നായിരുന്നു. മുൻതലമുറക്കാർ തുടങ്ങിവെച്ചതും, ഞങ്ങൾ തുടൎന്നു നടത്തിപ്പോരുന്നതുമായ ഈ പദ്ധതിയെ ഉയ ൎത്താൻ ആ കുടുംബക്കാർ സഹായിച്ചുപോന്നു. എൻെറ ഓൎമ്മ ശ രിയാണെങ്കിൽ കൊല്ലത്തിൽ രണ്ടുതവണയെങ്കിലും ഞങ്ങളിലോ രോരുത്തരും സഹായമഭ്യൎത്ഥിച്ചുകൊണ്ടു പിരിവിന്നിറങ്ങിയിരു ന്നു. ലജ്ജയും അമ്പരപ്പും കൂടപ്പിറപ്പായ എനിക്കു് ഈ സന്ദൎശ നങ്ങൾ ഒരു പീഡതന്നെയായിരുന്നു. എൻെറ ഭാവിജീവിത ത്തിൽ എനിക്കു വേണ്ടിവന്ന യാചനകളുടെ ഒരു എളിയ പരി ശീലനപാഠംമാത്രമായിരുന്നു ഇതെന്നു പറയാം. ഞാൻ ഈ കല യിൽ ഒട്ടുംതന്നെ മിടുക്കനായിരുന്നില്ല. എന്നാൽ ഞാൻ മനസ്സി ലാക്കി, യാചനയിൽ നയവും, നിയന്ത്രണവും ആവശ്യമാണെ ന്നു്. "തന്നാൽ വാങ്ങാം" എന്ന നിലപാടു തീരെ ഫലപ്രദമ ല്ലതന്നെ. അക്ഷോഭ്യനായി ഏതു നിഷേധത്തേയും സ്വീകരി പ്പാനുള്ള കഴിവു യാചകന്നു കൂടിയേ കഴിയൂ.

ഏററവും നല്ല ഉദ്ദേശ്യമേ ഞങ്ങൾക്കുണ്ടായിരുന്നുള്ളുവെങ്കി ലും ഞങ്ങളെ ഏല്പിച്ചുതന്ന പണംമുഴുവൻ വിവേകപൂൎവ്വം ചില വിടുന്ന കാൎയ്യത്തിൽ ഞങ്ങൾ പലപ്പോഴും പരാജയപ്പെട്ടിട്ടുണ്ടു്. യുവാക്കളായ ഞങ്ങളുടെ പരിചയക്കുറവുമാത്രമാണിതിന്നു കാര ണം. പക്ഷേ ദാതാക്കളുടെ ഉദ്ദേശ്യം നിറവേറാതിരുന്നിട്ടില്ല. എ ന്തെന്നാൽ ദരിദ്രരിൽ സദാ തല്പരരായിരിക്കുമെന്നു ശപഥംചെ യ്തുകൊണ്ടു ചെറുപ്പക്കാർ പുറത്തിറങ്ങിയല്ലോ. ഞാൻ അഗാധമാ യ നന്ദിയോടെ അനുസ്മരിക്കാറുണ്ടു്, ഞങ്ങളെ സഹായിച്ച എ വരേയും. സാനുകമ്പം കയ്യയച്ചു സംഭാവനകൾ തന്നു ഞങ്ങ ളുടെ സദുദ്യമത്തെ പ്രോത്സാഹിപ്പിച്ച അവരോടു ഞങ്ങളെന്നും

കടപ്പെട്ടവരാണ്. ഇനിയും വിദ്യാത്ഥികളായ ചെറുപ്പക്കാക്ക് ഇതേവിധം ദാരിദ്ര്യത്തോടു പടവെട്ടുവാൻ ഭാഗ്യം ലഭിക്കട്ടെ, എന്നു ഞാൻ പ്രാത്ഥിക്കാറുണ്ട്.

തെണ്ടികളിലും ജയിൽവിമോചിതരിലുമാണല്ലോ ഞാൻ ശ്രദ്ധിച്ചിരുന്നത്. അവക്കുവേണ്ടി സേവനമനുഷ്ഠിക്കുവാൻ സന്നദ്ധതയുള്ള കുറെ വ്യക്തികളുണ്ടെങ്കിലേ ഫലപ്രദമായ സഹായങ്ങൾ ചെയ്യുവാൻ കഴികയുള്ളുവെന്ന് എനിക്കു കൂടുതൽക്കൂടുതൽ വ്യക്തമായിത്തുടങ്ങി. അത്രയും പോര, പൂണ്ണഫലം സിദ്ധിക്കുവാൻ ഏതെങ്കിലുമൊരു സ്ഥാപനവുമായി കൂട്ടുചേൻ പ്രവത്തിക്കുകയും വേണം. ഞാൻ കാംക്ഷിച്ചിരുന്നതോ, തികച്ചും വ്യക്തിപരവും, സ്വതന്ത്രവുമായ പ്രവത്തനമായിരുന്നു. ആവശ്യമായാൽ എൻെറ സേവനങ്ങളെ ഏതെങ്കിലുമൊരു സ്ഥാപനത്തിൻെറ അധീനത്തിലാക്കാൻ ഞാൻ തീച്ചപ്പെടുത്തിയിരുന്നെങ്കിലും, വ്യക്തിയെന്ന നിലയ്ക്കും പൂണ്ണസ്വാതന്ത്ര്യത്തോടുകൂടിയും പ്രവത്തിക്കാവുന്ന ഒരു പ്രവത്തനമണ്ഡലം കണ്ടുപിടിക്കുന്നതിലുള്ള ആശ ഞാൻ കൈവെടിഞ്ഞില്ല. എൻെറ ഈ ആശ ഒടുവിൽ സഫലമായി എന്ന വസ്തുത, എനിക്കു വീണ്ടും വീണ്ടും നല്കപ്പെട്ട ദയാവായ്പിന് ഉത്തമോദാഹരണമായി ഞാൻ കരുതി.

1904-ലെ ശരല്ക്കാലത്ത് ഒരു ദിവസം രാവിലെ ഞാനെൻെറ മേശപ്പുറത്തു പച്ചച്ചട്ടയിട്ട ഒരു മാസിക കണ്ടു. പാരീസ്സിലെ പാതിരിസംഘം അതിൻെറ പ്രവത്തനങ്ങൾ മാസംതോറും റിപ്പോർട്ടുചെയ്യുന്ന മാസികയായിരുന്നു അത്. അതിൻെറ പ്രതികൾ മിസ്സ് ഷേർഡ്ലിൻ എന്ന ഒരു വനിത എൻെറ മുറിയിൽ പതിവായി വെച്ചേച്ചുപോകാറുണ്ടായിരുന്നു. കുട്ടിക്കാലത്ത്, പാതിരിസംഘത്തിലെ ആദ്യപ്രവത്തകരിലൊരാളായ കസാലിയുടെ കത്തുകൾ പ്രാത്ഥനാസമയത്ത് അച്ഛൻ ഉറക്കെ വായിക്കാണ്ട്. അവ എന്നിൽ ആഴത്തിൽ പതിഞ്ഞിരുന്നു. അന്നുമുതൽ എനിക്ക് ഈ സംഘത്തിൽ സവിശേഷതാല്പയ്യമുണ്ടെന്നു ഷേർഡ്ലി

ന്നറിയാമായിരുന്നു. അന്നു വൈകുന്നേരം എന്റെ പ്രവൃത്തി തുടരുവാൻവേണ്ടി ഞാനാ മാസിക മാററിവെയ്ക്കുമ്പോൾ, വെറുതെ അതൊന്നു മലത്തിനോക്കി. അതിലെ ഒരു ലേഖനത്തിന്റെ തലക്കെട്ടിൽ എന്റെ കണ്ണു പതിഞ്ഞു: "കോംഗോമിഷന്റെ ആവശ്യങ്ങൾ."

പാരീസ് പാതിരിസംഘത്തിന്റെ അദ്ധ്യക്ഷനും, ആൽസെസ്സ്കാരനുമായ ആൽഫ്രെഡ്ബോയ്ഗ്നർ എഴുതിയതായിരുന്നു ലേഖനം. കോംഗോകോളനിയുടെ വടക്കൻസംസ്ഥാനമായ ഗബൂണിലെ പ്രവൎത്തനങ്ങൾക്കു വേണ്ടത്ര ആളുകളില്ലെന്നൊരു ആവലാതി അതിലുണ്ടായിരുന്നു. "കൎത്താവിന്റെ കണ്ണു പതിഞ്ഞ ആളുകളിൽ" വല്ലവൎക്കും ഒരു തീരുമാനത്തിലെത്തുവാനും, അടിയന്തിരമായ ഈ ജോലിക്കു സന്നദ്ധനാകുവാനും തന്റെ ഉൽബോധനം സഹായകമാവുമെന്ന ആശ ലേഖകൻ പ്രകടിപ്പിച്ചിരുന്നു. ലേഖനത്തിന്റെ പൎയ്യവസാനം ഇങ്ങനെയായിരുന്നു: "പ്രഭോ, ഞാൻ വരുന്നുവെന്നു് എളിയ മട്ടിൽ കൎത്താവിന്റെ വിളി കേൾപ്പാൻ കഴിവുള്ള സ്ത്രീപുരുഷന്മാരുണ്ടല്ലോ, അവരെയാണു് പള്ളിക്കിന്നാവശ്യം." ലേഖനം വായിച്ചുതീൎന്നതോടെ ഞാനെന്റെ ജോലി തുടൎന്നു. എന്റെ അന്വേഷണം അവസാനിച്ചുകഴിഞ്ഞു.

കുറച്ചു മാസങ്ങൾക്കുശേഷം എന്റെ മുപ്പതാംപിറന്നാൾ വന്നു. അന്നു വേദകഥയിലെ മനുഷ്യനെപ്പോലെ—ഒരു ഗോപുരം കെട്ടുവാനാഗ്രഹിച്ചു് അതു പണിതീൎക്കുവാൻ വേണ്ടത്ര പണം കയ്യിലുണ്ടോ എന്നു് ആദ്യമായി എണ്ണിനോക്കിയ ആ മനുഷ്യനെപ്പോലെ—ഞാൻ കഴിച്ചുകൂട്ടി. ഫലമോ? ആഫ്രിക്കയിലെ മദ്ധ്യരേഖാപ്രദേശത്തു നേരിട്ടുള്ള മനുഷ്യസേവനത്തിന്നായി ഇറങ്ങുവാൻ ഞാൻ തീൎച്ചപ്പെടുത്തി. വിശ്വസ്തനായ ഒരു സ്നേഹിതനൊഴിച്ചു മററാൎക്കും എന്റെ ഉദ്ദേശ്യത്തെപ്പററി അറിവുണ്ടായിരുന്നില്ല. ഞാൻ പാരീസ്സിൽനിന്നയച്ച എഴുത്തുകളിലൂടെ കാൎയ്യം

പരസ്യമായപ്പോൾ, ബന്ധുക്കളും സ്നേഹിതന്മാരുമായി എനിക്കു ഘോരസമരങ്ങൾതന്നെ നടത്തേണ്ടിവന്നു. എൻെറ പരിപാടിയോടുള്ള എതിർപ്പിനേക്കാൾ ശക്തിയുള്ളതായിരുന്നു, മുൻകൂട്ടി ഇക്കാര്യം അവരോടു ചർച്ചചെയ്യാനുള്ള വിശ്വാസംപോലും ഞാൻ പ്രദർശിപ്പിക്കാതിരുന്നതിലുള്ള പ്രതിഷേധം. വിഷമംപിടിച്ച ആ ആഴ്ചകളിൽ അവരെന്നെ കണക്കിലേറെ ശല്യപ്പെടുത്തി. പ്രതിഷേധത്തിൽ പുരോഹിതസ്നേഹിതന്മാർ മററുള്ളവരെ കവച്ചുവെച്ചു കണ്ടതിലാണു് എനിക്കത്ഭുതം. യേശുവിന്നായി താൻ ചെയ്യുവാൻപോകുന്ന കാര്യങ്ങളെപ്പററി മുൻകൂട്ടി "ചോരകൊണ്ടും മാംസംകൊണ്ടും ഗെലേഷ്യക്കാരുമായി കൂടിയാലോചിക്കയുണ്ടായില്ല" പോൾശ്ലീഹയെന്നു് ഒന്നാംതരം മതപ്രസംഗങ്ങൾ നടത്തിയിട്ടുള്ള പുരോഹിതന്മാർതന്നെയാണു് എന്നെ അതേകാര്യത്തിനു കുററപ്പെടുത്തുന്നതു്.

എൻെറ ബന്ധുക്കളും സ്നേഹിതന്മാരും ഒത്തുചേർന്നു് എൻെറ ഉദ്യമത്തിൻെറ വിഡ്ഢിത്തം എന്നെ ബോദ്ധ്യപ്പെടുത്തുവാൻ കിണഞ്ഞു ശ്രമിച്ചു. എനിക്കു ദൈവം കല്പിച്ചുതന്ന വാസനാവിശേഷങ്ങളെ ഞാൻ കുഴിച്ചുമൂടുകയാണെന്നും, പകരം കള്ളനാണയംകൊണ്ടു കച്ചവടം ചെയ്യുവാൻ പോകയാണെന്നും അവരെന്നോടു പറഞ്ഞു. ശാസ്ത്രത്തിലും കലയിലും കഴിവുകളും ഗണ്യമായ നേട്ടങ്ങളുമില്ലാത്ത ആളുകൾക്കു പററിയതത്രേ അപരിഷ്കൃതരുടെ ഇടയിലുള്ള ജോലി. സ്വന്തം മകനെപ്പോലെ എന്നെ സ്നേഹിച്ചിരുന്ന വീഡോറും കലശലായി അധിക്ഷേപിച്ചു. വെറുമൊരു തോക്കും കൈയിലേന്തി യുദ്ധമുന്നണിയിലെ വെടിവെപ്പുമേഖലയിലേയ്ക്കു കടന്നുചെല്ലുന്ന ഒരു സേനാനായകനെപ്പോലെയാണു് ഞാൻ പ്രവർത്തിക്കുന്നതെന്നദ്ദേഹം പറഞ്ഞു. ഞാനാലോചിക്കുന്ന പ്രവൃത്തിയേക്കാൾ ഫലപ്രദമാകുക, ആഫ്രിക്കക്കാർക്കു വൈദ്യസഹായത്തിനുവേണ്ടി ഞാൻ പ്രസംഗങ്ങൾ നടത്തുകയാവുമെന്നു് ഒരു വനിത എന്നെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചു. ഗീഥേ

 

യുടെ 'ഫോസ്റ്റി'ലെ ആ വാക്കുകൾ—"തുടക്കത്തിൽ പ്രവൃത്തി"—ഇന്നു പഴഞ്ചനായിത്തീർന്നിട്ടുണ്ടെന്നാണ് അവരുടെ പക്ഷം. ഇക്കാലത്തു സംഭവങ്ങളുടെ പെററമ്മ പ്രചരണമത്രേ.

ക്ഷീണിതനായ ഒരു എതിരാളിയെന്ന നിലയ്ക്ക് എനിക്ക് ഒട്ടേറെ വാക്സമരങ്ങൾ നടത്തേണ്ടിവന്നിട്ടുണ്ട്. ക്രിസ്ത്യാനികളെന്ന് അംഗീകരിക്കപ്പെട്ടവരുമായാണ് ഈ സമരം വേണ്ടിവന്നതു്; അതിലാണെനിക്കാശ്ചര്യം. യേശുക്രിസ്തു കാണിച്ചുതന്ന സ്നേഹത്തെ നുകരുവാനുള്ള ഉദ്യമം ഒരുവന്നു പുത്തനായൊരു ജീവിതപഥം വെട്ടിത്തെളിയിക്കുമെന്ന് അവർ കാണുന്നില്ല, പുതിയ ടെസ്റ്റുമെണ്ടിൽ അങ്ങനെ വായിക്കാറുണ്ടെങ്കിലും. അവിടെ അതു് അപ്രായോഗികമാണെന്നവക്കു തോന്നാറുമില്ല. സാധാരണചിന്താഗതിക്ക് അസംബന്ധമായിത്തോന്നിയേക്കാവുന്ന ചില കാര്യങ്ങൾ, യേശുവിൻെറ പ്രവചനങ്ങളുമായി സമ്പക്കമുള്ളവക്കെങ്കിലും, സ്വീകാര്യമാവുമെന്നു ഞാൻ സ്വാഭാവികമായി കരുതിപ്പോയി. പ്രത്യേകപരിതസ്ഥിതികളിൽ യേശുവിൻെറ സ്നേഹശാസനം അനുസരിച്ചേ തീരു എന്നു ഞാൻ ഉൽബോധിപ്പിക്കുമ്പോൾ, എനിക്കു പകരം കിട്ടിയതു ദുരഭിമാനിയെന്ന കുററാരോപണമാണ്. എന്നാൽ യഥാത്ഥത്തിൽ എന്നോടുതന്നെ ബലപ്രയോഗംചെയ്താണ് ഞാനിങ്ങനെ ഉൽബോധിപ്പിക്കുവാൻ മുതിരാറു്. എൻെറ ആത്മാവിൻെറ വാതിലും ജനലും ഉന്തിത്തുറക്കുവാൻ അധികാരമുണ്ടെന്നു സ്വയം കരുതുന്ന എത്രയെത്ര ആളുകളിൽനിന്നാണ് ഞാൻ കഷ്ടതകളനുഭവിച്ചിട്ടുള്ളതു്!

എൻെറ തീരുമാനത്തിന്നു മാതൃത്വം വഹിച്ച വിചാരഗതിയിലേയ്ക്ക് എത്തിനോക്കുവാൻ അവരെ ഞാൻ അനുവദിച്ചുനോക്കി, എനിക്കു തീരെ ഇഷ്ടമില്ലാതിരുന്നെങ്കിലും. അതുകൊണ്ടും ഫലമൊന്നുമുണ്ടായില്ല. ഇതിൻെറയെല്ലാം പിന്നിൽ എന്തോ ഒന്ന് ഒളിഞ്ഞുകിടക്കുന്നുണ്ടെന്നാണ് അവരുടെ വിശ്വാസം. എൻെറ പ്രശസ്തി ആഗ്രഹത്തിനൊത്തു വളന്നുകാണാത്ത

തിലുള്ള നിരാശകൊണ്ടാണു് ഞാൻ ഇങ്ങനെ പ്രവൎത്തിക്കുന്നതെന്നു് അവർ ആലോചിച്ചുണ്ടാക്കി. ഇതിന്നു യാതൊരടിസ്ഥാനവുമില്ലതന്നെ. എന്തെന്നാൽ സാധാരണയായി ജീവിതകാലം മുഴുവൻ അദ്ധ്വാനിക്കുകയും പോരാടുകയും ചെയ്തതിനുശേഷം മാത്രം കിട്ടാവുള്ള അംഗീകാരം ഒരു യുവാവായ എനിക്കു കിട്ടിക്കഴിഞ്ഞിരുന്നു. ദൌൎഭാഗ്യകരമായ പ്രേമാനുഭവങ്ങളായിരിക്കാം എന്റെ തീരുമാനങ്ങളുടെ പിന്നിലുള്ളതെന്ന അഭിപ്രായക്കാരുമുണ്ടായിരുന്നു.

മൂക്കാതെ പഴുത്ത, തലയ്ക്കു വെളിവില്ലാത്ത ഒരു ചെറുപ്പക്കാരനാണു് ഞാനെന്നു കരുതിയവരോടു് എനിക്കു നന്ദിയാണുള്ളതു്. അവർ എന്റെ ഹൃദയത്തിലേയ്ക്കു മുഷ്ടികൾ ഇടിച്ചുതാഴ്ത്തുവാൻ ശ്രമിച്ചിരുന്നില്ല. അവർ സ്നേഹത്തോടെ, എന്നാൽ പുച്ഛഭാവത്തിൽ, എന്നോടു പെരുമാറി.

എന്റെ പരിപാടിക്കെതിരായുള്ള എന്തിനേയും എന്റെ മുന്നിൽ ഹാജരാക്കുവാനുള്ള ബന്ധുമിത്രാദികളുടെ വെമ്പൽ ഒരു നിലയ്ക്കു തികച്ചും സ്വാഭാവികമാണു്. ആദൎശവാദികൾ തങ്ങളുടെ അഭിപ്രായത്തിൽ നല്ല സമചിത്തത പാലിക്കണമെന്ന അഭിപ്രായക്കാരനാണു് ഞാൻ. അതുകൊണ്ടു് എനിക്കു ബോധ്യമുണ്ടായിരുന്നു, നടക്കാത്ത വഴിയിലൂടെയുള്ള സാഹസയാത്ര അസാധാരണപരിതസ്ഥിതികളിൽമാത്രമേ ബുദ്ധിപൂൎവ്വമായി കാണപ്പെടുകയുള്ളുവെന്നു്, വിജയപ്രദമാകയുള്ളുവെന്നു്. എന്റെ കാൎയ്യത്തിൽ ഈ സാഹസം ന്യായീകരിക്കത്തക്കതാണെന്നു് എനിക്കുറപ്പുണ്ടു്. എന്തെന്നാൽ ഞാനിതിനെപ്പററി എല്ലാ കോണുകളിൽനിന്നും ദീൎഘകാലം പൎയ്യാലോചിച്ചിട്ടുണ്ടു്. അതിന്നും പുറമെ ആരോഗ്യം, കരുത്തുററ ഞരമ്പുകൾ, ഓജസ്സു്, പ്രായോഗികബുദ്ധി, ദാൎഢ്യം, വിവേകം, സ്വന്തമായ ആവശ്യങ്ങളുടെ കുറവു് —ചുരുക്കത്തിൽ ആശയഗതിക്കൊത്തു് അലഞ്ഞുപോകുവാൻ ആലോചിക്കുന്ന ഒരുവന്നു് അവശ്യം ആവശ്യമായ എല്ലാംതന്നെ

എനിക്കുണ്ടെന്നു നല്ലപോലെ എനിക്കറിയാം. ഒരു രക്ഷാകവചംകൂടി എനിക്കുണ്ടെന്നു ഞാൻ വിശ്വസിച്ചിരുന്നു. എന്റെ പരിപാടിയുടെ പരാജയത്തെ സഹിക്കുവാനുള്ള മനക്കരുത്ത് എനിക്കുണ്ട്. അതാണ് ആ രക്ഷാകവചം.

വ്യക്തിപരമായ പ്രവൎത്തനത്തിൽ വിശ്വസിക്കുന്ന ആളെന്ന നിലയ്ക്കു, പലരും അഭിപ്രായത്തിന്നും ഉപദേശത്തിന്നുമായി, എന്നെ പലതവണ സമീപിച്ചിട്ടുണ്ട്. അവരും എന്നെപ്പോലെ സാഹസത്തിന്നു പുറപ്പെടുവാൻ ആഗ്രഹമുള്ളവരായിരുന്നു. എന്നാൽ ഇക്കാൎയ്യത്തിൽ പ്രോത്സാഹനം നല്കി ഉത്തരവാദിത്വമേറെറടുക്കുവാൻ ഞാൻ വളരെ കുറച്ചുപേരുടെ കാൎയ്യത്തിൽമാത്രമേ സന്നദ്ധനായുള്ളു. എന്തെന്നാൽ "സവിശേഷമായി എന്തെങ്കിലും ചെയ്യുവാനുള്ള" ഈ വെമ്പൽ പലപ്പോഴും അസ്വസ്ഥമായ മനസ്സിൽനിന്നു് ഉറഞ്ഞുവരുന്നതാണ്. ഇക്കൂട്ടർ വലിയ കാൎയ്യങ്ങൾക്കായി സ്വയം ഉഴിഞ്ഞുവെയ്ക്കുവാൻ ആഗ്രഹിക്കുന്നതു്, തൊട്ടടുത്തു കിടക്കുന്ന കാൎയ്യങ്ങളിൽ അസംതൃപ്തരായിട്ടുമാത്രമാണ്. അതിന്നും പുറമെ അപ്രധാനമായ പരിഗണനകളിൽനിന്നു് ഉയിരെടുത്തവയായിരുന്നു ഈ തീരുമാനങ്ങളെന്നും വ്യക്തമാണ്. എല്ലാതരം പ്രവൎത്തനങ്ങളിലും ഒരു മൂല്യം കാണുക; പൂൎണ്ണമായ ഉത്തരവാദിത്വബോധത്തോടെ അവയോരോന്നിനേയും സമീപിക്കുവാൻ സന്നദ്ധനാവുക—ഇങ്ങനെയുള്ള ഒരാൾക്കേ അസാധാരണമായ ഒരു പ്രവൎത്തനം ജീവിതലക്ഷ്യമായി സ്വീകരിപ്പാൻ ആന്തരികമായ അൎഹതയുള്ളു. മററുള്ളവരെല്ലാം തങ്ങളുടെ മുന്നിലുള്ള പ്രവൎത്തനങ്ങൾകൊണ്ടു തൃപ്തിപ്പെടുകയാണ് ഉത്തമം. തന്റെ തീരുമാനത്തിൽ അസാധാരണമായി വല്ലതുമുണ്ടെന്നു് അഭിമാനിക്കാതെ അതു സ്വാഭാവികംമാത്രമാണെന്നു കരുതുക; വീരഭാവം ഇല്ലാതിരിക്കുക; സമചിത്തതയോടെ, സ്വയം സ്വീകരിച്ച ഉത്തരവാദിത്വമാണിതെന്ന ബോധമുണ്ടാവുക—ഇത്തരത്തിലുള്ള ഒരുവന്നുമാത്രമേ ലോകത്തിന്നു് ആവശ്യമുള്ള ഒരാത്മീയസാഹസികനാ-

വാൻ സാധിക്കയുള്ളൂ. കർമ്മത്തിൽ ധീരതയില്ല. ത്യാഗത്തിലും കഷ്ടപ്പാടിലുമാണ് ധീരത കുടികൊള്ളുന്നത്. ഇതിന്നു് ഉദാഹരണങ്ങൾ പലതുമുണ്ട്. പക്ഷേ അറിയപ്പെട്ടതു നന്നെ കുറച്ചുമാത്രം. അതും വളരെ കുറച്ചാളുകൾക്കേ അറികയുമുള്ളൂ.

കാർലൈലിന്റെ 'വീരതും വീരാരാധനയും' എന്ന പുസ്തകം അത്ര ഗഹനമൊന്നുമല്ല.

സ്വതന്ത്രവും വ്യക്തിപരവുമായ പ്രവൎത്തനങ്ങൾക്കു ജീവിതം ഉഴിഞ്ഞുവെയ്ക്കുവാൻ കഴിവുള്ളവരായ ആളുകളിൽ ഭൂരിപക്ഷത്തിന്നും ആ പന്ഥാവു പരിതസ്ഥിതിയുടെ നിർബ്ബന്ധംമൂലം ഉപേക്ഷിക്കേണ്ടതായിട്ടാണ് വരാറ്. അതിന്നു കാരണമെന്തെന്നല്ലേ? ഒന്നോ അതിലധികമോ ആശ്രിതന്മാരെ സംരക്ഷിക്കേണ്ട ചുമതല ഒരുവന്നുണ്ടായിരിക്കും. അല്ലെങ്കിൽ സ്വന്തം ജീവിതവൃത്തിക്കു തന്നെ സമ്പാദിച്ചിട്ട വേണമെന്നുവരും. അത്തരക്കാർ ഉള്ള ജോലി വിട്ടാൽ എങ്ങനെ കഴിയും? സ്വന്തം കഴിവുകൊണ്ടോ, അല്ലെങ്കിൽ സ്നേഹിതന്മാരുടെ കൂറുകൊണ്ടോ, ലോകകാൎയ്യങ്ങളിൽ തികച്ചും സ്വതന്ത്രനായിക്കഴിഞ്ഞ ഒരു മനുഷ്യന്നേ ഇക്കാലത്തു സ്വതന്ത്രമായ പ്രവൎത്തനമാൎഗ്ഗം സ്വീകരിപ്പാൻ സാധിക്കയുള്ളൂ. മുൻകാലങ്ങളിലെ സ്ഥിതി ഇങ്ങനെയായിരുന്നില്ല. ഉള്ള സമ്പാദ്യം ഉപേക്ഷിച്ചാൽപ്പോലും അക്കാലത്തു ജീവിതനിൎവ്വഹണത്തിന്നു വിഷമമുണ്ടായിരുന്നില്ല. എന്നാൽ ഇന്നാകട്ടെ, അങ്ങനെയല്ല നില. വിഷമംപിടിച്ച സാമ്പത്തികസ്ഥിതിഗതികളെ മാനിക്കാതെ സാഹസത്തിന്നൊരുമ്പെട്ടാൽ ഒടുവിൽ ദുഃഖിക്കേണ്ടിവന്നേയ്ക്കാം—ഭൌതികമായും, ഒരുപക്ഷേ, ആത്മീയമായിത്തന്നേയും.

ചുരുക്കത്തിൽ മേൽ പ്രസ്താവിച്ച സംഗതികളുടേയും പരിചയത്തിന്റേയും വെളിച്ചത്തിൽ ഞാൻ മനസ്സിലാക്കിയതിതാണ്: വിലക്കപ്പെട്ടവരും പ്രാപ്തരുമായ ആളുകൾക്കു സ്വതന്ത്രപ്രവൎത്തനത്തിന്റെ മാൎഗ്ഗം ഉപേക്ഷിക്കേണ്ടിവരുന്നുണ്ട്, ലോകത്തി

ന്ന് അതു വലിയ നഷ്ടമായിപ്പോകുന്നുണ്ടെങ്കിൽപ്പോലും. പരിത സ്ഥിതിയുടെ നിർബ്ബന്ധമാണ് ഇതിന്നു കാരണം.

സ്വതന്ത്രവും വ്യക്തിപരവുമായ പ്രവൎത്തനമാൎഗ്ഗം സ്വീകരി പ്പാൻ കഴിവുള്ള ഭാഗ്യശാലികൾ ഈ ഭാഗ്യത്തെ വിനയത്തോടു കൂടി സ്വീകരിക്കണം. സന്നദ്ധതയും കഴിവുമുണ്ടായിട്ടും അതി ന്നിറങ്ങിപ്പുറപ്പെടുവാൻ പരിതസ്ഥിതി സമ്മതിക്കാത്ത ആളുക ളെ അവർ ഓൎക്കണം. സ്വന്തം ദൃഢനിശ്ചയത്തെ വിനയംകൊ ണ്ടു മയപ്പെടുത്തിയേ തീരു. ഇച്ഛയ്ക്കൊത്ത പ്രവൎത്തനത്തിലേയ്ക്കു ള്ള രാജവീഥി തുറന്നുകിട്ടുവാൻ പലപ്പോഴും വളരെക്കാലത്തെ അ ന്വേഷണവും കാത്തുനില്പും വേണ്ടിവന്നേയ്ക്കും. അന്വേഷണവും കാത്തുനില്പും കുറഞ്ഞ്, പ്രവൎത്തനകാലം സുദീൎഘമായിക്കിട്ടിയ ആളുകളുണ്ടല്ലോ, അവർതന്നെയാണ് ഭാഗ്യവാന്മാർ! യഥാൎത്ഥമാ യും പൂൎണ്ണമായും സ്വയം ഉഴിഞ്ഞുവെയ്ക്കുവാൻ കഴിവുള്ള ആളുക ളുണ്ടല്ലോ, അവർതന്നെയാണ് ഭാഗ്യവാന്മാർ!

തങ്ങൾക്കു നേരിടേണ്ടിവരുന്ന എതിൎപ്പിന്റെ നേരെ ചീ റിപ്പായരുത്. അവിടെ വിനയം വളരെ ആവശ്യമാണ്. നന്മ ചെയ്യുവാൻ ഇറങ്ങുന്ന ആളുകൾ പ്രതീക്ഷിക്കരുത്, തങ്ങളുടെ മാൎഗ്ഗത്തെ തടസ്സപ്പെടുത്തുന്ന പാറക്കഷണങ്ങളെ മററുള്ളവർ നീ ക്കിയിട്ടുതരുമെന്ന്. അത്രയുമല്ല, അവർ കുറേക്കൂടി പാറക്കഷണ ങ്ങൾ നിങ്ങളുടെ മുന്നിലേയ്ക്കുരുട്ടിയിട്ടാൽ അതു് അക്ഷോഭ്യതയോ ടെ നേരിടാനുള്ള കഴിവ് ഉണ്ടായേ തീരു. ഇത്തരം തടസ്സങ്ങളെ നേരിടുന്നതിൽനിന്നു സംജാതമാവുന്ന പരിചയമാണ് യഥാൎത്ഥ ശക്തി. അതിന്നേ അവയെ കീഴടക്കുവാൻ കഴികയുള്ളു. എതി ൎപ്പു നിഷ്ഫലമായ ശക്തിവ്യയമാണ്.

ആദൎശം സാധിക്കുവാനുള്ള മനുഷ്യരാശിയുടെ വാഞ്ഛ യിൽ ചെറിയൊരംശംമാത്രമേ പ്രവൎത്തനത്തിൽ പ്രകടമായിക്കാ ണാറുള്ളു. അതിന്റെ ശിഷ്ടഭാഗങ്ങളെല്ലാം ശ്രദ്ധയ്ക്കു വിധേയമാ വാത്ത പ്രവൎത്തനങ്ങളിലാണ് ചെലവാക്കപ്പെടുന്നതു്. എന്നാൽ

ലോകത്തിൻെറ ശ്രദ്ധയെ ആകൎഷിക്കുന്ന പ്രവൎത്തനങ്ങളേക്കാൾ ആയിരമായിരം മടങ്ങു വിലപ്പെട്ടതാണു് അവ. സമുദ്രത്തിൻെറ അഗാധതയ്ക്കും, അതിൻെറ മേല്പരപ്പിനെ ശക്തിയോടെ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന അലമാലകൾക്കും തമ്മിലുള്ള ബന്ധമാണു് ഈ രണ്ടു പ്രവൎത്തനവിശേഷങ്ങൾക്കുള്ളതു്. വ്യക്തിപരമായ സേവനത്തിന്നായി ജീവിതമാകെ ഉഴിഞ്ഞുവെയ്ക്കുവാൻ സാധിക്കാതെ, അപ്രധാനമായ പ്രവൎത്തനങ്ങളിലൂടെയെങ്കിലും മുന്നോട്ടു നീങ്ങുന്ന മനുഷ്യരിലാണു്, യഥാൎത്ഥത്തിൽ, നന്മയുടെ ആന്തരികശക്തികൾ നിക്ഷിപ്തമായിക്കിടക്കുന്നതു്. സ്വന്തം ജീവിതനിൎവ്വഹണത്തിന്നും തങ്ങൾക്കു സമുദായത്തോടുള്ള കടപ്പാടു നിറവേറുന്നതിന്നുംവേണ്ടി ഒരു ജോലിക്കാരനായിക്കഴിയാനാണു് മിക്കവരുടേയും വിധി. ആത്മവത്തയില്ലാത്ത ആ ജോലി അവരുടെ മാനുഷികഗുണങ്ങളെ പുറത്തു കാട്ടുവാൻ തീരെ പററുന്ന തരത്തിലുള്ളതല്ല. അതിൽ അവർ മനുഷ്യയന്ത്രങ്ങളായി മാറുകയാണു് ചെയ്യുന്നതു്. എന്നിരുന്നാലും മനുഷ്യസേവനത്തിന്നു് ഒരവസരംപോലും ലഭിക്കാത്ത ആളുകൾ ഇല്ലതന്നെ. ഇന്നത്തെ തൊഴിൽമാൎഗ്ഗങ്ങൾ സംഘടിതവും യന്ത്രീകൃതവുമായിത്തീൎന്നിട്ടുണ്ടല്ലോ. അതിൽനിന്നു സംജാതമാവുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം, അവയെ ഉണ്ടാക്കുവാൻ സഹായിച്ച സാഹചൎയ്യങ്ങൾ നീക്കംചെയ്യുകമാത്രമല്ല. മനുഷ്യൻെറ വ്യക്തിപരമായ അവകാശങ്ങളെ സംരക്ഷിക്കുവാൻ അങ്ങേയററം പ്രവൎത്തിക്കുന്നതിലാണു് ശരിയായ പരിഹാരം കുടികൊള്ളുന്നതു്. കഷ്ടതയനുഭവിക്കുന്നവർ തങ്ങളുടെ വിധിക്കുമുമ്പിൽ തലതാഴ്ത്തുകയല്ല വേണ്ടതു്. മറിച്ചു് ആത്മീയപ്രവൎത്തനങ്ങളിലൂടെ ഏതു പ്രതികൂലപരിതസ്ഥിതിയിലും സ്വന്തം വ്യക്തിത്വത്തെ സൎവ്വശക്തിയുമുപയോഗിച്ചു സംരക്ഷിക്കുകയാണു് ആവശ്യം. ഉദ്യോഗജീവിതത്തിൽനിന്നു മാനുഷികജീവിതത്തെ വിമോചിപ്പിക്കുവാൻ ആൎക്കും കഴിയും. വ്യക്തിപരമായ പ്രവൃത്തികൊണ്ടു വീണ്ടും മനുഷ്യ

നാവാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കണമെന്നേയുള്ളൂ. ലോകശ്രദ്ധയെ എത്രതന്നെ ആകർഷിക്കാത്ത പ്രവൃത്തിയായാലും ആവശ്യമുള്ള ആളുകൾക്കു സഹായം ചെയ്തുകൊടുക്കുക—അതാണു് വേണ്ടതു്. അത്തരത്തിലുള്ള ഒരാൾ ആത്മീയതത്വത്തിൻേറയും നന്മയുടേയും സേവനമാണു് അനുഷ്ഠിക്കുന്നതു്. തൻെറ പ്രവൃത്തികൾക്കിടയിൽത്തന്നെ നേരിട്ടുള്ള ഇത്തരം മനുഷ്യസേവനം നല്കുവാൻ മുതിരുന്ന ഒരാളെ തടഞ്ഞുനിർത്തുവാൻ ഒരു വിധിക്കും സാദ്ധ്യമല്ല. സേവനത്തിന്നു സാധിക്കുന്നില്ലെങ്കിൽ, അതിന്നുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല എന്നാണർത്ഥം.

ജീവിതത്തിൽ ഏതു നിലയിൽ വർത്തിക്കുന്നവനായാലും കൊള്ളാം, മററുള്ളവക്കുവേണ്ടി അങ്ങേയററത്തെ മനുഷ്യതത്വത്തോടുകൂടി പ്രവർത്തിക്കുവാൻ സന്നദ്ധതയുണ്ടാവുകയാണു് ആവശ്യം. മനുഷ്യവർഗ്ഗത്തിൻേറതന്നെ ഭാവി അതിനെ ആശ്രയിച്ചിരിക്കും. അവസരങ്ങൾ നഷ്ടപ്പെടുന്നതിൻെറ ഫലമായി എത്ര ബൃഹത്തായ മൂല്യങ്ങളാണു് അനുനിമിഷം നിശ്ശൂന്യങ്ങളാകുന്നതു്. മറിച്ചു്, മനശ്ശക്തിയും പ്രവൃത്തിയുമായി രൂപാന്തരപ്പെടുന്ന മൂല്യങ്ങളുണ്ടല്ലോ, അവ വിലമതിക്കാനാവാത്ത സമ്പത്തായി മാറുകയും ചെയ്യുന്നു. ആളുകൾ വിശ്വസിച്ചുപറയുന്നതുപോലെ, ഈ ലോകം അത്രയ്ക്കു ഭൌതികമൊന്നുമല്ല. ആളുകളെപ്പററി എനിക്കു പഠിപ്പാൻ കഴിഞ്ഞേടത്തോളംകൊണ്ടു് എനിക്കു ബോധ്യംവന്നിട്ടുണ്ടു്, പുറത്തു കാണുന്നതിലെത്രയോ അധികം ആദർശപരതയും ആത്മശക്തിയും അവരിൽ കുടികൊള്ളുന്നുണ്ടെന്നു്. ഭൂഗർഭത്തിലെ അന്തർവ്വാഹിനികളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ നമ്മുടെ തോടുകളിലും പുഴകളിലുമുള്ള വെള്ളം എത്ര നിസ്സാരമാണു്! അതേപോലെത്തന്നെയാണു് മനുഷ്യർ പുറത്തേയ്ക്കെടുക്കാതെ ഹൃദയാന്തരാളത്തിൽ പൂട്ടിവെച്ചിട്ടുള്ള ആദർശപരതയുടെ കാര്യവും. വെളിയിൽ കാണുന്നതിനേക്കാൾ എത്രയോ ബൃഹത്തരമാണു് ഉള്ളിൽ കിടപ്പുള്ളതു്. അതിനെ പുറത്തേയ്ക്കു കൊണ്ടുവരികയെന്ന

ത്തു്, അന്തർവ്വാഹിനിയിലെ വെള്ളത്തെ പുറത്തു കൊണ്ടുവരുന്ന പോലെത്തന്നെയാണു്. അതിന്നു കഴിവുള്ളവരെ ആശയോടെ കാത്തിരിക്കയാണു് ഇന്നു മനുഷ്യരാശി.

എൻെറ പരിപാടിയിൽ സ്നേഹിതന്മാൎക്കു് ഏററവും അസംബന്ധമായിത്തോന്നിയതിതാണു്: ഒരു പുരോഹിതനെന്ന നിലയ്ക്കല്ല, ഡോക്ടരെന്ന നിലയ്ക്കാണു് ഞാൻ ആഫ്രിക്കയിലേയ്ക്കു പോവാൻ ഉദ്ദേശിക്കുന്നതു്! ഇപ്പോൾത്തന്നെ എനിക്കു മുപ്പതു വയസ്സു കഴിഞ്ഞിരിക്കുന്നു. ഇനി ഡോക്ടരാവാനുള്ള ക്ലേശകരവും സുദീർഘവുമായ പഠിപ്പു പുതുതായി തുടങ്ങേണ്ടതായിട്ടാണല്ലോ ഇരിപ്പു്. ഈ പഠിപ്പിന്നു ഭയങ്കരമായ അധ്വാനം വേണ്ടിവരുമെന്ന കാൎയ്യത്തിൽ എനിക്കു സംശയമില്ല. അടുത്ത കൊല്ലങ്ങളിലേയ്ക്കു യഥാൎത്ഥത്തിൽ ഞാൻ ഭീതിയോടെയാണു് ഉററുനോക്കിക്കൊണ്ടിരുന്നതു്. എന്നാൽ ഞാൻ തിരഞ്ഞെടുത്ത സേവനമാൎഗ്ഗം സ്വീകരിപ്പാൻ എന്നെ പ്രേരിപ്പിച്ച കാരണങ്ങൾ അത്രയും കനപ്പെട്ടവയായിരുന്നു. അതിനോടു തട്ടിച്ചുനോക്കുമ്പോൾ മററു കാൎയ്യങ്ങളെല്ലാം വെറും മൺതരികൾമാത്രം.

സംസാരിക്കാതെ പ്രവൃത്തിയെടുപ്പാൻ സാധിക്കുമെന്നതാണു് ഡോക്ടരാകാൻ എന്നെ പ്രേരിപ്പിച്ച കാരണങ്ങളിലൊന്നു്. വളരെ കൊല്ലക്കാലമായി എൻെറ പ്രവൎത്തനം മുഴുവൻ വാക്കിലൂടെയായിരുന്നു. മതാധ്യാപകൻെറയും മതപ്രാസംഗികൻെറയും ജോലി ഞാൻ നിൎവ്വഹിച്ചിരുന്നതു സന്തോഷത്തോടുകൂടിത്തന്നെയായിരുന്നു. എന്നാൽ ഞാൻ ഇപ്പോൾ ചെയ്യുവാൻ പോകുന്നതു സ്നേഹത്തിൻെറ പ്രാധാന്യത്തെപ്പററി സംസാരിക്കയല്ല, അതു പ്രവൃത്തിയിൽ കാണിക്കയാണു്. എൻെറ ഉദ്ദേശ്യം പരിപൂൎണ്ണമായും നിറവേറുവാൻ വേണ്ടത്ര പുരോഗമിച്ചുകഴിഞ്ഞിട്ടുണ്ടു് ഇന്നത്തെ വൈദ്യവിജ്ഞാനീയം. ആഫ്രിക്കയിലെ മധ്യരേഖാപ്രദേശത്തു സേവനമനുഷ്ഠിക്കുവാനുള്ള പരിപാടിയിൽ വൈദ്യവിജ്ഞാനം സമ്പാദിക്കുകയെന്നതു് അനുപേക്ഷണീയമായിരുന്നു. എ-

റെന്നാൽ പാതിരിമാരുടെ റിപ്പോട്ടനുസരിച്ച്, ഞാൻ പോവാനുദ്ദേശിച്ച സ്ഥലത്ത് ഒരു ഡോക്ടരുടെ സേവനമായിരുന്നു അത്യന്താപേക്ഷിതം. പാതിരിസംഘത്തിൻെറ മാസികയിൽ എപ്പോഴും കാണാറുള്ള ആവലാതിയാണ്, അപരിഷ്കൃതരായ നാട്ടുകാരുടെ ശാരീരികയാതനകൾ ലഘൂകരിക്കുവാൻ എത്രതന്നെ ആശിച്ചിട്ടും സാധിക്കുന്നില്ലെന്ന്. ഈ സാധുക്കൾക്കുവേണ്ടിയുള്ള ഒരു ഡോക്ടരായിത്തീരുക—ഇതിനെ കവച്ചുവെയ്ക്കാൻ മറെറാന്നില്ല. ഒരു വൈദ്യവിദ്യാത്ഥിയാവാൻ ഞാൻ തീച്ചപ്പെടുത്തി. ഇതിനുവേണ്ടി ഞാൻ ചെലവഴിക്കേണ്ട കാലം വളരെ കൂടുതലാണെന്നു തോന്നുമ്പോഴെല്ലാം ഞാൻ ഹാമിൽക്കാറിനേയും ഹാനിബാളിനേയും ഓമ്മിക്കും. മട്ടത്തു പിൻമാറാതെ സാവധാനം സ്പെയിൻരാജ്യം കീഴടക്കിയശേഷമല്ലേ, അവർ റോമിൻെറ നേരെയുള്ള ആക്രമണത്തിന്നൊരുമ്പെട്ടതു്?

# അദ്ധ്യായം അഞ്ച്

## വൈദ്യപഠനം

### 1905_1912

വൈദ്യപഠനവകുപ്പിന്റെ തലവനായ പ്രൊഫസ്സർ ഫെലി ങ്ങിന്റെ അടുത്തു ചെന്ന് ഒരു വിദ്യാർത്ഥിയാവാൻ ഞാൻ പേർ കൊടുത്തപ്പോൾ, മനോരോഗവിഭാഗത്തിലേയ്ക്ക് എന്നെ ഏല്പി ച്ചുകൊടുപ്പാനാണ് അദ്ദേഹത്തിന്നു തോന്നിയതു്!

1905 ഒക്ടോബർമാസാവസാനത്തിൽ വല്ലാത്ത മൂടൽ മഞ്ഞു ള്ള ഒരു ദിവസം ഞാൻ ശരീരശാസ്ത്രത്തിലെ പ്രസംഗങ്ങളിൽ ആദ്യമായി സന്നിഹിതനായി.

എന്നാൽ പരിഹരിക്കപ്പെടേണ്ടതായി ഒരു നിയമപ്രശ്നമു ണ്ടായിരുന്നു. ഞാൻ സർവ്വകലാശാലയിലെ ഒരദ്ധ്യാപകനാണല്ലോ. അതേസമയത്തുതന്നെ ഞാൻ ഒരു വിദ്യാർത്ഥിയായി പഠിക്കുകയു മാണ്. ഇതു് അനുവദനീയമല്ല. തികഞ്ഞൊരു വിദ്യാർത്ഥിയാകാ തെ 'ഒരതിഥി'യെന്ന നിലയ്ക്കു പഠിപ്പു തുടൎന്നുകൊണ്ടും പ്രശ്നം അവസാനിക്കുന്നില്ല. എന്തെന്നാൽ അപ്പോഴെനിക്കു പരീക്ഷ യ്ക്കിരിപ്പാനുള്ള അർഹത കിട്ടുകയില്ലല്ലോ. സർവ്വകലാശാലയുടെ ഭ രണാധികാരികൾ സുഹൃൽഭാവത്തിൽ എനിക്കീ വിഷമം തീർത്തു ന്നു. ക്ലാസ്സുകളിലെല്ലാം സന്നിഹിതനായിട്ടുണ്ടെന്നു പ്രൊഫസ്സർ മാരിൽനിന്നുള്ള ഒരു സർട്ടിഫിക്കററിന്റെ ബലത്തിൽ പരീക്ഷ യ്ക്കിരിപ്പാൻ അവരെന്നെ അനുവദിച്ചു. പ്രൊഫസ്സർമാരും എന്നെ സഹായിച്ചു. ഒരു സഹപ്രവർത്തകനെന്ന നിലയ്ക്ക് എന്നെ ഫീ സിൽനിന്നൊഴിവാക്കി.

ക്ഷീണമെന്നാൽ എന്തെന്നു ഞാനിപ്പോഴാണ് അറിഞ്ഞുതുടങ്ങിയതു്. അതിനോടുള്ള ഇടവിടാത്ത ഒരു സമരംതന്നെയായിരുന്നു അടുത്ത കൊല്ലങ്ങളത്രയും. മതാദ്ധ്യാപകൻേറയും മതപ്രാസംഗികൻേറയും ജോലികൾ രാജിവെയ്ക്കുവാൻ എനിക്കു മനസ്സുമില്ല. തൽഫലമായി വൈദ്യശാസ്ത്രപഠനം നടത്തുമ്പോൾത്തന്നെ ഞാൻ മതശാസ്ത്രാദ്ധ്യാപനവും നടത്തിപ്പോന്നിരുന്നു. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പ്രാത്ഥനാപ്രസംഗങ്ങളും വേണം. മതശാസ്ത്രാദ്ധ്യാപനം വൈദ്യപഠനത്തിൻെറ ആദ്യകാലത്തു വല്ലാതെ ക്ലേശകരമായി അനുഭവപ്പെട്ടു. എന്തെന്നാൽ അക്കാലത്തു പോൾ ശ്ലീഹയുടെ ഉപദേശങ്ങളിൽനിന്നു സംജാതമാവുന്ന മതപ്രശ്നങ്ങളെപ്പററി ക്ലാസ്സിൽ ചച്ചചെയ്തുതുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു.

കിന്നരംവായനയും എൻെറ സമയത്തെ അധികമധികം അവകാശപ്പെട്ടുതുടങ്ങി. എന്തെന്നാൽ പാരീസ്സിലെ 'ബാക്ക് സൊസൈററി'യുടെ നിവ്വാഹകനായ ഗുസ്റ്റാഫ് ബ്രെററ് എന്നെ നിർബ്ബന്ധിച്ചിരുന്നു, സൊസൈററിയുടെ കച്ചേരികളിലെല്ലാം കിന്നരംവായന ഞാനേറെറടുക്കണമെന്നു്. അദ്ദേഹവും ഡൂക്കാസ്സും ഫോറേയും വീഡോറും ഗിൽമോങ്ങും ദേങ്ഡിയും ഞാനും ചേന്നു് 1905-ൽ സ്ഥാപിച്ചതാണ് 'ബാക്ക് സൊസൈററി'. കുറച്ചുകൊല്ലക്കാലം എല്ലാ ശൈത്യകാലത്തും കച്ചേരികൾക്കായി പലതവണ പാരീസ്സിൽ പോകേണ്ടിവന്നിരുന്നു എനിക്കു്. അവസാനപരിശീലനത്തിൽമാത്രമേ ഞാൻ പങ്കെടുത്തിരുന്നുള്ളു. കച്ചേരി കഴിഞ്ഞു്, രാത്രിയിൽത്തന്നെ സ്ട്രാസ്ബുഗ്ഗിലേയ്ക്കു മടങ്ങുകയും ചെയ്യാം. എങ്കിൽക്കൂടി, ഓരോ കച്ചേരിയും ചുരുങ്ങിയതു മൂന്നു ദിവസംവീതം അപഹരിച്ചെടുക്കാതിരിക്കയില്ല. പാരീസ്സിൽനിന്നു സ്ട്രാസ്ബുഗ്ഗിലേയ്ക്കുള്ള തീവണ്ടിയാത്രയിൽവെച്ചു്, നിക്കോളാസ്പള്ളിയിലേയ്ക്കുള്ള എത്രയെത്ര പ്രാത്ഥനാപ്രസംഗങ്ങളാണ് ഞാൻ രൂപപ്പെടുത്തിയിട്ടുള്ളതു്! ബാർസിലോണയിലെ 'ഓർഫിയോ കററാല'യുടെ ബാക്ക്സംഗീതക്കച്ചേരികൾക്കു

കിന്നരംവായന എൻെറ ചുമതലയായിരുന്നു. മൊത്തത്തിൽ പറഞ്ഞാൽ, ഞാനിപ്പോൾ മുമ്പത്തേക്കാളധികം കച്ചേരികളിൽ പങ്കെടുത്തുതുടങ്ങിയിരിക്കുന്നു. കാരണം രണ്ടുണ്ട്: ഒന്നാമത്തു്, അടുത്ത കാലത്തായി കിന്നരംവായനക്കാരനെന്ന നിലയ്ക്കു ഞാൻ പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. രണ്ടാമത്തു്, മതശാസ്ത്രകോളേജിലെ പ്രിൻസിപ്പാളെന്ന നിലയ്ക്കുള്ള വരുമാനം നഷ്ടപ്പെട്ടതിൻെറ ഫലമായി, പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ഞാൻ നിർബ്ബദ്ധനായി.

ഇടയ്ക്കിടെയുള്ള എൻെറ പാരീസ്സ്സന്ദർശനം സ്വാഗതാർഹമായ അവസരങ്ങൾ എനിക്കുണ്ടാക്കിത്തന്നു. നഗരത്തിൽ എനിക്കുണ്ടായിരുന്ന സ്നേഹിതന്മാരുമായി പരിചയം പുതുക്കുവാൻ എനിക്കു സാധിച്ചു. എനിക്കു് ഏററവും പരിചിതയായ വ്യക്തി, സമർത്ഥയും സംഗീതവിദുഷിയുമായ ഫാനി റൈനാക് ആയിരുന്നു —സുപ്രസിദ്ധപണ്ഡിതനായ തെയോഡോർ റൈനാക്കിൻെറ പത്നി. യൂഷെനിചക്രവത്തിനിയുടെ സ്നേഹിതയായ മെലാനീദ് പൂത്താലേ പ്രഭ്വിയും എൻെറ ഉററ സ്നേഹിതയായിരുന്നു. വിൻറർഹാൾട്ടരുടെ സുപ്രസിദ്ധമായ ചിത്രത്തിൽ, ചക്രവത്തിനിയുടെ സമീപത്തു നില്ക്കുന്നതു് അവരാണ്. സ്ട്രാസ്ബുർഗ്ഗിന്നടുത്തു നാട്ടിൻപുറത്തു പ്രഭ്വിക്കുള്ള വീട്ടിൽവെച്ചു്, അവരുടെ സ്നേഹിതയായ മെറേർണിച്ച് സാൻഡർ രാജകുമാരിയെ ഞാൻ പലതവണ കണ്ടിട്ടുണ്ട്. നെപ്പോളിയൻ മൂന്നാമൻെറ കാലത്തെ, പാരീസ്സിലെ ആസ്ത്രിയൻ പ്രതിപുരുഷൻെറ പത്നിയായിരുന്നു രാജകുമാരി. പാരീസ്സിലെ ഗ്രാൻഡ് ഓപ്പറാഹൌസിൽ വാഗ്നറുടെ 'താൻഹോസർ' അവതരിപ്പിക്കപ്പെട്ടതു് അവർമൂലമാണ്. ഒരു നൃത്തവേളയിൽ അവർ നെപ്പോളിയൻ മൂന്നാമനോടു് അഭിപ്രായപ്പെട്ടുവത്രേ, ഈ സംഗീതനാടകംകൂടി സംവിധാനംചെയ്തുകണ്ടാൽ തരക്കേടില്ലെന്നു്! ഒരു പരുക്കൻമട്ടുകാരിയായിരുന്നു അവർ; എന്നാൽ അവർ ചതുരയായിരുന്നു, സഹാനുഭൂതിയുള്ളവളുമായിരു

അ. വാഗ്നറുടെ പാരീസ്സിലെ താമസത്തെപ്പററി രസകരങ്ങളായ പല കാര്യങ്ങളും അവരിൽനിന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അതുപോലെ, നെപ്പോളിയൻെറ പിന്നിലുള്ള ആളുകളെപ്പററിയും. എന്നാൽ വാസനാസമ്പന്നയായ ഈ വനിതയുടെ ആത്മീയഗുണങ്ങളെക്കുറിച്ചു് എനിക്കു മനസ്സിലായിത്തുടങ്ങിയതു്, അവർ പിന്നീടു് ആഫ്രിക്കയിലേയ്ക്കയച്ചുകൊണ്ടിരുന്ന കത്തുകളിൽനിന്നുമാത്രമാണു്.

അദ്ധ്യാപനജോലിയിൽ കഴിയുന്ന അഡേൽ ഹെറൻഷ്മിട്ടു് എന്ന ആൽസെസ്കാരിയുമായും പാരീസ്സിൽവെച്ചു ഞാൻ നല്ലപോലെ പരിചയപ്പെട്ടുകഴിഞ്ഞിരുന്നു.

'ഓർഫിയോ കററാല'യുടെ നിർവ്വാഹകനായ ലൂയി മില്ലെ പ്രഥമദൃഷ്ടത്തിൽത്തന്നെ എന്നെ ആകർഷിച്ചു. നല്ലൊരു കലാകാരനും ചിന്തകനുമായിരുന്നു അദ്ദേഹം. അദ്ദേഹംവഴി സുപ്രസിദ്ധശില്പിയായ ഗോഡിയുമായി ഞാൻ പരിചയപ്പെട്ടു. അക്കാലത്തദ്ദേഹം 'പുണ്യകുടുംബ'പ്പള്ളിയുടെ പണിയിൽ മുഴുകിയിരിക്കയായിരുന്നു. ഗോപുരങ്ങളെക്കൊണ്ടു് അലംകൃതമായ ഒരു കൂററൻ പൂമുഖംമാത്രമേ പണിതുകഴിഞ്ഞിട്ടുണ്ടായിരുന്നുള്ളു. മദ്ധ്യകാലത്തെ ശില്പികളെപ്പോലെ ഗോഡിയും തൻെറ പ്രവൃത്തി ആരംഭിച്ചതു്, വളരെ തലമുറകളെക്കൊണ്ടേ ഈ ജോലി അവസാനിപ്പിക്കുവാൻ കഴികയുള്ളുവെന്ന ബോധത്തോടുകൂടിയാണു്. പള്ളിക്കടുത്തുള്ള പണിപ്പുരയിൽവെച്ചുണ്ടായ ആ രംഗം ഞാൻ ഒരിക്കലും മറക്കയില്ല. തൻെറ നാട്ടുകാരനായ റേമൺഡ് ലള്ളിൻെറ ആവേശം അദ്ദേഹം ഉൾക്കൊണ്ടപോലെ കാണപ്പെട്ടു. അദ്ദേഹം എന്നോടു സംസാരിച്ചു. നേരെ തൻെറ പുത്തൻസിദ്ധാന്തത്തിലേയ്ക്കാണു് കടന്നുചെന്നതു്. ഒരു ശില്പത്തിലെ വിവിധഭാഗങ്ങൾതമ്മിലുള്ള പൊരുത്തത്തിൽ ദൈവികമായ ഐക്യത്തിൻെറ പ്രതീകങ്ങൾ കാണാമെന്നാണു് അദ്ദേഹത്തിൻെറ സിദ്ധാന്തം. അദ്ദേഹം പറഞ്ഞു: "ഇതു ഫ്രഞ്ചിലോ ഇംഗ്ലീഷിലോ ജമ്മനിലോ വിവരിച്ചുത

രുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഞാനെൻെറ ഭാഷയായ കററ ലോണിയനിൽത്തന്നെ പറയാം. ആ ഭാഷ നിങ്ങൾക്കറിയില്ലെ ങ്കിൽക്കൂടി, അതിൻെറ പൊരുൾ മനസ്സിലാവാതിരിക്കയില്ല.''

പൂമുഖത്തിൻെറ മുൻവശത്തു് 'ഈജിപ്തിലേക്കുള്ള ഓട്ടം' ക ല്ലിൽ കൊത്തിവെച്ചിരുന്നതു ഞാൻ നോക്കിനില്ക്കയായിരുന്നു. ഭാരവുമേന്തി ക്ഷീണിച്ച് ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്ന അതിലെ കഴുതയെ ഞാൻ സാശ്ചര്യം ഉററുനോക്കി. അപ്പോഴദ്ദേഹം എ ന്നോടിങ്ങനെ പറഞ്ഞു: ''നിങ്ങൾക്ക കലയെപ്പററി ചിലതറി യാമല്ലോ. ഇവിടെക്കാണുന്ന കഴുത ഭാവനാസൃഷ്ടമല്ലെന്നൊരു തോ ന്നൽ നിങ്ങൾക്കുണ്ടാവാം. ശരിയാണു്. ഇവിടെ കല്ലിൽക്കാണു ന്ന രൂപങ്ങളൊന്നുംതന്നെ സാങ്കല്പികങ്ങളല്ല. അവയെല്ലാം യാ ഥാർത്ഥ്യത്തിൽ അധിഷ്ഠിതങ്ങളാണു്, ഞാൻ കണ്ണുകൊണ്ടു കണ്ടിട്ടു ള്ളവയാണു്. ജോസഫ്, മേരി, ശിശുവായ യേശു, ക്ഷേത്രത്തി ലെ പുരോഹിതന്മാർ—എല്ലാം ഞാൻ പലപ്പോഴായി കണ്ടുമുട്ടി യിട്ടുള്ള ആളുകളിൽനിന്നു രൂപംകൊണ്ടതാണു്. അപ്പപ്പോൾ വാ ർത്തുവെച്ച മാതൃകാരൂപങ്ങളെ നോക്കി കൊത്തിയുണ്ടാക്കിയതല്ലാ തെ ഇവിടെ യാതൊന്നും കാണുകയില്ല. കഴുതയുടെ കാര്യത്തിൽ വളരെ വിഷമം നേരിട്ടു. 'ഈജിപ്തിലെ ഓട്ട'ത്തിന്നുവേണ്ടി ഞാ നൊരു കഴുതയെ നോക്കി നടക്കയാണെന്നു സംസാരമായപ്പോൾ, ബാർസിലോണയിലെ മേത്തരം കഴുതകളെല്ലാം എൻെറ മുമ്പിൽ കൊണ്ടുവരപ്പെട്ടു. പക്ഷേ എൻെറ ആവശ്യത്തിന്നു പററിയവ യായിരുന്നില്ല അവയൊന്നും. എന്തെന്നാൽ ശിശുവായ യേശു വിനേയുമേന്തി മേരി നല്ല കരുത്തുള്ള കഴുതയുടെ പുറത്തല്ല യാ ത്ര ചെയ്യേണ്ടതു്. ഒന്നിനും കൊള്ളാത്ത എല്ലും തോലും മാത്രമാ യവശേഷിച്ച ഒരു വയസ്സൻകഴുതയാണാവശ്യം. എന്നാൽ അ തിൻെറ മുഖത്തു് അനുകമ്പ സ്ഫുരിക്കയും വേണം. അതിന്നെല്ലാം മനസ്സിലാവുന്നുണ്ടെന്നൊരു തോന്നൽ ഉണ്ടായിരിക്കണം. അത്ത രം ഒരു കഴുതയെയാണു് ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നതു്. ക

ട്ടവിൽ ഒരു മണൽക്കച്ചവടക്കാരിയുടെ വണ്ടിയിൽ ഞാനതിനെ കണ്ടെത്തി. അതിൻെറ ക്ഷീണിച്ച തൂങ്ങിയ തല നിലം തൊട്ടുമെന്നു തോന്നും. വളരെ വിഷമിച്ച് അതിൻെറ ഉടമസ്ഥയെ ഞാൻ സമ്മതിപ്പിച്ചു, എൻെറ അടുത്തേയ്ക്ക് അതിനെ കൊണ്ടുവരുവാൻ. എന്നിട്ടു ഞാനതിനെ 'പ്ലാസ്റ്റർ ഓഫ് പാരീസിൽ' ഭാഗംഭാഗമായി വാർത്തു പകർത്തിയെടുത്തു. അപ്പോഴെല്ലാം ഉടമസ്ഥ നിലവിളിക്കതന്നെയായിരുന്നു. കഴുത ഇനി ജീവിക്കയില്ലെന്നായിരുന്നു അവളുടെ വിശ്വാസം. ഇവിടെ കാണുന്നതു് ആ കഴുതയാണ്. അതു നിങ്ങളുടെ ഉള്ളിൽത്തട്ടി, ഇല്ലേ? അതിനു കാരണം അതു സാങ്കല്പികമല്ലാത്തതുകൊണ്ടാണ്, യഥാർത്ഥജീവിതത്തിൽനിന്നെടുത്തതാകകൊണ്ടാണ്."

വൈദ്യവിദ്യാഭ്യാസത്തിൻെറ ആദ്യമാസങ്ങളിലാണ് കിന്നരനിർമ്മാണത്തെപ്പററിയുള്ള ഉപന്യാസവും 'യേശുവിനെക്കുറിച്ചുള്ള ചരിത്രപരമായ അന്വേഷണം' എന്ന ഗ്രന്ഥത്തിൻെറ അവസാനാദ്ധ്യായവും എഴുതിയതു്. 1906-ലെ വസന്തത്തിൽ ഞാൻ കോളേജിലെ പ്രിൻസിപ്പാൾജോലി രാജിവെച്ചു. വിദ്യാർത്ഥിജീവിതകാലംതൊട്ട് ഇന്നുവരെ എൻെറ വീടായി വർത്തിച്ച കോളേജ്കെട്ടിടത്തിൽനിന്നു് എനിക്കിപ്പോൾ ഇറങ്ങിപ്പോകേണ്ടിവരുമെന്നു ഞാൻ കരുതി. ആ മതിൽക്കെട്ടിനകത്തുള്ള തോട്ടത്തിലെ വൻമരങ്ങൾ! പ്രവൃത്തിയെടുത്തുകൊണ്ടിരിക്കേ ഞാനവയോടു യഥേഷ്ടം വർത്തമാനം പറയാറുണ്ട്. വളരെക്കാലത്തെ പരിചയമുള്ള അവയെ ഉപേക്ഷിക്കുക—അതു് എന്നെ വല്ലാതെ വേദനിപ്പിച്ചു. എന്നാൽ അവിടെത്തന്നെ, സെൻറ്തോമാസ്സ്സഭയുടെ വലിയ കെട്ടിടത്തിൽ, താമസിപ്പാൻ എനിക്കനുവാദം കിട്ടി. എൻെറ ആഹ്ലാദത്തിന്നു് അതിരില്ലാതായി. കോൾമാറിലെ ജില്ലാസൂപ്രേണ്ടും പിന്നീട് ആൾസെസ്സിലെ ലൂതറൻപള്ളിയുടെ അദ്ധ്യക്ഷനുമായിരുന്ന ഫ്രെഡറിക് കർട്ടിയസ്സിന്നു സഭയുടെ കെട്ടിടത്തിൽ വലിയൊരു ഭാഗം കൈവശമുണ്ടായിരുന്നു, ഔദ്യോഗിക

വസതിയെന്ന നിലയ്ക്കു്. അതിലെ നാലുമുറികൾ എനിക്കദ്ദേഹം ഒഴിഞ്ഞുതന്നു. അങ്ങനെ സെൻറ്തോമാസിൻെറ നിഴലിൽത്തന്നെ താമസം തുടരുവാൻ എനിക്കു കഴിഞ്ഞു! 1906-ലെ 'ഷ്റോവ്' ചൊവ്വാഴ്ച, വല്ലാത്ത മഴയുണ്ടായിട്ടും, വിദ്യാർത്ഥികൾ ഒത്തുചേർന്നു് എൻെറ സാമാനങ്ങളെല്ലാം പുതിയ സ്ഥലത്തേയ്ക്കു നീക്കംചെയ്തു.

കർട്ടിയസ്കുടുംബത്തിലെ ഒരംഗമെന്നപോലെ പെരുമാറുവാൻ എനിക്കവസരം ലഭിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനാണു്. ബർളിനിലെ സുപ്രസിദ്ധഗ്രീക്കുപണ്ഡിതൻെറ പുത്രനാണു് ഫ്രഡറിക് കർട്ടിയസ്സെന്നു് ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. എർളാക്കിലെ ലൂയിസാ പ്രഭ്വിയെയാണു് അദ്ദേഹം കല്യാണംകഴിച്ചതു്. അവരോ, ഫ്രെഡറിക്ക് ചക്രവർത്തിയുടെ സഹോദരിയായ ലൂയിസാ മഹാപ്രഭ്വിയുടെ ധാത്രീപുത്രിയുമായിരുന്നു. അതായതു്, ജനനത്തിലും വിദ്യയിലുമുള്ള ഔന്നത്യം ഈ കുടുംബത്തിൽ ഒത്തിണങ്ങിയിരുന്നു. വീട്ടിലെ ആത്മീയകേന്ദ്രം, വൃദ്ധയായ എർലാക്പ്രഭ്വിയായിരുന്നു. അനാരോഗ്യംമൂലം അവരിപ്പോൾ പുറത്തിറങ്ങാറില്ല. അവർക്കാണെങ്കിൽ, പാട്ടിന്നു വലിയ കമ്പമാണു്; പാട്ടുകച്ചേരികൾക്കു പോകാതിരിപ്പാൻ വയ്യതന്നെ. അതുകൊണ്ടു് എല്ലാ വൈകുന്നേരവും അരമണിക്കൂർനേരം ഞാനവർക്കുവേണ്ടി 'പിയാണോ' വായിക്കും. അങ്ങനെ ഞാനവരുമായി അധികമധികം പരിചയപ്പെട്ടുവന്നു. മാത്രമല്ല, അവരെന്നിൽ വലിയ സ്വാധീനം ചെലുത്തിത്തുടങ്ങി. എൻെറ വ്യക്തിത്വത്തിലെ മൂച്ചയേറിയ മൂലകൾ ഉരുണ്ടുമിനുത്തതു്, അവരുമായുള്ള സമ്പർക്കഫലമായാണു്.

1910 മേയ് 3-ാംനു- വിൻസിയേഴ്സ് എന്ന വൈമാനികൻ സ്റ്റ്രാസ്ബുര്ഗ്ഗിനുമീതെ പറന്നു. അവിടെ അതാദ്യമായാണുണ്ടാവുന്നതു്. തീരെ അപ്രതീക്ഷിതവുമായിരുന്നു അതു്. ഞാനപ്പോൾ പ്രഭ്വിയുടെ മുറിയിലായിരുന്നു. കൈ പിടിച്ചു ഞാനവ

രെ ജനലിന്നരികെ കൊണ്ടുചെന്നു. വളരെ അടുത്തുകൂടെ താഴ്ന്നു പറന്ന ആ വിമാനം വിദൂരതയിൽ അപ്രത്യക്ഷമായി. അപ്പോഴവർ ഫ്രഞ്ചുഭാഷയിൽ എന്നോടിങ്ങനെ പറഞ്ഞു: "ജീവിതം എത്ര കൌതുകകരം! മനുഷ്യൻ ആകാശം കീഴടക്കിക്കഴിഞ്ഞിരിക്കുന്നു!"

അവരുടെ അവിവാഹിതകളായ രണ്ടു പുത്രിമാർ, അഡയും ഗ്രീഡയും, അവിടെ താമസിച്ചിരുന്നു. അമ്മയിൽനിന്നു്, ചിത്രമെഴുത്തിന്നുള്ള വാസന അവൾക്കു കിട്ടിയിരുന്നു. ഞാൻ കോളേജിലെ ഡയറക്ടരായിരുന്ന കാലത്തു്, ഹെന്നറുടെ ശിഷ്യയായ അഡക്കു ഞാനെന്റെ ഔദ്യോഗികവസതിയിൽനിന്നു് ഒരു മുറി വിട്ടുകൊടുത്തിരുന്നു. ഒരു ചിത്രമെഴുത്തുശാലയായി ഉപയോഗിപ്പാൻ. അവരുടെ അമ്മയുടെ ആവശ്യമനുസരിച്ചു്, ഞാൻ ചിത്രം വരപ്പാനുള്ള മാതൃകയുമായി. അടുത്ത അവസരത്തിൽ ഒരു ശസ്ത്രക്രിയ കഴിഞ്ഞുവന്ന അഡയുടെ ആരോഗ്യം വീണ്ടെടുപ്പാൻ ചിത്രമെഴുത്തു സഹായിച്ചേയ്ക്കുമെന്നു കരുതപ്പെട്ടു. എന്റെ മുപ്പതാംവയസ്സിലാണു് ചിത്രം വരച്ചുതീൎന്നതു്. അന്നു് എന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കിക്കൊണ്ടിരുന്ന ആശയഗതികളെപ്പററി ആരും സംശയിക്കപോലും ചെയ്തില്ല.

വൃദ്ധയായ പ്രഭ്വിയുടെ ഒരമ്മാമൻ ഡച്ചുകാരുടെ 'കൊളോണിയൽസൎവ്വീസ്സിൽ' വളരെക്കാലം ജോലിചെയ്തിട്ടുണ്ടു്. അദ്ദേഹം ഒരിക്കലെങ്കിലും പനിപിടിച്ചു കിടക്കയുണ്ടായിട്ടില്ല. സന്ധ്യക്കുശേഷം തല മൂടാതെ പുറത്തിറങ്ങില്ലെന്ന നിഷ്ഠയായിരുന്നുവത്രേ അതിന്നു കാരണം. ഉഷ്ണരാജ്യങ്ങളിൽ പോയാൽ ഞാനും ഈ നിയമം പാലിക്കണമെന്നു പ്രഭ്വി എന്നെ നിർബ്ബന്ധിച്ചു. അതുകൊണ്ടു്, മദ്ധ്യരേഖാപ്രദേശത്തെ ചുട്ടുപഴുത്ത പകലിന്നുശേഷം സന്ധ്യാസമയത്തെ ഇളംതെന്നലേററു തല കുളിപ്പിക്കുവാനുള്ള അവസരം, ഞാനിതാ, അവൎക്കുവേണ്ടി ഉപേക്ഷിക്കുന്നു. ഞാനെന്റെ വാഗ്ദാനം കണിശമായി പാലിച്ചു. എനിക്കു മലമ്പനി

പിടിപെടുകയുമുണ്ടായിട്ടില്ല. എന്നാൽ സന്ധ്യക്കു തല മൂടി പുറത്തിറങ്ങലും മലമ്പനിയുമായി യാതൊരു ബന്ധവുമില്ലെന്നു തീർച്ചയാണു്.

1906-ൽ 'യേശുവിനെക്കുറിച്ചുള്ള ചരിത്രപരമായ അന്വേഷണം' എഴുതിത്തീരുകയും കോളേജിന്റെ തലയാളത്തം ഉപേക്ഷിക്കുകയും ചെയ്തശേഷംമാത്രമേ, പുതിയ പഠനത്തിന്നു് ആവശ്യമായ സമയം അവശേഷിച്ചുകിട്ടിയുള്ളു. അപ്പോഴെനിക്കു പഠിപ്പാനുണ്ടായിരുന്നതു പ്രകൃതിശാസ്ത്രങ്ങളായിരുന്നു. ജിംനേഷ്യത്തിലെ പഠിപ്പുകാലത്തു് എന്നെ ഏററവുമധികം ആകർഷിച്ച വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ എനിക്കു് ഒടുവിലിതാ, കഴിഞ്ഞിരിക്കുന്നു. എന്റെ തത്വചിന്ത യാഥാർത്ഥ്യത്തിന്റെ ഉറച്ച മണ്ണിൽ അടിയുറച്ചുനില്ക്കുന്നുവെന്നു ബോധപ്പെടുവാൻ ആവശ്യമായ അറിവു സമ്പാദിപ്പാൻ ഒടുവിലിതാ എനിക്കു് അവസരം ലഭിച്ചിരിക്കുന്നു.

ഞാൻ കാംക്ഷിച്ചിരുന്ന വിജ്ഞാനംമാത്രമല്ല പ്രകൃതിശാസ്ത്രപഠനത്തിൽനിന്നു് എനിക്കു കിട്ടിയുള്ളു. അതു് ഒരാത്മീയാനുഭൂതികൂടിയായിരുന്നു എനിക്കു്. ഞാനിതുവരെ കൈകാര്യം ചെയ്തിട്ടുള്ള ശാസ്ത്രേതരവിഷയങ്ങളിൽ ഒരു അപകടം കുടികൊള്ളുന്നുണ്ടു്. സ്വയം വ്യക്തമാവുന്ന സത്യം അതിലില്ല. അത്രയുമല്ല, വെറുമൊരു അഭിപ്രായത്തിന്നു സത്യത്തിന്റെ പദവി ലഭിച്ചുപോരികയും ചെയ്യുന്നു. സത്യബോധം ഒരു വശത്തു്, ഭാവനാശക്തി മറുവശത്തു്—ഇവതമ്മിലുള്ള അനന്തമായ ദ്വന്ദയുദ്ധങ്ങളുടെ കഥയാണു്, ചരിത്രത്തിലേയും തത്വചിന്തയിലേയും സത്യാന്വേഷണത്തിന്റെ കഥ. സമർത്ഥമായി ഉന്നയിക്കപ്പെടുന്ന അഭിപ്രായങ്ങളുടെ മേൽ, സത്യത്തിൽ അധിഷ്ഠിതമായ വാദങ്ങൾക്കു് ഒരിക്കലും വ്യക്തമായ വിജയം സിദ്ധിക്കുന്നില്ല. പലപ്പോഴും നാം പുരോഗതിയായെണ്ണുന്നതു്, സമർത്ഥമായി ഉന്നയിച്ച അഭിപ്രായങ്ങളെയാണുതാനും.

ഈ നാടകം മുമ്പോട്ടു പോയിക്കൊണ്ടേയിരിക്കുന്നതു കാണേണ്ടിവരികയും യാഥാൎത്ഥ്യബോധം തീരെ നഷ്ടപ്പെട്ട ആളുകളുമായി പെരുമാറേണ്ടിവരികയും ചെയ്യുക—മനം മടുപ്പിക്കുന്ന ഒന്നായിരുന്നു അതു്. ഞാനിപ്പോൾ പെട്ടെന്നു പുതിയൊരു നാട്ടിലെത്തിയിരിക്കുന്നു. യാഥാൎത്ഥ്യങ്ങളിൽനിന്നു രൂപംപൂണ്ട സത്യത്തിൽ മാത്രം താൽപൎയ്യമുള്ളവനാണ് ഞാനിപ്പോൾ. ഓരോ പ്രസ്താവനയും യാഥാൎത്ഥ്യങ്ങളെക്കൊണ്ടു ന്യായീകരിക്കണമെന്നതുസ്വാഭാവികംമാത്രമാണെന്നു കരുതുന്ന ആളുകളുടെ കൂടെയാണ് ഞാനിപ്പോൾ. എന്റെ ബുദ്ധിപരമായ വളൎച്ചയ്ക്കു് അവശ്യം ആവശ്യമായ ഒരനുഭവമാണിതെന്നു് എനിക്കു തോന്നി.

കണിശമായി നിൎണ്ണയിക്കാവുന്ന യാഥാൎത്ഥ്യങ്ങളെ കൈകാൎയ്യംചെയ്യുവാൻ അവസരം ലഭിച്ചതിൽ മത്തുപിടിച്ച ഞാൻ ശാസ്ത്രേതരവിഷയങ്ങളുടെ പ്രാധാന്യത്തെ ഒട്ടുംതന്നെ അവഗണിച്ചില്ല, എന്റെ നിലയിലുള്ള പലരും ചെയ്തപോലെ. നേരെ മറിച്ചാണുണ്ടായതു്. രസശാസ്ത്രം, ഭൌതികശാസ്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ശരീരശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പഠനം എന്നെ അധികമധികം ബോധപ്പെടുത്തി, യാഥാൎത്ഥ്യത്തിൽ അധിഷ്ഠിതമായ സത്യവും ചിന്തയിൽനിന്നു് ഉയിർക്കൊണ്ട സത്യവും തുല്യപ്രധാനങ്ങളാണെന്നു്. ഭാവനയിൽനിന്നുടലെടുക്കുന്ന വിജ്ഞാനത്തിൽ വ്യക്തിയുടെ ഒരംശം ഒട്ടിപ്പിടിച്ചു നില്ക്കാതിരിക്കയില്ലെന്നതു ശരിതന്നെ. എന്നിരുന്നാലും അത്തരം അറിവു കൂടുതൽ ഉയൎന്ന നിലവാരത്തിലുള്ളതാണു്, യാഥാൎത്ഥ്യങ്ങളെമാത്രം ആസ്പദമാക്കിയുള്ള അറിവിനെ അപേക്ഷിച്ചു്.

പരമാത്മാവിന്റെ ആവിഷ്കരണങ്ങളെമാത്രം അടിസ്ഥാനമാക്കിയുള്ള വിജ്ഞാനം എപ്പോഴും അപൂൎണ്ണമായിരിക്കും. അതിൽനിന്നു പൂൎണ്ണമായ സംതൃപ്തി ലഭിക്കയില്ല. ഈ ബ്രഹ്മാണ്ഡത്തിൽ നമുക്കെന്തു സ്ഥാനമാണുള്ളതു്? നാം എന്തിന്നിവിടെ ജീവിച്ചുപോരുന്നു? ഇത്തരം ചോദ്യങ്ങൾക്കു് ഉത്തരം കാണുവാൻ അതി

ന്നു സാധ്യമല്ലതന്നെ. പരമാത്മാവിനെ വ്യക്തിയിൽ ദശിക്കു വാൻ കഴിഞ്ഞെങ്കിൽമാത്രമേ—ജീവാത്മാവിനെ മനസ്സിലാക്കി യാൽമാത്രമേ—ഈ ബ്രഹ്മാണ്ഡവും വ്യക്തിയും തമ്മിലുള്ള ബന്ധം വ്യക്തമാകയുള്ളു. എന്നിൽ കുടികൊള്ളുന്ന ജീവാത്മാവിലൂടെ മാത്രമേ പുറത്തുള്ള പരമാത്മാവിനെ മനസ്സിലാക്കുവാൻ സാധ്യമാകൂ. ജീവാത്മാവും പരമാത്മാവും തമ്മിലുള്ള അഭേദ്യബന്ധമുണ്ടല്ലോ, അതിനെപ്പററിയുള്ള വിജ്ഞാനം വികസിപ്പിക്കയാണ് ശാസ്ത്രേതരവിഷയങ്ങൾ ചെയ്യുന്നതു്. അവിടെയും സത്യമുണ്ടു്; ഭാവനയെ നയിക്കുന്ന ആത്മാവിൽ യാഥാർത്ഥ്യബോധം ഉണ്ടായിരിക്കണമെന്നേയുള്ളു.

1908 മേയ് 13-ാംനു—കീഴെ ആൽസെസ്സിലെ സുപ്രസിദ്ധമായ ഹൊക്കോണിഗ്സ്ബുർഗ്ഗ് പള്ളി പുതുക്കിപ്പണിതശേഷം ആഡംബരപൂർവ്വം ഉൽഘാടനംചെയ്യപ്പെട്ട അതേ ദിവസം— ഞാൻ ശരീരഘടനാശാസ്ത്രത്തിലും ശരീരപ്രകൃതിശാസ്ത്രത്തിലും പ്രകൃതിശാസ്ത്രങ്ങളിലും പരീക്ഷയ്ക്കിരുന്നു. അതിന്നാവശ്യമായ അറിവ് എളുപ്പം ലഭ്യമായില്ല. വിഷയങ്ങളിൽ എത്രതന്നെ താൽപര്യമുണ്ടായിരുന്നാലും ഒരു മുപ്പതുകാരൻെറ ഓർമ്മശക്തിക്ക് ഒരിരുപതുകാരൻേറതിൻെറ കഴിവുണ്ടാവാൻ തരമില്ലല്ലോ. പരീക്ഷയ്ക്കു വേണ്ടതുമാത്രം പഠിക്കുന്നതിന്നു പകരം ഞാൻ പ്രകൃതിശാസ്ത്രങ്ങൾ അവസാനംവരെ പഠിച്ചുതീർത്തു. അതു വല്ലാത്ത വിഡ്ഢിത്തമായിപ്പോയി. അവസാനാഴ്ചകളിൽമാത്രമാണ് ഞാൻ സഹപാഠികളുടെ വിമർശനങ്ങൾക്കു കീഴ്പ്പെട്ടതു്; ഒടുവിൽ ഞാനും 'കരണ്ടി'സംഘത്തിലെ ഒരംഗമായി. ഏതുതരം ചോദ്യങ്ങൾ ചോദിപ്പാനാണ് പ്രൊഫസർമാർ ഇഷ്ടപ്പെടാറുള്ളതു്, അവർ കേൾപ്പാനിഷ്ടപ്പെടുന്ന ഉത്തരങ്ങളെന്തെല്ലാമാണ്—ഇതെല്ലാം എനിക്കു മനസ്സിലായിത്തുടങ്ങി.

ഇക്കാലങ്ങളിൽ എനിക്കു വല്ലാത്ത ക്ഷീണം തോന്നിയിരുന്നു. ജീവിതത്തിലൊരിക്കലും എനിക്കിങ്ങനെ തോന്നുകയുണ്ടാ

യിട്ടില്ല. എന്നിട്ടും പരീക്ഷയിൽ പ്രതീക്ഷയിൽക്കവിഞ്ഞു നന്നായെഴുതുവാൻ എനിക്കു കഴിഞ്ഞു.

തുടന്നു ഞാൻ പഠിച്ചുതുടങ്ങിയതു ചികിത്സാവിഭാഗമാണു്. അതു മുമ്പത്തെപ്പോലെ ക്ലേശകരമായിത്തോന്നിയില്ല. വിവിധ വിഷയങ്ങൾതമ്മിലുള്ള അടുപ്പമായിരിക്കാം അതിനു കാരണം.

ഔഷധങ്ങളെക്കുറിച്ചുള്ള പഠനത്തിൽ എനിക്കു സവിശേഷതാൽപര്യം തോന്നി. പ്രായോഗികാധ്യാപനം നടത്തിയിരുന്നതു പ്രൊഫസർ ആർനോൾഡ് കാൻ ആയിരുന്നു. സിദ്ധാന്തപരമായ വശം പഠിപ്പിച്ചിരുന്നതു ഷ്മീഡ്ബെർഗ്ഗ് ആയിരുന്നു— "ഡിജിററാലിസ്" എന്ന ഔഷധവിശേഷത്തെപ്പററി അന്വേഷണങ്ങൾ നടത്തിയ മഹാൻ.

ഷ്മീഡ്ബെർഗ്ഗിനെപ്പററിയും അദ്ദേഹത്തിന്റെ സ്നേഹിതനും ശരീരശാസ്ത്രജ്ഞനുമായ ഷ്വാൽബിനെപ്പററിയും രസകരമായ ഒരു കഥ സർവ്വകലാശാലയിൽ നടപ്പുണ്ടായിരുന്നു. ഒരു അൽസേഷ്യൻ നഗരത്തിലെ വയോജനവിദ്യാഭ്യാസസംഘത്തിൽ നരവംശശാസ്ത്രത്തെപ്പററി പ്രസംഗിക്കാൻ പോകയായിരുന്നു ഷ്വാൽബ്. ഡാർവ്വിന്റെ സിദ്ധാന്തത്തെപ്പററി പറയാതിരിപ്പാൻ അദ്ദേഹത്തിന്നു നിർവ്വാഹമില്ല. അതു് അസുഖകരമായേയ്ക്കുമോയെന്നു് അദ്ദേഹം ഭയപ്പെട്ടിരുന്നു. ഈ വിവരം ഷ്മീഡ്ബെർഗ്ഗിനോടു പറഞ്ഞപ്പോൾ അദ്ദേഹം ഉപദേശിച്ചു: "അവരെ വിടണ്ട. ഡാർവ്വിൻസിദ്ധാന്തത്തെപ്പററി പറയാനുള്ളതെല്ലാം പറഞ്ഞുകൊള്ളു. ഒന്നുമാത്രം മനസ്സിരുത്തിയാൽ മതി: കുരങ്ങനെന്ന പദം മിണ്ടിപ്പോകരുതു്. എന്നാൽ ഡാർവ്വിനോടും നിങ്ങളോടും അവക്കു പൂർണ്ണസംതൃപ്തിയേ ഉണ്ടാകയുള്ളു." ഷ്വാൽബ് ഉപദേശം സ്വീകരിച്ചു. പ്രതീക്ഷിച്ച വിജയം കൈവരികയും ചെയ്തു.

അക്കാലം ആൽസെസ്സിലെ ജനങ്ങൾ സർവ്വകലാശാലാവികസനപ്രസംഗങ്ങൾക്കു മുറവിളികൂട്ടിത്തുടങ്ങിയിരുന്ന അവസരമായിരുന്നു. വിദ്യാഭ്യാസം കാംക്ഷിക്കുന്ന ഒരു ജനതയെ തൃപ്തിപ്പെടു

ത്തുവാൻ അവർ വെമ്പൽകൊണ്ടു. ഒരു ദിവസം തത്വചിന്തയി ലെ പ്രൊഫസറായ വിൻറൽ ബാൻറ് ഞങ്ങളോടു സന്തോഷവും ആശ്ചര്യവും സഹിക്കവയ്യാതെ പറഞ്ഞു, ഹെഗലിനെപ്പററി ഒരു പ്രസംഗപരമ്പര നടത്തുവാൻ തൊഴിലാളികളുടെ ഒരു നിവേദക സംഘം തന്നോടാവശ്യപ്പെട്ടിട്ടുണ്ടെന്നു്.

സാധാരണക്കാരായ ജനങ്ങൾ ഹെഗലിൻെറ പ്രാധാന്യം മനസ്സിലാക്കിത്തുടങ്ങിയതിൽ അദ്ദേഹം അതിയായി ആഹ്ലാദിച്ചു. തികച്ചും വിലപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള ഈ തൃ ഷ്ണ വളരെ ആരോഗ്യകരമായി അദ്ദേഹം കരുതി. എന്നാൽ പി ന്നീടാണു് അദ്ദേഹത്തിനു മനസ്സിലായതു്, ഭൌതികചിന്തയു ടെ പ്രവാചകനായ ഏണസ്റ്റ്ഹേക്കലിനെപ്പററിയാണു് യഥാ ൎത്ഥത്തിൽ അവർ പ്രസംഗിച്ചുകേൾപ്പാൻ ആഗ്രഹിച്ചിരുന്നതെ ന്നു്! ആൾസെസ്കാരുടെ ഉച്ചാരണവൈജാത്യംകൊണ്ടു വന്നു ചേൎന്ന ഒരബദ്ധം! (1899-ൽ പ്രപഞ്ചരഹസ്യം എന്ന ഗ്രന്ഥ ത്തിൽ ഹേക്കൽ സോഷ്യലിസത്തോടു സദൃശമായ ഒരു സിദ്ധാന്തം ഉന്നയിക്കയുണ്ടായി.)

ഷ്മീഡ്ബെൎഗ്ഗിനെ ഞാൻ അത്യധികം ബഹുമാനിച്ചിരുന്നു. വളരെക്കൊല്ലങ്ങൾക്കുശേഷം ഒരു ദിവസം എനിക്കവസരം കിട്ടി, അദ്ദേഹത്തിന്നു് എളിയൊരു സേവനം ചെയ്യാൻ. 1919-ലെ വസന്തത്തിൽ ഞാൻ സ്റ്റ്രാസ്ബൎഗ്ഗ്-ന്യൂഡോർഫ്തീവണ്ടിയാ പ്പീസിലൂടെ യാദൃച്ഛികമായി കടന്നുപോകയായിരുന്നു. ഫ്രഞ്ചാ ധികൃതർ നാടുകടത്തുവാൻ തീൎച്ചപ്പെടുത്തിയ കുറെ ജൎമ്മൻകാരെ വണ്ടികയററുന്ന സമയമായിരുന്നു അതു്. അക്കൂട്ടത്തിൽ ഞാ നെൻെറ വന്ദ്യഗുരുവിനെയും കണ്ടു. അദ്ദേഹത്തിന്നു് ഉപേക്ഷി ക്കേണ്ടിവന്ന വീട്ടുസാമാനങ്ങൾ സംരക്ഷിക്കുവാൻ ഞാൻ വല്ലതും ചെയ്യേണമോയെന്ന എൻെറ അന്വേഷണത്തിന്നുത്തരമായി അ ദ്ദേഹം കയ്യിലുണ്ടായിരുന്ന ഒരു കടലാസുകെട്ടിലേയ്ക്കു ചൂണ്ടിക്കാ ട്ടി. 'ഡിജിററാലിൻ' എന്ന ഔഷധത്തെപ്പററിയുള്ള അദ്ദേഹ

ത്തിൻെറ അവസാനത്തെ ഗ്രന്ഥമായിരുന്നു അതു്. തീവണ്ടിയാപ്പീസിൽവെച്ച ഫ്രഞ്ചുസൈനികമേധാവികൾ ഓരോരുത്തരുടേയും കൈവശമുള്ള സകലസാധനങ്ങളും നിഷ്കൃഷ്ടമായി പരിശോധിക്കുന്നതാണു്. ഭാരിച്ച ഈ കയ്യെഴുത്തുപുസ്തകങ്ങൾ കൈവശം വെയ്ക്കുവാൻ അവർ അനുവദിക്കയില്ലെന്നു് ഉറപ്പാണു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ കയ്യിൽനിന്നു ഞാനതേറെറടുത്തു. പിന്നീടു് അനുകൂലമായ ഒരവസരം കിട്ടിയപ്പോൾ ഞാനതു് ബാഡൻബാഡനിലേയ്ക്കു് എത്തിച്ചുകൊടുക്കയും ചെയ്തു. ചില സ്നേഹിതന്മാർ അദ്ദേഹത്തിന്നവിടെ അഭയം കൊടുത്തിട്ടുണ്ടായിരുന്നു. ഗ്രന്ഥം അച്ചടിച്ചിറങ്ങിയിട്ടു് ഏറെക്കഴിയും മുമ്പു് അദ്ദേഹം നിര്യാതനായി.

വൈദ്യപഠനത്തിൻെറ ആരംഭത്തിൽ സാമ്പത്തികമായ വിഷമതകൾ എന്നെ നേരിട്ടു. എന്നാൽ ബാക്കിനെക്കുറിച്ചുള്ള എൻെറ ഗ്രന്ഥത്തിൻെറ ജർമ്മൻപതിപ്പിന്നുണ്ടായ വിജയവും പാട്ടുകച്ചേരികളിൽനിന്നു് എനിക്കു കിട്ടിക്കൊണ്ടിരുന്ന പ്രതിഫലവും വിഷമതകൾ തരണംചെയ്യാൻ സഹായകമായി.

1911 ഒക്ടോബറിൽ ഞാൻ വൈദ്യപരീക്ഷയ്ക്കിരുന്നു. അതിന്നാവശ്യമായ 'ഫീസ്' മുൻമാസത്തിൽത്തന്നെ ഞാൻ സമ്പാദിച്ചുവെച്ചിരുന്നു. മ്യൂണിക്കിലെ ഫ്രഞ്ച്സംഗീതോത്സവത്തിൽ വിഡോറുടെ പാട്ടിന്നു കിന്നരം വായിച്ചാണു് ഞാനതുണ്ടാക്കിയതു്. ഡിസംബർ 17-ാംനു- ശസ്ത്രക്രിയാവിദഗ്ധനായ മാഡലങ്ങ് നടത്തിയ അവസാനപരീക്ഷയും കഴിഞ്ഞു്, ശൈത്യകാലസായാഹ്നത്തിലെ ഇരുളിലേയ്ക്കു ഞാൻ ഇറങ്ങി. വൈദ്യപഠനത്തിൻെറ ക്ലേശങ്ങൾ ഞാൻ പിന്നിട്ടുകഴിഞ്ഞുവെന്നു് എനിക്കപ്പോഴും വിശ്വസിക്കാൻ കഴിഞ്ഞില്ല. സ്വപ്നം കാണുകയല്ല, നല്ലപോലെ ഉണർന്നിരിക്കയാണു് എന്നു വീണ്ടും വീണ്ടും എനിക്കു സ്വയം ബോധ്യപ്പെടുത്തേണ്ടിവന്നു. ഞങ്ങൾ ഒരുമിച്ചു നടന്നുപോകു-

മ്പോൾ ഒന്നിലധികം തവണ മാഡലങ്ങ് എന്നോടു പറഞ്ഞിട്ടുള്ള വാക്കുകൾ വിദൂരതയിൽനിന്നു് എൻെറ ചെവിയിൽ വന്നലയ്ക്കുന്നപോലെ എനിക്കു തോന്നിക്കൊണ്ടിരുന്നു: "നിങ്ങളുടെ അനിതരസാധാരണമായ ആരോഗ്യംകൊണ്ടുമാത്രമാണു് ഇതു മുഴുമിപ്പാൻ സാധിച്ചതു്."

## അദ്ധ്യായം ആറ്

### ആഫ്രിക്കൻയാത്രയ്ക്കുള്ള സംരംഭങ്ങൾ

വൈദ്യബിരുദത്തിനുള്ള പരീക്ഷയ്ക്കെഴുതികൊണ്ടിരിക്കുമ്പോൾ ഞാൻ ആഫ്രിക്കൻയാത്രയ്ക്കു തയ്യാറായിവരികയായിരുന്നു. 1912_ലെ വസന്തത്തിൽ ഞാൻ സവ്വകലാശാലയിലെ അദ്ധ്യാപകജോലിയും നിക്കോളാസ്പള്ളിയിലെ ഉദ്യോഗവും ഉപേക്ഷിച്ചു.

മതത്തിൻെറ ലോകവീക്ഷണം ഒരു വശത്തു്; ലോകമതങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഗവേഷണഫലങ്ങളും പ്രകൃതിശാസ്ത്രസത്യങ്ങളും മറുവശത്തു്—ഇവയെ പൊരുത്തപ്പെടുത്തുന്ന കായ്യത്തെക്കുറിച്ചായിരുന്നു, 1911_'12ലെ ശൈത്യകാലത്തു സവ്വകലാശാലയിൽ ഞാൻ അവസാനമായി നടത്തിയ പ്രസംഗപരമ്പര.

നിക്കോളാസ്പള്ളിയിലെ ഭക്തജനങ്ങളോടുള്ള എൻെറ ഒടുവിലത്തെ പ്രാത്ഥനാപ്രസംഗം പോൾശ്ലീഹയുടെ ഈ വാക്കുകളിലാണു് ഞാനവസാനിപ്പിച്ചതു്: "നമുക്കു ഗ്രഹിപ്പാനാവാത്തതായിരിക്കാം ദൈവത്തിൻെറ സമാധാനസന്ദേശം. എങ്കിൽക്കൂടി നമ്മുടെ ഹൃദയവും മനസ്സും യേശുവിൽ ഉറപ്പിച്ചു നിത്തുവാൻ അതു സഹായിക്കുന്നു." എൻെറ പ്രാത്ഥനാപ്രസംഗങ്ങളെല്ലാം ഈ വചനങ്ങളിലാണു് ഞാനെപ്പോഴും സമാപിക്കാറു്.

വീണ്ടും പ്രാത്ഥനാപ്രസംഗങ്ങൾ ചെയ്യാതിരിക്കുക, വീണ്ടും ക്ലാസുകളിൽ പ്രസംഗിക്കാതിരിക്കുക—എന്നെസ്സംബന്ധിച്ചു വലിയ ത്യാഗമായിരുന്നു അതു്. ആഫ്രിക്കയിലേയ്ക്കു കപ്പൽകയറു

ന്നതുവരെ നിക്കോളാസ് പള്ളിയിലേയും സവ്വകലാശാലയുടേയും അടുത്തുടെ പോവാതിരിപ്പാൻ ഞാൻ ശ്രദ്ധിച്ചു. എന്തെന്നാൽ ഞാൻ ഇന്നുവരെ ചെയ്തുപോന്നിരുന്നതും ഇനി തുടരുവാൻ നിവ്വാഹമില്ലാത്തതുമായ ജോലി നടത്തിപ്പോന്ന ആ സ്ഥലങ്ങളുടെ കാഴ്ചതന്നെ എന്നെ കണക്കില്ലാതെ വേദനിപ്പിച്ചിരുന്നു. ആ വലിയ സവ്വകലാശാലാമന്ദിരത്തിന്റെ പ്രവേശനദ്വാരത്തിന്നു കിഴക്കുവശത്തുള്ള രണ്ടാംപ്രസംഗമുറിയുടെ ജനലുകൾ നോക്കുവാൻ പോലും എനിക്കു സാധ്യമല്ല. ഞാനവിടെയാണ് മിക്ക പ്രസംഗങ്ങളും നടത്തിയിട്ടുള്ളതു്.

അവസാനമായി സെൻറ്തോമാസിലുള്ള എന്റെ വാസസ്ഥലവും ഞാനുപേക്ഷിച്ചു, ഭാൎയ്യയുമൊന്നിച്ച്—സ്ട്രാസ്ബുർഗ്ഗിലെ ചരിത്രകാരന്റെ മകളായ ഹെലൻ ബ്രെസ്ലോവിനെ 1912-ജൂൺ 18-ാംനു- ഞാൻ വിവാഹംകഴിച്ചിരുന്നു—ഗ്ഗൺസ്ബാക്കിൽ അച്ഛന്റെ കൂടെ കുറച്ചു കാലമെങ്കിലും താമസിപ്പാൻവേണ്ടി. കയ്യെഴുത്തുകോപ്പികൾ മുഴമിക്കുന്നതിനും പ്രൂഫ്തിരുത്തുന്നതിനും ഹെലൻ വിവാഹത്തിനു മുമ്പുതന്നെ എന്നെ സഹായിക്കാറുണ്ട്. ആഫ്രിക്കയിലേക്കു പുറപ്പെട്ടുംമുമ്പു മുഴമിക്കേണ്ടതായ സാഹിത്യപ്രവത്തനങ്ങളിൽ അവളിപ്പോൾ വീണ്ടും വലിയ സഹായമായി.

1912-ലെ വസന്തകാലത്തു ഞാൻ പാരീസിൽ താമസിച്ചു. ഉഷ്ണരാജ്യരോഗങ്ങളെപ്പററി പഠിക്കുവാനും ആഫ്രിക്കയിലേക്കു കൊണ്ടുപോകേണ്ട സാമാനങ്ങൾ വാങ്ങുവാനുംവേണ്ടിയാണ് ഞാനിങ്ങനെ ചെയ്തതു്. എന്റെ വിഷയത്തിൽ സാങ്കേതികപരിജ്ഞാനം നേടുവാൻ വൈദ്യപഠനകാലത്തു് എനിക്കു കഴിഞ്ഞു; ഇപ്പോഴാകട്ടെ, ഞാനതിന്റെ പ്രായോഗികവശങ്ങളിലാണ് ശ്രദ്ധിക്കുന്നതു്. ഇതു് എനിക്കു പുതിയൊരനുഭവമായിരുന്നു. ഞാനിതുവരെ ബുദ്ധിപരമായ പ്രവത്തനങ്ങളിലേ ഏപ്പെട്ടിട്ടുള്ളു. എന്നാൽ ഇപ്പോഴിതാ, വിലവിവരപ്പട്ടികകളിൽനിന്നു വാങ്ങേണ്ട

സാധനങ്ങളുടെ പട്ടിക തയ്യാറാക്കണം, ദിവസേന ഇടവിടാതെ പീടികകൾ കയറിയിറങ്ങണം, എനിക്കാവശ്യമായ സാധനങ്ങൾ തേടിപ്പിടിക്കണം, കണക്കുകളും ബില്ലുകളും പരിശോധിക്കണം, പീഞ്ഞപ്പെട്ടികളിൽ സാമാനങ്ങളെല്ലാം അടക്കിവെയ്ക്കണം, ചുങ്കക്കാരുടെ പരിശോധനയ്ക്കുവേണ്ടി അവയുടെ വിശദമായ പട്ടിക തയ്യാറാക്കണം——ഇങ്ങനെ പലതും വേണം. സാമഗ്രികളും ഔഷധങ്ങളും ഒരാസ്പത്രിക്കു വേണ്ട മറ്റെല്ലാ സാമാനങ്ങളും സംഭരിക്കുവാൻ എത്ര സമയമാണ് ചെലവഴിക്കേണ്ടിവന്നിട്ടുള്ളത്, എത്ര ക്ലേശമാണ് സഹിക്കേണ്ടിവന്നിട്ടുള്ളത്! ആഫ്രിക്കയിലെ വൻകാടുകളിൽ വീടുകെട്ടിത്താമസിപ്പാനുള്ള സാമാനങ്ങൾ ഒരുക്കുന്നതിൻെറ കാര്യം പറകയേ വേണ്ട. ആദ്യത്തിൽ ഇത്തരം ജോലികൾ ഒരു ഭാരമായി എനിക്കു തോന്നി. എന്നാൽ ക്രമേണ എനിക്കു ബോധംവന്നു, ഭൌതികകാര്യങ്ങൾക്കായുള്ള പ്രവൎത്തനങ്ങളേയും ക്ലേശങ്ങളേയും ത്യാഗബുദ്ധിയോടെ സമീപിക്കണമെന്ന്. ഇന്നു ഞാൻ അന്നത്തെക്കാളെത്രയോ മുന്നോട്ടു പോയിരിക്കുന്നു. വാങ്ങേണ്ട സാമാനങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിൽ കലാപരമായ ഒരു സംതൃപ്തിപോലും എനിക്കനുഭവപ്പെടാറുണ്ട്. ഇന്ന് എന്നെ വീണ്ടും വീണ്ടും ശല്യപ്പെടുത്താറുള്ള ഒരു സംഗതി, മരുന്നുകച്ചവടക്കാരുടെ വിലവിവരപ്പട്ടികയുടെ അവ്യക്തതയും അപ്രായോഗികതയുമാണ്. വിലവിവരപ്പട്ടികകൾ തയ്യാറാക്കുന്ന ജോലി ശിപായിയുടെ ഭാൎയ്യയെക്കൊണ്ടു ചെയ്യിക്കയാണ് ഈ കച്ചവടക്കാർ പതിവെന്നു തോന്നും!

എൻെറ പദ്ധതിക്ക് ആവശ്യമായ പണം ശേഖരിക്കാനായി ഞാൻ പരിചിതരുടെ അടുത്തെല്ലാം പിച്ചപ്പാത്രവുമായി പോയി. യാതൊരു നേട്ടവും എടുത്തുകാണിപ്പാനില്ലാത്ത വെറും സദുദ്ദേശ്യംമാത്രമായി നിലകൊള്ളുന്ന ഒരു കാൎയ്യത്തിന്നുവേണ്ടി ധനസഹായം നേടുന്നതിൻെറ വിഷമം ഞാൻ നല്ലപോലെ അനുഭവിച്ചു. മിക്ക സ്നേഹിതന്മാരും ... ൽനിന്നു്

216227.
Q6wM75
32J72
MUL
216227
2 NOV 1984

എന്നെ രക്ഷിച്ചതു്, ഞാനായതുകൊണ്ടു് ഈ സാഹസപരിപാടിയെ തങ്ങൾ സഹായിക്കാമെന്നു പറഞ്ഞിട്ടാണു്. അവർ എന്നെ സ്വീകരിച്ച മട്ടിൽ ഒരു മാററം ഞാൻ കണ്ടു. അതെന്തുകൊണ്ടെന്നല്ലേ? ഒരു മാന്യസന്ദർശകനായല്ല, ഒരു യാചകനായിട്ടാണു് ഞാൻ പോയിട്ടുള്ളതു്. എന്നിരുന്നാലും എനിക്കു സിദ്ധിച്ച ദയാവായ്പു് എനിക്കനുഭവിക്കേണ്ടിവന്ന അവമാനങ്ങളെ അഗണ്യകോടിയിലേയ്ക്കു തള്ളുന്നു.

ഒരു ഫ്രഞ്ചുകോളനിയിൽ ഞാൻ ആരംഭിക്കുന്ന പദ്ധതിക്കു സ്റ്റ്രാസ്ബുർഗ്ഗിലെ ജർമ്മൻപ്രൊഫസർമാർ കയ്യയച്ചു സംഭാവനകൾ തന്നുവെന്ന സംഗതി എൻെറ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. എനിക്കു കിട്ടിയ സംഭാവനകളുടെ ഭൂരിഭാഗവും നിക്കോളാസ്പള്ളിയിലെ ഭക്തജനങ്ങളിൽനിന്നാണു് ലഭിച്ചതു്. ആൽസെസ്സിലെ ഇടവകകളിൽനിന്നും സഹായങ്ങൾ ലഭിച്ചു. അവിടുത്തെ പുരോഹിതന്മാരിൽ മിക്കവരും എൻെറ സഹപാഠികളോ ശിഷ്യരോ ആയിരുന്നു. പാരീസിലെ 'ബാക്കു് സൊസൈററി' സംഘടിപ്പിച്ച ഒരു പാട്ടുകച്ചേരിയിൽനിന്നും പണം ഒഴുകിവന്നു. ലാഹാവെറിലെ ഒരു കച്ചേരിയും പ്രസംഗവും സാമ്പത്തികമായി വലിയ വിജയമായിരുന്നു. ബാക്കു് കച്ചേരിവഴി ഞാനവിടെ സുപരിചിതനായിരുന്നു, മുമ്പുതന്നെ.

ആകെക്കൂടി തൽക്കാലത്തേയ്ക്കു സാമ്പത്തികപ്രശ്നം തരണം ചെയ്തുകഴിഞ്ഞു. യാത്രയ്ക്കു വേണ്ട സാമാനങ്ങളെല്ലാം വാങ്ങുവാനും ഒരു കൊല്ലമെങ്കിലും ആസ്പത്രി നടത്തുവാനും വേണ്ട പണം കിട്ടിക്കഴിഞ്ഞു. പുറമെ, ധനവാന്മാരായ സ്നേഹിതന്മാർ തുടർന്നുള്ള സഹായങ്ങൾ വാഗ്ദാനംചെയ്യുകയും ചെയ്തിരുന്നു. സാമ്പത്തികവും കാര്യസംബന്ധവുമായ എടപാടുകളിൽ എനിക്കു വിലപ്പെട്ട സഹായങ്ങൾ ലഭിച്ചു, മിസ്സിസ്സു് ആനി ഫിഷറിൽനിന്നു്. സ്റ്റ്രാസ്ബുർഗ്ഗ്സർവ്വകലാശാലയിലെ ശസ്ത്രക്രിയാധ്യാപകൻെറ വിധവയായിരുന്നു അവർ. അദ്ദേഹം ചെറുപ്പത്തിൽ മരിക്കയാണു

ണ്ടായത്. ഞാൻ ആഫ്രിക്കയിലെത്തിയ ശേഷവും അവരുടെ സഹായങ്ങൾ തുടൎന്നുപോന്നു. യൂറോപ്പിൽ എനിക്കുവേണ്ടി ചെയ്യേണ്ട ജോലിയെല്ലാം അവർ നിൎവ്വഹിച്ചു. അത്രയുമല്ല, പിന്നീട് അവരുടെ പുത്രൻ ഉഷ്ണമേഖലാപ്രദേശത്തെ ഒരു ഡോക്ടരാവുക പോലും ചെയ്തു.

ചെറിയ ഒരാസ്പത്രിക്കു വേണ്ട പണമുണ്ടാക്കുവാൻ കഴിയുമെന്നു തീൎച്ചപ്പെട്ടപ്പോൾ ഞാൻ ആ വിവരം പാരീസിലെ പാതിരിസംഘത്തെ അറിയിച്ചു. ലാംബറീനി കേന്ദ്രമാക്കി ഒഗോവ് നദീതടത്തിൽ എന്റെ ചെലവിൽ സേവനങ്ങളനുഷ്ഠിപ്പാൻ അനുവദിക്കണമെന്നു ഞാൻ സംഘത്തോടഭ്യൎത്ഥിച്ചു.

പാതിരിസംഘത്തിന്റെ തലവനായി ബോഗ്നറെ പിന്തുടൎന്ന ഴാങ്ബിയാങ്കപി വാക്കുകളിൽമാത്രമല്ല, പ്രവൃത്തിയിലും ഒരു ഭക്തനായിരുന്നു. സംഘത്തിന്റെ കാൎയ്യക്ഷമമായ നടത്തിപ്പുകൊണ്ട് അദ്ദേഹത്തിന്നു് ഒട്ടേറെ മിത്രങ്ങളെ സമ്പാദിക്കുവാൻ കഴിഞ്ഞു. തങ്ങൾ ഇത്ര കാലം ഔത്സുക്യത്തോടുകൂടി കാംക്ഷിച്ചിരുന്ന ഒരു ഡോക്ടരുടെ സേവനം ഇപ്പോഴിതാ യാതൊരു ചെലവുമില്ലാതെ കിട്ടിക്കഴിഞ്ഞിരിക്കുന്നു; ഈ അവസരം നഷ്ടപ്പെടുവാൻ പാടില്ല—അദ്ദേഹം അധികാരസ്വരത്തിൽത്തന്നെ പറഞ്ഞു. പക്ഷേ യാഥാസ്ഥിതികരായ സംഘാംഗങ്ങൾ ഈ നിൎദ്ദേശത്തെ എതിൎത്തു. ഒടുവിൽ കമ്മിററിമുമ്പാകെ ഹാജരാകാൻ എന്നെ ക്ഷണിപ്പാനും എന്റെ വിശ്വാസങ്ങളെ പരിശോധിപ്പാനും അവർ തീരുമാനിച്ചു. ഈ നടപടിക്കു കീഴടങ്ങുവാൻ എനിക്കു കഴിഞ്ഞില്ല. യേശുവിന്റെതന്നെ പ്രവൃത്തിയായിരുന്നു എന്റെ അവലംബം. തന്നെ പിന്തുടരുവാനുള്ള വാഞ്ഛമാത്രമേ അദ്ദേഹം സ്വന്തം ശിഷ്യരിൽനിന്നു പ്രതീക്ഷിച്ചിരുന്നുള്ളു; മററു യാതൊരു നിബന്ധനയും ഉണ്ടായിരുന്നില്ല. "നമ്മൾക്കു് എതിരില്ലാത്തവർ നമ്മുടെ ഭാഗത്താണു്" എന്ന യേശുവചനം നാം അനുസരിക്കയാണെങ്കിൽ, കഷ്ടപ്പെടുന്ന കാട്ടുമനുഷ്യരെ ശുശ്രൂഷിക്കുവാൻ സേവനമൎപ്പിക്കു

ന്നു ആൾ ഒരു മുഹമ്മദീയനായാൽപ്പോലും, ആ സേവനം നിരസി ക്കുന്നതു തെററാണു്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ കമ്മിററിക്കു് ഒരു സന്ദേശം അയച്ചു. അതിന്നു കുറച്ചുദിവസം മുമ്പു മാത്രമാണു് മറെറാരു സംഭവമുണ്ടായതു്. നാലാമത്തെ സുവിശേഷം, ജോൺപുണ്യവാളൻെറ കൃതിയാണോ എന്ന ചോദ്യത്തിന്നു് 'അതേ' എന്നു നിസ്സംശയം മറുപടി പറയാത്ത ഒരു പുരോഹിതനെ ആഫ്രിക്കയിലേയ്ക്കയപ്പാൻ സംഘം വിസമ്മതിക്കയുണ്ടായി.

തത്തുല്യമായ ഒരു വിധി എനിക്കും വരാതിരിപ്പാൻവേണ്ടി കമ്മിററിമുമ്പാകെ ഹാജരാകുവാനോ മതശാസ്ത്രപരമായ ചോദ്യങ്ങൾക്കുത്തരം പറയുവാനോ ഞാൻ വിസമ്മതിച്ചു. പകരം കമ്മിററിയിലെ ഓരോ അംഗത്തെയും ഒററയ്ക്കൊററയ്ക്കു ചെന്നു കാണുവാൻ സമ്മതം പ്രദർശിപ്പിക്കുകയും ചെയ്തു. എന്നാൽ സംഭാഷണത്തിൽനിന്നു് എൻെറ അഭിപ്രായങ്ങൾ മനസ്സിലാക്കുവാൻ അവക്കു സാധിക്കുന്നതാണല്ലോ. എന്നെ ആഫ്രിക്കയിലേയ്ക്കയപ്പാൻ തിരഞ്ഞെടുക്കുന്നതു നീഗ്രോകളുടെ ആത്മാവിന്നും സംഘത്തിൻെറ സൽക്കീർത്തിക്കും അത്രയേറെ ആപല്ക്കരമാണോ എന്നും അവക്കു ബോധ്യപ്പെടാം. എൻെറ നിർദ്ദേശം സ്വീകരിക്കപ്പെട്ടു. തൽഫലമായി വളരെ വൈകുന്നേരങ്ങൾ, എനിക്കു നഷ്ടപ്പെട്ടു. അംഗങ്ങളിൽച്ചിലർ ഒരു തണുപ്പൻസ്വീകരണമാണു് എനിക്കു തന്നതു്. എന്നാൽ അവരിൽ ഭൂരിഭാഗവും എന്നോടു തുറന്നു പറഞ്ഞു, എൻെറ മതപരമായ അഭിപ്രായങ്ങൾകാരണം രണ്ടു സംശയങ്ങളാണു് തങ്ങൾക്കുള്ളതെന്നു്. ഒന്നാമതായി, അഗാധമായ എൻെറ പാണ്ഡിത്യംമൂലം ആഫ്രിക്കയിലെ പാതിരിമാരുടെ വിശ്വാസങ്ങളെ ഞാൻ കുഴപ്പത്തിലാക്കിയേയ്ക്കും. രണ്ടാമതു്, ഒരു മതപ്രാസംഗികനായി വീണ്ടും പ്രവർത്തനം തുടരുവാൻ ഞാൻ ആഗ്രഹിച്ചുവെന്നും വന്നേയ്ക്കാം. ഒരു ഡോക്ടരാവാൻ മാത്രമേ ഞാനാഗ്രഹിക്കുന്നുള്ളുവെന്നും മററുകാര്യങ്ങളിലെല്ലാം ഒരു "മീനിനെപ്പോലെ മൂകനായിക്കൊള്ളാ"മെന്നും ഞാൻ ഉറ

ള്ളുകൊടുത്തു. ഈ വാഗ്ദാനം അവരുടെ സംശയങ്ങളെ ദൂരീകരിച്ചു. നേരിട്ടുള്ള സന്ദർശനങ്ങളുടെ ഫലമായി കമ്മിററിയംഗങ്ങളിൽ പലരുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ എനിക്കു കഴിഞ്ഞു.

അങ്ങനെ പാതിരിമാരുടെയും മതംമാറിയവരുടെയും വിശ്വാസങ്ങളെ അപകടത്തിലാക്കുന്ന യാതൊന്നും ചെയ്യുകയില്ലെന്ന ഉറപ്പിന്മേൽ എൻെറ സേവനം സ്വീകരിക്കപ്പെട്ടു. അതിൻെറ ഫലമായി ഒരു കമ്മിററിയംഗത്തിൻെറ രാജികൂടി നടക്കുകയുണ്ടായി എന്നതു പ്രസ്താവ്യമാണ്.

ഒരു കാര്യംകൂടി ബാക്കിയുണ്ട്: ഗബൂണിൽ ഡോക്ടരായി ജോലി ചെയ്യുവാൻ 'കൊളോണിയൽ'വകുപ്പിൻെറ അനുവാദം കിട്ടണം. എന്തെന്നാൽ എനിക്ക് ഒരു ജർമ്മൻബിരുദമാണല്ലോ ഉണ്ടായിരുന്നത്. സ്വാധീനശക്തിയുള്ള സ്നേഹിതന്മാരുടെ സഹായത്തോടുകൂടി ഈ വിഷമവും തരണംചെയ്യപ്പെട്ടു. വഴിത്തടസ്സങ്ങളെല്ലാം ഇതാ നീങ്ങിക്കഴിഞ്ഞു.

1913 ഫെബ്രുവരിയിൽ എഴുപതു പീഞ്ഞപ്പെട്ടികൾ ആണിയടിച്ചു ഭദ്രമാക്കപ്പെട്ടു. മുൻകൂട്ടിത്തന്നെ അതെല്ലാം സാമാനവണ്ടിയിൽ ബോർഡോവിലേയ്ക്കയച്ചു. ഒടുവിൽ ഞങ്ങളുടെ പെട്ടിയിൽ സ്വന്തം സാധനങ്ങൾ നിറച്ചു ശരിപ്പെടുത്തുകയായിരുന്നു. അപ്പോൾ ഭാര്യ ഒരാക്ഷേപവുമായി എൻെറ മുമ്പിൽ വന്നു. കയ്യിൽ കൊണ്ടുപോവാനുദ്ദേശിച്ചിരുന്ന രണ്ടായിരംമാർക്ക് സ്വർണ്ണമായിത്തന്നെ എടുപ്പാനാണ് ഞാൻ തീർച്ചയാക്കിയിരുന്നത്. നോട്ടല്ലേ നല്ലത്?—അതാണവരുടെ വാദം. ഞാൻ മറുപടി പറഞ്ഞു, യുദ്ധത്തിൻെറ സംഭാവ്യതയെ നാം പരിഗണിക്കണമെന്ന്. യുദ്ധം പൊട്ടിപ്പുറപ്പെട്ടുവെങ്കിൽ എതു രാജ്യത്തും സ്വർണ്ണത്തിൻെറ വില നിലനില്ക്കും. കടലാസ്സുപണത്തിൻെറ കഥ പറയാൻ വയ്യ. ബാങ്കുനിക്ഷേപങ്ങളിൽ നിയന്ത്രണങ്ങളും ഉണ്ടായേയ്ക്കാം.

ജമ്മനിയിലും ഫ്രാൻസിലും കഴിയുന്നിടത്തോളം സ്വർണ്ണം പിൻവലിക്കുകയും പകരം കടലാസ്സുപണം വിതരണംചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. ഇതു് ആപൽസൂചകമായി എനിക്കു തോന്നി. 1911 മുതൽ ഇരുരാജ്യങ്ങളിലേയും ഗവമ്മേണ്ടുജീവനക്കാക്കു് ഒരു തുട്ടു സ്വർണ്ണംപോലും ശമ്പളമായി ലഭിച്ചിട്ടില്ല. സ്വർണ്ണമായോ നോട്ടായോ ശമ്പളം വാങ്ങുവാനുള്ള സ്വാതന്ത്ര്യം അന്നുവരെ എല്ലാ ജമ്മനുദ്യോഗസ്ഥന്മാക്കും ഉണ്ടായിരുന്നു.

# അദ്ധ്യായം ഏഴ്

## ആഫ്രിക്കയിലെ ആദ്യപ്രവൎത്തനങ്ങൾ

1913—1917

1913-ലെ ദുഃഖവെള്ളിയാഴ്ചദിവസം ഉച്ചതിരിഞ്ഞ് എന്റെ പത്നിയും ഞാനും ഗുൺസ്ബാക്ക് വിട്ടു; മാൎച്ച് 26-ാംതീയതി വൈകുന്നേരം ഞങ്ങൾ ബോർഡോവിൽനിന്നു കപ്പൽകയറി.

ലാംബറീനിയിലെ പാതിരിമാർ ഹാൎദ്ദമായൊരു സ്വീകരണമാണ് ഞങ്ങൾക്കു തന്നതു്. ദൌൎഭാഗ്യവശാൽ, ആസ്പത്രിക്കു വേണ്ടി തുത്തനാകപ്പലകകൊണ്ടുണ്ടാക്കുവാൻ നിശ്ചയിച്ചിരുന്ന ചെറുപുര നിൎമ്മിക്കപ്പെട്ടിരുന്നില്ല. ആവശ്യമുള്ള വേലക്കാരെ കിട്ടായ്കയായിരുന്നു അതിന്നു കാരണം. ഒഗോവ് ജില്ലയിൽ 'ഒക്കും' മരത്തടിക്കച്ചവടം വികസിച്ചുതുടങ്ങിയ കാലമായിരുന്നു. പാതിരികേന്ദ്രത്തിൽ പണിയെടുത്താൽ കിട്ടുന്നതിനേക്കാൾ കൂലി തടിക്കച്ചവടക്കാരിൽനിന്നു ലഭിച്ചിരുന്നു. അതുകൊണ്ടു്, എന്റെ താമസസ്ഥലത്തിനടുത്തുള്ള പഴയൊരു കോഴിക്കൂട്ടിൽവെച്ചാണ് ഞാൻ രോഗപരിശോധന ആരംഭിച്ചതു്. എന്നാൽ ശരൽക്കാലാവസാനത്തോടുകൂടി, പുഴവക്കിലുള്ള ഒരു പുരയിലേയ്ക്കു നീങ്ങുവാൻ എനിക്കു കഴിഞ്ഞു. തുത്തനാകപ്പലകകൊണ്ടു ചുമർവെച്ച്, പട്ടമേഞ്ഞുണ്ടാക്കിയ ആ പുരയ്ക്കു് 26 അടി നീളവും 13 അടി വീതിയുമുണ്ടായിരുന്നു. ചെറിയൊരു പരിശോധനമുറി, അതേ വലിപ്പത്തിലൊരു ശസ്ത്രക്രിയാശാല, കുറേക്കൂടി ചെറുതായ ഒരു മരുന്നുമുറി—ഇത്രയുമാണവിടെയുണ്ടായിരുന്നതു്. അതിനു ചുററും ക്രമേണ വളൎന്നുവന്നു, കുറേ കുടിലുകൾ—മുളകെട്ടിയുണ്ടാക്കിയ വലി

യ കുടിലുകൾ. നാടൻരോഗികൾ അവിടെയാണു് താമസിക്കുന്നതു്. വെള്ളക്കാരായ രോഗികളാകട്ടെ, പാതിരിമാരുടെയും ഡോക്ടരുടെയും ബങ്കളാവുകളിൽ താമസിച്ചുപോന്നു.

ആദ്യദിവസങ്ങളിൽത്തന്നെ, മരുന്നുകളും സാമഗ്രികളും കെട്ടഴിക്കപോലും ചെയ്യുന്നതിന്നു മുമ്പു്, രോഗികൾ എന്നെ പൊതിഞ്ഞു. ആൽസെസ്സ്കാരനായ ഒരു പാതിരി, മിസ്റ്റർ മോറൽ ഞങ്ങൾക്കു മനസ്സിലാക്കിത്തന്ന വസ്തുതകളും ഭൂപടവും അടിസ്ഥാനമാക്കിയാണു് ലാംബറീനിയിൽ ആസ്പത്രി സ്ഥാപിക്കുവാൻ തീച്ചപ്പെടുത്തിയതു്. ഈ തീരുമാനം എല്ലാംകൊണ്ടും വളരെ ഉചിതമായിയെന്നു തീച്ചപ്പെട്ടു. നൂറും ഇരുനൂറും നാഴിക അകലെനിന്നുപോലും രോഗികൾ വന്നിരുന്നു. ഒഗോവ്നദിയിലൂടെയും അതിൻെറ ശാഖകളിലൂടെയും അവർ തോണികളിൽ വന്നുചേന്നു. മലമ്പനി, കുഷ്ഠം, നിദ്രാരോഗം, അതിസാരം, 'ഫ്രാംബോസിയ', പലതരം പുണ്ണുകൾ എന്നീ രോഗങ്ങളെയാണു് എനിക്കു മുഖ്യമായി കൈകാര്യംചെയ്യേണ്ടിവന്നിരുന്നതു്. എന്നാൽ 'ന്യൂമോണിയ'യും ഹൃദ്രോഗവും പ്രതീക്ഷയിൽക്കവിഞ്ഞുണ്ടായിരുന്നു; അതെന്നെ അത്ഭുതപ്പെടുത്തി. മൂത്രാശയരോഗങ്ങളും കുറവായിരുന്നില്ല. ശസ്ത്രക്രിയ വേണ്ടിവന്നിരുന്നതു്, പ്രധാനമായി കുടലിറക്കത്തിന്നും മന്തുരോഗത്തിന്നുമായിരുന്നു. ആഫ്രിക്കയിലെ ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ കുടലിറക്കം സവ്വസാധാരണമായിരുന്നു; വെള്ളക്കാരുടെ ഇടയിൽ ഇതു് ഇത്ര കാണാറില്ല. അടുത്തെങ്ങും ഡോക്ടർമാരില്ലാത്ത പ്രദേശങ്ങളിൽ, എല്ലാ കൊല്ലവും എത്രയോ ഹതഭാഗ്യർ കുടലിറങ്ങി വേദനിച്ചു വേദനിച്ചു മരിക്കാറുണ്ടു്. തക്കസമയത്തെ ശസ്ത്രക്രിയകൊണ്ടു് അവരിലോരോരുത്തരെയും രക്ഷിക്കുക എന്നതു സുസാധ്യവുമാണു്. എൻെറ ആദ്യത്തെ ശസ്ത്രക്രിയ ഇത്തരമൊരു രോഗിക്കാണുണ്ടായതു്.

അങ്ങനെ ആദ്യത്തെ ആഴ്ചകളിൽത്തന്നെ ഒരു സംഗതി എനിക്കു ബോധപ്പെട്ടു: ഞാൻ കരുതിയിരുന്നതിലെത്രയോ കൂട്ട

ത്തൽ രോഗപീഡ അനുഭവിക്കുന്നവരാണ് അട്ടിക്കിലെ നാട്ടുകാർ. എല്ലാ തടസ്സങ്ങളെയും തട്ടിനീക്കി, ഒരു ഡോക്ടരാവാനുള്ള പരിപാടി നടപ്പിൽ വരുത്തിയതിൽ ഞാനിപ്പോഴാണ് ആഹ്ലാദംകൊള്ളുന്നതു്.

ലാംബറീനിയിലെ പാതിരികേന്ദ്രത്തിൻെറ സ്ഥാപകനായ ഡോക്ടർ നാസോവിനെ ഞാനറിയിച്ചു, അവിടെ വീണ്ടും ഒരു ഡോക്ടരുടെ സേവനം ലഭ്യമായിരിക്കുമെന്നു്. അമേരിക്കയിലായിരുന്ന അദ്ദേഹം എത്ര സന്തുഷ്ടനായിയെന്നോ?

ദ്വിഭാഷികളായും വേലക്കാരായും നാട്ടുകാരെ കണ്ടുകിട്ടുന്നതിലുള്ള വിഷമം എൻെറ പ്രവൃത്തിയെ വല്ലാതെ തടസ്സപ്പെടുത്തി. തെല്ലെങ്കിലും കഴിവുകളുണ്ടെന്നു തോന്നിയ ആദ്യത്തെ ആൾ മുമ്പ് ഒരു വെപ്പുകാരനായിരുന്നു. ജോസഫ് അസൊവാനി എന്നാണ് പേർ. അയാൾ എൻെറ കൂടെ താമസമാക്കി—മുൻജോലിയിൽ കിട്ടുന്നത്ര വേതനം കൊടുക്കുവാൻ എനിക്കു സാധ്യമായിരുന്നില്ലെങ്കിലും. നാട്ടുകാരുമായി പെരുമാറുന്ന കാര്യത്തിൽ അയാൾ എനിക്കു വിലപ്പെട്ട ചില സൂചനകൾ തന്നു. എന്നാൽ ഏററവും പ്രധാനമെന്നു് അയാൾ കരുതിയിരുന്ന ഒന്നു് എനിക്കു സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ജീവിക്കുമെന്നു് ഉറപ്പില്ലാത്ത രോഗികൾക്കു പ്രവേശനമനുവദിക്കരുതെന്നു് അയാൾ എന്നെ ഉപദേശിച്ചു. മന്ത്രവാദികളായ നാട്ടുചികിത്സക്കാരുടെ മാതൃക അയാൾ എൻെറ മുമ്പിൽ വീണ്ടും വീണ്ടും പൊക്കിക്കാണിച്ചു; തങ്ങളുടെ പ്രശസ്തിക്കു ഹാനികരമായ യാതൊന്നും അവർ തൊട്ടുപോകയേയില്ല.

എന്നാൽ മറെറാരു കാര്യത്തിൽ അയാളുടെ ഉപദേശം ശരിയാണെന്നു് എനിക്കു സമ്മതിക്കേണ്ടിവന്നു. രോഗം മാറാത്തതാണെങ്കിൽ, രോഗിയേയും അയാളുടെ ബന്ധുക്കളേയും വ്യാമോഹിപ്പിക്കരുതു്. മുന്നറിയിപ്പില്ലാതെ മരണം സംഭവിച്ചുവെങ്കിൽ, സ്വാഭാവികമായി, അനുമാനം ഇങ്ങനെയായിരിക്കും: ഡോക്ടക്കു

രോഗം മനസ്സിലായിട്ടില്ല; തൽഫലമായി, രോഗി മരിക്കുമെന്നു് അദ്ദേഹം കരുതിയിട്ടുമില്ല. ഈ നാടൻരോഗികളോടു സത്യം കലവറയില്ലാതെ പറഞ്ഞേ പററൂ. അതറിവാൻ അവർ ആഗ്രഹിക്കുന്നു; അതു സ്വീകരിപ്പാനുള്ള സഹനശക്തി അവക്കുണ്ടു്. എന്തെന്നാൽ, മരണത്തെ സ്വാഭാവികമായ ഒന്നായി അവർ കണക്കാക്കുന്നു. അവക്കതിനെ ഭയമില്ല; ശാന്തതയോടെ അവർ അതിനെ നേരിടുന്നു. അപ്രതീക്ഷിതമായി, രോഗം സുഖപ്പെടുകയാണെങ്കിലോ, ഡോക്ടറുടെ പേരിന്നു് അത്രയും നല്ലതു്. മരണത്തിൽനിന്നുപോലും രക്ഷിപ്പാൻ കഴിവുള്ള ഡോക്ടരെന്ന പദവി അദ്ദേഹത്തിന്നു ലബ്ധമാവുന്നു.

സുധീരമായ സേവനമാണു് എന്റെ പത്നിയിൽനിന്നു് ആസ്പത്രിക്കു ലഭിച്ചതു്. അവൾ ഒരു 'നഴ്സാ'യി പരിശീലനം കഴിച്ചിരുന്നു. ഗുരുതരമായ നിലയിൽക്കിടക്കുന്ന രോഗികളുടെ മേൽനോട്ടം അവൾ കഴിക്കും; വിരിപ്പുതുണികൾ മാററിവിരിക്കും; വ്രണങ്ങൾ കഴുകിക്കെട്ടും; മരുന്നുമുറിയിൽ തിരക്കിട്ടു ജോലിചെയ്യും; ശസ്ത്രക്രിയാസാമഗ്രികൾ നല്ല നിലയിൽ സൂക്ഷിക്കും; ശസ്ത്രക്രിയയ്ക്കു വേണ്ട സകലവിധ ഏപ്പാടുകളും ചെയ്യും—തുടന്നു ബോധം കെടുക്കുവാനുള്ള മരുന്നു സ്വയം കൊടുക്കും; സഹായിയായി ജോസഫും ഉണ്ടാവും. ഞങ്ങളുടെ ആഫ്രിക്കൻവീട്ടിലെ വിഷമം പിടിച്ച ജോലിയെല്ലാം വിജയപൂവ്വം ചെയ്തുതീത്തു്, കുറച്ചു മണിക്കൂറുകൾ ആസ്പത്രിയിലെ ജോലിക്കായി അവൾ ദിവസേന നീക്കിവെയ്ക്കുന്നു. അതു് അസാമാന്യമായ ഒരു നേട്ടംതന്നെയാണു്.

നാടന്മാരെ ശസ്ത്രക്രിയയ്ക്കു സമ്മതിപ്പിക്കുവാൻ വലിയ വാക്സാമത്ഥ്യമൊന്നും വേണ്ടിയിരുന്നില്ല. കുറച്ചു കൊല്ലങ്ങൾക്കു മുമ്പു 'ജോറെ ഗീബർട്ട്' എന്നു പേരായ ഒരു സക്കാർഡോക്ടർ ലാംബറീനിയിൽ കുറച്ചു കാലം താമസിക്കയുണ്ടായി. അക്കാലത്തു് അദ്ദേഹം കുറെ ശസ്ത്രക്രിയകൾ വിജയപ്രദമായി നടത്തുകയുണ്ടായിട്ടുണ്ടു്. തൽഫലമായി എന്റെ പരിമിതമായ ശസ്ത്രക്രിയാവൈദ

ത്ധ്യത്തിന്നുപോലും വളരെ അനുകൂലമായ സ്വീകരണമാണ് ലഭിച്ചതു്. ഭാഗ്യവശാൽ എന്റെ ആദ്യകാലശസ്ത്രക്രിയകളിൽ ഒന്നെങ്കിലും പരാജയപ്പെട്ടുകയുണ്ടായില്ല.

കുറച്ചു മാസത്തെ പ്രവൎത്തനത്തിന്നുശേഷം എപ്പോഴും എത്താണ്ടു നാല്പതു രോഗികൾക്കു് അഭയംകൊടുക്കേണ്ടിവന്നിരുന്നു ആസ്പത്രിയിൽ. ഇവൎക്കു കിടപ്പാനുള്ള സ്ഥലം ഉണ്ടാക്കിയതുകൊണ്ടും പ്രശ്നം തീൎന്നില്ല. വിദൂരദേശങ്ങളിൽനിന്നു തോണികളിലും മററുമായി രോഗികളെ കൊണ്ടുവരുന്ന ആളുകൾക്കും സ്ഥലസൌകൎയ്യം ഉണ്ടാക്കേണ്ടിയിരുന്നു. എന്തെന്നാൽ രോഗിയെ തിരിച്ചുകൊണ്ടുപോവാൻവേണ്ടി അവർ അവിടെത്തന്നെ താമസിക്കയാണ് പതിവു്.

പ്രവൃത്തി കനത്തതുതന്നെയായിരുന്നു. എന്നാൽ അതിനേക്കാൾ ഭാരിച്ചതായിരുന്നു അതുസംബന്ധമായ ഉത്തരവാദിത്വവും ശുഷ്കാന്തിയും. ഡോക്ടർമാരുടെ മനസ്സു കരുത്തുററതായിരിക്കണം. ദൌൎഭാഗ്യവശാൽ എന്റേതു് അങ്ങനെയായിരുന്നില്ല. ഉല്ക്കടാവസ്ഥയിൽ കിടക്കുന്നവരും ശസ്ത്രക്രിയ കഴിഞ്ഞവരുമായ രോഗികളെപ്പററിയുള്ള എന്റെ ഉൽക്കണ്ഠയ്ക്കവസാനമില്ല. രോഗികളുടെ കഷ്ടപ്പാടുകളിൽ പൂൎണ്ണമായ സഹതാപമുണ്ടെങ്കിലും എന്റെ മനസ്സിന്നു ദാർഢ്യംകൊടുക്കുവാൻ ഞാൻ ഇടവിടാതെ ശ്രമിച്ചുപോന്നിട്ടുണ്ടു്. പക്ഷേ ഫലമുണ്ടായില്ല.

തങ്ങൾക്കു ലഭിച്ച സഹായത്തിന്നു രോഗികളുടെ നന്ദിയെന്നോണം, പ്രത്യക്ഷമായ എന്തെങ്കിലും ഞാൻ അവരിൽനിന്നു് ഈടാക്കാറുണ്ടു്—നിയമങ്ങൾ അനുവദിക്കുന്നിടത്തോളംമാത്രം. വീണ്ടും വീണ്ടും ഞാനവരെ ഓൎമ്മപ്പെടുത്താറുണ്ടു്, ആസ്പത്രിയുടെ അനുഗ്രഹം അവൎക്കുണ്ടായതു യൂറോപ്പിലെ എത്രയോ ജനങ്ങൾ അതിന്നുവേണ്ടി ത്യാഗങ്ങൾ ചെയ്തതുമൂലമാണെന്നു്; അതുകൊണ്ടു് ആസ്പത്രിയുടെ തുടൎന്നുള്ള നടത്തിപ്പിനെ ആവുംവിധം സഹായിക്കേണ്ടതു് ഇപ്പോൾ അവരുടെ കടമയാണെന്നു്. അങ്ങനെ

ക്രമേണ ഞാൻ ഒരു വഴക്കം സൃഷ്ടിച്ചു. രോഗികൾക്കു സൌജന്യ മായി ലഭിക്കുന്ന മരുന്നുകൾക്കു പകരം പണമായും വാഴപ്പഴം, കോഴി, കോഴിമുട്ട എന്നീ സാധനങ്ങളായും സംഭാവനകൾ ഞാൻ സ്വീകരിച്ചുപോന്നു. ഇങ്ങനെ ലഭിച്ചിരുന്നതു സ്വാഭാവികമായി അവക്കുവേണ്ടി ചെലവാക്കുന്നതിനെ അപേക്ഷിച്ച് എത്രയോ തുച്ഛമായിരുന്നു. എന്നിരുന്നാലും ആസ്പത്രിയുടെ നടത്തിപ്പിന്ന് അതു സഹായകംതന്നെയാണല്ലോ. സ്വന്തം ഭക്ഷണസാധനങ്ങൾ തീർന്നുപോയ രോഗികൾക്കു വാഴപ്പഴം ഭക്ഷണമായി കൊടുക്കുവാൻ എനിക്കു കഴിഞ്ഞു. വാഴപ്പഴവും തീർന്നാൽ കിട്ടിയ പണംകൊണ്ട് അരി വാങ്ങിക്കയും ചെയ്യാമല്ലോ. ആസ്പത്രിയുടെ നടത്തിപ്പിന്നു കഴിവനുസരിച്ചു സംഭാവനകൾ ഈടാക്കാതെ, എല്ലാം വെറുതെക്കൊടുത്തുപോന്നാൽ, ആസ്പത്രിയെ നാട്ടുകാർ വേണ്ടപോലെ വിലവെയ്ക്കില്ലെന്നും എനിക്കു തോന്നി. സംഭാവന വസൂലാക്കുന്നതിലുള്ള വിദ്യാഭ്യാസപരമായ ഈ മൂല്യമുണ്ടല്ലോ, അതിനെപ്പററിയുള്ള അഭിപ്രായത്തെ ശക്തിപ്പെടുത്തുവാനേ അനന്തരാനുഭവങ്ങൾ സഹായിച്ചിട്ടുള്ളൂ. ദരിദ്രരിൽനിന്നും വൃദ്ധരിൽനിന്നും തീർച്ചയായും യാതൊരുവിധസംഭാവനയും പിരിച്ചിരുന്നില്ല. അപരിഷ്കൃതരുടെയിടയിൽ വാർദ്ധക്യം ദാരിദ്ര്യത്തിൻെറ പര്യായമാണ്.

തനി കാടന്മാരായവക്കു സംഭാവനയെപ്പററി തികച്ചും വ്യത്യസ്തമായ ഒരു ബോധമാണുള്ളതു്. ദീനം മാറി ആസ്പത്രി വിടുമ്പോൾ, അവരെന്നിൽനിന്നാണ് സമ്മാനങ്ങൾ ആവശ്യപ്പെടാറു്; ഞാനവരുടെ ചങ്ങാതിയായിക്കഴിഞ്ഞില്ലേ?

അപരിഷ്കൃതരായ ഇക്കൂട്ടരുമായുള്ള ബന്ധം, സ്വാഭാവികമായി, ആ പഴയ ചോദ്യത്തെ വീണ്ടും സ്വയം ചോദിപ്പാൻ എന്നെ പ്രേരിപ്പിച്ചു. ഇവർ കീഴ്നടപ്പിൻെറ തടവുപുള്ളികൾമാത്രമാണോ? അവക്കു സ്വതന്ത്രമായ ചിന്തയ്ക്കുള്ള കഴിവുകളുണ്ടോ? അവരുമായുണ്ടായ സംഭാഷണം എന്നെ ആശ്ചര്യപ്പെടുത്തി. ജീ

വിതോദ്ദേശ്യത്തെപ്പററിയും നന്മതിന്മകളുടെ സ്വഭാവത്തെപ്പററി യും അവക്കു കരുതിയിരുന്നതിലെത്രയോ അധികം താൽപര്യമുള്ള തായി കാണപ്പെട്ടു.

പാരീസ്സിലെ പാതിരിസംഘം വിശ്വാസസംഹിതകൾക്കു വലിയ പ്രാധാന്യം കല്പിച്ചിരുന്നു. എന്നാൽ പാതിരിമാരുടെ മതപ്രസംഗങ്ങളിൽ അക്കാര്യം അവഗണിക്കപ്പെട്ടതാണ് കണ്ടതു്. ഞാൻ പ്രതീക്ഷിച്ചപോലെത്തന്നെ. യേശുവിൻെറ വിശുദ്ധാത്മാവിനാൽ ലോകത്തിൽനിന്നു വിമോചിതരാകാമെന്ന എളിയ സുവിശേഷകാര്യങ്ങൾ; ഗിരിപ്രസംഗത്തിലൂടെയും പോൾശ്ലീഹയുടെ സദ്വചനങ്ങളിലൂടെയും ഊറിവരുന്ന തത്വങ്ങൾ—ഇവയ്ക്കപ്പുറം പോയിട്ടു കാര്യമില്ല, സദസ്യർക്കു മനസ്സിലാവണമെങ്കിൽ. ക്രിസ്തുമതം മുഖ്യമായി ധാർമ്മികമായ ഒരു മതമാണെന്നു വ്യാഖ്യാനിക്കുവാൻ മതപ്രാസംഗികർ നിർബ്ബദ്ധരായി. വിവിധകേന്ദ്രങ്ങളിലായി കൊല്ലത്തിൽ രണ്ടുതവണ പാതിരിമാർ സമ്മേളിക്കുമ്പോൾ അവരുടെ ചർച്ചാവിഷയം, ക്രിസ്തുമതത്തെ താന്താങ്ങളുടെ ജില്ലകളിൽ എങ്ങനെ പ്രായോഗികമാക്കാം എന്നുള്ളതായിരുന്നു. വിശ്വാസപ്രമാണങ്ങളുടെ വിഷയം ഉത്ഭവിക്കാറേയില്ല. ചില പാതിരിമാക്കു മററുള്ളവരേക്കാൾ വിശ്വാസദാർഢ്യമുണ്ടായിരുന്നുവെങ്കിലും, അവരുടെ പ്രവൎത്തനമെല്ലാം ഒരുമിച്ചുതന്നെയായിരുന്നു. മതശാസ്ത്രപരമായി എനിക്കുള്ള അഭിപ്രായങ്ങൾ ഞാൻ അവരുടെ മേൽ വെച്ചുകെട്ടുവാൻ തെല്ലുപോലും ശ്രമിക്കാറില്ല. തൽഫലമായി അവക്ക് എന്നെപ്പററിയുണ്ടായിരുന്ന അവിശ്വാസം നീങ്ങി. അവർ സന്തുഷ്ടരായി, ഞാനും സന്തോഷിച്ചു. യേശുവിനെ ഭക്തിപൂർവ്വം അനുസരിക്കുന്നതിലും എളിയ ക്രിസ്തീയ പ്രവൎത്തനം നടത്തുവാനുള്ള സന്നദ്ധതയിലും ഞങ്ങൾ ഐക്യം സ്ഥാപിച്ചുകഴിഞ്ഞു. എൻെറ വരവു കഴിഞ്ഞു് അധികം ചെല്ലും മുമ്പുതന്നെ ഒരു മതപ്രസംഗത്തിൽ പങ്കുകൊള്ളുവാൻ ഞാൻ ക്ഷ

ണിക്കപ്പെട്ടു. അങ്ങനെ 'മീനിനെപ്പോലെ മൂകനായ്ക്കൊള്ളാ'മെന്ന എൻെറ വാഗ്ദാനത്തിൽനിന്നു ഞാൻ വിമോചിതനായി.

പാതിരിമാരും നാടൻമതപ്രാസംഗികന്മാരും ഒരുമിച്ചുചേരുന്ന മതസഭയിൽ ഒരു സന്ദർശകനെന്നനിലയ്ക്കു സന്നിഹിതനാവാൻ ഞാൻ ക്ഷണിക്കപ്പെട്ടിരുന്നു. പാതിരിമാരുടെ അപേക്ഷപ്രകാരം ഒരു വിഷയത്തിൽ ഞാൻ അഭിപ്രായം പ്രകടിപ്പിച്ചു. ഒരു നാടൻമതപ്രാസംഗികൻ അപ്പോൾ പറയുകയാണ്, ഇതു ഡോക്ടരുടെ പരിധിയിൽപ്പെട്ട കാര്യമല്ലെന്നു്. "ഞങ്ങളെപ്പോലെ ഒരു മതശാസ്ത്രപണ്ഡിതനല്ല നിങ്ങൾ."

ക്രിസ്തുമതം സ്വീകരിപ്പാനുള്ള അപേക്ഷകരെ പരീക്ഷിക്കുന്നതിൽ പങ്കുചേരുവാനും എനിക്കനുവാദം കിട്ടി. ഒന്നോ രണ്ടോ വൃദ്ധസ്ത്രീകളെ എൻെറ അടുക്കലേയ്ക്കു് അയയ്ക്കുവാൻ ഞാൻ സാധാരണയായി നിർദ്ദേശിക്കാറുണ്ടു്. ചടങ്ങുകൾ നടക്കുന്ന സമയത്തു് അവർ അനുഭവിക്കുന്ന മാനസികക്ലേശം ലഘൂകരിക്കുവാൻവേണ്ടിയാണു് ഞാൻ ഇങ്ങനെ ചെയ്യാറു്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഒരു മാന്യയോടു ഞാൻ ചോദിച്ചു, യേശു ദരിദ്രനോ ധനികനോ എന്നു്. അവർ മറുപടിപറഞ്ഞു: "എന്തു വിഡ്ഢിത്തമാണു് ചോദിക്കുന്നതു്? സർവ്വശക്തനായ ദൈവമാണു് യേശുവിൻെറ അച്ഛനെങ്കിൽ അദ്ദേഹം തീർച്ചയായും ദരിദ്രനായിരിക്കയില്ല." എൻെറ ചോദ്യങ്ങൾക്കെല്ലാം അവർ ഇങ്ങനെ ചുട്ട മറുപടിയാണു് തന്നതു്. ഞാൻ അവൾക്കു നല്ലൊരു 'സർട്ടിഫിക്കററു്' കൊടുത്തു. പക്ഷേ 'മതശാസ്ത്രത്തിലെ പ്രഫസറു'ടെ സർട്ടിഫിക്കററു് അവൾക്കു തീരെ സഹായകമായില്ല. അവരുടെ ജില്ലയിലെ നാടൻപ്രാസംഗികൻ അവരെ വെറുതെ വിട്ടില്ല. വേദോപദേശക്ലാസ്സുകളിൽ അവർ പതിവായി പങ്കുകൊള്ളുന്നില്ലെന്ന കാരണത്തിന്നു് അവരെ ശിക്ഷിക്കുവാൻ അയാൾ ഉറച്ചിരുന്നു. അവരുടെ ഒന്നാംതരം ഉത്തരങ്ങൾ അയാൾക്കു തീരെ പിടിച്ചില്ല. അതുകൊണ്ടു് അയാൾ അവരെ പരാജയപ്പെടുത്തി. ആറുമാസം ക

ഴിഞ്ഞു വീണ്ടും പരീക്ഷിക്കപ്പെട്ടശേഷമേ, അവൎക്ക ക്രിസ്തുമതം സ്വീകരിപ്പാൻ കഴിഞ്ഞുള്ളൂ.

മതപ്രസംഗം അത്യധികം ആഹ്ലാദകരമായി എനിക്കു തോന്നി. യേശുവിൻെറയും പോളിൻെറയും സദുപദേശങ്ങൾ, അതു തികച്ചും പുത്തരിയായ ആളുകളുടെയിടയിൽ, പ്രസംഗിക്കുവാൻ അവസരം ലഭിക്കുക—അതു മഹത്തരമായ ഒരു കാൎയ്യമാണെന്നെനിക്കു തോന്നി. പാതിരിസംഘം നടത്തുന്ന വിദ്യാലയത്തിലെ നാടനധ്യാപകന്മാരാണ് എൻെറ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തിയിരുന്നതു്. ഗലോവക്കാരുടെയോ പാഹ്‌വിൻകാരുടെയോ ഭാഷകളിലേയ്ക്കു് അവർ ഓരോവാചകവും തൎജ്ജമചെയ്യും. ചിലപ്പോൾ ഒരേസമയത്തുതന്നെ ഇരുഭാഷകളിലേയ്ക്കും തൎജ്ജമ ചെയ്യുകയും പതിവുണ്ടു്.

ലാംബറീനിയിലെ പ്രഥമവൎഷത്തിൽ ഒഴിവുദിവസം നന്നെ കുറവായിരുന്നു. എങ്കിലും ഉള്ള സമയം ബാക്ക്സംഗീതത്തെപ്പററിയുള്ള ഗ്രന്ഥത്തിൻെറ അമേരിക്കൻപതിപ്പു തയ്യാറാക്കുന്നതിനുവേണ്ടി ഞാൻ വിനിയോഗിച്ചു.

കിന്നരംവായന വിടാതിരിപ്പാൻ, കാൽകൊണ്ടു വായിക്കുന്ന ഒരു പിയാണോവിൽ ഞാൻ അഭ്യസിച്ചുപോന്നു. ആ ഒന്നാംതരം പിയാണോ ഉഷ്ണരാജ്യത്തിലെ ഉപയോഗത്തിനുവേണ്ടി പ്രത്യേകം നിൎമ്മിച്ചതാണ്. കിന്നരംവായനക്കാരനെന്ന നിലയ്ക്കുള്ള എൻെറ സുദീൎഘസേവനങ്ങളെ അനുസ്മരിച്ചു പാരീസ്സിലെ ബാക്ക്സൊസൈററി എനിക്കു സമ്മാനിച്ചതായിരുന്നു അതു്. ആദ്യത്തിൽ അതിലഭ്യസിക്കുവാൻ എനിക്കു മനസ്സുണ്ടായിരുന്നില്ല. എന്തെന്നാൽ ആഫ്രിക്കയിലുള്ള പ്രവൎത്തനം എൻെറ കലാജീവിതത്തിൻെറ അന്ത്യമാണെന്നാണ് ഞാൻ ഇതുവരെ കരുതിപ്പോന്നിട്ടുള്ളതു്. അഭ്യാസക്കുറവുകൊണ്ടു വിരലുകളും കാലുകളും പേരാതാവാൻ അനുവദിക്കുന്നതായാൽ കലാജീവിതം ഉപേക്ഷിക്കുവാൻ കൂടുതൽ എളുപ്പമായിരിക്കുമെന്നും ഞാൻ കരുതിയിരു

ന്നു. എന്നാൽ ഒരു സായാഹ്നത്തിൽ ഞാൻ മനസ്സുഖമില്ലാതെ ഇരിക്കയായിരുന്നു. അപ്പോൾ ബാക്കിൻെറ കിന്നരസംഗീതം പിയാണോവിൽ അലക്ഷ്യമായി ഞാൻ വായിച്ചു. പെട്ടെന്നു് ഒരാശയം എന്നിൽ ഉദിച്ചുയൎന്നു. എൻെറ സംഗീതവിദ്യയെ സംസ്കരിക്കുവാനും പോഷിപ്പിക്കുവാനുംവേണ്ടി എൻെറ ഒഴിവുസമയങ്ങൾ ഉപയോഗപ്പെടുത്തിക്കൂടേ? ഉടനെത്തന്നെ ഞാൻ പരിപാടിയിട്ടു: ബാക്, മെൻറൽഡോൺ, വീഡോർ, സീസർഫ്രാങ്കു്, മാക്സ്റീജർ എന്നിവരുടെ കൃതികൾ ഓരോന്നോരോന്നായി എടുക്കുവാനും അവയെ നിഷ്കൃഷ്ടമായി പരിശോധിക്കുവാനും മനഃപാഠമാക്കുവാനും. ഒരു പാട്ടിന്നുവേണ്ടി കുറെ ആഴ്ചകളോ മാസങ്ങൾതന്നെയോ ചെലവഴിക്കാൻ ഞാൻ സന്നദ്ധനായിത്തീൎന്നു. നിൎബ്ബന്ധമായി ഒഴിവുപോലെ സംഗീതാഭ്യസനം നടത്തുവാൻ സാധിക്കുക—ഞാനതിഷ്ടപ്പെട്ടു. പാട്ടുകച്ചേരികൾക്കു വായിക്കുന്നപോലെ ഞാനിപ്പോൾ സമയത്തിൻെറ അടിമയല്ല, പലപ്പോഴും ദിവസത്തിൽ അരമണിക്കൂറിലേറെ എനിക്കു് ഒഴിവു കിട്ടാറില്ലെങ്കിലും.

എൻെറ പത്നിയും ഞാനും ആഫ്രിക്കയിലെത്തിയിട്ടു രണ്ടു വേനൽ കഴിഞ്ഞു. മൂന്നാമത്തെ വേനലിൻെറ തുടക്കത്തിൽ വീട്ടിലേക്കു മടങ്ങുവാനുള്ള പരിപാടി ഞങ്ങൾ തയ്യാറാക്കുകയായിരുന്നു. അപ്പോഴാണു് 1914 ആഗസ്റ്റ് 5-ാംനു ഞങ്ങൾക്കു വിവരം കിട്ടിയതു്, യൂറോപ്പിൽ യുദ്ധം പൊട്ടിക്കഴിഞ്ഞുവെന്നു്. അന്നേദിവസം വൈകുന്നേരംതന്നെ ഞങ്ങൾക്കറിവു കിട്ടി, ഞങ്ങൾ യുദ്ധത്തടവുകാരാണെന്നും. തൽക്കാലത്തേക്കു ഞങ്ങൾക്കു സ്വന്തം വീടുകളിൽത്തന്നെ താമസിക്കാം. പക്ഷേ വെള്ളക്കാരായോ നാട്ടുകാരായോ യാതൊരു സമ്പൎക്കവും പുലൎത്തിപ്പോകരുതു്. കാവല്ക്കാരായി നിൎത്തിയ കറുത്ത പട്ടാളക്കാരുടെ ശാസനങ്ങൾ ഞങ്ങൾ നിരുപാധികമായി അനുസരിക്കണം. ഞങ്ങളെപ്പോലെത്തന്നെ ആൽസെസ്സ്കാരായ ഒരു പാതിരിയും അദ്ദേഹത്തിൻെറ ഭാൎയ്യയും

അവിടെ ഉണ്ടായിരുന്നു. ലാംബറീനിയിലെ പാതിരികേന്ദ്രത്തിൽ അവരും ഞങ്ങളെപ്പോലെ തടവുകാരാക്കപ്പെട്ടു.

യുദ്ധത്തെസ്സംബന്ധിച്ച നാടന്മാർ മനസ്സിലാക്കിയിരുന്ന സംഗതി ഇത്രമാത്രമാണ്: മരത്തടിക്കച്ചവടം ഇനി നടക്കില്ല, അവശ്യസാധനങ്ങൾ കിട്ടാതാവുകയും ചെയ്യും. പിന്നീട് അന്നാട്ടുകാരെ കാമറൂൺദ്വീപിലേയ്ക്കു നീക്കംചെയ്യപ്പെട്ടു, പട്ടാളക്കാരുടെ ഭൃത്യവേലയ്ക്കുവേണ്ടി. അപ്പോഴാണ് യുദ്ധത്തിൻെറ ശരിയായ അർത്ഥം അവർ മനസ്സിലാക്കുവാൻ തുടങ്ങിയതു്.

ഒഗോവ്നദീതീരത്തിൽ താമസിച്ചിരുന്ന വെള്ളക്കാരിൽ പത്തുപേർ യുദ്ധത്തിൽ മൃതിയടഞ്ഞുകഴിഞ്ഞുവെന്നു കേട്ടപ്പോൾ, വൃദ്ധനായ ഒരു അപരിഷ്കൃതൻ ചോദിക്കയാണ്: "ഈ യുദ്ധത്തിൽ ഇത്ര വളരെ ആളുകൾ ഇപ്പോൾത്തന്നെ മരിച്ചുകഴിഞ്ഞുവോ? എന്തുകൊണ്ടാണിവർ വഴക്കു പറഞ്ഞുതീക്കാത്തതു്? മരിച്ചവർക്കെല്ലാം പണം കൊടുക്കുവാൻ എങ്ങനെ സാധിക്കും?" ആഫ്രിക്കക്കാരുടെ യുദ്ധമുറപ്രകാരം, ജയിച്ചാലും തോററാലും, കൊല്ലപ്പെട്ടവക്കുവേണ്ടി മറുകക്ഷിക്കു പണം കൊടുക്കണം. ക്രൂരതകൊണ്ടുമാത്രമാണ് യൂറോപ്യന്മാർ അന്യോന്യം കൊല്ലുന്നതെന്നാണ് നമ്മുടെ അപരിഷ്കൃതൻെറ അഭിപ്രായം. എന്തെന്നാൽ, അവർ മൃതദേഹം തിന്നാറില്ലല്ലോ.

വെള്ളക്കാർ മററുവെള്ളക്കാരെ തടവുകാരാക്കിപ്പിടിക്കുകയും എന്നിട്ടവരെ കറുത്ത പട്ടാളക്കാരുടെ അധീനത്തിലാക്കുകയും ചെയ്യുന്നതു് ആഫ്രിക്കക്കാക്കു ദുർഗ്രാഹ്യമായിത്തോന്നി. എൻെറ കറുത്ത കാവൽഭടന്മാർ വിചാരിച്ചു, തങ്ങൾ "ഡോക്ടരുടെ യജമാനന്മാരാ"യെന്നു്. അതിന്നവക്കു നാട്ടുകാരിൽനിന്നു കിട്ടിയ ശകാരത്തിന്നു കയ്യുംകണക്കുമില്ല.

ആസ്പത്രിയിലെ പ്രവൃത്തി നിരോധിക്കപ്പെട്ടു. ഈ അവസരത്തിൽ, പോൾശ്ലീഹയെപ്പററിയുള്ള പുസ്തകം മുഴമിച്ചാലെന്താണ്? അപ്പോഴേയ്ക്കും മറെറാരു വിഷയം ഇടയിൽ ചാടിവീണു.

വളരെ കൊല്ലങ്ങളായി എന്റെ മനസ്സിലുള്ളതുതന്നെയാണതു്. യുദ്ധം, ഇപ്പോഴിതാ, അതിനെ ഒരു സജീവപ്രശ്നമാക്കിയിരിക്കുന്നു. നമ്മുടെ സംസ്കാരത്തിന്റെ പ്രശ്നങ്ങളെപ്പററിയാണു് ഞാൻ ചിന്തിക്കുന്നതു്. എന്റെ വീട്ടുതടങ്ങലിന്റെ രണ്ടാംദിവസം പ്രഭാതത്തിൽ ഞാൻ മേശയ്ക്കു മുമ്പിൽ ഇരിപ്പുറപ്പിച്ചുകഴിഞ്ഞു. വൈദ്യപഠനം തുടങ്ങുന്നതിനുമുമ്പത്തെ കാലം ഞാൻ ഓർത്തു. ഞാനത്ഭുതപ്പെട്ടു, എനിക്കിപ്പോഴും ഇതു സാധിക്കുന്നുണ്ടല്ലോയെന്നു്. 'സംസ്കാരത്തിന്റെ തത്വശാസ്ത്ര'ത്തിൽ പ്രവൃത്തിയാരംഭിച്ചു.

1899-ലെ വേനൽക്കാലത്തു്, ബർളിനിൽ കർട്ടിയസ്കുടുംബത്തിന്റെ വീട്ടിൽവെച്ചാണു്, ഇക്കാര്യം ആദ്യമായെന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതു്. ഹെർമാൻ ഗ്രിമ്മും മററു ചിലരും അവിടെ ഒരു സായാഹ്നത്തിൽ സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. 'അക്കാഡമി'യുടെ ഒരു യോഗം കഴിഞ്ഞാണു് അവർ വന്നിരിക്കുന്നതു്. സംഭാഷണമദ്ധ്യേ ഒരാൾ—ആരാണെന്നെനിക്കോർമ്മയില്ല—പെട്ടെന്നു പറഞ്ഞു: "നമ്മളെല്ലാം 'വമ്പന്റെ പിമ്പന്മാർ' മാത്രമാണു്!" ആ വാക്കുകൾ മിന്നൽപ്പിണർപോലെ എന്നിൽ പാഞ്ഞുകയറി. എന്തെന്നാൽ എനിക്കു തോന്നാറുള്ള അതേ ആശയങ്ങളെ വാക്കുകളിൽ പ്രകാശിപ്പിക്കമാത്രമാണു് അവർ ചെയ്തതു്.

സർവ്വകലാശാലയിലെ ആദ്യവർഷങ്ങളിൽത്തന്നെ എനിക്കു സംശയങ്ങൾ തോന്നിത്തുടങ്ങിയിരുന്നു, മനുഷ്യൻ ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കയാണെന്ന അഭിപ്രായത്തെപ്പററി. എനിക്കുണ്ടായിരുന്ന തോന്നൽ മറിച്ചാണു്. മനുഷ്യന്റെ ആദർശങ്ങളാകുന്ന തീനാളം വളരെത്താണു മങ്ങിക്കത്തുന്ന സമയമാണു് ഇതു്. അതു് ആരുമാരും അറിയുന്നില്ല, അറിയാൻ മിനക്കെടുന്നുമില്ല. പരസ്യമായി പ്രചരിപ്പിക്കപ്പെടുന്ന നിഷ്ഠുരാശയങ്ങളെ പൊതുജനാഭിപ്രായം നിസ്സംശയം തള്ളിക്കളയുന്നില്ലെന്നുമാത്രമല്ല, അവയെ സ്വീകരിക്കപോലും ചെയ്യുന്നു; ഗവർമ്മേണ്ടുകളും രാ

ഷ്ട്രങ്ങളും കൈക്കൊള്ളുന്ന മൃഗീയനടപടികളെ സന്ദർഭോചിതമെന്നു പറഞ്ഞ് അംഗീകരിക്കുകയും ചെയ്യുന്നു. ഇക്കാര്യം പല സന്ദർഭങ്ങളിലും എനിക്കു തുറന്നുപറയേണ്ടിവന്നിട്ടുണ്ട്. ന്യായവും യുക്തവുമായ കാര്യങ്ങളിൽപ്പോലും ഒരു തണുപ്പൻമനോഭാവമാണ് ജനങ്ങൾ പ്രദർശിപ്പിച്ചുകാണുന്നത്. സ്വന്തം നേട്ടങ്ങളിൽ അത്യധികം അഭിമാനംകൊള്ളുന്ന ഈ തലമുറയ്ക്കു് ആത്മീയവും ബുദ്ധിപരവുമായ ആലസ്യം ബാധിച്ചിരിക്കുന്നുവെന്ന് എനിക്കു തോന്നുന്നു. ഭാവിയെസ്സംബന്ധിച്ചു നാം പുലർത്തിപ്പോന്നിട്ടുള്ള ആശകൾ അതിരുകവിഞ്ഞതായിപ്പോയി എന്നും അതുകൊണ്ടിപ്പോൾ നടപ്പുള്ള കാര്യങ്ങൾക്കുവേണ്ടി ശ്രമിക്കയാണ് നാം വേണ്ടതെന്നും ആളുകൾ വാദങ്ങൾ ഉന്നയിക്കുന്നപോലെ എനിക്കു തോന്നാറുണ്ട്. എല്ലാ രാജ്യങ്ങളുടേയും ഇന്നത്തെ മുദ്രാവാക്യം പ്രായോഗികരാഷ്ട്രീയമാണ്. അതിന്റെ അത്ഥമെന്താണ്? ഇടുങ്ങിയ ദേശീയത്വത്തെ ആവേശപൂർവ്വം അംഗീകരിക്കൽ; പുരോഗതിയുടെ ശത്രുവായി ഗണിച്ച് ഇന്നുവരെ അകററിനിത്തപ്പെട്ടിരുന്ന ശക്തികളും പ്രവണതകളുമായി രാജിയാവൽ. വിദ്യാസമ്പന്നരുടെ ഇടയിൽനിന്നു് ആട്ടിയോടിക്കപ്പെട്ടിരുന്ന അന്ധവിശ്വാസങ്ങൾക്ക് സമുദായത്തിൽ ഇപ്പോഴിതാ വീണ്ടും പ്രവേശം ലഭിച്ചിരിക്കുന്നു. അധഃപതനത്തിന്റെ ഏററവും വ്യക്തമായ ലക്ഷണമാണിതു്.

കഴിഞ്ഞ നൂററാണ്ടിന്റെ അവസാനത്തിൽ ആളുകളെല്ലാം പിന്തിരിഞ്ഞു നോക്കി. നമ്മുടെ പ്രവത്തനങ്ങളുടെ എല്ലാ തുറകളും പരിശോധിച്ചു. എന്തിനുവേണ്ടി? ഇന്നുവരെയുള്ള നേട്ടങ്ങളെ എണ്ണാനും വിലയിരുത്താനും. ഇതെല്ലാം ചെയ്തിരുന്നതു തികഞ്ഞ ശുഭപ്രതീക്ഷയോടുകൂടിയാണ്. ഇതു വളരെ ദുർഗ്രാഹ്യമായി എനിക്കു തോന്നി. വിജ്ഞാനത്തിലും കണ്ടുപിടുത്തങ്ങളിലും നാം പുരോഗമിച്ചിട്ടുണ്ട്; മാത്രമല്ല, ബുദ്ധിപരവും ധാമ്മികവുമായ മണ്ഡലങ്ങളിലും നാം മുന്നേറിയിട്ടുണ്ട്; മുമ്പെങ്ങും എ

ത്തിയിട്ടില്ലാത്ത ഉയരത്തിലാണു് നാമിന്നു ചരിക്കുന്നതു്, ജീവിക്കുന്നതു്; അധഃപതനത്തിൻെറ പ്രശ്നമേയിനിയില്ല—എല്ലായിടത്തും കാണപ്പെട്ടിരുന്ന ചിന്താഗതി ഇങ്ങനെയാണു്. എൻെറ സ്വന്തം അഭിപ്രായമാകട്ടെ, നേരെ മറിച്ചുമായിരുന്നു. മുൻതലമുറക്കാരെ അപേക്ഷിച്ചു നമ്മുടെ മാനസികവും ആത്മീയവുമായ നിലവാരം വല്ലാതെ താഴ്ന്നുപോയിരിക്കുന്നു. അത്രയുമല്ല, പല കാര്യങ്ങളിലും നാം പഴയ നേട്ടങ്ങളെ വിററു തിന്നുകയാണു് ചെയ്യുന്നതു്. തൽഫലമായി നമ്മുടെ കൈവശമുള്ള പാരമ്പര്യം ക്ഷയിച്ചു ക്ഷയിച്ചു വരികയാണു്.

നമ്മുടെ യുഗത്തെപ്പററി ഞാൻ നിഗ്ഗൂഢമായി അദ്ധ്ബോധത്തോടെ നടത്താറുള്ള വിമർശനങ്ങൾക്കു് ഇപ്പോഴിതാ വേറൊരാൾ രൂപം കൊടുത്തിരിക്കുന്നു! പ്രൊഫസർ കട്ടിയസ്സിൻെറ വീട്ടിലെ ആ സായാഹ്നത്തിനുശേഷം, പുതിയൊരു പുസ്തകം എൻെറ മനസ്സിൽ കരുപ്പിടിച്ചുതുടങ്ങി. 'പഴയ പാരമ്പര്യത്തിൻെറ അവകാശികളായ നമ്മൾ' എന്നാണു് അതിന്നു ഞാൻ പേർ കൊടുത്തതു്. അതിലെ ചിന്താഗതികൾ ഞാൻ സ്നേഹിതന്മാരുടെ മുമ്പിൽ വെയ്ക്കാറുണ്ടു്. പക്ഷേ അതെല്ലാം രസകരങ്ങളായ വിരോധാഭാസങ്ങൾമാത്രമാണെന്നു് അവർ കരുതി. വിഷാദാത്മകത്വത്തിൻെറ ആവിഷ്കരണങ്ങളത്രേ ഇതെല്ലാം! അതിനുശേഷം ഞാനെൻെറ ആശയങ്ങൾ പുറത്തുവിടാതെയായി. നമ്മുടെ സംസ്കാരത്തെപ്പററിയും ആത്മീയതയെപ്പററിയും മററുമുള്ള എൻെറ സംശയങ്ങൾ പ്രാത്ഥനാപ്രസംഗങ്ങളിൽമാത്രം ചിലപ്പോൾ ഉന്നയിക്കാറുണ്ടു്.

ഇപ്പോഴിതാ സംസ്കാരത്തിൻെറ തകച്ചകാരണം യുദ്ധം പടന്നുപിടിച്ചിരിക്കുന്നു. 'പഴയ പാരമ്പര്യത്തിൻെറ അവകാശികളായ നമ്മൾ' എന്നതിന്നു യാതൊരത്ഥവുമില്ലാതായിക്കഴിഞ്ഞു. ഇന്നത്തെ സംസ്കാരത്തിൻെറ ഒരു വിമശനമെന്ന നിലയ്ക്കാണു് പുസ്തകമെഴുതുവാൻ ഉദ്ദേശിച്ചിരുന്നതു്. അതിൻെറ അധഃപത

നം തുറന്നുകാട്ടുകയും വരാനിരിക്കുന്ന വിപത്തുകളിലേയ്ക്കു ശ്രദ്ധയെ ആകൎഷിക്കുകയുമായിരുന്നു ഉന്നം. എന്നാൽ വിപത്തു വന്നുകഴിഞ്ഞു. ഇനി അതിൻെറ കാരണങ്ങളെപ്പററി പൎയ്യാലോചിച്ചിട്ടെന്തു കാൎയ്യം? പോരെങ്കിൽ ആളുകൾക്കതെല്ലാം ഇപ്പോൾ വ്യക്തവുമായിരിക്കുന്നു.

ചുരുക്കത്തിൽ പുസ്തകത്തിലെ ആശയം പഴഞ്ചനായിത്തീൎന്നിരിക്കുന്നു. എന്നിരുന്നാലും എനിക്കുവേണ്ടിമാത്രം ഞാനതെഴുതിത്തീൎപ്പാൻ തീൎച്ചയാക്കി. എന്നാൽ ഒരു യുദ്ധത്തടവുകാരനായ എന്നിൽനിന്നു് അതു പിടിച്ചുടക്കപ്പെടില്ലെന്നു് ഉറപ്പുണ്ടോ? എനിക്കു വീണ്ടും യൂറോപ്പു കാണുവാൻ അവസരം ലഭിക്കുമോ?

ഈ പശ്ചാത്തലത്തിൽ ഞാൻ പുസ്തകം ആരംഭിച്ചു. അതെഴുതിക്കൊണ്ടിരിക്കുമ്പോഴാണു് എനിക്കനുവാദം കിട്ടിയതു്, വീണ്ടും പുറത്തിറങ്ങാനും ആശുപത്രിജോലിയിൽ ഏൎപ്പെടുവാനും. നവമ്പർ അവസാനത്തിലാണു് ഞങ്ങൾ വീട്ടുതടങ്ങലിൽനിന്നു വിമോചിതരായതു്. വീഡോറുടെ ശ്രമംമൂലമാണു് ഞങ്ങളെ മോചിപ്പിച്ചതെന്നു് എനിക്കു പിന്നീടു മനസ്സിലായി. അതിനുമുമ്പുതന്നെ എന്നെ രോഗികളിൽനിന്നു് അകററിനിൎത്തുവാനുള്ള കല്പന ദുൎബ്ബലപ്പെട്ടുകഴിഞ്ഞിരുന്നു. അടുത്ത പ്രദേശങ്ങളിലൊന്നും ഒരു ഡോക്ടരില്ല. ആകെക്കൂടിയുള്ള ഒരു ഡോക്ടരുടെ സേവനങ്ങളെ, കാണാവുന്ന കാരണങ്ങളൊന്നുമില്ലാതെ നിരോധിച്ചപ്പോൾ, വെള്ളക്കാരും നീഗ്രോകളുമൊന്നുപോലെ, പ്രതിഷേധിച്ചു. തൽഫലമായി എൻെറ അടുക്കലേയ്ക്കു് എഴുത്തോടുകൂടി ഓരോ രോഗികളെ അയയ്ക്കുവാൻ പട്ടാളമേലുദ്യോഗസ്ഥൻ നിൎബ്ബദ്ധനായി.

താരതമ്യേന, സ്വാതന്ത്ര്യത്തോടുകൂടി എൻെറ ചികിത്സാപ്രവൎത്തനങ്ങൾ ഞാൻ പുനരാരംഭിച്ചു. എന്നാലും സംസ്കാരത്തെപ്പററിയുള്ള പുസ്തകമെഴുതുവാൻ ഞാൻ സമയമുണ്ടാക്കി. എത്ര ദിവസമാണു് രാത്രിയിൽ ആലോചിച്ചും എഴുതിയും ഞാൻ ഉറങ്ങാതെ ഇരുന്നിട്ടുള്ളതു്! യുദ്ധമുന്നണിയിലെ കിടങ്ങുകളിൽ കി

ടൻറ യുദ്ധംചെയ്യുന്നവരെപ്പററി ഓക്കുമ്പോൾ ധാമ്മികരോഷം എന്നിൽ തിളച്ചുമറിയാറുണ്ടു്.

1915-ലെ വേനലിൻെറ ആരംഭത്തിൽ ഞാൻ, ഒരുതരം അന്ധാളിപ്പിൽനിന്നെന്നു പറയട്ടെ, ഉണന്നു. എന്തിനു സംസ്കാരത്തിൻെറമാത്രം വിമശനമാകണം? നാം 'വമ്പൻെറ പിന്മുറക്കാരാ'ണെന്നു സ്ഥാപിച്ചതുകൊണ്ടുമാത്രം എന്തിനു തൃപ്തിപ്പെടണം? സൃഷ്ടിപരമായ എന്തിലെങ്കിലും എത്തിച്ചേരേണ്ടതല്ലേ?

അങ്ങനെ ഞാൻ പുതിയൊരന്വേഷണം ആരംഭിച്ചു. സംസ്കാരവാഞ്ഛകൾക്കും സംസ്കാരപുരോഗതിക്കും അവശ്യം ആവശ്യമായ വിജ്ഞാനവും വിശ്വാസങ്ങളും എന്തെല്ലാമാണെന്നു ഞാൻ ചിന്തിച്ചുനോക്കി. 'പഴയ പാരമ്പര്യത്തിൻെറ അവകാശികളായ നമ്മൾ' എന്ന ഗ്രന്ഥം 'സംസ്കാരത്തിൻെറ തത്വശാസ്ത്രം' എന്ന പേരിൽ സംസ്കാരപുനരുത്ഥാനത്തെപ്പററിയുള്ള ഒന്നായി രൂപാന്തരപ്പെട്ടു.

അക്കാലത്തു പുഴയിലൂടെ ഒരു ദീർഘയാത്ര വേണ്ടിവന്നു. എൻെറ ഭാര്യയുടെ ആരോഗ്യത്തെ പരിഗണിച്ചു്, ഞാൻ ലോപ്പസ് മുനമ്പിലെ കടലോരത്തിൽ താമസിക്കയായിരുന്നു. അപ്പോൾ—1915 സെപ്തമ്പറിൽ—രോഗിണിയായ മഡാം സേലോവിനെ സന്ദശിക്കുവാൻ പുഴയിലൂടെ 160 നാഴിക ഞാൻ മേലോട്ടു യാത്രചെയ്തു. ഇൻഗോമോവിലെ പാതിരിയുടെ പത്നിയാണവർ. നിറയെ സാമാനം കയററിയ ഒരു വഞ്ചി വലിച്ചുപോവുന്ന ചെറുകപ്പലിലാണു് എൻെറ യാത്ര. ഞാനൊഴിച്ചു്, നാടന്മാരല്ലാതെ മററാരും അതിലുണ്ടായിരുന്നില്ല. ലാംബറീനിയിൽനിന്നുള്ള എൻെറ സ്നേഹിതൻ എമിൽ ഒഗൌമ അവരുടെ കൂടെയുണ്ടായിരുന്നു. യാത്രക്കു വേണ്ട ഭക്ഷണസാധനങ്ങൾപോലും എടുക്കുവാൻ എനിക്കു സമയം കിട്ടിയില്ല; അത്രയേറെ ബദ്ധപ്പാടോടെയാണു് ഞാൻ പുറപ്പെട്ടതു്. എങ്കിലും അവരുടെ ഭക്ഷണത്തിൽ കൂട്ടുചേരുവാൻ അവരെന്നെ അനുവദിച്ചു. പുഴയിലൂടെ ഞങ്ങൾ അരിച്ചുകയറി—മ

ണൽത്തിട്ടകൾക്കിടയിലുള്ള വെള്ളച്ചാൽ വിട്ടുപോവാതിരിപ്പാൻ ശ്രദ്ധിച്ചുകൊണ്ട്. വേനല്ക്കാലമായിരുന്നതിനാൽ, പുഴയിൽ വെള്ളം കുറവായിരുന്നു. ചിന്തയിലാണ്ടുകൊണ്ട്, ഞാൻ കപ്പലിൻെറ മേൽത്തട്ടിൽ ഇരുന്നു. മൌലികവും സാർവ്വലൌകികവുമായ ധർമ്മതത്വം കണ്ടുപിടിക്കുവാൻ പരിശ്രമിക്കയായിരുന്നു ഞാൻ. ഒരു തത്വചിന്തയിലും ഞാനിതു പ്രതിപാദിച്ചുകണ്ടിട്ടില്ല. പ്രശ്നത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിപ്പാൻവേണ്ടി, അന്യോന്യബന്ധമില്ലാത്ത വാചകങ്ങളെക്കൊണ്ടു കടലാസ്സുകൾ എഴുതി നിറച്ചു. മൂന്നാമത്തെ ദിവസം സന്ധ്യയ്ക്കു ഞങ്ങൾ ഒരു കൂട്ടം കണ്ടാമൃഗങ്ങളുടെ ഇടയിലൂടെ പോകയായിരുന്നു. ആ സമയത്തു്, അപ്രതീക്ഷിതമായ ഒരു വാക്കു് എൻെറ മനസ്സിൽ ഒളിവീശി: "ജീവിതഭക്തി". ഇരിമ്പുവാതിൽ തുറന്നുകഴിഞ്ഞു; കാട്ടിലെ വഴി തെളിഞ്ഞു കാണായി.

സുപ്രധാനമായ എൻെറ പ്രവൃത്തിക്കു് ആവശ്യമായ ചില തത്വചിന്താഗ്രന്ഥങ്ങൾ എൻെറ വശം ഉണ്ടായിരുന്നു. സൂറിച്ചിലെ ജന്തുശസ്ത്രജ്ഞനായ പ്രൊഫസർ ഡെ. സ്ട്രോളും പത്നിയുംകൂടി എനിക്കു വേണ്ട മററു പുസ്തകങ്ങളെല്ലാം എത്തിച്ചുതരികയും ചെയ്തു. സൂറിച്ചിലെ സുപ്രസിദ്ധബാക്ക്സംഗീതജ്ഞനായ റോബെട്ട് കോഫ്മാൻ—അദ്ദേഹത്തിൻെറ കൂടെ ഞാൻ പല തവണ കിന്നരം വായിച്ചിട്ടുണ്ടു്—ലോകവുമായുള്ള എൻെറ ബന്ധം ശിഥിലമാവാതെ നോക്കി.

എഴുതുവാൻ പരിപാടിയിട്ട ഗ്രന്ഥത്തിൻെറ ഘടനയെ പരിഗണിക്കാതെ, ഞാൻ സംഭരിച്ച സംഗതികളെല്ലാം കടലാസ്സിൽ എഴുതിവെച്ചു. ഞാൻ തീരെ ധൃതിപ്പെട്ടിരുന്നില്ല. തുടന്നു് ഓരോരോ വിഭാഗങ്ങൾ പൂർണ്ണമായി എഴുതിത്തീർത്തുതുടങ്ങി. മററുള്ളവർ കൊല്ലുന്നതിൽ വ്യാപൃതരായിരിക്കുമ്പോൾ എനിക്കു ജീവനെ രക്ഷിപ്പാനും സമാധാനയുഗത്തിൻെറ പിറവിയെ സഹായിക്കുന്ന

ഗ്രന്ഥരചനയിലേപ്പെട്ടവാനും സാധിക്കുന്നു. ഇതു വലിയൊരു ദൈവകാരുണ്യമായി എനിക്കു തോന്നി.

ഭാഗ്യവശാൽ എൻെറ വശമുള്ള മരുന്നുകളും മററും ഇപ്പോഴും തീൎന്നുപോയിട്ടില്ല. യുദ്ധം തുടങ്ങുന്നതിനു മുമ്പു വന്ന ഒരു കപ്പലിൽ എനിക്കാവശ്യമായ സാമാനങ്ങളെല്ലാം ധാരാളം വന്നിട്ടുണ്ടായിരുന്നു.

1916—'17 ലെ മഴക്കാലം ഞങ്ങൾ കടലോരത്തു കഴിച്ചുകൂട്ടി. ലാംബറീനിയിലെ അസഹ്യമായ ചൂടുകാരണം ഭാൎയ്യയുടെ ആരോഗ്യം ക്ഷയിച്ചുപോയിരുന്നു. ലോപ്പസ്സ്മുനമ്പിന്നടുത്തു്, ഒഗോവ്നദിയുടെ ശാഖാമുഖത്തു സ്ഥിതിചെയ്തിരുന്ന ഒരു വീടു് ഒരു മരക്കച്ചവടക്കാരൻ ഞങ്ങൾക്കു വിട്ടുതന്നു. പുഴയിലൂടെ ഒഴുകുന്ന മരത്തടികളുടെ മേൽനോട്ടം വഹിക്കുന്ന ഒരാൾ താമസിച്ചിരുന്ന വീടാണതു്. യുദ്ധംകാരണം അതു് ഒഴിഞ്ഞുകിടക്കയായിരുന്നു. മരക്കച്ചവടക്കാരൻെറ ദയക്കു പകരമെന്നോണം ഞാൻ അയാളുടെ നാടൻകൂലിവേലക്കാരുടെ കൂടെ ചേൎന്നു. അവിടെ കിടന്നിരുന്ന 'ഒക്കൂം'മരത്തടികൾ കൂട്ടിക്കെട്ടി കരയ്ക്കു കയററിയിടുകയായിരുന്നു അവർ. എന്തെന്നാൽ യൂറോപ്പിലേക്കു് എന്നാണു് അതെല്ലാം കപ്പൽ കയററി അയയ്ക്കാൻ തരപ്പെടുകയെന്നു പറയാൻ വയ്യ. ഈ ഭാരിച്ച പ്രവൃത്തി—രണ്ടോ മൂന്നോ ടൺ തൂക്കം വരുന്ന ഒരു തടി മേല്പോട്ടു കയററാൻ മണിക്കൂറുകൾതന്നെ വേണ്ടിവരും—വേലിയേററസമയത്തേ സാധ്യമാകൂ. വേലിയിറങ്ങിയാൽ ഞാനെൻെറ 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'വുമായി ഇരിപ്പാവും—രോഗികൾ ആ ഒഴിവുസമയം അവകാശപ്പെട്ടില്ലെങ്കിൽ!

# അദ്ധ്യായം എട്ട്

## ഗെറൈറസോണും സാങ്ഗ്റീമിയും

1917 സപ്തെംബറിൽ ഞാൻ ലാംബറീനിയിലെ പ്രവൎത്തനം പുനരാരംഭിച്ചുകഴിഞ്ഞതേയുള്ളു. അപ്പോഴേയ്ക്കും കല്പനവന്നു, യൂറോപ്പിലേയ്ക്കുള്ള അടുത്ത കപ്പലിൽ പുറപ്പെടുവാൻ. യുദ്ധത്തടവുകാൎക്കുള്ള കേമ്പിലേയ്ക്കാണ് ഞങ്ങളെ കൊണ്ടുപോകുന്നത്. ഭാഗ്യവശാൽ കുറച്ചു ദിവസം താമസിച്ചേ കപ്പൽ എത്തിയുള്ളു. അതുകൊണ്ടു ഞങ്ങളുടെ സാമാനങ്ങളും മരുന്നുകളും സാമഗ്രികളും പെട്ടികളിൽ അടക്കിവെയ്ക്കുവാൻ സമയം കിട്ടി. പാതിരിമാരും നാട്ടുകാരും അതിന്നെന്നെ സഹായിച്ചു. തുത്തനാകപ്പലകകൊണ്ടുള്ള ഒരു ചെറുപുരയ്ക്കകത്തു പെട്ടിയെല്ലാം നിക്ഷേപിക്കപ്പെട്ടു.

'സംസ്കാരത്തിന്റെ തത്വശാസ്ത്ര'മെന്ന പുസ്തകത്തിന്റെ കരടുപകൎപ്പുകൾ കയ്യിലെടുക്കേണ്ട കാൎയ്യം ആലോചിക്കതന്നെ വേണ്ട. ചുങ്കമുദ്യോഗസ്ഥന്മാർ അവയെ പിടിച്ചടക്കാതിരിക്കയില്ല. അതുകൊണ്ട് അമേരിക്കൻപാതിരിയായ ഫോർഡിന്നെ ഞാനതേല്പിച്ചു. അദ്ദേഹമക്കാലത്തു ലാംബറീനിയിൽ പ്രവൎത്തിക്കയായിരുന്നു. അദ്ദേഹം എന്നോടു പറകയാണ്, ഈ ഭാരിച്ച കടലാസുകെട്ടു പുഴയിലേയ്ക്കു വലിച്ചെറിയുവാനാണ് താൻ കൂടുതൽ ഇഷ്ടപ്പെടുകയെന്ന്! തത്വചിന്ത അനാവശ്യവും ആപൽക്കരവുമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പക്ഷേ ക്രിസ്തീയകാരുണ്യമോൎത്തു താനിതു സൂക്ഷിച്ചുകൊള്ളാമെന്നും യുദ്ധാവസാനത്തിൽ എന്നെ അതു തിരിച്ചേല്പിച്ചുകൊള്ളാമെന്നും അദ്ദേഹം ഏററു. എങ്കിലും എന്റെ ഗ്രന്ഥത്തിന്റെ ഭാവിയെക്കുറിച്ച് എനിക്ക് ആശങ്കകളുണ്ടായിരുന്നു. അതുകൊണ്ടു ഫ്രഞ്ചുഭാഷ

യിൽ അതിന്റെ ഒരു രത്നച്ചുരുക്കം ഞാനെഴുതിയുണ്ടാക്കി. രണ്ടു രാത്രിയിലെ പണിയായിരുന്നു അതു്. ഗ്രന്ഥത്തിലെ പ്രധാനാശയങ്ങളും പ്രതിപാദനക്രമവും അതിൽ ഉൾക്കൊള്ളിച്ചിരുന്നു. അധ്യായങ്ങൾക്കു യുക്തങ്ങളായ തലക്കെട്ടുകൾ ഞാനെഴുതിച്ചേർത്തു. ആകെക്കൂടികണ്ടാൽ 'പുനരുത്ഥാന'ത്തിന്റെ ചരിത്രപരമായ ഒരു പഠനമെന്നേ തോന്നുകയുള്ളൂ. ദൈനന്ദിനജീവിതത്തിൽനിന്നു വളരെ അകന്നതും അതുകൊണ്ടു നിരുപദ്രവകരവുമാണു് അതെന്നു പരിശോധകക്കു തോന്നുവാനാണു് ഞാനിങ്ങനെയെല്ലാം ചെയ്തതു്. ഉദ്ദിഷ്ടഫലം സിദ്ധിക്കയും ചെയ്തു. എത്ര തവണയാണു് പിടിച്ചെടുക്കലിൽനിന്നു് അതു രക്ഷപ്പെട്ടതു്!

പുറപ്പെടുന്നതിനു രണ്ടുദിവസം മുമ്പു്, അടക്കിവെച്ചതും അടക്കിവെയ്ക്കാത്തതുമായ സാമാനങ്ങളുടെ നടുവിൽവെച്ചു്, കുടലിറക്കത്തിന്നുള്ള ഒരു ശസ്ത്രക്രിയ ചെയ്യേണ്ടിവരികയുണ്ടായി.

പുഴയിലെ ചെറുകപ്പലിലേയ്ക്കു ഞങ്ങളെ കൊണ്ടുപോയപ്പോൾ നാട്ടുകാർ പുഴവക്കിൽ നിന്നുകൊണ്ടു ഞങ്ങൾക്കു സ്നേഹപൂർണ്ണമായൊരു യാത്രയയപ്പു നല്കി. കത്തോലിക്കാപുരോഹിതസംഘത്തിന്റെ തലവനായ പാതിരി കപ്പലിലേയ്ക്കു കയറിവന്നു. തന്നെ തടഞ്ഞ നാട്ടുപട്ടാളക്കാരെ അധികാരമട്ടിൽ മാററി നിർത്തി, അദ്ദേഹം ഞങ്ങളെ സമീപിച്ചു. ഹസ്തദാനംചെയ്തുകൊണ്ടദ്ദേഹം പറഞ്ഞു: "നിങ്ങൾ ചെയ്ത നല്ല കാര്യങ്ങൾക്കു ഞാൻ നന്ദി പറഞ്ഞല്ലാതെ, നിങ്ങൾ രാജ്യം വിടുവാൻ പാടില്ല." പിന്നീടൊരിക്കലും ഞങ്ങൾ അന്യോന്യം കണ്ടിട്ടില്ല. ഞങ്ങളെ യൂറോപ്പിലേയ്ക്കു കൊണ്ടുപോയ 'ആഫ്രിക്' എന്ന കപ്പൽ യുദ്ധശേഷം ബിസ്കേ ഉൾക്കടലിൽ തകന്നു മുങ്ങിപ്പോയി. അതിൽ അദ്ദേഹവും നിര്യാതനായി.

ലോപ്പസ് മുനമ്പിൽവെച്ചു് ഒരു വെള്ളക്കാരൻ എന്റെ അടുത്തേയ്ക്കു പതുങ്ങി വന്നു. അദ്ദേഹത്തിന്റെ ഭായ്യ എന്റെ ചികിത്സയിലായിരുന്നു. എനിക്കാവശ്യമുണ്ടെങ്കിൽ കുറച്ചു പണം

തരുവാനാഗ്രഹിച്ചാണ് അദ്ദേഹം വന്നതു്. യുദ്ധത്തെ ഭയന്നു ഞാൻ മുമ്പു സ്വർണ്ണം കരുതിക്കൊണ്ടുവന്നതു് എത്ര വിവേകപൂർവ്വമായി! പുറപ്പെടുന്നതിന്നു് ഒരു മണിക്കൂർ മുമ്പു് എനിക്കു പരിചിതനായ ഒരിംഗ്ലീഷുമരക്കച്ചവടക്കാരനെ ചെന്നു കാണുകയും എൻെറ പക്കലുണ്ടായിരുന്ന സ്വർണ്ണം കൊടുത്തു ലാഭകരമായ വിധത്തിൽ ഫ്രെഞ്ചുനോട്ടുകൾ വാങ്ങുകയും ചെയ്തിരുന്നു. ഭാര്യയും ഞാനും ഞങ്ങളുടെ വസ്ത്രങ്ങളിൽ നോട്ടെല്ലാം തുന്നിക്കെട്ടിയിരുന്നു.

കപ്പലിൽ ഞങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്നതു വെള്ളക്കാരനായ ഒരു സൈനികോദ്യോഗസ്ഥനായിരുന്നു. ഞങ്ങൾക്കു വേണ്ടി നിയോഗിക്കപ്പെട്ട ഒരു പരിചാരകനൊഴിച്ചു മററാരോടും സമ്പക്കം പുലത്തുവാൻ ഞങ്ങൾക്കു പാടില്ലായിരുന്നു. ക്ലുപ്തസമയങ്ങളിൽ ഞങ്ങളെ കപ്പലിൻെറ മേൽത്തട്ടിൽ അയാൾ കൊണ്ടുചെല്ലും. എഴുതുവാൻ സാധ്യമായിരുന്നില്ല! അതുകൊണ്ടു ബൊക്കിൻേറയും വീഡോറുടേയും സംഗീതകൃതികൾ മനഃപാഠമാക്കിയാണ് ഞാൻ സമയം കഴിച്ചതു്.

ഞങ്ങളുടെ പരിചാരകൻ—എൻെറ ഓമ്മ ശരിയാണെങ്കിൽ, ഗെയ്യാർ എന്നാണയാളുടെ പേർ—ഞങ്ങളോടു നല്ലപോലെ പെരുമാറി. യാത്രാവസാനത്തിൽ അയാൾ ഞങ്ങളോടു ചോദിച്ചു, തടവുകാരോടു സാധാരണ കാണിക്കാറില്ലാത്ത ദയ ഞങ്ങളോടുള്ള പെരുമാററത്തിൽ പ്രകടിപ്പിച്ചുകണ്ടില്ലേയെന്നു്. അയാൾ പൊങ്ങച്ചഭാവത്തിൽ ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്കു ഞാനെപ്പോഴും വളരെ വെടിപ്പോടുകൂടിയാണ് ഭക്ഷണം തരാറു്. കൂടുതൽ വൃത്തികേടു നിങ്ങളുടെ മുറിയിൽ ഇല്ലതാനും." (ഇപ്പറഞ്ഞതു ശരിയാണ്, യുദ്ധകാലത്തെ ആഫ്രിക്കൻകപ്പലുകളുടെ താരതമ്യേനയുള്ള വൃത്തികേടു നോക്കുമ്പോൾ) അയാൾ തുടന്നു: "എന്തുകൊണ്ടാണിതെന്നു നിങ്ങൾക്കറിയാമോ? നല്ലൊരു സമ്മാനവുമുണ്ടാവുമെന്നുവെച്ചൊന്നുമല്ല. തടവുകാരിൽനിന്നു് അതു പ്രതീക്ഷിക്കവയ്യല്ലോ. പിന്നെ എന്തിനെന്നല്ലേ? ഞാൻ പറയാം.

കുറച്ചുമാസങ്ങൾക്കു മുമ്പു ഗോഷെ എന്നു പേരായ ഒരാൾ ഈ കപ്പലിലാണ് വീട്ടിലേയ്ക്കു മടങ്ങിയതു്. അദ്ദേഹം എൻെറ മുമതലയിൽപ്പെട്ട മുറികളിലൊന്നിലാണ് താമസിച്ചിരുന്നതു്. വളരെക്കാലം അദ്ദേഹം നിങ്ങളുടെ ഒരു രോഗിയായിരുന്നു. അധികം ചെല്ലുംമുമ്പു ലാംബറീനിയിലെ ഡോക്ടറെ തടവുകാരനായി യൂറോപ്പിലേയ്ക്കു കൊണ്ടുപോയേയ്ക്കുമെന്നു് അദ്ദേഹമെന്നോടു പറഞ്ഞിരുന്നു. ഡോക്ടർ എൻെറ കപ്പലിലാണ് യാത്രചെയ്യാൻ ഇടയാവുന്നതെങ്കിൽ തനിക്കുവേണ്ടി ആവുന്ന സഹായമെല്ലാം ചെയ്തുകൊടുക്കണമെന്നു് അദ്ദേഹമെന്നെ ഏല്പിച്ചിരുന്നു. ഇപ്പോൾ മനസ്സിലായില്ലേ, ഞാൻ നിങ്ങളോടു നന്നായി പെരുമാറിയതിൻെറ കാരണം?''

ബോർഡോവിലെത്തിയശേഷം ബെൽവിൽത്തെരുവിൽ താല്ക്കാലികമായുണ്ടാക്കിയ പാളയങ്ങളിലാണ് മൂന്നാഴ്ച ഞങ്ങളെ താമസിപ്പിച്ചതു്. അവിടെ എത്തിയ ഉടനെ എനിക്കു് അതിസാരം പിടിപെട്ടു. ഭാഗ്യവശാൽ എൻെറ സഞ്ചിയിൽ കുറച്ചു് 'എമററിൻ' ഉണ്ടായിരുന്നു. ഞാനതുകൊണ്ടു രോഗത്തോടു പൊരുതി. എന്നാലും അതിൻെറ അനന്തരഫലങ്ങളിൽനിന്നു ഞാൻ വളരെക്കാലം കഷ്ടപ്പെട്ടു.

പിരണീസ്മലകളിൽ ഗെറൈസോണിലുള്ള വലിയ തടങ്ങൽക്കേമ്പിലേയ്ക്കാണ് ഞങ്ങളെ പിന്നീടു കൊണ്ടുപോയതു്. രാത്രിതന്നെ പുറപ്പെടുവാൻ തയ്യാറായിക്കൊള്ളണമെന്ന ഒരു കല്പന ഞങ്ങൾക്കു കിട്ടി. അടുത്ത ദിവസം പുറപ്പെടുവാനാണ് കല്പനയെന്നു ഞങ്ങൾ തെററിദ്ധരിച്ചുപോയി. തൽഫലമായി, അർദ്ധരാത്രിയിൽ ഞങ്ങൾക്കുള്ള വണ്ടിയുമായി രണ്ടു പട്ടാളക്കാർ വന്നപ്പോൾ, ഞങ്ങൾ യാത്രയ്ക്കൊരുങ്ങിയിട്ടേയുണ്ടായിരുന്നില്ല. ഇതു ഞങ്ങളുടെ അനുസരണക്കേടാണെന്നു ധരിച്ചു്, അവർ ശുണ്ഠിയെടുത്തു. മങ്ങിയ മെഴുകുതിരിവെളിച്ചത്തിൽ സാമാനങ്ങളെല്ലാം അടക്കിക്കെട്ടുവാൻ വളരെ സമയം പിടിച്ചു. ഇതിൽ അക്ഷമരായ

പട്ടാളക്കാർ ഞങ്ങളെ കൊണ്ടുപോരാൻ ശ്രമിച്ചു, സാമാനങ്ങളെല്ലാം അവിടെ ഇട്ടേച്ചുകൊണ്ടു്. എന്നാലൊടുവിൽ അവക്കു ദയ തോന്നി. ഞങ്ങളുടെ സാമാനങ്ങൾ പെട്ടികളിൽ കുത്തിനിറയ്ക്കുവാൻ അവരും കൂടി. അക്ഷമ ന്യായീകരിക്കാവുന്ന സന്ദർഭത്തിൽപ്പോലും, മററുള്ളവരോടു ക്ഷമയോടെ പെരുമാറുവാൻ ആ പട്ടാളക്കാരുടെ ഓർമ്മ എനിക്കു പ്രചോദനം നല്കാറുണ്ടു്.

ഞങ്ങൾ ഗെറൈസോണിലെത്തി. കാവൽനിന്നിരുന്ന ഒരു സൈനികോദ്യോഗസ്ഥൻ ഞങ്ങളുടെ സാമാനങ്ങൾ പരിശോധിച്ചു. അതിൽ അരിസ്റ്റോട്ടിലിൻെറ 'രാഷ്ട്രീയകാര്യങ്ങൾ' എന്ന ഗ്രന്ഥത്തിൻെറ ഫ്രഞ്ചുവിവർത്തനമുണ്ടായിരുന്നു. 'സംസ്കാരത്തിൻെറ തത്വശാസ്ത്രം' എഴുതുവാൻ ആവശ്യമായേയ്ക്കുമെന്നു കരുതിയാണു് ഞാനാ പുസ്തകം കയ്യിലെടുത്തിരുന്നതു്. ഉദ്യോഗസ്ഥൻ ഗർജ്ജിച്ചു: "എന്തക്രമമാണിതു്? യുദ്ധത്തടങ്കൽക്കേമ്പിലേയ്ക്കു് ഇവർ രാഷ്ട്രീയഗ്രന്ഥങ്ങളും കൊണ്ടുവന്നുതുടങ്ങിയോ?" ഞാൻ പതുക്കെ പറഞ്ഞു, ഈ പുസ്തകം ക്രിസ്തുവിൻെറ ജനനത്തിനെത്രയോ മുമ്പു് എഴുതപ്പെട്ടതാണെന്നു്. "അതു ശരിയാണോ? ഹേ, പണ്ഡിതാ!" അടുത്തു നിന്നിരുന്ന ഒരു പട്ടാളക്കാരനോടു് ഉദ്യോഗസ്ഥൻ ചോദിച്ചു. അയാൾ എൻെറ പ്രസ്താവനയെ ശരിവെച്ചു. "എന്തു്? ഇത്ര കൊല്ലംമുമ്പും ആളുകൾ രാഷ്ട്രീയം പറഞ്ഞിരുന്നുവോ?" ഉദ്യോഗസ്ഥൻ വീണ്ടും ചോദിച്ചു. ഉവ്വെന്നു ഞങ്ങൾ മറുപടി പറഞ്ഞപ്പോൾ, അദ്ദേഹം ചോദിച്ചു: "ഏതായാലും, അന്നുള്ളവർ സംസാരിച്ചതിൽനിന്നു വ്യത്യസ്തമായ രീതിയിലാണു് ഇന്നുള്ളവർ സംസാരിക്കുന്നതു്. അതുകൊണ്ടു്, എന്നെസ്സംബന്ധിച്ചിടത്തോളം, പുസ്തകം കൈവശംവെയ്പാൻ വിരോധമില്ല."

ഗെറൈസോണിൽ മുമ്പു വലിയൊരു സന്യാസിമഠമുണ്ടായിരുന്നു. വിദൂരപ്രദേശങ്ങളിൽനിന്നു രോഗികൾ അങ്ങോട്ടു തീർത്ഥാടനത്തിന്നു വരിക പതിവാണു്. പള്ളിയും ഗവർമ്മേണ്ടും തമ്മിലുള്ള ബന്ധം ഇല്ലാതായപ്പോൾ, സന്യാസിമഠം ഒഴിഞ്ഞുകിടപ്പായി-

ക്രമത്തിൽ അതു നശിച്ചുകൊണ്ടേയിരിക്കയായിരുന്നു. യുദ്ധം വന്നപ്പോൾ, ശത്രുരാജ്യങ്ങളിലെ പ്രജകളെ അതിൽ പാൎപ്പിച്ചുതുടങ്ങി. ഒരു കൊല്ലത്തിനകം കെട്ടിടം വീണ്ടും നല്ല നിലയിലായി. തടവുകാരിൽ പുരപണിക്കാരുണ്ടായിരുന്നു; അവരാണു് അതു നന്നാക്കിയതു്. വെച്ചി എന്നു പേരായ ഒരാളായിരുന്നു അവിടത്തെ ഗവൎണ്ണർ. ജോലിയിൽനിന്നു പിരിഞ്ഞ ഒരു 'കൊളോണിയൽ' ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം, ഒരു 'തിയോസൊഫിസ്ററു'കൂടിയായിരുന്ന അദ്ദേഹം, തൻെറ ചുമതലകൾ നിൎവ്വഹിക്കുന്നതിൽ മര്യാദയും ദയയും കാണിച്ചിരുന്നു. അദ്ദേഹത്തിൻെറ മുൻഗാമി വളരെ കഠിനഹൃദയനും കണിശക്കാരനുമായിരുന്നതുകൊണ്ടു്, വെച്ചിയുടെ ഗുണങ്ങൾ കൂടുതൽ നന്ദിയോടെ അംഗീകരിക്കപ്പെട്ടു.

ഞങ്ങൾ ഗെറൈസോണിൽ എത്തിയതിൻെറ പിറേറന്നാൾ, ഞാൻ തണുത്തുവിറച്ചുകൊണ്ടു മുററത്തു നില്ക്കുകയായിരുന്നു. ഒരു തടവുകാരൻ എന്നെ സമീപിച്ചു. തൻ മില്ലിലെ എഞ്ചിനീയറായ ബോക്കേലോ ആണെന്നു് അദ്ദേഹം സ്വയം പരിചയപ്പെടുത്തി. എന്തു സേവനമാണു് എനിക്കു് ആവശ്യമെന്നു് അന്വേഷിച്ചു. അദ്ദേഹം എനിക്കു കടപ്പെട്ടവനത്രേ; അദ്ദേഹത്തിൻെറ ഭാര്യയുടെ ദീനം മാറിയതു ഞാൻകാരണമാണുപോലും. അതു ശരിയാണു്—ഞാനവളേയും അവൾ എന്നേയും അറിയില്ലെങ്കിലും. സംഗതി ഇതാണു്: യുദ്ധാരംഭത്തിൽ, ഹാംബൎഗ്ഗിലെ ഒരു മരക്കമ്പനിയുടെ പ്രതിനിധിയായ റിച്ചേർഡ് ക്ലാസ്സൻ എന്നൊരാളെ ലാംബറീനിയിൽനിന്നു ഡഹോമിയിലെ യുദ്ധത്തടവുകേമ്പിലേക്കു കൊണ്ടുപോവുകയുണ്ടായി. അയാളുടേയും മററു തടവുകാരുടേയും ഉപയോഗത്തിന്നായി, ഞാൻ ഒട്ടധികം മരുന്നുകൾ അയാൾവശം കൊടുത്തേല്പിച്ചു. ഓരോ കുപ്പിയിലും വിശദമായ ഉപയോഗക്രമം എഴുതി ഒട്ടിച്ചിരുന്നു. ഡഹോമിയിൽനിന്നു് അയാളെ ഫ്രാൻസിലേക്കു കൊണ്ടുപോയി. ബോക്കേലോവും പത്നിയും താമസിച്ചിരുന്ന അതേ കേമ്പിലേക്കുതന്നെയാണു് അയാളേയും കൊണ്ടു

പോയതു്. മിസിസ്സ് ബോക്കേലോവിന്നു രുചിക്ഷയവും ഞരമ്പുതളച്ചയും ഉണ്ടായപ്പോൾ, തന്റെ കയ്യിലുണ്ടായിരുന്ന ചില മരുന്നുകൾ ക്ലാസ്സൻ അവൾക്കു കൊടുത്തു. പൂർണ്ണസുഖം ലഭിക്കയും ചെയ്തു. പരിശോധകരുടെ ദൃഷ്ടിയിൽനിന്നു് ഈ മരുന്നെല്ലാം മറച്ചുവെയ്ക്കുവാൻ ക്ലാസ്സന്നു കഴിഞ്ഞതു് ഒരു മഹാത്ഭുതംതന്നെയാണു്. ദീനം സുഖപ്പെട്ടതിന്നുള്ള പ്രതിഫലം എനിക്കിപ്പോൾ കിട്ടി—ഒരു മേശ. തട്ടിൻപുറത്തുനിന്നോ മറ്റോ പൊളിച്ചെടുത്തു കൊണ്ടുവന്ന മരക്കഷണങ്ങൾകൊണ്ടു ബോക്കേലോ എനിക്കുവേണ്ടി ഉണ്ടാക്കിയതാണതു്. ഇനിമേൽ എനിക്കെഴുതുവാൻ കഴിയും........കിന്നരം വായിപ്പാനും! കപ്പലിൽവെച്ചുതന്നെ ഞാൻ കിന്നരാഭ്യാസം തുടങ്ങിയിരുന്നു—കിന്നരം മേശപ്പുറമാണു്; 'ചവിട്ടു്' നിലവും. കുട്ടിക്കാലത്തു ഞാനിങ്ങനെ പതിവുണ്ടായിരുന്നു.

കുറച്ചു ദിവസങ്ങൾക്കുശേഷം, 'ജിപ്സി' * പാട്ടുകാരുടെ തലവൻ എന്നെ സമീപിച്ചു. ഞങ്ങളുടെ കൂടെ ജിപ്സികളെയും തടങ്ങലിൽ പാർപ്പിച്ചിരുന്നു. റൊമേങ്ങ്റൊള്ളാങ്ങിന്റെ സംഗീതപുസ്തകത്തിൽ കാണുന്ന ആൽബർട്ട് ഷെപറഡ്സർതന്നെയാണോ ഞാനെന്നു തലവൻ എന്നോടു ചോദിച്ചു. അതേയെന്നു ഞാൻ പ്രതിവചിച്ചപ്പോൾ അയാൾ പറഞ്ഞു, ഇനിമേൽ എന്നേയും അവരുടെ സംഘത്തിലെ ഒരംഗമായി കണക്കാക്കുമെന്നു്. അതിന്റെ അർത്ഥം ഇതാണു്: തട്ടിൻപുറത്തു വെച്ചുള്ള പാട്ടുകളിൽ എനിക്കും പങ്കുചേരാം; ഞങ്ങളുടെ പിറന്നാളുകളിൽ പ്രത്യേകമായ പാട്ടുകച്ചേരികൾ നടത്തപ്പെടുകയും ചെയ്യും. എന്റെ ഭാര്യ അവളുടെ പിറന്നാൾദിവസം ഉണർന്നതു് അവരുടെ അത്ഭുതകരമായ പാട്ടു കേട്ടാണു്. പാരീസ്സിലെ ഒന്നാംകിട ഭക്ഷണശാലകളിൽ പാടുവാൻ ഇവരെ സാധാരണയായി അനുവദിക്കാറുണ്ടു്. ഇവരുടെ

---

* അലഞ്ഞുനടക്കുന്ന ഒരു കൂട്ടർ. നമ്മുടെ കുറവരോടു് അവരെ ഉപമിക്കാം.—വിവർത്തകൻ.

കുലത്തൊഴിൽ സംഗീതമായതുകൊണ്ടു് അവരുടെ സംഗീതോപകരണങ്ങൾ കയ്യിൽ വെയ്ക്കുവാൻ തടവുകാരായി പിടിച്ചശേഷവും അവരെ അനുവദിച്ചിരുന്നു. ഇപ്പോൾ കേമ്പിൽവെച്ച സംഗീതാഭ്യസനം നടത്തുവാനും അവക്കു സ്വാതന്ത്ര്യമുണ്ടു്.

ഗെറൈസോണിൽ ഞങ്ങളെത്തി ഏറെക്കഴിയുംമുമ്പു മററു ചിലരെക്കൂടി അങ്ങോട്ടു കൊണ്ടുവന്നു. പിരിച്ചുവിടപ്പെട്ട മറെറാരു കേമ്പിൽ ഉണ്ടായിരുന്നവരാണു് അവർ. ഭക്ഷണം പാകംചെയ്യുന്നതിലുള്ള പോരായ്മകളെപ്പററി അവർ ഉടനെത്തന്നെ പിറുപിറുക്കാൻ തുടങ്ങി. തടവുകാരുടെ ഇടയിൽ അടുക്കളപ്പണി അസൂയാവഹമായ ഒരു തൊഴിലാണു്. അതിന്നു നിയുക്തരായ തടവുകാരെ അവർ ശകാരിച്ചു; ജോലിക്കു കൊള്ളരുതാത്തവരെന്നു് അധിക്ഷേപിച്ചു. തൽഫലമായി കേമ്പിലെ അന്തരിക്ഷം ചൂടുപിടിച്ചു. എന്തെന്നാൽ അടുക്കളപ്പണിക്കാരായ തടവുകാർ മുമ്പുതന്നെ വെപ്പുകാരായിരുന്നവരാണു്. പാരീസിലെ ഒന്നാംതരം ഹോട്ടലുകളിൽനിന്നും കാപ്പിക്കടകളിൽനിന്നും വന്നവരാണു് അവർ. കായ്യം ഗവണ്ണരുടെ അടുക്കലെത്തി. ആക്ഷേപക്കാരിൽ വെപ്പുകാരായി ആരെല്ലാമാണുള്ളതെന്നു് അദ്ദേഹം ചോദിച്ചു. ഒരൊററ വെപ്പുകാരനെങ്കിലും അക്കൂട്ടത്തിലുണ്ടായിരുന്നില്ല. അവരുടെ നേതാവു് ഒരു ചെരുപ്പുകുത്തിയായിരുന്നു; മററുള്ളവർ തുന്നല്ലുകാരും തൊപ്പിപ്പണിക്കാരും കൊട്ടമിടച്ചല്ലുകാരും 'ബ്രഷു'പണിക്കാരും മററുമായിരുന്നു. എന്നിരുന്നാലും, പഴയ കേമ്പിൽ തങ്ങൾക്കു് അടുക്കളയിലായിരുന്നു ജോലിയെന്നും വളരെ ആളുകൾക്കു് ഒരുമിച്ചു ഭക്ഷണം തയ്യാറാക്കുന്നതിൽ തങ്ങൾ വിദഗ്ദ്ധരാണെന്നും അവർ പറഞ്ഞു. കുറേശ്ശയായി പാകംചെയ്യുന്നപോലെത്തന്നെ സ്വാദുണ്ടായിരിക്കും, തങ്ങൾ കേമ്പിലേയ്ക്കാകെ ഒന്നിച്ചുവെച്ചുണ്ടാക്കിയാലെന്നു് അവർ അവകാശപ്പെട്ടു. പരീക്ഷണാത്ഥം അവർ രണ്ടാഴ്ചക്കാലത്തേയ്ക്കു് അടുക്കള ഏറെറടുക്കട്ടെയെന്നു ഗവണ്ണർ തീരുമാനിച്ചു. അവർ മററുള്ളവരെ അതിശയിച്ചുവെങ്കിൽ ജോ

ലിയിൽ അവരെ സ്ഥിരമാക്കും. അല്ലെങ്കിലോ, അവരെ പ്രത്യേകമുറിയിലാക്കി പൂട്ടിയിട്ടും, സമാധാനഭംഗം വരുത്തിയെന്ന കുററത്തിന്നു്. ആദ്യദിവസംതന്നെ അവർ തെളിയിച്ചു, തങ്ങൾ കൂട്ടത്തിലൊന്നും അവകാശപ്പെട്ടിട്ടില്ലെന്നു്. തുടർന്നുള്ള ഓരോ ദിവസവും പുതിയ പുതിയ വിജയങ്ങൾക്കു സാക്ഷ്യം വഹിച്ചു. അങ്ങനെ വെപ്പുകാരല്ലാത്തവർ വെപ്പുകാരായി. ശരിയായ വെപ്പുകാരോ, അടുക്കളയിൽനിന്നു പുറംതള്ളപ്പെടുകയും ചെയ്തു. അവരുടെ വിജയരഹസ്യത്തെപ്പററി ചെരിപ്പുകുത്തിയോടു ഞാൻ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: "ഒരുവനു പല കാര്യങ്ങളും അറിഞ്ഞിരിക്കണം. എന്നാൽ ക്രൂരോട്ടും ശ്രദ്ധയോടുംകൂടി വെപ്പിന്നൊരുങ്ങണമെന്നതാണു് പ്രധാനകാര്യം." ഇതു് എനിക്കു് ഒരു പാഠമായിരുന്നു. വകുപ്പുകളുടെ പ്രവൎത്തനത്തെപ്പററി യാതൊന്നുമറിയാത്ത ഒരാളെ മന്ത്രിയായി നീയമിച്ചിരിക്കുന്നുവെന്നു കേൾക്കുമ്പോൾ ഞാൻ വല്ലാതെ ക്ഷുഭിതനാവാറുണ്ടു്. ഇപ്പോഴതില്ലാതായിരിക്കുന്നു. ഗെറൈസോണിലെ ചെരിപ്പുകുത്തിയെപ്പോലെ, മന്ത്രിയും പുതുജോലികൾക്കു യോഗ്യനായിക്കൊള്ളുമെന്നു് ആശിക്കമാത്രമാണു് ഞാനിപ്പോൾ പതിവു്.

തടവുകാരിൽ ഡോക്ടറായി ഞാൻമാത്രമേ ഉണ്ടായിരുന്നുള്ളു. ഇതു വളരെ അസാധാരണമായി എനിക്കു തോന്നി. ഞങ്ങളെത്തിയപ്പോൾ ഗവൎണ്ണർ കൎശനമായി കല്പിച്ചിരുന്നു, ഞാൻ രോഗികളെ തൊട്ടുപോകരുതെന്നു്. അതു കേമ്പുഡോക്ടരുടെ ചുമതലയാണു്. അയൽപ്രദേശത്തുള്ള പഴയ ഒരു നാടൻഡോക്ടരായിരുന്നു കേമ്പുഡോക്ടർ. എന്നാൽ അധികദിവസം ചെല്ലുംമുമ്പു ഗവൎണ്ണൎക്കുതന്നെ തോന്നിത്തുടങ്ങി, എന്റെ കഴിവുകളുടെ മെച്ചങ്ങൾ കേമ്പിന്നു നിഷേധിക്കേണ്ടതില്ലെന്നു്. അതുപോലെത്തന്നെ ദന്തവൈദ്യന്മാരുടെ സേവനങ്ങളും സ്വീകരിക്കപ്പെട്ടു. ഞങ്ങളുടെ കൂട്ടത്തിൽ ധാരാളം ദന്തവൈദ്യന്മാരുണ്ടായിരുന്നു. രോഗികളെ പരിശോധിക്കുന്നതിന്നുപയോഗിപ്പാൻ ഒരു മുറി എനി

ക്കു സ്വന്തമായൊഴിച്ചുകിട്ടുകപോലും ചെയ്തു. എന്റെ പെട്ടികളിൽ പ്രധാനമായി മരുന്നുകളും സാമഗ്രികളുമാണുണ്ടായിരുന്നതു്. നിഷ്കൃഷ്ടമായ പരിശോധനയ്ക്കുശേഷം എനിക്കതെല്ലാം മടക്കിക്കിട്ടി. അതുകൊണ്ടു രോഗശുശ്രൂഷയ്ക്കാവശ്യമായ എല്ലാംതന്നെ എന്റെ പക്കൽ ഉണ്ടായിരുന്നു. കോളണികളിൽനിന്നു വരുന്നവക്കും ഉഷ്ണരാജ്യരോഗങ്ങൾ ബാധിച്ചവക്കും ഏററവും ഫലപ്രദമായ സഹായം ചെയ്യാൻ എനിക്കു കഴിഞ്ഞു.

അങ്ങനെ ഞാൻ വീണ്ടും ഒരു ഡോക്ടറായി. ഒഴിവുസമയം വല്ലതും കിട്ടിയാൽ ഞാൻ പുസ്തകമെഴുത്തു തുടരും; മേശപ്പുറവും നിലവുമുപയോഗിച്ചു കിന്നരാഭ്യാസം നടത്തും.

ഒരു വൈദ്യനെന്ന നിലയ്ക്കു കേമ്പിലെ വിവിധമായ കഷ്ടപ്പാടുകളിലേയ്ക്കു് എത്തിനോക്കുവാൻ എനിക്കു കഴിഞ്ഞു. തടവിന്റെ ഫലമായി ശരീരപീഡകളനുഭവിച്ചിരുന്ന ആളുകളുടെ കഥയായിരുന്നു ഏററവും ദയനീയം. കാലത്തു മുററത്തിറങ്ങാൻ ഞങ്ങളെ അനുവദിക്കുന്ന സമയംതൊട്ടു സന്ധ്യയ്ക്കുള്ള കാഹളനാദം ഞങ്ങളെ അവിടെനിന്നാട്ടിയോടിക്കുന്നതുവരെ അവർ മുററത്തിനു ചുററും ഓടിക്കൊണ്ടേയിരിക്കും. വെളുത്തു മിന്നിത്തിളങ്ങുന്ന പിരണീസ്പവ്വതനിരകളിലേയ്ക്കായിരിക്കും എപ്പോഴും അവരുടെ നോട്ടം. എന്തെങ്കിലുമൊരു ജോലിയിലേപ്പെടുവാനുള്ള ആന്തരികശക്തി അവക്കു നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മഴ പെയ്തു തുടങ്ങിയാൽ അവർ ഇടനാഴികളിൽ ഉദാസീനരായി കൂട്ടംകൂടി നില്ക്കും. അവരിൽ മിക്കവരും പോഷണക്കുറവിന്റെ കെടുതികളും അനുഭവിച്ചിരുന്നു. ഒരു തടങ്ങൽക്കേമ്പിന്റെ നിലവാരം വെച്ചു നോക്കുമ്പോൾ ഭക്ഷണം നല്ലതായിരുന്നെങ്കിലും അതിന്റെ വൈവിധ്യമില്ലായ്മ ആളുകളെ അതിവേഗം മടുപ്പിച്ചു. പലരും വേണ്ടത്ര ഭക്ഷിക്കാതായി. മുറികളിലെ അതിശൈത്യംകൊണ്ടും പലരും കഷ്ടപ്പെട്ടു. മുറികൾ ചൂടുപിടിപ്പിക്കുവാനുള്ള ഏപ്പാടുകൾ ഉണ്ടായിരുന്നില്ല. ശാരീരികമായും ആത്മീയമായും ദുർബ്ബല

രായ ഇക്കൂട്ടക്കു ചെറിയൊരു സുഖക്കേടു മതി, വലിയൊരു രോഗമായി മാറാൻ. അതിനെ ശരിയായി മനസ്സിലാക്കി ചികിത്സിക്കുവാൻ ഏറ്റവും വിഷമവുമാണ്. പുറംരാജ്യങ്ങളിൽ തങ്ങൾ കരസ്ഥമാക്കിയിരുന്ന പദവി നഷ്ടപ്പെട്ടതിലുള്ള സങ്കടം പലരേയും ഉന്മേഷരഹിതരാക്കിത്തീർത്തു. ഗെറൈസോണിലെ പടിവാതിൽ തുറക്കപ്പെടുകയും അവരെ മോചിപ്പിക്കുകയും ചെയ്താൽ എങ്ങോട്ടാണ് പോകേണ്ടതു്, എന്താണ് ചെയ്യേണ്ടതു് എന്നൊന്നും അവക്കു വിവരമുണ്ടായിരുന്നില്ല. പലരും ഫ്രെഞ്ച്സ്ത്രീകളെയാണ് വിവാഹം കഴിച്ചിട്ടുണ്ടായിരുന്നതു്. അവരുടെ കുട്ടികൾക്കു ഫ്രെഞ്ചല്ലാതെ മറെറാരു ഭാഷയും അറിഞ്ഞുകൂടാ. ഇവർ വീടു വിട്ടു പുറത്തുപോകുവാൻ തയ്യാറാവുമോ? അല്ലെങ്കിൽ, യുദ്ധശേഷവും, മുമ്പത്തേപ്പോലെത്തന്നെ പുറംരാജ്യങ്ങളിൽപ്പോയി ജോലിക്കുവേണ്ടി ഇനിയും കഷ്ടതകളനുഭവിക്കേണ്ടിവരുമോ?

തടങ്ങൽക്കേമ്പിന്റെ സന്താനങ്ങളായ ഇക്കൂട്ടർതമ്മിൽ മുററത്തും ഇടനാഴികളിലുംവെച്ചു ദിവസേന ഘോരസമരങ്ങൾ നടക്കാറുണ്ട്. തണുത്തു മരവിച്ചു വിളർത്തുപോയ അവരിൽ മിക്കവരും ഫ്രെഞ്ച് സംസാരിക്കുന്നവരാണ്. ചിലർ സഖ്യകക്ഷികളുടെ ഭാഗത്താണ്; മററുചിലർ കേന്ദ്രശക്തികളുടെ ഭാഗത്തും.

കുറച്ചെങ്കിലും ആരോഗ്യവും ഓജസ്സും നിലനിർത്തുവാൻ സാധിച്ചവക്കു കേമ്പിൽ ആസ്വാദ്യമായി പലതുമുണ്ടായിരുന്നു. എന്നെന്നാൽ അവിടെക്കാണാത്ത രാജ്യക്കാരും അവിടെയില്ലാത്ത തൊഴില്ക്കാരും വളരെ കുറവാണ്. യുദ്ധാരംഭത്തിൽ പാരീസിൽ പെട്ടുപോയ പണ്ഡിതന്മാർ, കലാകാരന്മാർ, പ്രത്യേകിച്ചു ചിത്രമെഴുത്തുകാർ; വലിയ പാരീസ്കമ്പനികളിൽ ജോലിയെടുത്തിരുന്ന ജമ്മൻകാരും ആസ്ത്രിയക്കാരുമായ ചെറിപ്പക്കുത്തികൾ, തുന്നല്ക്കാർ; ഫ്രാൻസിലും കോളനികളിലും സ്ഥിരതാമസമാക്കിയിരുന്ന ബാങ്കുഡയറക്ടർമാർ, ഹോട്ടൽമാനേജർമാർ, ഹോട്ടൽജോലിക്കാർ, എഞ്ചിനീയർമാർ, ശില്പികൾ, കൈവേലക്കാർ, കച്ചവട

ക്കാർ; കത്തോലിക്കാപാതിരിമാർ, വെള്ളവസ്ത്രവും ചുകന്ന തൊപ്പിയും ധരിച്ച സഹാറയിലെ മതനേതാക്കൾ; ലിബേറിയയിൽനിന്നും ആഫ്രിക്കയുടെ പടിഞ്ഞാറൻകരയിൽനിന്നും വരുന്ന കച്ചവടക്കാർ; നടുക്കടലിൽവെച്ച തടവുകാരായിപ്പിടിച്ച വടക്കേ അമേരിക്കക്കാരും തെക്കേ അമേരിക്കക്കാരും ചീനക്കാരും ഇന്ത്യക്കാരുമായ കച്ചവടക്കാർ, കച്ചവടപ്രതിനിധികൾ; അതേ യോഗം പിണഞ്ഞ ജർമ്മൻ-ആസ്ത്രിയൻകപ്പലുകളിലെ ജോലിക്കാർ; പൌരസ്ത്യരാജ്യങ്ങളിൽനിന്നു കൊണ്ടുവന്ന തുക്കിക്കാർ, അവരുടെ മൂടുപടമിട്ട ഭാര്യമാർ, അറബികൾ, ഗ്രീക്കുക്കാർ, ബാൾക്കൻരാജ്യക്കാർ—നാനാവർണ്ണത്തിലുള്ള ഈ ചിത്രം ദിവസേന മൂററത്തു രണ്ടുതവണ കാണാം, പേർ വിളിക്കുമ്പോൾ.

അറിവു വർദ്ധിപ്പിക്കുവാൻ കേമ്പിൽ പുസ്തകമൊന്നും വേണ്ടാ. അറിയുവാനാഗ്രഹിക്കുന്ന എന്തും പറഞ്ഞുതരുവാൻ വിദഗ്ദ്ധന്മാർ അവിടെയുണ്ടു്. അനുപമമായ ഈ അവസരത്തെ ഞാൻ നല്ലപോലെ ഉപയോഗപ്പെടുത്തി. ബാങ്കുനടത്തിപ്പു്, കെട്ടിടംപണി, യന്ത്രശാലയും യന്ത്രങ്ങളും നിർമ്മിക്കൽ, ഗോതമ്പുകൃഷി, ചൂളകെട്ടു്—ഇങ്ങനെ പലതിനെപ്പററിയും ഞാൻ മനസ്സിലാക്കി. മറെറാരിടത്തുനിന്നും എനിക്കിതെല്ലാം ഗ്രഹിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല.

കൈവേലക്കാരാണു് കേമ്പിൽ ഏററവുമധികം കഷ്ടപ്പെട്ടതു്. പണിയെടുപ്പാൻ ഒരു മാർഗ്ഗവുമില്ല അവക്കു്. ഒരു രോമക്കുപ്പായമുണ്ടാക്കുവാനുള്ള സാമാനങ്ങൾ എൻെറ ഭാര്യക്കു് ഒരിക്കൽ കിട്ടിയപ്പോൾ, പ്രതിഫലമില്ലാതെ അതു തുന്നുവാൻ സന്നദ്ധത പ്രകടിപ്പിച്ച തുന്നല്ക്കാർ ധാരാളമായിരുന്നു. കയ്യിൽ ശീലയും വിരലുകൾക്കിടയിൽ നൂലും സൂചിയും വീണ്ടും പിടിക്കുവാൻ അവസരം കിട്ടണമെന്നേ അവക്കു മോഹമുണ്ടായിരുന്നുള്ളു.

പുറത്തു പോയി, അയൽപക്കത്തെ കൃഷിക്കാരെ സഹായിക്കുവാൻ തങ്ങളെ അനുവദിക്കണമെന്നു പല തടവുകാരും അപേ

ക്ഷിച്ചു. കൃഷിയെപ്പററി വിവരമുള്ളവർമാത്രമായിരുന്നില്ല അപേക്ഷകർ. ദേഹാധ്വാനം ചെയ്യുകയേ പതിവില്ലാത്തവർ കൃഷിപ്പണിക്കു പുറപ്പെട്ടു. പ്രവൃത്തിയെടുപ്പാൻ തീരെ ഔത്സുക്യം പ്രദർശിപ്പിക്കാതെ കണ്ടതു കപ്പൽജോലിക്കാരെയായിരുന്നു; ഒരുപക്ഷേ കപ്പലിലെ ജീവിതരീതിയായിരിക്കാം അതിന്നു കാരണം; ആരുടെ ശ്രദ്ധയേയും ക്ഷണിക്കാതെ സമയം കൊല്ലുന്നതിൽ അവർ വിദഗ്ദ്ധരാണ്.

1918-ൻെറ തുടക്കത്തിൽ പുതിയൊരു കല്പന വന്നു. 'പ്രമുഖരായ' ചിലരെ കേമ്പിൽനിന്നു തിരഞ്ഞെടുത്തു വടക്കേ ആഫ്രിക്കയിലുള്ള ഒരു കേമ്പിലേക്കു് അയയ്ക്കുമത്രേ. ബെൽജിയത്തിലെ ജനങ്ങൾക്കെതിരായി ജമ്മൻകാർ കൈക്കൊണ്ട നടപടികൾക്കു പകപോക്കാനാണ് ഇങ്ങനെ ചെയ്യുന്നതു്. ഒരു നിശ്ചിതദിവസത്തിനകത്തു ജമ്മൻകാർ നയം മാററാത്തപക്ഷം, കേമ്പിലെ 'പ്രമുഖ'ന്മാരെ ആഫ്രിക്കയിലേക്കയയ്ക്കാനാണ് നിശ്ചയം. ഈ വിവരം നാട്ടിലറിയിപ്പാൻ ഞങ്ങളോടെല്ലാവരോടും ആവശ്യപ്പെട്ടിരുന്നു; എന്നാൽ ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ബന്ധുമിത്രാദികൾ ജമ്മനിയിൽ വേണ്ടതു ചെയ്യുമല്ലോ. ബാങ്കുഡയറക്ടർമാർ, ഹോട്ടലുടമകൾ, കച്ചവടക്കാർ, പണ്ഡിതന്മാർ, കലാകാരന്മാർ തുടങ്ങിയവരിൽനിന്നാണ് 'പ്രമുഖന്മാരെ' തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചിരുന്നതു്. ജമ്മൻകാരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ അതു സഹായിക്കും; വെറും സാധാരണക്കാരെ പിടിച്ചു് ആഫ്രിക്കയിലേക്കയച്ചാൽ ആർ ശ്രദ്ധിക്കാനാണ്? ഈ കല്പന വന്നപ്പോഴാണ് നമ്മുടെ 'പ്രമുഖ'ന്മാരിൽ പലരുടേയും കള്ളി പൊളിഞ്ഞതു്. ഹോട്ടൽവേലക്കാർ ഇവിടെ വരുന്നതു ഹോട്ടൽഡയറക്ടർമാരായാണ്. പീടികകളിലെ ജോലിക്കാർ കച്ചവടക്കാരായി. കേമ്പിൽ സ്ഥാനം കിട്ടുവാൻവേണ്ടിയാണ് അവരിങ്ങനെ ചെയ്തിരുന്നതു്. എന്നാലിപ്പോൾ അവരുടെ കഥയെല്ലാം പരുങ്ങലിലായി. സ്വയം സ്വീകരിച്ച സ്ഥാനമാനങ്ങൾമൂലം തങ്ങളെ നേരിട്ടിരിക്കുന്ന ആ

ത്യാപത്തോൎത്തു് അവർ വിലപിച്ചു. ഭാഗ്യവശാൽ, എല്ലാം നല്ല നിലയിൽ കലാശിച്ചു. ബെൽജിയത്തിൽ ജൎമ്മൻകാർ കൈക്കൊണ്ട നടപടികൾ പിൻവലിക്കപ്പെട്ടു. ഗെറൈസോണിലെ പ്രമുഖന്മാർ—ശരിക്കുള്ളവരും അല്ലാത്തവരും—രക്ഷപ്പെട്ടു.

അതിഭയങ്കരമായ ശൈത്യകാലമവസാനിച്ചു്, വസന്തം വന്നു. അതോടൊപ്പം ഒരു കല്പനയും വന്നു. എന്നേയും ഭാര്യയേയും സാങ്ങ്റീമിയിലെ കേമ്പിലേക്കു മാററുവാനാണ് കല്പന. ആൽസെസ്സ്കാൎക്കുവേണ്ടിമാത്രമുള്ള കേമ്പായിരുന്നു അതു്. കല്പന പിൻവലിപ്പാനുള്ള അപേക്ഷകളെല്ലാം വിഫലമായി. കേമ്പിലെ ഏകഡോക്ടറെ സ്ഥലംമാററരുതെന്നു ഗവൎണ്ണർ വാദിച്ചു; ഞങ്ങളുടെ വീടായിക്കഴിഞ്ഞിരുന്ന ഈ കേമ്പിൽത്തന്നെ തുടരുവാൻ അനുവദിക്കണമെന്നു ഞങ്ങൾ അപേക്ഷിച്ചു.

മാൎച്ചുമാസാവസാനത്തിൽ ഞങ്ങളെ സാങ്ങ്റീമിയിലേക്കു മാററി. ഗെറൈസോൺപോലെ സമ്മിശ്രമായിരുന്നില്ല ആ കേമ്പു്. പ്രധാനമായി, അധ്യാപകന്മാരും വനംവകുപ്പുദ്യോഗസ്ഥന്മാരും റെയിൽവേജോലിക്കാരുമായിരുന്നു അവിടെയുണ്ടായിരുന്നതു്. ഞാൻ അറിഞ്ഞിരുന്ന പലരും അവിടെയുണ്ടായിരുന്നു; ഗുൺസ്ബാക്കിൽ സ്കൂൾമാസ്റ്ററായ ജോൺ ഇൽടിസ്, എൻെറ ശിഷ്യനും പുരോഹിതനുമായ ലീബ്രിക്ക് എന്നിവർ അവരിലുൾപ്പെട്ടും. ലീബ്രിക്കിന്നു ഞായറാഴ്ചകളിൽ പ്രാൎത്ഥനാപ്രസംഗങ്ങൾ നടത്താൻ അനുവാദമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ 'ക്യൂറേറെറ'ന്നനിലയ്ക്കു പ്രസംഗങ്ങൾ ചെയ്യാൻ എനിക്കു പല അവസരങ്ങളും കിട്ടി.

മാഴ്സേയിലിലെ പിരിഞ്ഞ പോലീസ്മേധാവിയായ ബനോഡായിരുന്നു ഞങ്ങളുടെ ഗവൎണ്ണർ. അദ്ദേഹത്തിൻെറ ഭരണം മയപ്പെട്ടതായിരുന്നു. സരസനായിരുന്നു അദ്ദേഹം. വല്ലതും അനുവദനീയമാണോയെന്നു് ആരെങ്കിലും സംശയംചോദിച്ചാൽ അദ്ദേഹം പറയും, "അനുവദനീയമായി ഒന്നുമില്ല. ചിലതെല്ലാം പൊ

റുക്കപ്പെട്ടുമെന്നുമാത്രം!" എൻെറ പേർ പറയുവാൻ അദ്ദേഹത്തിന്നു വലിയ വിഷമമായിരുന്നു. അതുകൊണ്ടു് എന്നെ ആൽബെട്ട് എന്നേ വിളിക്കയുള്ളൂ.

താഴത്തുള്ള വലിയ മുറിയാണ് പകൽസമയത്തു ഞാൻ ഉപയോഗിച്ചിരുന്നതു്. അനലംകൃതവും ശൂന്യവും വിരൂപവുമായ ആ മുറിയിൽ ഞാനാദ്യം പ്രവേശിച്ചപ്പോൾ, അതു വളരെ സുപരിചിതമായി എനിക്കു തോന്നി. ആ ഇരിമ്പട്ടപ്പും മുറിയിൽ വിലങ്ങനെ കിടന്നിരുന്ന ആ പുകക്കുഴലും ഞാൻ കണ്ടിട്ടുള്ളതുതന്നെയാണല്ലോ. ഒടുവിൽ രഹസ്യം വെളിവായി: വാൻഗോഘിൻെറ ഒരു ചിത്രത്തിലാണ് ഞാനിതു കണ്ടിട്ടുള്ളതു്. ഞങ്ങൾ താമസിക്കുന്ന കെട്ടിടം മുമ്പു് ഒരു സന്യാസിമഠമായിരുന്നു. അടുത്ത കാലംവരെ മാനസികരോഗികളാണ് ഇവിടെ താമസിച്ചിരുന്നതു്. അക്കൂട്ടത്തിൽ ഒരു കാലത്തു വാൻഗോഘും ഉണ്ടായിരുന്നു. പെൻസിൽകൊണ്ടു് അദ്ദേഹം ശൂന്യമായ ആ മുറി അനശ്വരമാക്കി. ഞങ്ങളുടെ ഇന്നത്തെ ഇരിപ്പുമുറിയാണതു്. തണുത്ത വടക്കുപടിഞ്ഞാറൻകാററു വീശുമ്പോൾ അദ്ദേഹവും ഞങ്ങളെപ്പോലെ, കോച്ചുന്ന നിലത്തു കഷ്ടപ്പെട്ടു കഴിച്ചുകൂട്ടിയിട്ടുണ്ടു്. ഞങ്ങളെപ്പോലെത്തന്നെ, അദ്ദേഹവും ഉയന്ന മതിലിന്നരികിലൂടെ വീണ്ടും വീണ്ടും ചുററിനടന്നിട്ടുണ്ടു്.

തടവുകാരിലൊരാൾ ഡോക്ടറായിരുന്നതുകൊണ്ടു രോഗികളുടെ കാര്യത്തിൽ എനിക്കു ചുമതലയൊന്നുമുണ്ടായിരുന്നില്ല. മുഴുവൻ സമയവും എഴുത്തുജോലിക്കായി ഞാൻ വിനിയോഗിച്ചിരുന്നു. തടവുകാരെ അന്യോന്യം കൈമാറിയതിൻെറ ഫലമായി, എൻെറ ഡോക്ടർസ്നേഹിതന്നു നാട്ടിലേയ്ക്കു പോവാൻ കഴിഞ്ഞു. അതിനുശേഷം ഞാനായി കേമ്പുഡോക്ടർ. ഗെറൈസോണിലെപ്പോലെ കനത്തതായിരുന്നില്ല ഇവിടത്തെ ജോലി.

റീമിയിലെ തണുപ്പൻകാററു് എൻെറ ഭാര്യയുടെ ശരീരപ്രകൃതിക്കു ചേന്നതായിരുന്നില്ല. ഗെറൈസോണിലെ മലങ്കാറേ

ററു് അവരുടെ ആരോഗ്യം ഭേദപ്പെട്ടതായിരുന്നു. പുറമേ, കേമ്പിലെ കല്ലുവിരിച്ച നിലവുമായി ഇണങ്ങുവാൻ അവൾക്കു കഴിഞ്ഞില്ല. എനിക്കും സുഖം തോന്നിയിരുന്നില്ല. ബോർഡോവിൽ വെച്ചുണ്ടായ അതിസാരത്തിനുശേഷം, വൎദ്ധിച്ചുവന്നിരുന്ന ഒരു ആലസ്യം എനിക്കു് അനുഭവപ്പെട്ടിരുന്നു. അതിനെ കീഴടക്കുവാനുള്ള സകലപരിശ്രമങ്ങളും പരാജയപ്പെട്ടതേയുള്ളൂ. അതിവേഗം ഞാൻ ക്ഷീണിതനായിപ്പോകാറുണ്ടു്. പട്ടാളക്കാരുടെ അകമ്പടിയോടുകൂടി നിശ്ചിതദിവസങ്ങളിൽ ഉല്ലാസയാത്രയ്ക്കു പോവാൻ തടവുകാൎക്കു് അനുവാദമുണ്ടായിരുന്നു. അതിൽ പങ്കുചേരുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല. എൻെറ ഭാര്യയുടെ കഥയും അങ്ങനെത്തന്നെയായിരുന്നു. അതിവേഗത്തിലായിരിക്കും തടവുകാരുടെ നടത്തം. എന്തെന്നാൽ കഴിയുന്നിടത്തോളം വ്യായാമം ലഭിപ്പാനും ആവുന്നത്ര അകലത്തേയ്ക്കു യാത്രചെയ്യാനുമായിരുന്നു അവരുടെ ആഗ്രഹം.

ആ ദിവസങ്ങളിൽ ഞങ്ങളേയും മററു ദുർബ്ബലരേയും ഗവൺമെൻറർതന്നെ പുറത്തേയ്ക്കു കൊണ്ടുപോവും. ഞങ്ങൾ തീൎച്ചയായും അദ്ദേഹത്തോടു നന്ദിയുള്ളവരാണു്.

# അദ്ധ്യായം ഒമ്പതു്

## ആറംസെസ്സിൽ വീണ്ടും

തടങ്ങൽജ്ജീവിതവും വീടിനെപ്പററിയുള്ള വിചാരവും കാരണം എൻെറ ഭാൎയ്യ വല്ലാതെ കഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടു് ഒരു വൎത്തമാനം എന്നെ അത്യധികം സന്തുഷ്ടനാക്കി: ഞങ്ങളെയെല്ലാം, അല്ലെങ്കിൽ മിക്കവരേയും, കൈമാറാൻപോകയാണെന്നും കുറച്ചു ദിവസത്തിനുള്ളിൽ സ്വിററ്സർലണ്ടുവഴി വീട്ടിലേയ്ക്കു മടങ്ങുവാൻ സാധിക്കുമെന്നും ജൂലായ് മധ്യത്തോടുകൂടി അറിവായി. മോചിപ്പിക്കുന്നവരുടെ ഒരു പട്ടിക ഗവൎണ്ണൎക്കു കിട്ടി. അതിൽ എൻെറ പേർ ഉണ്ടായിരുന്നില്ല. ഭാഗ്യവശാൽ ഈ വിവരം ഭാൎയ്യക്കു മനസ്സിലായില്ല. ജൂലായ് 12-ാം തീയതി രാത്രി ഞങ്ങൾ വിളിച്ചുണൎത്തപ്പെട്ടു. ഞങ്ങൾ ഉടൻ യാത്രയ്ക്കൊരുങ്ങണമെന്നു കമ്പിസന്ദേശം ലഭിച്ചിരുന്നു. ഇത്തവണ എൻെറ പേരുമുണ്ടു് പട്ടികയിൽ. പരിശോധനയ്ക്കായി സൂൎയ്യോദയത്തോടുകൂടി സാമാനങ്ങളെല്ലാം ഞങ്ങൾ മുററത്തേയ്ക്കു വലിച്ചുകൊണ്ടുവന്നു. 'സംസ്കാരത്തിൻെറ തത്വശാസ്ത്രം' എന്ന പുസ്തകത്തിൻെറ കരടുകുറിപ്പുകൾ ഞാൻ ഇവിടെവെച്ചും ഗെറൈസോണിൽവെച്ചും എഴുതിയിരുന്നു. അതു മുൻകൂട്ടിത്തന്നെ പരിശോധകന്നു സമൎപ്പിച്ചിരുന്നു. അതു കയ്യിലെടുക്കുവാൻ അനുവദിച്ചുകൊണ്ടു്, അതിൽ മുദ്രകുത്തപ്പെട്ടു. ഞങ്ങൾ പടി കടന്നപ്പോൾ, ഞാൻ വീണ്ടും അകത്തേയ്ക്കോടി—ഗവൎണ്ണരെ ഒരിക്കൽക്കൂടി കാണുവാൻ. അദ്ദേഹം ആപ്പീസ്സുമുറിയിൽ ദുഃഖിതനായി ഇരിക്കയായിരുന്നു. തടവുകാരുടെ വേർപാടു് അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. ഞങ്ങളിപ്പോഴും അന്യോന്യം എഴുതാറുണ്ടു്; ഞാനിന്നും ഒരു തടവുപുള്ളി

യാണെന്ന നിലയ്ക്കാണ് അദ്ദേഹം എന്നെ സംബോധനചെയ്യാറ്.

തരാസ്കോൺതീവണ്ടിയാപ്പീസ്സിൽ ഞങ്ങൾക്കു കുറേനേരം വണ്ടി കാത്തിരിക്കേണ്ടിവന്നു. അകലത്തുള്ള ഒരു സാമാനപ്പുരയിലാണ് ഞങ്ങൾ വിശ്രമിച്ചതു്. ഭാരിച്ച ഭാണ്ഡവുമേന്തി തീവണ്ടിപ്പാതയിലെ കരിങ്കൽച്ചില്ലിലൂടെ അങ്ങോട്ടു നടന്നുപോവാൻ എനിക്കും ഭാര്യയ്ക്കും വല്ലാത്ത വിഷമം തോന്നിയിരുന്നു. ഇതു മനസ്സിലാക്കിയ ഒരു ദുർബ്ബലമനുഷ്യൻ ഞങ്ങളെ സഹായിപ്പാൻ മുന്നോട്ടു വന്നു. ക്യേമ്പിൽവെച്ചു ഞാൻ അയാളെ ചികിത്സിച്ചിട്ടുണ്ടായിരുന്നു. അയാൾക്കു സാമാനങ്ങളൊന്നുമുണ്ടായിരുന്നില്ല. ഞാൻ അയാളുടെ സഹായം സ്വീകരിച്ചു. അയാളുടെ സേവനസന്നദ്ധത എൻെറ മനസ്സിൽ പതിഞ്ഞു. അയാളുടെ ഓമ്മയ്ക്കെന്നോണം, ഭാരിച്ച സാമാനങ്ങളെക്കൊണ്ടു വിഷമിക്കുന്ന യാത്രക്കാരെ എപ്പോഴും സഹായിക്കുന്നതാണെന്നു ഞാൻ സ്വയം ആണയിട്ടു. ഈ പ്രതിജ്ഞ ഞാൻ നിറവേററിപ്പോന്നിട്ടുണ്ടു്. എൻെറ സേവനതൽപരത മോഷണം നടത്തുവാനുള്ള ഉപായമാണെന്ന് ഒരുതവണ ദുർവ്യാഖ്യാനിക്കപ്പെട്ടുകയുണ്ടായെന്നുമാത്രം!

തരാസ്കോണിന്നും ലിയോൺസിന്നുമിടയിലുള്ള ഒരു ആപ്പീസ്സിൽവെച്ച് ഒരു ആതിഥേയസംഘം ഞങ്ങൾക്കു നന്നായൊരു സ്വീകരണം തന്നു. നല്ലനല്ല ഭക്ഷണസാധനങ്ങൾ നിരത്തിവെച്ചിരുന്ന മേശകളിലേയ്ക്കു ഞങ്ങൾ ആനീതരായി. ഞങ്ങൾ ഭക്ഷിച്ചുകൊണ്ടിരിക്കേ, ആതിഥേയരിൽ പെട്ടെന്നൊരു അമ്പരപ്പു കാണപ്പെട്ടു. ബദ്ധപ്പെട്ട് അവർ അന്യോന്യം ചിലതു സംസാരിച്ചു. തുടന്ന്, അവരെല്ലാം പിന്മാറുകയും ചെയ്തു. സ്വീകരണവും ഭക്ഷണവും കൊടുപ്പാനുദ്ദേശിച്ച അതിഥികളായിരുന്നില്ല ഞങ്ങൾ. അവക്കതിപ്പോഴാണ് മനസ്സിലാവുന്നതു്. വടക്കൻഫ്രാൻസിലെ അധീനപ്രദേശങ്ങളിൽനിന്നു വരുന്ന ആളുകളെയാണ് അവർ പ്രതീക്ഷിച്ചിരുന്നതു്. കുറച്ചു കാലം തടങ്ങലിൽ വെച്ചശേഷം ജമ്മൻ

കാർ അവരെ സ്വിററ്സർലണ്ടുവഴി തെക്കൻഫ്രാൻസിലേയ്ക്കു് അയയ്ക്കുയായിരുന്നു. തടങ്ങൽത്തടവുകാരുടെ ഒരു വണ്ടി വരുന്നുണ്ടെന്നും അതു ആപ്പീസ്സിൽ ഇത്ര നേരം നില്ക്കുമെന്നും പ്രഖ്യാപിക്കപ്പെട്ടപ്പോൾ ആതിഥേയസംഘം വിചാരിച്ചു, തങ്ങൾ പ്രതീക്ഷിക്കുന്ന യാത്രക്കാരാണതിലുള്ളതെന്നു്. അതിഥികൾ ഫ്രഞ്ചിന്നുപകരം ആൽസേഷ്യൻഭാഷ സംസാരിക്കുന്നതു കേട്ടപ്പോഴാണു്, അവർക്കു തെററു മനസ്സിലായതു്. നല്ല നേരംപോക്കുള്ള ഒരു രംഗം തന്നെ! ആതിഥേയർ ഈ നേരംപോക്കിൽ ഞങ്ങളോടൊപ്പം പങ്കുചേർന്നു. അങ്ങനെ കൂട്ടച്ചിരിയോടുകൂടി എല്ലാം ഭംഗിയായി കലാശിച്ചു. നേരംപോക്കു് ഇതുകൊണ്ടും കഴിഞ്ഞില്ല. ഈ സംഭവപരമ്പര വളരെ പെട്ടെന്നു് അപ്രതീക്ഷിതമായി നടന്നതുകൊണ്ടും തീററയിൽ മുഴുകിയിരുന്നതുകൊണ്ടും ഞങ്ങളിൽ മിക്കപേരും ഇതൊന്നും അറിഞ്ഞതേയില്ല. തങ്ങൾക്കു കിട്ടിയ സ്വീകരണത്തിൻെറ മേന്മയിൽ അഭിമാനം, ഭക്ഷണത്തോടു ന്യായം കാണിച്ചതിലുള്ള ചാരിതാർത്ഥ്യം—ഇങ്ങനെ വിവിധവികാരങ്ങൾക്കൊണ്ടു് അവർ യാത്ര തുടർന്നു.

യാത്ര തുടരുംതോറും ഞങ്ങളുടെ വണ്ടിക്കു നീളം കൂടിക്കൂടി വന്നു. മററു കേമ്പുകളിൽനിന്നുള്ള ആളുകളെ കയററിയ പെട്ടികൾ ഇടയ്ക്കിടയ്ക്കു് വണ്ടിയിൽ ചേർത്തുകൊണ്ടിരുന്നു. കൊട്ടമിടച്ചിൽക്കാർ, പാത്രപ്പണിക്കാർ, കത്തിരി മൂർച്ചകൂട്ടുന്നവർ, തെണ്ടികൾ, 'ജിപ്സി'കൾ—ഇവരെക്കൊണ്ടു നിറഞ്ഞതായിരുന്നു രണ്ടു പെട്ടികൾ. ഒത്തുമാററത്തിൽ ഇവരും പെട്ടിരുന്നു.

സ്വിസ്സതിർത്തിയിൽ ഞങ്ങളുടെ വണ്ടി വളരെ നേരം നിന്നു. ഞങ്ങൾക്കുപകരം കൈമാറാനുള്ള ആളുകളെ വഹിച്ചുവരുന്ന വണ്ടിയും സ്വിസ്സതിർത്തിയിലെത്തിക്കഴിഞ്ഞുവെന്ന കമ്പിസന്ദേശം കിട്ടിയിട്ടേ വണ്ടി വിട്ടുള്ളു.

ജൂലായ് 15-ാംതീയതി കാലത്തു ഞങ്ങൾ സൂറിച്ചിലെത്തി. മതശാസ്ത്രാധ്യാപകനായ ആർണോൾഡ് മേയറും സംഗീതജ്ഞ

നായ റോബെട്ട് കോഫ്മാനും മററു സ്നേഹിതന്മാരും എന്നെ സ്വീകരിപ്പാനെത്തിയിരുന്നു. അവരെന്നെ വിളിച്ചപ്പോൾ, ഞാൻ അത്ഭുതപ്പെട്ടുപോയി. ഞാൻ വരുമെന്നു് അവർ മനസ്സിലാക്കിയിട്ടു കുറേ ആഴ്ചകൾതന്നെയായത്രേ! കോൺസ്റ്റൻസിലേയ്ക്കുള്ള യാത്രയിൽ മുഴുവൻസമയവും ഞങ്ങൾ ജനലിന്നരികെ നില്ക്കുയാണുണ്ടായതു്. തൽഫലമായി, സ്വിററ്സർലണ്ടിലെ വൃത്തിയുള്ള വീടുകളും നന്നായി കൃഷിചെയ്ത വയലുകളും വേണ്ടത്ര കാണുവാൻ കഴിഞ്ഞില്ല. യുദ്ധം കണ്ടിട്ടേയില്ലാത്ത ഒരു രാജ്യത്തിലാണു് ഞങ്ങളെന്ന വസ്തുത എന്നെ അത്ഭുതപ്പെടുത്തി.

കോൺസ്റ്റൻസിൽ ഞങ്ങൾ കണ്ട കാഴ്ച ഭയങ്കരമായിരുന്നു. ഇതുവരെ ഞങ്ങൾ പറഞ്ഞുകേൾക്കമാത്രം ചെയ്തിട്ടുള്ള പട്ടിണി, ഇപ്പോഴിതാ, ഞങ്ങളുടെ കൺമുമ്പിൽ നടമാടുന്നു! വിളത്തുമെലിഞ്ഞ ആളുകളല്ലാതെ തെരുവുകളിൽ ഇല്ലതന്നെ! എത്ര ക്ഷീണിതരായാണു് അവർ നടക്കുന്നതു്. അവക്കു് എഴുന്നേററുനില്പാൻ കഴിയുന്നതുതന്നെ അത്ഭുതകരമാണു്!

ഉടൻതന്നെ അച്ഛനമ്മമാരോടൊപ്പം സ്ട്രാസ്ബുർഗ്ഗിലേയ്ക്കുപോവാൻ എന്റെ ഭാര്യയ്ക്കു് അനുവാദം ലഭിച്ചു. അവർ ഞങ്ങളെ സ്വീകരിപ്പാൻ വന്നിരുന്നു. മററുള്ളവരോടൊപ്പം ഒരു ദിവസംകൂടി കോൺസ്റ്റൻസിൽ എനിക്കു താമസിക്കേണ്ടിവന്നു, ആവശ്യമായ ഔദ്യോഗികനടപടികൾ മുഴുമിക്കുവാൻവേണ്ടി. രാത്രിയിൽ ഞാൻ സ്ട്രാസ്ബുർഗ്ഗിലെത്തി. തെരുവിൽ ഒരൊററ വിളക്കുപോലും ഉണ്ടായിരുന്നില്ല. വീടുകളും അന്ധകാരമയമായിരുന്നു. ആകാശാക്രമണത്തെ ഭയന്നാണു് നഗരം ഇങ്ങനെ ഇരുളടഞ്ഞുകിടക്കുന്നതു്. ഭാര്യയുടെ അച്ഛനമ്മമാർ താമസിക്കുന്നതു വളരെ അകലെയാണു്. ഈ ഇരുളിൽ അങ്ങോട്ടു പോവാൻ സാധ്യമല്ലതന്നെ. സെൻറ്തോമാസിന്നടുത്തുള്ള മിസിസ്സ് ഫിഷറുടെ വീടു തിരഞ്ഞുപിടിപ്പാൻപോലും വളരെ വിഷമിക്കേണ്ടിവന്നു.

സൈനികമേഖലയിലായിരുന്നു ഗ്രൺസ്ബാക് കിടന്നിരുന്നതു്. അതുകൊണ്ടു് അച്ഛനെ കാണുവാൻ അങ്ങോട്ടു പോകുന്നതിന്നു് അനുവാദം ലഭിക്കുവാൻ ഒട്ടേറെ സന്ദർശനങ്ങളും അപേക്ഷകളും വേണ്ടിവന്നു. കോൾമാർവരെ ഇപ്പോഴും വണ്ടി പോകുന്നുണ്ടു്. അവിടെനിന്നു വോസ്ഗെവരെയുള്ള പത്തുനാഴിക നടക്കുകതന്നെ വേണം.

അപ്പോൾ ഇതാണു്, 1913-ലെ ദുഃഖവെള്ളിയാഴ്ചദിവസം ഞാൻ യാത്രപറഞ്ഞു പിരിഞ്ഞുപോയ പ്രശാന്തമായ താഴ്വര! മലമുകളിൽനിന്നു തോക്കുകളുടെ ഗർജ്ജനം കേട്ടിരുന്നു. റോഡുകളിൽ വൈക്കോൽകൊണ്ടു പഴുതടച്ച കമ്പിവലകളുടെ ഇടയിലൂടെ വേണം നടക്കുവാൻ. വന്മതിലുകളുടെ ഇടയിലൂടെ നടക്കുന്ന ഒരു പ്രതീതിയാണുണ്ടാവുക. വോസ്ഗേയുടെ ശിഖരത്തിലുള്ള ശത്രുസങ്കേതങ്ങളിൽനിന്നു താഴ്വരയിലെ ഗതാഗതത്തെ മറയ്ക്കുവാൻവേണ്ടിയാണു് ഇങ്ങനെ ചെയ്തിട്ടുള്ളതു്. മുമ്പു കാടുപിടിച്ചുകിടന്നിരുന്ന കുന്നുകൾ നഗ്നമായിരിക്കുന്നു. അങ്ങിങ്ങായി ചില മൊന്തകളൊഴിച്ചു മറ്റൊന്നിനെയും വെടിയുണ്ടകൾ അവിടെ അവശേഷിപ്പിച്ചിട്ടില്ല. ഗ്രാമങ്ങളിൽ എവിടെ നോക്കിയാലും ഒരു കല്പന എഴുതിപ്പതിച്ചുകാണാം: വിഷവാതകത്തെ തടയുവാനുള്ള മുഖംമൂടി എല്ലാവരും ധരിച്ചിരിക്കണം.

യുദ്ധനിരകളോടു് അടുത്തതും എന്നാൽ ജനവാസമുള്ളതുമായ ഒരേ ഒരു സ്ഥലം ഗ്രൺസ്ബാക്കായിരുന്നു. അതു മലകളിൽ ഒളിഞ്ഞുകിടന്നിരുന്നതുകൊണ്ടാണു് ഇതുവരെ വെടിയുണ്ടകൾക്കു് ഇരയാവാതെ പോയതു്. പട്ടാളക്കാരുടെ തിരക്കും ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന വീടുകളും വകവെയ്ക്കാതെ ആളുകൾ താന്താങ്ങളുടെ കാര്യങ്ങളിൽ വ്യാപൃതരായി കാണപ്പെട്ടു. അവരെ കണ്ടാൽ യുദ്ധം നടക്കുന്നുണ്ടെന്നു തോന്നുകയേയില്ല. രണ്ടാം വിളവു വയലുകളിൽനിന്നു പകൽസമയത്തു വീട്ടിലേയ്ക്കു കൊണ്ടുവരുവാൻ വയ്യെന്ന സംഗതി; സൂചന കിട്ടിയാൽ ഉടൻതന്നെ

നിലവറകളിൽ ഓടിയൊളിക്കണമെന്നതു കടമമാത്രമാണെന്ന ബോധം; ആക്രമണത്തെത്തുടൎന്നു്, സകലസാമാനങ്ങളും ഉപേക്ഷിച്ചു നാട്ടുവിട്ടുവാനുള്ള കല്പന ഏതു നിമിഷവും കിട്ടിയേക്കാമെന്ന വിചാരം—ഇതെല്ലാം തികച്ചും സ്വാഭാവികമായ ദൈനന്ദിനകാൎയ്യങ്ങളാണെന്നു് അവർ കരുതി. എൻെറ അച്ഛനു് ആപത്തിൻെറ നേരെ വല്ലാത്ത ഉദാസീനതയാണു് ഞാൻ കണ്ടതു്. ആക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ മററുള്ളവരെപ്പോലെ നിലവറയിലേക്കോടിയിരുന്നില്ല അദ്ദേഹം. വായനമുറി വിട്ടു പോകയേയില്ല. പട്ടാളക്കാരും ഉദ്യോഗസ്ഥന്മാരുമില്ലാത്ത ഒരു കാലം ഓൎക്കുവാൻപോലും അദ്ദേഹത്തിന്നു വയ്യാതായിക്കഴിഞ്ഞിരുന്നു.

യുദ്ധത്തിൻെറ കാൎയ്യത്തിൽ ഉദാസീനരായിരുന്ന ജനങ്ങൾ കൊയ്ത്തിനെസ്സംബന്ധിച്ചു് അതിയായ ഉൽക്കണ്ഠ പ്രദൎശിപ്പിച്ചിരുന്നു. ഭയങ്കരമായ ഉണക്കം ബാധിച്ച കാലമായിരുന്നു അതു്. വിളവെല്ലാം ഉണങ്ങിത്തുടങ്ങി. ഉരുളക്കിഴങ്ങു നശിച്ചുകഴിഞ്ഞു. പറമ്പുകളിലെ പുൽക്കൃഷി കൊയ്യേണ്ടുപ്പാൻ മിനക്കെടുന്നതുതന്നെ നഷ്ടമാണു്. ആലകളിൽനിന്നു വിശന്നു വലഞ്ഞ കാലിക്കൂട്ടങ്ങളുടെ നിലവിളി കേൾക്കാത്ത സമയമില്ല. ആകാശത്തിൽ കാൎമ്മേഘങ്ങൾ പരന്നു കയറിയാൽപ്പോലും മഴ പെയ്യാറില്ല. മേഘത്തെ കാററു് അടിച്ചുകൊണ്ടുപോകും. ഭൂമിയിൽ വല്ല നനവും ഉണ്ടെങ്കിൽ അതും ആ കാററു് ഉണക്കിക്കളയും. പൊടി ഉയൎത്തിക്കൊണ്ടു വീശുന്ന കാററു പട്ടിണിയുടെ ദൂർഭൂതംതന്നെയായിരുന്നു.

അക്കാലത്തു ഗ്രൺസ്ബാക്കിലേക്കു വരുവാൻ എൻെറ ഭാൎയ്യക്കും അനുവാദം കിട്ടി.

അതിസാരത്തിനുശേഷം എനിക്കു് അനുഭവപ്പെട്ടിരുന്ന മാന്ദ്യവും സാങ്ററീമിയിലെ അവസാനാഴ്ചകളിൽ തുടങ്ങിയ പനിയും നാട്ടിൽ വന്നാൽ ഭേദപ്പെടുമെന്നു ഞാൻ ആശിച്ചിരുന്നു. പനി ഏറിയും കുറഞ്ഞും വിടാതെ നിന്നതേയുള്ളു. എൻെറ ആശ

യെല്ലാം വിഫലമായി. എൻെറ ദേഹസ്ഥിതി അധികമധികം മോശമായി വന്നു. ഓഗസ്റ്റ്മാസാവസാനത്തോടുകൂടി പനി വല്ലാതെ വദ്ധിച്ചു. സഹിക്കവയ്യാത്ത വേദനയും ഉണ്ടായിരുന്നു. ബോർഡോവിൽവെച്ചുണ്ടായ അതിസാരത്തിൻെറ അനന്തരഫലമാണിതെല്ലാമെന്നു വ്യക്തമായി. ഉടൻതന്നെ ഒരു ശസ്ത്രക്രിയ ആവശ്യമായിരുന്നു. ഭാര്യയുമൊരുമിച്ചു കോൾമാറിലേയ്ക്കുള്ള വഴിയിലൂടെ ആറു കില്ലോമീററർ ദൂരം ഞാൻ ഇഴഞ്ഞുനീങ്ങി. എന്നിട്ടേ എന്തെങ്കിലുമൊരു വാഹനം കിട്ടുവാൻ കഴിഞ്ഞുള്ളൂ. സപ്തമ്പർ 1-ാംനു സ്ട്രാസ്ബുർഗ്ഗിൽവെച്ചു പ്രൊഫഡർ സ്റ്റോൾസ് ശസ്ത്രക്രിയനടത്തി.

എനിക്കു വീണ്ടും പ്രവൃത്തിയെടുക്കാറായപ്പോൾ സ്ട്രാസ്ബുർഗ്ഗിലെ മേയറായ ഷ്വാണ്ടർ എന്നോടാവശ്യപ്പെട്ടു, മുനിസിപ്പാൽ ആസ്പത്രിയിലെ ഡോക്ടറാവാൻ. ഞാൻ സസന്തോഷം ആ നിർദ്ദേശം സ്വീകരിച്ചു. എന്തെന്നാൽ എങ്ങനെയാണു് ജീവിതം നയിക്കേണ്ടതെന്നു വിവരമില്ലാതെ കുഴങ്ങുകയായിരുന്നു ഞാൻ. ത്വഗ്രോഗവിഭാഗത്തിൽ സ്ത്രീകളുടെ രണ്ടു വാർഡുകളാണു് എനിക്കു വിട്ടുതന്നിരുന്നതു്. അക്കാലത്തു നിക്കോളാസ്പള്ളിയിലെ 'ക്യൂറേററായി' ഞാൻ വീണ്ടും നിയമിതനാവുകയും ചെയ്തു. പള്ളിവകയായുള്ളതും ഒഴിഞ്ഞുകിടന്നിരുന്നതുമായ ഒരു കെട്ടിടം എനിക്കു പള്ളിയിലെ ഭാരവാഹികൾ വിട്ടുതന്നു. ഞാനതിന്നു് അത്യന്തം കടപ്പെട്ടവനാണു്. എന്തെന്നാൽ 'ക്യൂറേററെ'ന്ന നിലയ്ക്കു വീടിന്നു് എനിക്കർഹതയില്ല.

യുദ്ധം കഴിഞ്ഞു. സമാധാനസന്ധിയിലെ നിശ്ചയപ്രകാരം ആൽസെസ് ജമ്മൻഭരണത്തിൽനിന്നു വിട്ടു ഫ്രഞ്ചുകാരുടെ അധീനത്തിലായി. കുറേക്കാലത്തേയ്ക്കു നിക്കോളാസ്പള്ളിയിലെ പ്രാത്ഥനയെല്ലാം ഞാൻ ഒററയ്ക്കാണു് നടത്തിപ്പോന്നിരുന്നതു്. ജമ്മൻകാക്കെതിരായ പ്രസ്താവനകൾ ചെയ്തുവെന്ന കുററത്തിന്നു് അവർ ജറോൾഡിനെ ജോലിയിൽനിന്നു നീക്കംചെയ്തിട്ടുണ്ടായിരുന്നു. ഫ്രഞ്ചുകാർ അദ്ദേഹത്തെ വീണ്ടും ജോലിയിൽ

പ്രവേശിപ്പിച്ചുകഴിഞ്ഞിരുന്നില്ല. നിററലിൻെറ പിൻഗാമിയായ എണസ്റ്റിന്നാകട്ടെ, ഫ്രഞ്ചുഭാഷ വേണ്ടത്ര അറിയില്ലെന്ന കാരണത്താൽ രാജിവെയ്ക്കേണ്ടതായും വന്നു.

സന്ധികാലത്തും തുടൎന്നുള്ള രണ്ടുകൊല്ലത്തിലും റൈൻപാലത്തിലെ ചുങ്കമുദ്യോഗസ്ഥന്മാൎക്കു സുപരിചിതനായ ഒരു വ്യക്തിയായിത്തീൎന്നു ഞാൻ. എന്തെന്നാൽ ഇടയ്ക്കിടയ്ക്കെല്ലാം ഒരു ചാക്കു നിറയെ സാമാനവുമായി ഞാൻ കേളിലേയ്ക്കു പോകാറുണ്ടു്. അതു ജൎമ്മനിയിലെ പട്ടിണികിടക്കുന്ന സ്നേഹിതന്മാൎക്കയച്ചുകൊടുപ്പാനുള്ളതാണു്. മിസ്സിസ് കോസിമാവാഗ്നറേയും വൃദ്ധനായ ചിത്രമെഴുത്തുകാരൻ ഹാൻസ്തോമയേയും അദ്ദേഹത്തിൻെറ സഹോദരി അഗഥയേയും ഞാൻ ഇങ്ങനെ സഹായിച്ചുപോന്നു. മിസ്സിസ് ചാൎളോട്ട്ഷ്വംമ്പൊന്തരമാണു് ഞാൻ ഹാൻസ്തോമയെ പരിചയപ്പെട്ടതു്. അദ്ദേഹവും മിസ്സിസ് ഷ്വമ്മിൻെറ മരിച്ചുപോയ ഭൎത്താവും കുട്ടിക്കാലംതൊട്ടുതന്നെ ഉററചങ്ങാതികളായിരുന്നു.

# അദ്ധ്യായം പത്ത്

## ആസ്പത്രിയിൽ വൈദ്യൻ, പള്ളിയിൽ പ്രസംഗകൻ

എൻെറ രണ്ടു ജോലിയും കഴിഞ്ഞു കിട്ടുന്ന തുച്ഛമായ ഒഴിവു സമയത്തെ ബാക്ക്സംഗീതത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾക്കായി ഞാൻ വിനിയോഗിച്ചു. ബാക്കിനെപ്പററി ഞാനെഴുതിയ പുസ്തകത്തിൻെറ അമേരിക്കൻപതിപ്പ് ഉടൻ പുറത്തിറക്കണമെന്നായിരുന്നു എൻെറ ആഗ്രഹം. അവസാനത്തെ മൂന്നു വാല്യങ്ങൾ ലാംബറീനിയിൽവെച്ചു ഞാൻ എഴുതിത്തീർത്തിരുന്നതു കയ്യിൽ കിട്ടിയ ഉടനെ പ്രസ്സിലേയ്ക്കുള്ള കയ്യെഴുത്തുകോപ്പി തയ്യാറാക്കണം. പക്ഷേ പുസ്തകക്കെട്ട് എത്രയായാലും വന്നുചേരുന്നേയില്ല. ഉടൻ പ്രസിദ്ധീകരണമാരംഭിക്കുവാൻ അമേരിക്കൻപ്രസാധകനു താൽപര്യവും കണ്ടില്ല. അതുകൊണ്ട് ഇക്കാര്യം മാററിവെച്ച്, 'സംസ്കാരത്തിൻെറ തത്വശാസ്ത്രം' ഞാൻ വീണ്ടും എടുത്തു. ഉത്സാഹശാലിയായ മറെറാരു പ്രസാധകൻ എന്നിൽ സമ്മർദ്ദം ചെലുത്തിയിട്ടും, ബാക്കിനെപ്പററിയുള്ള പുസ്തകങ്ങൾ തയ്യാറാക്കാൻ എനിക്കിതുവരെ സാധിച്ചിട്ടില്ല.

'സംസ്കാരത്തിൻെറ തത്വശാസ്ത്രം' എന്ന പുസ്തകത്തിൻെറ കയ്യെഴുത്തുകോപ്പി ആഫ്രിക്കയിൽനിന്നെത്താൻ കാത്തിരിക്കുമ്പോൾ, ലോകമതങ്ങളെക്കുറിച്ചും അവയിൽ അന്തർല്ലീനമായിക്കിടക്കുന്ന ലോകവീക്ഷണങ്ങളെക്കുറിച്ചുമുള്ള പഠനങ്ങളിൽ ഞാൻ വ്യാപൃതനായി. ഇത്തരം കാര്യങ്ങളിൽ മുഴുകിയിരിക്കുമ്പോൾ, 1919-ലെ ക്രിസ്തുമസ്സിനു കുറച്ചുദിവസങ്ങൾക്കുമുമ്പ്, പ്രധാനമെത്രാനായ സോഡർബ്ലോമിൻെറ ഒരു ക്ഷണനം എനിക്കു

ക്ക കിട്ടി. ഉപ്സലാസർവ്വകലാശാലയിൽവെച്ച് 'ഒളോസ്പെട്രി ധമ്മസ്ഥാപന'ത്തിന്റെ ആഭിമുഖ്യത്തിൽ 1920-ലെ ഈസ്റ്ററിന്നു ശേഷം ഒരു പ്രസംഗപരമ്പര നടത്തുവാനായിരുന്നു ക്ഷണനം. ഇതു തികച്ചും അപ്രതീക്ഷിതംതന്നെയായിരുന്നു. യുദ്ധത്തിനുശേഷം ഞാൻ സ്ട്രാസ്ബുർഗ്ഗിൽ ഏകാന്തവാസം നയിക്കയായിരുന്നു. മേശയുടെ അടിയിലേയ്ക്കു ഉരുണ്ടുപോയി കാണാതായ ഒരു നാണ്യംപോലെയായിരുന്നു എന്റെ കഥ. ഒരിക്കൽമാത്രമേ ഇതിന്നുമുമ്പു പുറംലോകവുമായി ഞാൻ ബന്ധം പുനഃസ്ഥാപിക്കയുണ്ടായുള്ളു. അതു് 1919-ലെ ഒക്ടോബറിലാണുണ്ടായതു്. അന്നു് എന്റെ വശമുണ്ടായിരുന്ന കാശെല്ലാം തട്ടിക്കൂട്ടി ബാഴ്സിലോണയിലേയ്ക്കു പോകയുണ്ടായി, 'ഓർഫിയോ കററാല'യിലെ സ്നേഹിതന്മാരെ കിന്നരംവായിച്ചുകേൾപ്പിക്കാൻ. വളരെ വിഷമിച്ചാണു് അങ്ങോട്ടു പോവാനുള്ള അനുവാദം ലഭിച്ചതു്. ലോകത്തിലേയ്ക്കുള്ള എന്റെ ആദ്യത്തെ ആ പുനഃപ്രവേശം എന്നെ ബോധപ്പെടുത്തി, എന്നിൽ ഇപ്പോഴും കുറച്ചെല്ലാം കലാമൂല്യം നഷ്ടപ്പെടാതെ കിടപ്പുണ്ടെന്നു്.

മടക്കയാത്രയിൽ, തരാസ്കോണിൽനിന്നു ലിയോൺസ്‌വരെ, സഹയാത്രികരായി എനിക്ക ചില കപ്പൽജോലിക്കാരെ കിട്ടി. 'എണസ്റ്റ് റൈനാൻ' എന്ന യുദ്ധക്കപ്പലിലുള്ളവരാണവർ. അവരുടെ തൊപ്പിയിൽ എഴുതിയിട്ടുണ്ടായിരുന്ന പേർ കണ്ടു ഞാൻ ചോദിച്ചു, എന്തു മട്ടുകാരനാണു് ഈ മനുഷ്യനെന്നു്. അവർ മറുപടിപറഞ്ഞു; "അദ്ദേഹത്തെപ്പററി ഞങ്ങൾക്കൊന്നും പറഞ്ഞുതന്നിട്ടില്ല. മരിച്ചുപോയ ഏതെങ്കിലുമൊരു സേനാനായകന്റെ പേരായിരിക്കാം അതു്."

സൂറിച്ചിലേയും ബേണിലേയും സർവ്വകലാശാലകളിലെ മതശാസ്ത്രവിഭാഗങ്ങൾ എന്നോടു് അതിരററ സ്നേഹവും ദയയും കാണിച്ചു. വിദ്വജ്ജനങ്ങൾ എന്നെ മറന്നിട്ടില്ലെന്നു് അപ്പോഴാണു് എനിക്ക ബോധ്യം വന്നതു്.

തത്വശാസ്ത്രത്തിലെ ധാർമ്മികപ്രശ്നങ്ങളും ലോകമതങ്ങളുമായിരുന്നു ഉപ്സലയിലെ പ്രസംഗങ്ങൾക്കു ഞാൻ തിരഞ്ഞെടുത്ത വിഷയം. പ്രസംഗമെഴുതിത്തുടങ്ങിയപ്പോൾ, 'സംസ്കാരത്തിൻെറ തത്വശാസ്ത്രം' എനിക്കു് ആഫ്രിക്കയിൽനിന്നു കിട്ടിക്കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. തൽഫലമായി എല്ലാം പുത്തനായെഴുതേണ്ടിവന്നു. ആദ്യത്തിൽ അതു വളരെ അസുഖകരമായി എനിക്കു തോന്നി. എന്നാൽ ആ പ്രവൃത്തി വിഫലമല്ലെന്നു പിന്നീടു ബോധപ്പെട്ടു. ഞാൻ വിധിക്കു കീഴ്പ്പെണങ്ങി. 1920-ലെ വേനലിൽ, ഉപ്സലയിൽനിന്നു മടങ്ങിയെത്തിയശേഷംമാത്രമാണു്, കയ്യെഴുത്തുകോപ്പി ആഫ്രിക്കയിൽനിന്നു തിരിച്ചുകിട്ടിയതു്.

അഞ്ചുകൊല്ലമായി എൻെറ മനസ്സിൽ സൂക്ഷിച്ചുവെച്ചിരുന്ന വിചാരങ്ങളുടെ പ്രതിധ്വനി ഉപ്സലയിൽവെച്ചു ഞാൻ ആദ്യമായി മുഴങ്ങിക്കേട്ടു. അവസാനപ്രഭാഷണത്തിൽ 'ജീവിതഭക്തി'യുടെ അടിസ്ഥാനാശയങ്ങൾ പ്രതിപാദിച്ചുകൊണ്ടിരിക്കുമ്പോൾ, വികാരംകൊണ്ടു് എൻെറ തൊണ്ടയിടറി; എനിക്കു സംസാരിപ്പാൻ പററാതായി.

ക്ഷീണവും മാന്ദ്യവും ബാധിച്ച ഒരു സുഖക്കേടുകാരനായാണു് ഞാൻ സ്വീഡനിലേയ്ക്കു ചെന്നതു്. 1919-ലെ വേനൽക്കാലത്തു രണ്ടാമതൊരു ശസ്ത്രക്രിയകൂടി വേണ്ടിവന്നു. ഉപ്സലയിലെ ആരോഗ്യകരമായ കാററും പ്രധാനമെത്രാൻെറ ഗൃഹത്തിലെ—ഞാനും ഭാര്യയും അവിടെ അതിഥികളായിരുന്നു—അനുകൂലമായ അന്തരിക്ഷവും മൂലം ഞാൻ വീണ്ടും പൂർണ്ണാരോഗ്യവാനായി. പ്രവൃത്തി വീണ്ടും ആസ്വാദ്യമായി.

എന്നാൽ ഒരു സംഗതി എന്നെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. യുദ്ധകാലത്തു് ആസ്പത്രി തുടൎന്നു നടന്നുപോവാൻവേണ്ടി, ഞാൻ പാരീസ്സിലെ പാതിരിസംഘത്തിൽനിന്നും സ്നേഹിതന്മാരിൽനിന്നും കടംവാങ്ങിയിട്ടുണ്ടായിരുന്നു. ഒരു ഉല്ലാസയാത്രയ്ക്കിടയിൽ എൻെറ മനോഭാരത്തെപ്പററി പ്രധാനമെത്രാൻ മനസ്സിലാ

UNIVERSITY LIBRARY
-2 NOV 1954

ക്കി. യുദ്ധംകാരണം സാമ്പത്തികമായി വല്ലാതെ തടിച്ചുവശായ സ്വീഡനിൽ കിന്നരക്കച്ചേരികളും പ്രസംഗപര്യടനങ്ങളും നടത്തിനോക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു. പല നഗരങ്ങളിലേയ്ക്കും എന്നെ പരിചയപ്പെടുത്തുന്ന കത്തുകളും അദ്ദേഹം തന്നു. ഒരു മതശാസ്ത്രവിദ്യാർത്ഥിയായ എലിയാസ് സോഡർസ്ട്രോം—കുറച്ചു കൊല്ലങ്ങൾക്കുശേഷം പാതിരിപ്രവർത്തനമദ്ധ്യേ അദ്ദേഹം നിര്യാതനായി—എന്റെ കൂട്ടുകാരനാവാൻ സമ്മതിച്ചു. പ്രസംഗമണ്ഡപത്തിലായാലും പള്ളിയിലെ പ്രസംഗപീഠത്തിലായാലും അദ്ദേഹം എന്റെ അടുത്തു നിന്നുകൊണ്ടു വാചകം വാചകമായി പ്രസംഗം വിവർത്തനംചെയ്തുകൊണ്ടിരിക്കും. കുറച്ചു നിമിഷത്തിനുള്ളിൽ സദസ്സിന്നു തോന്നാതാവും, തർജ്ജമയിലൂടെയാണു് പ്രസംഗം കേൾക്കുന്നതെന്നു്. അത്രയേറെ സജീവമാവും പരിഭാഷ. ദ്വിഭാഷിയുടെ വായിലൂടെ സംസാരിക്കുവാൻ ലാംബറീനിയിൽവെച്ചു ഞാൻ പഠിച്ചുകഴിഞ്ഞിരുന്നു. അതിപ്പോൾ എന്തൊരനുഗ്രഹമായി! ഇതിൽ പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇതാണു്: ചെറുചെറുതും ലളിതവും വ്യക്തമായ ഘടനയോടുകൂടിയതുമായ വാചകങ്ങൾമാത്രം ഉപയോഗിക്കുക; മുൻകൂട്ടിത്തന്നെ പ്രസംഗം പരിഭാഷകനോടുകൂടി സശ്രദ്ധം വായിക്കുക; പരിഭാഷകൻ പ്രതീക്ഷിക്കുന്ന രൂപത്തിൽ പ്രസംഗം നടത്തുകയും ചെയ്യുക—ഇങ്ങനെ തയ്യാറായി പ്രസംഗത്തിന്നു പോകയാണെങ്കിൽ തർജ്ജമചെയ്യാനുള്ള വാചകത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ പരിഭാഷകൻ ക്ലേശിക്കയേ വേണ്ടിവരില്ല. അയാൾ വാചകങ്ങളെ പന്തുപോലെ അതിവേഗം പിടിക്കയും സദസ്യരുടെ നേരെ ഉടൻതന്നെ എറിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ഈ ക്രമം സ്വീകരിക്കുന്നതായാൽ ശാസ്ത്രീയപ്രഭാഷണങ്ങൾപോലും പരിഭാഷയിലൂടെ നടത്തുവാൻ സുസാദ്ധ്യമാണു്. പ്രാസംഗികന്നു വേണ്ടത്ര വൈദഗ്ദ്ധ്യമില്ലാത്ത ഒരു ഭാഷയിൽ സംസാരിച്ചു്, തന്നേയും സദസ്യരേയും ഒന്നുപോലെ കഷ്ടപ്പെടുത്തുന്നതിലും ഭേദമാണിതു്.

സ്വീഡനിലെ പഴയ കിന്നരങ്ങൾ വലുതായിരുന്നില്ല. എങ്കിലും അവയ്ക്കു നല്ല മുഴക്കമുള്ള ശബ്ദമുണ്ടായിരുന്നു. എനിക്കു് അവയെ നല്ലപോലെ പിടിച്ചു. ബാക്ക്സംഗീതം ഏതു രീതിയിൽ വേണമെങ്കിലും അതിൽ ആവിഷ്കരിക്കാം.

കുറച്ചാഴ്ചകൾക്കകം അടിയന്തരമായ കടങ്ങൾ മുഴുവൻ കൊടുത്തുതീർപ്പാൻ വേണ്ട പണം പ്രസംഗങ്ങളിൽനിന്നും കച്ചേരികളിൽനിന്നുമായി എനിക്കു കിട്ടിക്കഴിഞ്ഞു.

ജൂലായ് മധ്യത്തിൽ ഞാൻ സ്വീഡൻ വിട്ടു. സന്തോഷപ്രദമായ അനുഭവങ്ങളേ എനിക്കിവിടെ ഉണ്ടായിട്ടുള്ളു. വീണ്ടും ലാംബറീനിയിൽ പ്രവൃത്തി തുടരുവാൻ ദൃഢനിശ്ചയം ചെയ്തുകൊണ്ടാണു് ഞാൻ സ്വീഡൻ വിട്ടതു്. അതുവരെ അക്കാര്യം ആലോചിക്കുവാൻപോലും ഞാൻ ധൈര്യപ്പെട്ടിരുന്നില്ല. ഒരധ്യാപകനായി വീണ്ടും വിദ്യാഭ്യാസരംഗത്തിൽ പ്രവേശിക്കുകയെന്ന ആശയവുമായി മനസ്സിണങ്ങിവരികയായിരുന്നു. സ്വീഡനിലേയ്ക്കു പുറപ്പെടുന്നതിനുമുമ്പു് എനിക്കു ചില സൂചനകൾ കിട്ടിയിരുന്നു. അതനുസരിച്ചു്, എന്റെ ആശകൾ നിറവേറാൻ പററിയ രാജ്യം സ്വിററ്സർലണ്ടാണു്. 1920-ൽ സൂറിച്ചു സർവ്വകലാശാലയുടെ മതശാസ്ത്രവിഭാഗം എനിക്കു 'ഡി. ഡി.' ബിരുദം നല്കി.

# അദ്ധ്യായം പതിനൊന്നു്

## ആഫ്രിയ്ക്കൻസ്മരണകൾ

വീട്ടിൽ മടങ്ങിയെത്തിയ ഉടനെ ഞാൻ ആഫ്രിക്കൻസ്മരണകളെപ്പററി ഒരു പുസ്തകമെഴുതാൻ തുടങ്ങി. 'കാട്ടുവക്കിൽ' എന്നാണു് അതിന്നു പേർ കൊടുത്തതു്. ഉപ്സലയിലെ 'ലിൻഡ്ബ്ളാഡ്'' പ്രസിദ്ധീകരണശാലക്കാരുടെ ആവശ്യപ്രകാരമാണു് ഞാനതെഴുതിത്തുടങ്ങിയതു്. ജോലി എളുപ്പമായിരുന്നില്ല; എന്തെന്നാൽ പുസ്തകത്തിൻെറ വലിപ്പം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്നു. എഴുതിക്കഴിഞ്ഞപ്പോൾ, വളരെ ഭാഗങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു. പുസ്തകമെഴുതുന്നതിനേക്കാൾ വിഷമംപിടിച്ചതായിരുന്നു, അതു വെട്ടിച്ചെറുതാക്കൽ. കാട്ടിലെ മരക്കച്ചവടത്തെപ്പററിയുള്ള അധ്യായംമുഴുവൻ ഞാൻ വെട്ടിക്കളയുവാൻപോകയായിരുന്നു. എങ്കിലും എൻെറ അടിയന്തരമായ അപേക്ഷകളെ പരിഗണിച്ചു്, അതു നിലനിത്തുവാൻ പ്രസാധകന്മാർ സമ്മതിച്ചു.

വാക്കുകളുടെ എണ്ണം കണക്കാക്കിക്കൊണ്ടു പുസ്തകമെഴുതേണ്ടിവന്നുവെന്ന സംഗതി പുസ്തകത്തിന്നുതന്നെ ഗുണകരമായിരുന്നു. അന്നുമുതൽ ഞാൻ വാക്കുകളെ അങ്ങേയററം നിയന്ത്രിച്ചുതുടങ്ങി. 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തിലും ഈ നിയന്ത്രണം കാണാം. ആശയപ്രകാശനത്തിൽ അങ്ങേയററത്തെ സംക്ഷിപ്തത ഞാൻ പാലിച്ചു.

1921-ൽ 'കാട്ടുവക്കിൽ' എന്ന പുസ്തകം സ്വീഡിഷ്ഭാഷയിൽ പുറത്തുവന്നു. ഗ്രീററാ ലാഗെർഫെൽട് പ്രഭ്വിയാണു് പരിഭാഷപ്പെടുത്തിയതു്. അതേ കൊല്ലത്തിൽത്തന്നെ അതിൻെറ

ജർമ്മൻപതിപ്പും ഇറങ്ങി; അതാദ്യം സ്വിററ്സർലണ്ടിലാണു് അച്ചടിക്കപ്പെട്ടതു്. തുടന്നു് ഇംഗ്ലീഷുവിവത്തനവും പ്രസിദ്ധീകൃതമായി; എന്റെ സ്നേഹിതൻ, സി. ടി. കാംപ്പിയണാണു് തജ്ജമ ചെയ്തതു്. പിന്നീടു ഡച്ചു്, ഫ്രെഞ്ചു്, ഡാനിഷ്, ഫിന്നിഷ് എന്നീ ഭാഷകളിലെല്ലാം അതു പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.

പുസ്തകത്തെ അലങ്കരിക്കുന്ന ആ നല്ല ചിത്രങ്ങളെല്ലാം 1914-ലെ വേനല്ക്കാലത്തു് എടുത്ത 'ഫോട്ടോ'കളാണു്. ഹാംബർഗ്ഗിലെ റിച്ചേഡ് ക്ലാസ്സെൻ എടുത്തതാണു് അവയെല്ലാം. മരം വാങ്ങുവാൻവേണ്ടി അദ്ദേഹം ലാംബറീനിയിൽ വന്നിരുന്നു. അദ്ദേഹത്തിന്നാണല്ലോ, യുദ്ധത്തടവുകാരനായപ്പോൾ ഞാൻ വേണ്ടുവോളം മരുന്നുകൾ നല്കുകയുണ്ടായതു്. പടിഞ്ഞാറനാഫ്രിക്കയിലെ കാടുകളിലുണ്ടായ പ്രവത്തനങ്ങൾ വിവരിക്കുമ്പോൾ, അപരിഷ്കൃതജനങ്ങളെ കീഴടക്കി ഭരിക്കുന്നതുസംബന്ധിച്ചുള്ള വിഷമമേറിയ പ്രശ്നങ്ങളെപ്പററി അഭിപ്രായം പ്രകടിപ്പിക്കുവാൻ എനിക്കു് അവസരം ലഭിച്ചു.

# അദ്ധ്യായം പന്ത്രണ്ട്

## ഗ്രൺസ്ബാക്കും വിദേശയാത്രകളും

1921-ലെ കുരുത്തോലപ്പെരുന്നാളിനു മുമ്പത്തെ ഞായറാഴ്ച ദിവസം ബാർസിലോണയിലെ 'ഓർഫിയോ കട്ടാല'യിൽ ബാക്കിൻെറ 'സെൻറ് മാത്യു പാഷൻ' ആദ്യമായി അവതരണംചെയ്യപ്പെട്ടപ്പോൾ, കിന്നരംവായിപ്പാനുള്ള ഭാഗ്യം എനിക്കുണ്ടായി. സ്പെയിനിൽ ഈ കൃതി ആദ്യമായാണ് അവതരിപ്പിക്കപ്പെട്ടന്നത്.

1921 ഏപ്രിൽമാസത്തിൽ, സ്ട്രാസ്ബുർഗ്ഗിലെ രണ്ടു ജോലികളും ഞാൻ രാജിവെച്ചു. പേനകൊണ്ടും കിന്നരംകൊണ്ടും മേലിൽ ജീവിച്ചുകൊള്ളാമെന്നാണ് ഞാൻ കണക്കാക്കിയിരുന്നത്. 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തിൽ ശാന്തമായി പ്രവൃത്തിയെടുപ്പാൻവേണ്ടി ഞാൻ ഭാര്യയും കുട്ടിയുമൊരുമിച്ച്—1919 ജനവരി 14-ാംതീയതി, എൻെറ പിറന്നാൾദിവസം, എനിക്ക് ഒരു മകളുണ്ടായി—ഗ്രൺസ്ബാക്കിലുള്ള അച്ഛൻെറ വികാരിവീട്ടിലേയ്ക്കു പോയി. എങ്കിലും ഗ്രന്ഥാലയത്തിലെ പുസ്തകങ്ങൾ പരിശോധിപ്പാനായി ഇടക്കെല്ലാം സ്ട്രാസ്ബുർഗ്ഗിൽ പലനാൾ താമസിക്കേണ്ടിവരാറുണ്ട്. വികാരിയായിരുന്ന ഡീററ്സ് ഹാർട്ടരുടെ വിധവയുടെ വീട്ടിലാണ് ആ ദിവസങ്ങളിൽ ഞാൻ താമസിക്കാറ്. തട്ടിൻപുറത്തുള്ള ഒരു മുറി അവർ എനിക്ക് ഒഴിഞ്ഞുതന്നിരുന്നു. നോബ്ളാക് ഗാസ്സയിലാണ് അവരുടെ വീട്.

എൻെറ പ്രവൃത്തിയെ യാത്രകൾ എപ്പോഴും തടസ്സപ്പെടുത്തിയിരുന്നു. 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തെക്കുറിച്ചോ

പ്രാകൃതക്രിസ്തുമതത്തിലെ പ്രശ്നങ്ങളെക്കുറിച്ചോ പ്രസംഗങ്ങൾ ചെയ്യാൻ പല സർവ്വകലാശാലയിൽനിന്നും ക്ഷണനങ്ങൾ വന്നു കൊണ്ടിരുന്നു. ലാംബറീനിയിലെ ആസ്പത്രിക്കുവേണ്ടി പണമുണ്ടാക്കുവാനും പ്രസംഗപര്യടനങ്ങൾ നടത്തേണ്ടിവന്നു. വീണ്ടും ആഫ്രിക്കയിലേയ്ക്കു മടങ്ങിച്ചെല്ലുമ്പോൾ, എന്റെ സ്വന്തം കുടുംബച്ചെലവിനു പണം വേണമല്ലോ; അതിന്നായി ഞാൻ പാട്ടുകച്ചേരികൾ നടത്തി.

1919-ലെ ശരൽക്കാലത്തു ഞാൻ സ്വിററ്സർലണ്ടിലായിരുന്നു. അവിടെനിന്നു നവമ്പറിൽ സ്വീഡനിലേയ്ക്കു പോയി. ജനവരി അവസാനത്തിൽ ഓക്സ്ഫോർഡിലേയ്ക്കും പോയി—അവിടത്തെ മാൻസ്ഫീൽഡ് കോളേജിൽ 'ഡെയിൽസ്മാരകപ്രസംഗങ്ങൾ' നടത്തുവാൻ. അതിനുശേഷം, ബർമ്മിംഹാമിലെ സെല്ലി ഓക്ക് കോളേജിൽ 'ക്രിസ്തുമതവും ലോകമതങ്ങളും' എന്ന വിഷയത്തെ അധികരിച്ചു പ്രസംഗിച്ചു. മരണാനന്തരപ്രശ്നങ്ങളെക്കുറിച്ചാണ് കാംബ്രിഡ്ജിൽ സംസാരിച്ചതു്. ലണ്ടനിലെ മതശാസ്ത്രപഠനസംഘത്തോടുള്ള പ്രസംഗം പോൾശ്ലീഹയെസ്സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചായിരുന്നു. ഇംഗ്ലണ്ടിൽവെച്ചു് ഒട്ടേറെ കിന്നരക്കച്ചേരികളും ഞാൻ നടത്തുകയുണ്ടായി.

1922 മാർച്ച് മദ്ധ്യത്തോടുകൂടി ഞാൻ ഇംഗ്ലണ്ടിൽനിന്നു വീണ്ടും സ്വീഡനിലേയ്ക്കു പോയി, കൂടുതൽ കച്ചേരികളും പ്രസംഗങ്ങളും നടത്താൻ. അതെല്ലാം കഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തിയേയുള്ളു, അപ്പോഴേയ്ക്കും സ്വിററ്സർലണ്ടിലേയ്ക്കു് ഒരിക്കൽക്കൂടി പോകേണ്ടിവന്നു—കച്ചേരികൾക്കും പ്രസംഗങ്ങൾക്കുംവേണ്ടി തന്നെ.

1922-ലെ വേനല്ക്കാലത്തു്, 'സംസ്കാരത്തിന്റെ തത്വശാസ്ത്ര'ത്തിൽ നിർവ്വിഘ്നം പണിയെടുപ്പാൻ എനിക്കു സാധിച്ചു.

ശരൽക്കാലമായപ്പോൾ, ഞാൻ വീണ്ടും സ്വിററ്സർലണ്ടിലേയ്ക്കു പോയി; തുടന്നു കോപ്പൻഹേഗനിലേയ്ക്കും. അവിടത്തെ

സർവ്വകലാശാലയിലെ മതശാസ്ത്രവിഭാഗത്തിൻെറ ക്ഷണനമനുസരിച്ചാണു് പോയതു്. അവിടെവെച്ചു്, ധർമ്മത്തെപ്പററി ഒരു പ്രസംഗപരമ്പര നടത്തി. അതോടൊപ്പംതന്നെ, ഞാൻ ഡെൻമാർക്കിലെ വിവിധനഗരങ്ങളിൽ കച്ചേരികളും പ്രസംഗങ്ങളും നടത്തുകയും ചെയ്തു.

1923 ജനവരിയിൽ പ്രാഗിൽവെച്ചു് 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തെപ്പററി ഞാൻ പ്രസംഗിച്ചു. പ്രൊഫസർ ഓസ്കാർ ക്രോസിൻെറ ക്ഷണനപ്രകാരമാണതുണ്ടായതു്. ബ്രെൻറാനോവിൻെറ വിശ്വസ്തശിഷ്യനായ അദ്ദേഹവുമായി ഉററബന്ധം സ്ഥാപിക്കുവാൻ എനിക്കങ്ങനെ അവസരം ലഭിച്ചു.

ഈ കൊല്ലങ്ങളിൽ എനിക്കുണ്ടായ അനുഭവങ്ങൾ എത്ര അത്ഭുതാവഹമാണു്!

ആഫ്രിക്കയിലേയ്ക്കുള്ള പ്രഥമയാത്രയിൽ, മൂന്നു ത്യാഗങ്ങൾക്കു ഞാൻ ഒരുങ്ങിയിരുന്നു: കിന്നരംവായന ഉപേക്ഷിക്കുക; എനിക്കു് ഏററവും പ്രിയമായ അധ്യാപനം വേണ്ടെന്നുവെയ്ക്കുക; സ്നേഹിതന്മാരുടെ സഹായംകൊണ്ടുമാത്രം ജീവിപ്പാനൊരുങ്ങി, സാമ്പത്തികമായ സ്വാതന്ത്ര്യം നഷ്ടപ്പെടുക.

ഈ മൂന്നു ത്യാഗങ്ങളും ഞാൻ സഹിച്ചുകൊണ്ടിരുന്നു. ഇതു് എത്രമാത്രം വേദനാജനകമായിരുന്നുവെന്നു് എൻെറ ഉററമിത്രങ്ങൾക്കുമാത്രമേ അറികയുള്ളു.

എന്നാൽ സ്വന്തം പുത്രനെ ത്യജിക്കുവാൻ ഒരുങ്ങിയ അബ്രഹാമിൻെറ അനുഭവങ്ങൾതന്നെയാണു് എനിക്കുമുണ്ടായതു്. അദ്ദേഹത്തെപ്പോലെ, ഞാനും ത്യാഗങ്ങളിൽനിന്നു മോചിക്കപ്പെട്ടു. ഉഷ്ണരാജ്യങ്ങളിലെ ഉപയോഗത്തിന്നുതകുമാറു പ്രത്യേകമായി നിർമ്മിച്ചു്, പാരീസ്സിലെ ബാക്സൊസൈററി എനിക്കു സമ്മാനിച്ച ചവിട്ടുവെച്ച പിയാണോവും ഉഷ്ണരാജ്യകാലാവസ്ഥയുടെ മേൽ എൻെറ ആരോഗ്യത്തിന്നുണ്ടായ വിജയവും കിന്നരംവായനയിലുള്ള എൻെറ വൈദഗ്ദ്ധ്യത്തെ നിലനിൎത്തുവാൻ സഹായിച്ചു. കാട്ടി

ലെ ഏകാന്തതയിൽ കഴിച്ചുകൂട്ടിയ നാലരക്കൊല്ലക്കാലത്തു്, എത്രനേരമാണു് ഞാൻ ബാക്സംഗീതത്തിൽ മുഴുകിയിരുന്നിട്ടുള്ളതു്! അദ്ദേഹത്തിൻെറ കൃതികളുടെ ഭാവം നല്ലപോലെ ഗ്രഹിക്കുവാൻ എനിക്കു കഴിഞ്ഞു. തന്മൂലം കഴിവുകൾ കുറഞ്ഞുപോയ ഒരു കലാകാരനായല്ല, പൂർണ്ണവികാസം പ്രാപിച്ച ഒരു വിദഗ്ദ്ധനായാണു്, ഞാൻ യൂറോപ്പിൽ മടങ്ങിയെത്തിയതു്. സംഗീതജ്ഞനെന്ന നിലയ്ക്കു്, എനിക്കു മുമ്പത്തേക്കാൾ ആദരവു ലഭിച്ചിരുന്നു.

സ്ട്രാസ്ബുർഗ്സർവ്വകലാശാലയിലെ അധ്യാപനം ത്യജിക്കേണ്ടിവന്നുവെങ്കിൽ, പകരം മറെറത്രയോ സ്ഥലങ്ങളിൽ പ്രസംഗിക്കുവാനുള്ള അവസരം എനിക്കു കിട്ടിയിട്ടുണ്ടു്.

കുറച്ചു കാലത്തേയ്ക്കു സാമ്പത്തികമായ സ്വാതന്ത്ര്യം എനിക്കു നഷ്ടപ്പെട്ടുവെങ്കിൽ, എനിക്കിപ്പോഴതു വീണ്ടുകിട്ടുകയും ചെയ്തിരിക്കുന്നു; പേനയുടേയും കിന്നരത്തിൻേറയും സഹായംകൊണ്ടു്.

അങ്ങനെ തയ്യാറായ മൂന്നു ത്യാഗങ്ങളിൽനിന്നും ഞാൻ വിമുക്തനായി. നിർണ്ണായകമായ യുദ്ധാനന്തരകാലഘട്ടത്തിൽ, മററു പലരേയുമെന്നപോലെ എന്നേയും അഭിമുഖീകരിച്ച വിഷമതകൾ തരണംചെയ്യുവാൻ ഈ അനുഭവം എനിക്കു പ്രോത്സാഹനം നല്കി. ഞാൻ ഉത്സാഹഭരിതനായി. എന്തു ക്ലേശത്തിനും എന്തു ത്യാഗത്തിനും ഞാൻ സന്നദ്ധനായി.

1923-ലെ വസന്തത്തിൽ 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തിൻെറ ആദ്യത്തെ രണ്ടു വാല്യങ്ങൾ എഴുതിത്തീർന്നു. അക്കൊല്ലംതന്നെ അതു പ്രസിദ്ധീകൃതമാകയും ചെയ്തു. 'സംസ്കാരത്തിൻെറ അധഃപതനവും പുനരുത്ഥാനവും' എന്നാണു് പ്രഥമഗ്രന്ഥത്തിൻെറ തലക്കെട്ടു്; 'സംസ്കാരവും ധർമ്മവും' എന്നു രണ്ടാമത്തേതിൻേറയും.

'സംസ്കാരവും ധർമ്മവു'മെന്ന പുസ്തകത്തിൻെറ 'പ്രൂഫ്' തിരുത്തുമ്പോൾത്തന്നെ, ആഫ്രിക്കയിലേയ്ക്കുള്ള രണ്ടാംയാത്രയ്ക്കു തയ്യാറായിവരികയായിരുന്നു ഞാൻ.

1923-ലെ ശരൽക്കാലത്തു് അച്ചടി കുറച്ചുകാലത്തേയ്ക്കു മടങ്ങിപ്പോയി. ബവേറിയയിൽ നോർഡ്ലിൻജനിലുള്ള ഒരു അച്ചടിശാലയിലാണു് ജർമ്മൻപതിപ്പു് അച്ചടിച്ചതു്. നാണയപ്പെരുപ്പംകാരണം വൻതോതിൽ നോട്ടച്ചടിച്ചിറക്കുവാൻവേണ്ടി ഗവർമ്മേണ്ടു് ആ അച്ചടിശാല ഏറെറടുത്തുപോയി.

വനമധ്യത്തിലെ പ്രവർത്തനം വീണ്ടും തുടങ്ങുവാൻ എനിക്കു സാധിച്ചുവെങ്കിൽ, അതിന്നുത്തരവാദി ആൽസെസ്സിലേയും സ്വിററ്സർലണ്ടിലേയും സ്വീഡനിലേയും ഡെൻമാർക്കിലേയും ഇംഗ്ലണ്ടിലേയും ചെക്കോസ്ലോവാക്യയിലേയും ഇടവകകളാണു്. എന്റെ പ്രസംഗങ്ങൾ കേട്ട തൽഭാരവാഹികളുടെ മനസ്സലിഞ്ഞു; എനിക്കാവശ്യമായ പണം തരുവാൻ അവർ സന്നദ്ധരായി. എന്റെ സ്വന്തം സ്നേഹിതന്മാരുടെ ദയയും ആഫ്രിക്കൻയാത്രയെ ഗണ്യമായി സഹായിച്ചു. യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും എനിക്കു സ്നേഹിതന്മാരുണ്ടായിരുന്നു.

'ക്രസ്തുമതവും ലോകമതങ്ങളും'* എന്ന വിഷയത്തെ അധികരിച്ചു ബർമിംഹാമിലെ സെല്ലി ഓക് കോളേജിൽ ഞാൻ ചെയ്ത പ്രസംഗങ്ങൾ സമാഹരിച്ചു് അച്ചടിക്കുവാൻ തീർച്ചപ്പെടുത്തിയിരുന്നു. ആഫ്രിക്കയിലേയ്ക്കു പുറപ്പെടുന്നതിന്നു മുമ്പു് അതു് അച്ചടിക്കുവാൻ തയ്യാറാക്കിക്കഴിഞ്ഞു.

സാമാനങ്ങൾ കെട്ടി ശരിപ്പെടുത്തുന്നതിനിടയിൽ, എന്റെ കുട്ടിക്കാലത്തേയും ചെറുപ്പകാലത്തേയും സ്മരണകളെപ്പററി, ഞാൻ എഴുതിക്കൊണ്ടിരുന്നു. എന്റെ സ്നേഹിതനും സൂറിച്ചിലെ സുപ്രസിദ്ധമാനസികചികിത്സാവിദഗ്ദ്ധനുമായ ഡോക്ടർ ഓ. ഫിസ്റ്ററെ ഒരിക്കൽ സന്ദർശിച്ചപ്പോഴാണു് ഇതെഴുതുവാനുള്ള പ്രചോദനമുണ്ടായതു്. 1923-ലെ വേനലിന്റെ തുടക്കത്തിൽ, പടിഞ്ഞാറുനിന്നു കിഴക്കോട്ടു സ്വിററ്സർലണ്ടിലൂടെ യാത്രചെയ്ത

---

* ഇംഗ്ലീഷ്പതിപ്പു് 1923. ജർമ്മൻപതിപ്പു് 1924. പിന്നീടു ഡാനിഷ്, സ്വീഡിഷ്, ഡച്ചു്, ജപ്പാനീസ് പതിപ്പുകൾ.

മ്പോൾ, സൂറിച്ചിൽ രണ്ടു മണിക്കൂർനേരം കാത്തിരിക്കേണ്ടിവന്നു. അപ്പോഴാണു് ഞാനദ്ദേഹത്തെ ചെന്നു കണ്ടതു്. ദാഹം തീക്കുവാനും തളൎന്ന ശരീരം ഒന്നു നിവൎത്തി വിശ്രമിക്കുവാനും എനിക്കു സാധിച്ചു. എന്റെ കുട്ടിക്കാലത്തെ സംഭവങ്ങൾ, ഓൎമ്മയിൽ വരുന്നപോലെ, വിവരിക്കുവാൻ വിശ്രമാനന്തരം അദ്ദേഹം എന്നോടാവശ്യപ്പെട്ടു. ഒരു ബാലമാസികയിൽ പ്രസിദ്ധപ്പെടുത്തുവാനാണു് അദ്ദേഹം അതാവശ്യപ്പെട്ടതു്. ഞാൻ പറഞ്ഞതെല്ലാം അദ്ദേഹം ചുരുക്കെഴുത്തിൽ എഴുതിയെടുത്തു. ഏറെത്താമസിയാതെ, അതിന്റെ ഒരു അസ്സൽ കോപ്പി എനിക്കദ്ദേഹം അയച്ചുതന്നു. അതു പ്രസിദ്ധപ്പെടുത്തരുതെന്നും അതു മുഴുമിക്കുവാൻ എന്നെ അനുവദിക്കണമെന്നും ഞാൻ അദ്ദേഹത്തോടപേക്ഷിച്ചു. എന്നിട്ടു് ആഫ്രിക്കയിലേയ്ക്കു പുറപ്പെടുന്നതിനു മുമ്പു്, മഴയും മഞ്ഞും മാറിമാറി പെയ്തുകൊണ്ടിരുന്ന ഒരു ഞായറാഴ്ചദിവസം ഉച്ചതിരിഞ്ഞ നേരത്തു്, ഡോക്ടർ കുറിച്ചെടുത്തതിന്നു് ഒരു ഉപസംഹാരം ഞാൻ എഴുതിയുണ്ടാക്കി. ചെറുപ്പകാലത്തേയ്ക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ എന്റെ മനസ്സിൽ അലതല്ലാറുള്ള വിചാരങ്ങളാണു് അതിൽ ഉൾക്കൊള്ളിച്ചതു്. *

---

* 'കുട്ടിക്കാലത്തേയും ചെറുപ്പത്തിലേയും സ്മരണകൾ'—ജൎമ്മൻപതിപ്പു് 1924. ഇംഗ്ലീഷ്പതിപ്പു് 1924. പിന്നീടു സ്വീഡിഷ്, ഡച്ച്, ഡാനിഷ്, ഫ്രഞ്ച് പതിപ്പുകൾ.

# അദ്ധ്യായം പതിമൂന്ന്

## ആഫ്രിക്കയിൽ വീണ്ടും

### 1924—'27

1924 ഫെബ്രുവരി 14-ാനു ഞാൻ സ്ട്രാസ്ബർഗ്ഗ് വിട്ടു. അനാരോഗ്യംകാരണം എൻെറ ഭാൎയ്യക്കു കൂടെപ്പോരാൻ പററിയില്ല. ഈ പരിതസ്ഥിതിയിൽപ്പോലും, ലാംബറീനിയിലെ പ്രവൎത്തനം തുടരുവാൻ അവൾ എന്നെ അനുവദിച്ചതു്, യഥാൎത്ഥത്തിൽ, മഹത്തരമായൊരു ത്യാഗംതന്നെയായിരുന്നു. അതിന്നവളോട്ട് ഞാൻ ഇന്നുമെന്നും നന്ദിയുള്ളവനാണ്. ഓക്സ്ഫോർഡിൽ രസശാസ്ത്രവിദ്യാൎത്ഥിയായിരുന്ന നോയൽ ജില്ലെസ്പി എന്ന യുവാവു് എന്നെ അനുഗമിച്ചിരുന്നു. കുറച്ചു മാസം എന്നെ സഹായിപ്പാനായി അയാളുടെ അമ്മ അയാളെ ഏല്പിച്ചുതന്നിരിക്കയാണ്.

ഞങ്ങൾ ബോർഡോവിൽ കപ്പൽകയറിയപ്പോൾ, ചുങ്കമുദ്യോഗസ്ഥനു സംശയം തോന്നി. മറുപടിയയയ്ക്കാത്ത എഴുത്തുകൾ നിറച്ച നാലു ചാക്കു് എൻെറ കൂടെയുണ്ടായിരുന്നു. കപ്പൽയാത്രയിൽ മറുപടി എഴുതിത്തീൎക്കാമെന്നായിരുന്നു എൻെറ ആശ. ഇത്രയേറെ എഴുത്തുകളുള്ള ഒരു യാത്രക്കാരനെ ആ ഉദ്യോഗസ്ഥൻ ഇതുവരെ കണ്ടിട്ടേയില്ല. അക്കാലത്തു്, ഫ്രെഞ്ചുപണം അന്യരാജ്യങ്ങളിലേയ്ക്കു കടത്തുന്നതു കണിശമായി നിരോധിച്ചിരുന്നു. 5000 ഫ്രാങ്കിലേറെ ഒരാൾക്കു് അനുവദിക്കയേയില്ല. ഈ എഴുത്തുകെട്ടുകളിൽ പണം ഒളിച്ചുവെച്ചിരിക്കുന്നുണ്ടാവുമെന്നായി ഉദ്യോഗസ്ഥൻെറ സംശയം. അയാൾ ഒന്നരമണിക്കൂർനേരം എഴുത്തുകൾ പരിശോധിച്ചു. രണ്ടാമത്തെ ചാക്കിൻെറ അടിയിലെത്തിയതോടെ, അയാൾ മട്ടത്തു പരിശോധന വേണ്ടെന്നുവെച്ചു.

ഡച്ച്സാമാനക്കപ്പലായ 'ഒറെസ്റ്റെസ്സി'ലുണ്ടായ ദീഘിച്ച ആ യാത്രയിൽ പടിഞ്ഞാറൻകരയിലെ സ്ഥലങ്ങൾ കൂടുതൽ നന്നായി മനസ്സിലാക്കുവാൻ എനിക്കു് അവസരം കിട്ടി. ഏപ്രിൽ 19-ാംനു, ഈസ്റ്ററിൻെറ തലേദിവസം സൂര്യോദയത്തോടുകൂടി ഞാൻ വീണ്ടും ലാംബറീനിയിലെത്തിച്ചേൎന്നു.

തുത്തനാകപ്പലകകൊണ്ടുള്ള ഒരു ചെറുപുര; മുളകൊണ്ടുണ്ടാക്കിയ വലിയ കുടിലുകളിൽ ഒന്നിൻെറ മരംകൊണ്ടുള്ള ചട്ടക്കൂട് —ഇത്രയുമായിരുന്നു ആസ്പത്രിയുടെ അവശിഷ്ടങ്ങൾ. എൻെറ ഏഴുകൊല്ലത്തെ വേർപാടിൽ, മററു പുരകളെല്ലാം ദ്രവിച്ചു നിലംപതിച്ചുപോയിരുന്നു. ഡോക്ടറുടെ കുന്നിൻമുകളിലുള്ള ബംഗ്ലാവിലേക്കു് ആസ്പത്രിയിൽനിന്നു പോവാനുള്ള വഴി പുല്ലും വള്ളിയും നിറഞ്ഞു കാണാതായിക്കഴിഞ്ഞിരുന്നു. ബംഗ്ലാവിൻെറ ദ്രവിച്ചു ചോന്നുതുടങ്ങിയ മേല്പുരയുടേയും ആസ്പത്രിയിൽ അവശേഷിച്ചിട്ടുള്ള രണ്ടു കെട്ടിടങ്ങളുടേയും അത്യാവശ്യമായ കേടുപാടുകൾ തീക്കലായിരുന്നു എൻെറ ആദ്യത്തെ ജോലി. അതിനുശേഷം, ഞാൻ വീണ കെട്ടിടങ്ങൾ പുനർനിമ്മാണംചെയ്യുന്നതിലേപ്പെട്ടു. അതിന്നു വളരെ മാസങ്ങൾതന്നെ വേണ്ടിവന്നു. വല്ലാതെ ക്ഷീണിപ്പിക്കുന്ന പണിയുമായിരുന്നു അതു്. പരിപാടിയിട്ടപോലെ, വൈകുന്നേരങ്ങളിൽ ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. പോൾസ്ലീഹയെപ്പററിയുള്ള പുസ്തകം മുഴമിക്കണമെന്നായിരുന്നു എൻെറ മോഹം. 1911-ൽ തുടങ്ങിവെച്ചതാണതു്; ആഫ്രിക്കയിലേയ്ക്കുതു കൊണ്ടുവരുന്നതു രണ്ടാമത്തെ തവണയാണു്.

ഈ മാസങ്ങളിൽ, കാലത്തെല്ലാം ഞാൻ ഡോക്ടരാണു്; വൈകുന്നേരങ്ങളിൽ പുരപണിക്കാരനും. മുമ്പത്തെ താമസകാലത്തെപ്പോലെത്തന്നെ, ഇപ്പോഴും കൂലിക്കാരെ കിട്ടുവാനുണ്ടായിരുന്നില്ല. യുദ്ധാനന്തരം മരക്കച്ചവടം അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞിരുന്നു. കൂലിക്കാരെയെല്ലാം അതു വലിച്ചെടുത്തിരിക്കയാണു്.

അതുകൊണ്ടു് ആസ്പത്രിയിലെ രോഗികളുടെ കൂടെ വന്നവ

രേയോ രോഗം മാറി വിശ്രമിക്കുന്നവരേയോ സഹായികളായെ ടുക്കുവാൻ ഞാൻ നിർബ്ബദ്ധനായി. അവരാണെങ്കിൽ, ആവശ്യമു ള്ള ദിവസങ്ങളിൽ എവിടെയെങ്കിലും പോയി ഒളിച്ചിരിക്കും. പണിയെടുക്കുകയാണെങ്കിൽത്തന്നെ, ഒരു ഉത്സാഹവും കാണിക്കു യുമില്ല.

ആദ്യത്തെ ആഴ്ചകളിൽ ഒരു ദിവസം, 'മിക്കവാറും ആഫ്രിക്ക ക്കാരനായി'ക്കഴിഞ്ഞിട്ടുണ്ടായിരുന്ന പ്രായംകൂടിയ ഒരു മരക്കച്ച വടക്കാരൻ ഞങ്ങളുടെ കൂടെ ഉച്ചഭക്ഷണത്തിന്നു വന്നു. ഊൺ ക ഴിഞ്ഞെഴുന്നേല്ക്കുമ്പോൾ എന്നോട് എന്തെങ്കിലും നല്ല വാക്കു പറ യണമെന്നുവെച്ച്, അദ്ദേഹം പറഞ്ഞു: "ഡോക്ടർ, നിങ്ങൾ ന ന്നായി ഹാമ്മോണിയം വായിക്കുമെന്ന് എനിക്കറിയാം. എനി ക്കും പാട്ടിനു വലിയ കമ്പമാണ്. കാററും മഴയും തുടങ്ങും മുമ്പ്, വീട്ടിലെത്താതെ നിവൃത്തിയില്ലല്ലോ. അല്ലെങ്കിൽ, ഗീഥെയുടെ പാട്ടുകൾ പാടിക്കേൾപ്പിക്കാൻ ഞാൻ ആവശ്യപ്പെട്ടുമായിരുന്നു."

രോഗികൾ വദ്ധിച്ചുകൊണ്ടേയിരുന്നു. അതുകൊണ്ട് 1924—'25-ൽ രണ്ടു ഡോക്ടർമാരേയും രണ്ടു നഴ്സുമാരേയും ഞാൻ യൂ റോപ്പിൽനിന്നു വരുത്തി.

ഒടുവിൽ, 1925-ലെ ശരൽക്കാലത്തിൽ, ആസ്പത്രിയുടെ പു നർനിമ്മാണം കഴിഞ്ഞുവെന്നു പറയാം. പോൾശ്ലീഹയെപ്പററി യുള്ള ഗ്രന്ഥരചനയ്ക്കു വൈകുന്നേരങ്ങൾ ഇനിയെങ്കിലും ഉപയോ ഗിക്കാമെന്നു കരുതി ഞാൻ ആഹ്ലാദിച്ചു. അക്കാലത്ത് അവിടെ ഉഗ്രമായൊരു ക്ഷാമം ബാധിച്ചു. മരംവെട്ട് ആളുകളെയെല്ലാം ആകഷിച്ചതിൻെറ ഫലമായി, കൃഷിയിൽ ശ്രദ്ധ കുറഞ്ഞു. ക്ഷാ മത്തോടൊപ്പം ഭയങ്കരമായ അതിസാരം നാടെങ്ങും പടന്നുപിടി ച്ചു. തൽഫലമായി, കുറേ മാസത്തേയ്ക്ക് എനിക്കും കൂട്ടുകാക്കും ഒഴിവില്ലാത്ത ജോലിയായി. ഞങ്ങളുടെ രണ്ടു മോട്ടോർബോട്ടുക ളിൽ എത്രയെത്ര യാത്രയാണ് വേണ്ടിവന്നിട്ടുള്ളത്! (സ്വീഡനി ലെ സ്നേഹിതന്മാർ സമ്മാനിച്ചതാണ് ഒരു ബോട്ട്; മറേറതു ജട്

ലണ്ടിലേയും.) കിട്ടുന്നിടത്തെല്ലാം ചെന്നു് അരി കൊണ്ടുവരും. ആസ്പത്രിയിലെ രോഗികളുടെ ഭക്ഷണത്തിന്നു മറെറാന്നും കിട്ടിയില്ലെങ്കിൽ, അരി കൊടുക്കാതെ നിവ്വാഹമില്ലല്ലോ.

അതിസാരരോഗം ഒരു കാര്യം വ്യക്തമാക്കി: ആസ്പത്രി കൂടുതൽ വിശാലമായൊരു സ്ഥലത്തേയ്ക്കു മാററിയേ പററൂ. പാതിരിസംഘത്തിൻെറ സ്ഥലത്തു് അതിന്നു വികസിക്കുവാൻ നിവൃത്തിയില്ല. എന്തെന്നാൽ എൻെറ അധീനത്തിലുള്ള സ്ഥലത്തിന്നു ചുററും വെള്ളവും ചതുപ്പുനിലങ്ങളും കുന്നുകളും ആയിരുന്നു. മുമ്പു സാധാരണയായുണ്ടാവാറുള്ള 50 രോഗികൾക്കും അവരുടെ സഹായികൾക്കും ആവശ്യമുള്ള കെട്ടിടങ്ങൾക്കേ അതിൽ സൌകര്യമുള്ളൂ. ഇപ്പോഴാണെങ്കിൽ, ഓരോ രാത്രിയും 150 പേക്കു സൌകര്യം ചെയ്തുകൊടുക്കയും വേണം.

ആസ്പത്രി പുതുക്കിപ്പണിയുന്ന സമയത്തുതന്നെ ഇക്കാര്യം എൻെറ ശ്രദ്ധയിൽ പെട്ടിരുന്നു. എന്നാൽ രോഗികളുടെ വദ്ധന താൽക്കാലികംമാത്രമാണെന്നു ഞാൻ കരുതിപ്പോയി. ഇപ്പോൾ, അതിസാരം പടന്നുപിടിക്കക്കൂടി ചെയ്തപ്പോഴാണു്, ആസ്പത്രിയെ നേരിട്ടിരിക്കുന്ന പുതിയൊരു ആപത്തിനെപ്പററി ഞാൻ ഓക്കുന്നതു്. പകച്ച്വവ്യാധികൾക്കു വേറിട്ടുള്ള വാർഡുകൾ ഉണ്ടായിരുന്നില്ല. അതിസാരരോഗികളെ മററു രോഗികളിൽനിന്നു് അകററിനിത്തേണ്ടതു് ആവശ്യമാണു്. അതിന്നാണെങ്കിൽ സ്ഥലസൌകര്യവുമില്ല. തൽഫലമായി ആസ്പത്രിയിലും രോഗം പകന്നുതുടങ്ങി. അക്കാലം ഭയങ്കരംതന്നെയായിരുന്നു!

ആസ്പത്രിക്കു മറെറാരു പോരായ്മകൂടിയുണ്ടു്: ചിത്തരോഗികളെ താമസിപ്പിക്കുവാൻ വേണ്ടത്ര സ്ഥലസൌകര്യമുണ്ടായിരുന്നില്ല. അപകടക്കാരായ ഭ്രാന്തന്മാരെ സ്വീകരിക്കുവാൻ പലപ്പോഴും എനിക്കു സാധിക്കാതെ വരാറുണ്ടു്. എന്തെന്നാൽ ഭ്രാന്തന്മാക്കുള്ള പ്രത്യേകമുറികൾ ആകെ രണ്ടെണ്ണമേയുള്ളൂ; അതിൽ മിക്കപ്പോഴും ആളുണ്ടായിരിക്കയും ചെയ്യും.

അതുകൊണ്ടു്, പുഴയിലൂടെ മേല്പോട്ട രണ്ടുനാഴിക അകലെയുള്ള ഒരു സ്ഥലത്തേയ്ക്കു് ആസ്സത്രി നീക്കംചെയ്യുവാൻ ഞാൻ നിർബ്ബദ്ധനായി. വളരെ സങ്കടത്തോടുകൂടിയാണു് ഈ തീരുമാനമെടുത്തതു്. ആസ്സത്രിയുടെ വികസനത്തിന്നു വേണ്ടിടത്തോളം സൌകര്യമുള്ളതാണു് പുതിയ സ്ഥലം. മുളകൊണ്ടും പനയോലകൊണ്ടും ഉണ്ടാക്കിയ കുടിലുകൾ കേടുതീൎന്ന സമയമില്ല. അതെല്ലാം മാററി, തുത്തനാകപ്പലകകൊണ്ടുള്ള പുരകൾ പണിയണമെന്നായിരുന്നു എൻെറ മോഹം. ആസ്സത്രിയുടെ സ്ഥലമാററം അതിന്നുള്ള അവസരം തന്നു. എൻെറ പ്രവൎത്തനങ്ങളെ സഹായിച്ചുപോരുന്നവരിൽ എനിക്കുണ്ടായിരുന്ന വിശ്വാസമാണു് ഈ സാഹസത്തിനെന്നെ ധൈര്യപ്പെടുത്തിയതു്. വെള്ളപ്പൊക്കത്തിൽനിന്നും മഴയ്ക്കുശേഷം കുന്നുകളിൽനിന്നു കുത്തിയൊലിച്ചുവരുന്ന വെള്ളത്തിൽനിന്നും ആസ്സത്രിയെ രക്ഷിക്കുവാൻവേണ്ടി ഞാൻ ആധുനികനായ പ്രാകൃതമനുഷ്യനായി. മരക്കുററികളിൽ ഗ്രാമം പണിയുകയല്ല, തുത്തനാകപ്പലകകൊണ്ടുള്ള ഗ്രാമം നിൎമ്മിക്കയാണു്, ഞാൻ ചെയ്തതു്.

ആസ്സത്രിയിലെ ചികിത്സാസംബന്ധമായ ജോലിയെല്ലാം ഞാനെൻെറ സഹപ്രവൎത്തകൎക്കു വിട്ടുകൊടുത്തു. ആൽസെസ്സുകാരനായ ഡോക്ടർ നെസ്മാൻ, സ്വിററ്സർലണ്ടുകാരനായ ഡോക്ടർ ലോട്ടർബഗ്ഗ്, ഡോക്ടർ നെസ്മാനുപകരം വന്ന മറെറാരു ആൽസെസ്സ്കാരൻ, ഡോക്ടർ ട്രെൻസ്—ഇവരാണു് എൻെറ സഹപ്രവൎത്തകർ. ഒന്നരക്കൊല്ലമായി എൻെറ ജോലി വേലക്കാരുടെ മേൽനോട്ടമാണു്—തിരഞ്ഞെടുത്ത സ്ഥലങ്ങളിൽനിന്നു മരങ്ങളും ചെടികളും വെട്ടിനീക്കി, കെട്ടിടങ്ങൾ നിൎമ്മിക്കുന്നതിൻെറ മേൽനോട്ടം. ഈ ജോലി ഞാൻതന്നെ ഏറെറടുക്കേണ്ടിവന്നതിന്നു കാരണമുണ്ടു്. രോഗികളുടെ കൂട്ടുകാരും ദീനം മാറി വിശ്രമിക്കുന്നവരും അടങ്ങിയ 'സന്നദ്ധസംഘാംഗങ്ങൾ' എപ്പോഴും മാറിമാറിക്കൊണ്ടേയിരിക്കുമല്ലോ. അവരെക്കൊണ്ടു പണിയെടുപ്പി

ക്കാൻ എനിക്കുമാത്രമേ സാധിക്കാറുള്ളു; 'പഴയ' ഡോക്ടറുടെ ആജ്ഞയ്ക്കേ അവർ വഴങ്ങുകയുള്ളു. മരം വെട്ടിവീഴ്ത്തുന്ന വേലക്കാരെ നയിച്ചുകൊണ്ടിരിക്കുന്ന സമയത്താണു് എനിക്കു വിവരം കിട്ടിയതു്, പ്രാഗിലെ ജർമ്മൻസർവ്വകലാശാലയുടെ തത്വശാസ്ത്രവിഭാഗം എനിക്കു് ഡോക്ടർബിരുദം നല്കിയിരിക്കുന്നുവെന്നു്.

പുരപ്പണിക്കുള്ള സ്ഥലം വെട്ടപ്പാക്കിയശേഷം, ചുററുപാടുമുള്ള പ്രദേശം കൃഷിയോഗ്യമാക്കുവാനായി എൻെറ ശ്രമം. കാട്ടുകൾ വയലുകളാക്കി മാററുക—എത്ര ആഹ്ലാദപ്രദമായ ജോലി!

ആസ്പത്രിക്കു ചുററും 'ആദാമിൻെറ ഉദ്യാനം' സൃഷ്ടിക്കുക—ഈ ഉദ്ദേശ്യം മുൻനിർത്തി, അന്നുമുതൽ കൊല്ലംതോറും പ്രവൃത്തി നടന്നുപോന്നു. വിത്തു മുളപ്പിച്ചു്, നൂറുനൂറു ഫലവൃക്ഷങ്ങൾ നട്ടുകഴിഞ്ഞു. വേണ്ടതിലേറെ ഫലങ്ങൾ ഒരുനാൾ ഇവിടെ ഉണ്ടായിത്തുടങ്ങും. അപ്പോൾ ആക്കും ഇഷ്ടംപോലെ അതു പറിച്ചെടുത്തു ഭക്ഷിക്കാം; കളവെന്ന ഒരു കുററമേ ഇല്ലാതാവും. ഓമ, മാവു്, എണ്ണപ്പന എന്നിവ ആ ഘട്ടത്തിലെത്തിക്കഴിഞ്ഞു. ഞങ്ങൾ വളരെയധികം ഓമത്തൈകൾ നട്ടിരുന്നതുകൊണ്ടു്, അവ ഇപ്പോൾ തന്നെ ആസ്പത്രിയുടെ ആവശ്യത്തിലുമധികം കായ തന്നുതുടങ്ങിയിരിക്കുന്നു. മാവും എണ്ണപ്പനയും മുമ്പുതന്നെ കാട്ടിൽ ഉണ്ടായിരുന്നു; അവയ്ക്കു ചുററും വളർന്നിരുന്ന മരങ്ങളെല്ലാം വെട്ടിനീക്കപ്പെട്ടപ്പോൾ, അവ മുററിത്തഴച്ചു. അവയുടെ വളർച്ച മുട്ടിച്ചിരുന്ന വള്ളിപ്പടപ്പുകളും വെയിൽ മറച്ചിരുന്ന വൻമരങ്ങളും നീങ്ങിയതോടെ, അവ കായ്ക്കുവാൻ തുടങ്ങി.

കാട്ടിലെ 'ആദിമനിവാസി'കളല്ല ഈ ഫലവൃക്ഷങ്ങൾ. പുഴവക്കിൽ മുമ്പു സ്ഥിതിചെയ്തിരുന്ന ഗ്രാമങ്ങളിൽനിന്നു വന്നതാണു് മാവു്. ഗ്രാമത്തിലെ എണ്ണപ്പനകളിൽനിന്നു തത്തകൾ കൊത്തിക്കൊണ്ടുപോയ കായകൾ വീണു കാട്ടിൽ പനയും ഉണ്ടായി. ആഫ്രിക്കയിലെ മധ്യരേഖാപ്രദേശത്തെ കാട്ടുകളിൽ ഭക്ഷ്യയോ

ഗ്യമായ ഫലങ്ങളൊന്നുംതന്നെ മുമ്പുണ്ടായിരുന്നില്ല. ഭക്ഷണസാധനങ്ങൾ തീൎന്നുപോയ യാത്രക്കാരൻ പട്ടിണികിടന്നു മരിക്കയേയുള്ളൂ. വാഴ, കൊള്ളിക്കിഴങ്ങ്, എണ്ണപ്പന, മാവു തുടങ്ങിയവയുടെ നാട്ട് ആഫ്രിക്കയിലെ മധ്യരേഖാപ്രദേശമല്ല. വെസ്റ്റ് ഇൻഡീസിൽനിന്നും മററു ഉഷ്ണരാജ്യങ്ങളിൽനിന്നും യൂറോപ്യന്മാർ കൊണ്ടുവന്നശേഷമാണ് അവ ആഫ്രിക്കൻമണ്ണിൽ വേരൂന്നിയതു്.

ദൌൎഭാഗ്യവശാൽ ഇവിടെ ഫലങ്ങൾ സൂക്ഷിച്ചുവെപ്പാൻ സാധ്യമല്ല. ഈൎപ്പവും ഉഷ്ണവുംമൂലം പറിച്ചെടുക്കുന്നതോടെ അവ കേടുവന്നുതുടങ്ങുന്നു.

രോഗികളുടെ ഭക്ഷണത്തിന്നു വാഴപ്പഴം വളരെയധികം ആവശ്യമുണ്ട്. 'ആദാമിൻെറ ഉദ്യാനം'കൊണ്ടു് ആവശ്യം മുഴുവൻ നിറവേറിയിരുന്നില്ല. അയൽഗ്രാമങ്ങളിൽനിന്നു് ഇറക്കുമതി ചെയ്തിട്ടാണ് കുറവു നികത്തിപ്പോരാറു്. കൂലിച്ചെലവുചെയ്തു വാഴ നട്ടുവളൎത്തിയുണ്ടാക്കുന്നതു നഷ്ടമാണ്. സ്വന്തം തോട്ടങ്ങളിൽനിന്നു നാട്ടുകാർ വില്ക്കുവാൻ കൊണ്ടുവരുന്ന വാഴപ്പഴം വാങ്ങുകയാണ് ലാഭകരം. ജലസൌകര്യമായിരിക്കാം അതിന്നൊരു കാരണം. എന്നാൽ ഫലവൃക്ഷങ്ങളാകട്ടെ, നാട്ടുകാർ നട്ടുവളൎത്താറില്ല. അവർ ഒരിടത്തും സ്ഥിരമായി താമസിക്കയില്ല. അവരുടെ ഗ്രാമങ്ങൾ എപ്പോഴും പുതുപുതായ സ്ഥലങ്ങളിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കും.

വാഴപ്പഴങ്ങൾകൂടി സൂക്ഷിച്ചുവെപ്പാൻ നിവൃത്തില്ല. എപ്പോഴും ധാരാളം അരി സംഭരിച്ചുവെപ്പാൻ ഞാൻ നിൎബ്ബന്ധനാവാറുണ്ട്—അയൽഗ്രാമങ്ങളിലെ വാഴത്തോട്ടങ്ങളിൽ വേണ്ടത്ര കുല യില്ലാതെവന്നെങ്കിലോ?

ഉടൻതന്നെ പുതിയ ആസ്പത്രി നിൎമ്മിക്കുന്നതിനുപകരം, പഴയതു പുതുക്കിപ്പണിയുകയാണല്ലോ ഞാൻ ആദ്യം ചെയ്തതു്. ഒരു നിലയ്ക്കും അതു് ഒരു നഷ്ടമായില്ല. പരിചയസമ്പന്നരാവാൻ അതു ഞങ്ങളെ സഹായിച്ചു. പുതുക്കിപ്പണിയലിൻെറ അവ

സാനംവരെ ഞങ്ങളുടെ കൂടെ നിന്നതു് ഒരു വേലക്കാരൻമാത്രമാണു്—മോണ്ടൻസാലി എന്നു പേരായ ഒരാശാരി. അയാളുടെ സഹായമില്ലാതെ, പ്രവൃത്തി മുഴുമിക്കുവാൻ എനിക്കു സാധിച്ചേഷ്ജുമെന്നു തോന്നുന്നില്ല. അവസാനമാസങ്ങളിൽ, സ്വിററ്സർലണ്ടിൽനിന്നു വന്ന ചെറുപ്പക്കാരനായ ഒരാശാരിയുടെ സഹായവും എനിക്കു കിട്ടി.

ആഫ്രിക്കയിൽ രണ്ടുകൊല്ലത്തെ പ്രവത്തനത്തിനുശേഷം യൂറോപ്പിലേഷ്ജു മടങ്ങണമെന്നായിരുന്നു എൻെറ പരിപാടി. അതു നടപ്പിലായില്ലെന്നുമാത്രം. മൂന്നരക്കൊല്ലം ഞാൻ അവിടെ താമസിച്ചു. പകൽ മുഴുവൻ വെയിലത്തു കഴിച്ചുകൂട്ടുകമൂലം, വൈകുന്നേരമാവുമ്പോഴഷ്ജും ഞാൻ വല്ലാതെ തളന്നുപോവും. വല്ലാത്ത മാന്ദ്യം തോന്നിത്തുടങ്ങും. തൽഫലമായി എഴുത്തു തുടങ്ങുവാൻ എനിക്കു പററാറില്ല. ചവിട്ടുവെച്ച പിയാണോവിൽ പതിവായി പരിശീലിക്കുന്നതിന്നുമാത്രം കഷ്ടിച്ചു സാധിക്കാറുണ്ടു്. പോൾശ്ശീഫയെപ്പററിയുള്ള പുസ്തകം അപൂണ്ണമായിത്തന്നെ ഇരുന്നതേയുള്ളു. എന്നാൽ സംഗീതത്തിൽ പുരോഗതിയുണ്ടായി.

ആഫ്രിക്കയിലെ രണ്ടാമത്തെ പ്രവത്തനകാലത്തെപ്പററി ഞാൻ 'ലാംബറീനിയിലെ കാട്ടാസ്പത്രി'* എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. സ്നേഹിതന്മാരുടേയും അനുഭാവികളുടേയും അറിവിന്നായി, പ്രവൃത്തിക്കിടയിലുള്ള വിശ്രമവേളയിൽ എഴുതിവെച്ച കുറിപ്പുകളാണു് അതിലടങ്ങിയിട്ടുള്ളതു്.

ഞാൻ ആഫ്രിക്കയിലായ കാലത്തു്, ആസ്പത്രിയുടെ നിലനില്പിന്നാവശ്യമായ ജോലി യൂറോപ്പിൽ ചെയ്തിരുന്നതു സ്ട്രാസ്ബുർഗ്ഗിലെ മിസ്സിസ്സ് എമ്മിമാർട്ടിൻ, ബാസലിലെ റവറണ്ട് ഹാൻ

* ജർമ്മൻ പതിപ്പു്: ഒന്നും രണ്ടും ഭാഗങ്ങൾ (1924'—25) മൂന്നാംഭാഗം (1925—'27) തുടന്നു സ്വീഡിഷ്, ഇംഗ്ലീഷ്, അമേരിക്കൻ, ഡച്ച് തർജ്ജമകൾ.

സ്ബോവർ, ഡി. ഡി; എൻെറ ഭാര്യാസഹോദരനായ ഓബെർഹോഡ് ബർജനിലെ—സ്ട്രാസ്ബുർഗ്ഗിന്നടുത്താണതു്—റവറണ്ട് ആൽബട്ട് വോയ്ട്ട് എന്നിവരായിരുന്നു. ഇവരുടേയും മററു സേവനസന്നദ്ധരുടേയും ത്യാഗപൂർണ്ണമായ സഹായമില്ലെങ്കിൽ, വികസിച്ചുവന്നിരുന്ന എൻെറ പ്രവർത്തനം തുടരുവാൻ സാധിക്കുമായിരുന്നില്ല.

പുതിയ കെട്ടിടങ്ങളിൽ ചിലതു പണിതുകഴിഞ്ഞു. 1927 ജനുവരി 21-ാംനു- പഴയ ആസ്പത്രിയിൽനിന്നു രോഗികളെ പുതിയതിലേയ്ക്കു മാററി. അന്നു വൈകുന്നേരം അവസാനമായി സ്ഥലമാററംചെയ്തതു ചിത്തരോഗികളെയാണു്; ഞാനവരെ എൻെറ കൂടെ കൊണ്ടുവന്നു. അവരുടെ രക്ഷിതാക്കന്മാർ പ്രദർശിപ്പിച്ച സംതൃപ്തി അളവററതായിരുന്നു; അതെത്രതന്നെ പറഞ്ഞിട്ടും അവൎക്കു മതിവരുന്നില്ല! പുതിയ ആസ്പത്രിയിലെ നിലം മരപ്പലക വിരിച്ചതായിരുന്നു. പഴയതിലാകട്ടെ, ഈൎപ്പം വിടാത്ത മൺനിലവുമായിരുന്നു.

അന്നു വൈകുന്നേരം ഞാൻ ആസ്പത്രി ചുററിനടക്കുമ്പോൾ, തീക്കായുന്ന ഓരോ സംഘത്തിൽനിന്നും ഓരോ കൊതുവലകളിൽനിന്നും ഈ സ്വാഗതം മാറെറാലിക്കൊണ്ടു: "നല്ല കുടിൽ, ഡോക്ടർ, വളരെ നല്ല കുടിൽ!" എൻെറ ആഫ്രിക്കൻപ്രവത്തനത്തിൽ ഇപ്പോഴാദ്യമായിട്ടിതാ, രോഗികൾ മനുഷ്യവാസയോഗ്യമായ പുരകളിൽ താമസിക്കുന്നു!

ആസ്പത്രിക്കു ചുററുമുള്ള കാടു വെട്ടിത്തെളിയിക്കുന്ന വേലക്കാരുടെ മേൽനോട്ടം, 1927 ഏപ്രിൽമാസത്തിൽ മിസ്സിസ്സ് സി. ഈ. ബി. റസ്സലിന്നു ഞാൻ ഒഴിഞ്ഞുകൊടുത്തു. അവർ അക്കാലത്തു് അവിടെ എത്തിക്കഴിഞ്ഞതേയുള്ളുവെങ്കിലും, വേലക്കാരുടെ അനുസരണം നേടുവാൻ അവൎക്കു കഴിവുണ്ടു്. അവരുടെ നേതൃത്വത്തിൽ, ഒരു തോട്ടം വെച്ചുപിടിപ്പിക്കാനും തുടങ്ങി. ആണുങ്ങളായ ഞങ്ങളുടെ ആജ്ഞയേക്കാൾ ഒരു വെള്ളക്കാരിയുടെ കല്പന

യെയാണു് നമ്മുടെ അപരിഷ്കൃതർ കൂടുതൽ മാനിക്കുക! അക്കാലം തൊട്ടുള്ള എന്റെ അനുഭവമാണിതു്.

അക്കൊല്ലത്തിൽത്തന്നെ വേനലിന്റെ മദ്ധ്യത്തോടുകൂടി, കുറേക്കൂടി 'വാർഡു'കൾ കെട്ടിത്തീൎന്നു. വേണ്ടിവന്നാൽ, ഇരുനൂറു രോഗികൾക്കും അവരുടെ സഹായികൾക്കും താമസിപ്പാൻ വേണ്ട സൌകര്യമുണ്ടായിക്കഴിഞ്ഞു. അടുത്ത മാസങ്ങളിൽ രോഗികളുടെ എണ്ണം 140-160 ആയിരുന്നു. അതിസാരരോഗികളെ ഒററതിരിച്ചു കിടത്തുവാൻ ഏപ്പാടുചെയ്തിരുന്നു. ലണ്ടനിലെ ഗിൽഡു് ഹൌസു് ഭക്തസഭയിലെ ഒരംഗമായിരുന്ന ആംബ്രോസു് പോമിറോയ്-ക്രാഗ്ഗിന്റെ ഓൎമ്മയ്ക്കായി സ്ഥാപിതമായ ഒരു നിധിയിൽനിന്നാണു് ചിത്തരോഗികൾക്കുള്ള കെട്ടിടം പണിയിച്ചതു്.

ആസ്പത്രിയുടെ ആഭ്യന്തരകാര്യങ്ങൾ നടത്തുവാൻ അത്യാവശ്യമായ ഏപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞു. ചുമതലകളെല്ലാം സഹപ്രവൎത്തകരിൽ അൎപ്പിച്ചു, നാട്ടിലേയ്ക്കു മടങ്ങുന്ന കാര്യം ഇനി ആലോചിക്കാം. ജൂലായി 21-ാംനു- ഞാൻ ലാംബറീനി വിട്ടു. 1924-ലെ വേനല്ക്കാലംതൊട്ടു് ആസ്പത്രിയിൽ പ്രവൃത്തിയെടുത്തുപോന്നിട്ടുള്ള മിസ്സു് മാത്തിൽഡു് കോട്ടു്മാൻ എന്നെ അനുഗമിച്ചു. ഡോക്ടർ ലോട്ടർബഗ്ഗിന്റെ സഹോദരി, മിസ്സു് എമ്മാഹോസ്ക് സെക്ടു് ലാംബറീനിയിൽത്തന്നെ താമസിച്ചു. ഏറെത്താമസിയാതെ ചില 'നഴ്സു'മാർ അങ്ങോട്ടു സഹായത്തിന്നെത്തുകയും ചെയ്തു.

# അദ്ധ്യായം പതിനാല്

## യൂറോപ്പിൽ രണ്ടുകൊല്ലം.
## ആഫ്രിക്കയിൽ മൂന്നാമത്തും

യൂറോപ്പിൽ താമസിച്ച രണ്ടു കൊല്ലത്തിൽ അധികകാലവും ഞാൻ യാത്രചെയ്കതന്നെയായിരുന്നു—പ്രസംഗത്തിന്നും കിന്നരം വായനയ്ക്കുമുള്ള യാത്രകൾ.

1927 ലെ ശരൽക്കാലവും ശൈത്യകാലവും ഞാൻ സ്വീഡനിലും ഡെൻമാക്കിലുമായി കഴിച്ചുകൂട്ടി. 1928-ലെ വസന്തത്തിലും വേനലിന്റെ ആദ്യത്തിലും ഞാൻ ഹോളണ്ടിലും ഇംഗ്ലണ്ടിലുമായിരുന്നു; ശരച്ഛൈത്യകാലങ്ങളിലാകട്ടെ, സ്വിററ്സർലണ്ടിലും ജമ്മനിയിലും ചെക്കോസ്ലൊവാക്യയിലും.

1929-ൽ കച്ചേരികൾക്കായി ജമ്മനിയിൽ പലതവണ യാത്രചെയ്തു. യാത്രചെയ്യാത്ത കാലങ്ങളിൽ ഞാൻ ഭാര്യയും കുട്ടിയുമൊരുമിച്ചു താമസിക്കും. 'ബ്ളാക്ക് ഫോറസ്റ്റി'ലെ കോണിഗ്സ്ഫെൽഡ് എന്ന മലമുകളിലുള്ള ആരോഗ്യകേന്ദ്രത്തിലോ സ്റ്റ്രാസ്ബുഗ്ഗിലോ ആണ് ഞങ്ങൾ താമസിക്കാറ്.

അപ്രതീക്ഷിതമായ ജോലിയും മനഃക്ലേശവും എന്നെ അഭിമുഖീകരിച്ചു. കഴിയുന്ന വേഗത്തിൽ ഡോക്ടർമാരേയും നഴ്സുമാരേയും കണ്ടുപിടിച്ച്, ലാംബറീനിയിലേയ്ക്കു് അയയ്ക്കണം. ഉദ്ദേശിച്ച കാലത്തിനു മുമ്പുതന്നെ യൂറോപ്പിലേയ്ക്കു മടങ്ങേണ്ടിവന്നവരുടെ ഒഴിവു നികത്തിയേ തീരു. കാലാവസ്ഥ പിടിക്കാത്തതുകൊണ്ടാണ് ചിലർ മടങ്ങിയതു്; മററു ചിലർ കുടുംബസംബന്ധമായ കാ

രണങ്ങളാലും. സ്വിററ്സർലണ്ടിൽനിന്നു് എനിക്കു നാലു ഡോക്ടർമാരെ പുതുതായിക്കിട്ടി—ഡോക്ടർ മുണ്ട്ലർ, ഡോക്ടർ ഹെഡിജർ, ഡോക്ടർ സ്റ്റാൾഡർ, മാഡം വാസേൽ, ഡോക്ടർ ഷ്നാബെൽ. എറിക് ഡോൾക്കൻ എന്ന സ്വിസ്സ്ഡോക്ടരുടെ നിര്യാണവാത്ത കേട്ടു ഞങ്ങളെല്ലാം വളരെയധികം വ്യസനിച്ചു. 1929 ഒക്ടോബറിൽ ലാംബറീനിയിലേയ്ക്കുള്ള യാത്രയിലാണു് ഗ്രാൻഡ്ബേസ്സാം തുറമുഖത്തുവെച്ചു ഏതുരോഗംമൂലം അദ്ദേഹം മൃതിയടഞ്ഞതു്.

യൂറോപ്പിലെ താമസകാലത്തു്, പോൾസ്റ്റീഹയെപ്പററിയുള്ള പുസ്തകം മുഴുമിക്കുന്നതിന്നാണു് ഒഴിവുസമയമെല്ലാം ഞാൻ വിനിയോഗിച്ചതു്. മൂന്നാമതും അതു് ആഫ്രിക്കയിലേയ്ക്കു കെട്ടിയെടുക്കുവാൻ ഞാനിഷ്ടപ്പെട്ടില്ല. പ്രതിപാദ്യത്തിൽ ഞാൻ സ്വയം ലയിച്ചു. അദ്ധ്യായങ്ങൾ സാവധാനത്തിൽ രൂപംകൊണ്ടുതുടങ്ങി.

പുസ്തകത്തിൻെറ അവസാനാദ്ധ്യായം എഴുതിയതു 1929-ഡിസമ്പറിലാണു്—ബോർഡോവിൽനിന്നു ലോപ്പസ്മുനമ്പിലേയ്ക്കുള്ള കപ്പലിൽവെച്ചു്. ക്രിസ്തുമസ്സ് കഴിഞ്ഞു് അടുത്ത ദിവസം ലാംബറീനിയിലേയ്ക്കുള്ള ബോട്ടിൽവെച്ചു മുഖവുരയും എഴുതി. എൻെറ കൂടെ ഭാര്യയും ഡോക്ടർ അന്ന ഷ്മിററ്സും മിസ് മേരി സെക്രെററാനും ഉണ്ടായിരുന്നു. മിസ് സെക്രെററാൻ പരീക്ഷണശാലയിൽ പണിയെടുക്കാൻ വന്നിരിക്കയാണു്.

മൂന്നാമത്തെ വരവിലും കെട്ടിടംപണിയാണു്, ദൌർഭാഗ്യവശാൽ, എന്നെ അഭിമുഖീകരിച്ച ജോലി. അതിസാരം ഗുരുതരമായ തോതിൽ പടൎന്നുപിടിച്ചിട്ടുണ്ടായിരുന്നു. ഞാൻ ചെന്നപ്പോൾ അതു നിയന്ത്രണാധീനമായി വരുന്നേയുണ്ടായിരുന്നുള്ളു. ഈ പകൎച്ചവ്യാധിയെ നേരിടേണ്ടതിന്നു് 'വാർഡുകൾ' മതിയാവാതെ പോയി. അതുകൊണ്ടു ചിത്തരോഗികളുടെ കെട്ടിടം അതിസാരരോഗികൾക്കു നീക്കിവെയ്ക്കേണ്ടിവന്നു. അങ്ങനെ ചിത്തരോഗികൾക്കു പുതിയ കെട്ടിടം പണിയാതെ നിവ്വാഹമില്ലാതായി. പരിചയം വൎദ്ധിച്ചതിൻെറ ഫലമായി, പുതിയ മുറികൾക്കു് ഉറപ്പു

കൂട്ടവാനും അതേസമയത്തുതന്നെ ഉരുപ്പടികളുടെ ഘനം കുറയ്ക്കു വാനും സാധിച്ചു. മുറികളിൽ കൂടുതൽ വായുസഞ്ചാരവുമുണ്ടായിരുന്നു. തുടൎന്നു വേറെയും മരാമത്തുകൾ വേണ്ടിവന്നു: ഗുരുതരമായ രോഗബാധയുള്ളവരെ കിടത്തുവാൻ പ്രത്യേകം കിടയ്ക്കയുള്ള വലിയൊരു 'വാർഡ്'; ഭക്ഷണസാധനങ്ങൾ സൂക്ഷിപ്പാൻ വായുസഞ്ചാരമുള്ളതും എന്നാൽ കള്ളൻ കടക്കാത്തതുമായ ഒരു കലവറ; ആസ്പത്രിയിലെ നാടൻജോലിക്കാൎക്കുള്ള മുറികൾ. വിശ്വസ്തനായ നാടനാശാരി മോനെസാലിയുടെ സഹായത്തോടുകൂടി ഞാൻ ഈ പണിയെല്ലാം ഒരു കൊല്ലത്തിന്നിടയ്ക്കു മുഴമിച്ചു. ആസ്പത്രിയിലെ ജോലിക്കു വിഘ്നംകൂടാതെയാണ് ഞാനിതെല്ലാം നിൎവ്വഹിച്ചതു്. മഴവെള്ളം ശേഖരിക്കുവാൻവേണ്ടി വലിയൊരു ജലാശയം സിമിൻറുകൊണ്ടു് ഉണ്ടാക്കുകയും ചെയ്തു. എല്ലാററിനുംപുറമെ, ഭക്ഷണമുറിയും പൊതു ഇരിപ്പുമുറിയുമായി ഉപയോഗിപ്പാൻ ഒരു 'കോൺക്രീററ്'കെട്ടിടം നിൎമ്മിതമായി.

1930-ലെ ഈസ്റ്റർകാലത്തു് എൻെറ ഭാൎയ്യക്കു്, ദൌൎഭാഗ്യവശാൽ, യൂറോപ്പിലേയ്ക്കു മടങ്ങേണ്ടിവന്നു. ഇവിടുത്തെ കാലാവസ്ഥ അവൾക്കു് അസഹ്യമായിരുന്നു.

വേനല്ക്കാലത്തു ആൽസെസ്സുകാരനായ ഒരു ഡോക്ടർകൂടി എത്തി—ഡോക്ടർ മെയ്‌ലാണ്ടർ.

വിദൂരപ്രദേശങ്ങളിലെല്ലാം ഇപ്പോൾ ആസ്പത്രി പ്രസിദ്ധമായിക്കഴിഞ്ഞിരിക്കുന്നു. ശസ്ത്രക്രിയകൾക്കായി ആളുകൾ കുറേ ആഴ്ചകൾതന്നെ യാത്രചെയ്തു വന്നെത്തിയിരുന്നു. യൂറോപ്പിലെ സ്നേഹിതന്മാരുടെ കാരുണ്യംമൂലം, സകലവിധസജ്ജീകരണങ്ങളുമുള്ള ഒരു ശസ്ത്രക്രിയാശാല ആസ്പത്രിയിലുണ്ടായിരുന്നു; ഉഷ്ണരാജ്യരോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ വിലപിടിച്ച മരുന്നുകൾപോലും സംഭരിച്ചുവെച്ച ഒരു നല്ല ഔഷധശാലയും അവിടെയുണ്ടായിരുന്നു. അതിന്നുംപുറമെ, ഭക്ഷണത്തിന്നു വകയില്ലാത്ത ദരിദ്രരോഗികൾക്കു വേണ്ടത്ര പോഷണം കൊടുക്കുവാനും ഞങ്ങൾ

ക്കു കഴിഞ്ഞിരുന്നു. എല്ലാംകൂടി, ലാംബറീനിയിലെ പ്രവൎത്തനം ഇപ്പോൾ സുകരമാണു്. വേണ്ടത്ര ഡോക്ടർമാരും നഴ്സുമാരും ഉണ്ടുതാനും. അതുകൊണ്ടു് ആരുംതന്നെ തളരുന്നതുവരെ പണിയെടുക്കേണ്ടതില്ല. ഇതെല്ലാം സുസാദ്ധ്യമാക്കിയ സ്നേഹിതന്മാരോടു് എങ്ങനെ നന്ദിപറയാൻ കഴിയും?

വൈകുന്നേരങ്ങളിൽ ബുദ്ധിപരമായ പ്രവൎത്തനത്തിലേപ്പെടുവാൻ വേണ്ട ഉണൎവ്വ് ഇപ്പോഴെനിക്കുണ്ടാവാറുണ്ടു്. പക്ഷേ പലപ്പോഴും ദിവസങ്ങളും ആഴ്ചകളും ഇടവിട്ടേ അതിന്നെനിക്കു സാധിക്കാറുള്ളു. എന്തെന്നാൽ, ശസ്ത്രക്രിയ കഴിഞ്ഞു കിടക്കുന്നവരുടേയും ഗുരുതരമായ നിലയിൽ കിടക്കുന്ന രോഗികളുടേയും സ്ഥിതിയെക്കുറിച്ചുള്ള ഉൽക്കണ്ഠമൂലം എനിക്കു വേറെ യാതൊന്നിനെക്കുറിച്ചും ചിന്തിപ്പാൻ കഴിയാറില്ല. ആഫ്രിക്കയിലെ താമസക്കാലത്തു് എഴുതിത്തീൎക്കുവാൻ ആശിച്ചിരുന്ന സാഹിത്യകൃതിയാണു്, എന്റെ ജീവിതത്തേയും പ്രവൎത്തനങ്ങളേയും പ്രതിഫലിപ്പിക്കുന്ന ഈ എളിയ പുസ്തകം. അതും മേൽവിവരിച്ച കാരണങ്ങളെക്കൊണ്ടു നീണ്ടുനീണ്ടങ്ങനെ പോകയാണു്.

# അദ്ധ്യായം പതിനഞ്ച്

## ഉപസംഹാരം

എനിക്കു ഗ്രഹിക്കുവാൻകഴിഞ്ഞ രണ്ടു കാര്യങ്ങൾ എൻെറ ജീവിതത്തിൽ നിഴൽവീശിയിരുന്നു. അതിലൊന്ന്, ഈ ലോകം ദുർഗ്രഹവും നിഗൂഢവും വേദനാപൂർണ്ണവുമാണെന്ന സംഗതിയാണ്. മററൊന്ന്, മനുഷ്യവംശം ആത്മീയമായി അധഃപതിച്ച ഒരു കാലഘട്ടത്തിലാണ് എൻെറ പിറവിയുണ്ടായതെന്നതാണ്. ഈ രണ്ടു കാര്യങ്ങളും എനിക്കു പരിചിതമാണ്. ചിന്തയിലൂടെ അവയെ സമീപിക്കുവാൻ എനിക്കു സാധിച്ചിട്ടുമുണ്ട്. ആ സമീപനമാണ് എന്നെ 'ജീവിതഭക്തി'യിലെത്തിച്ചതു്. ഈ തത്വത്തിൽ എൻെറ ജീവിതത്തിന്നു കാലുറപ്പു കിട്ടിയിട്ടുണ്ടു്. പോകേണ്ട മാർഗ്ഗം തെളിഞ്ഞുകാണുവാനും എനിക്കു കഴിഞ്ഞു.

ആളുകളെ ചിന്തിക്കുവാൻ പ്രേരിപ്പിച്ച്, അവരുടെ ബുദ്ധിക്ക് ആഴം കൂട്ടുകയും അവരുടെ ധാർമ്മികനിലവാരം ഉയർത്തുകയും ചെയ്യുക—ഈ ഉദ്ദേശ്യത്തോടുകൂടിയാണ് ഞാനീ ലോകത്തിൽ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും.

ഇന്നത്തെ മനസ്ഥിതിയുമായി ഞാൻ പൂർണ്ണമായി വിയോജിക്കുന്നു. എന്തെന്നാൽ, അതു ചിന്തയോടുള്ള നിന്ദയിൽ അധിഷ്ഠിതമായിരിക്കുന്നു. ചിന്ത അതിൻെറ പ്രാപ്യസ്ഥാനത്തെത്തിക്കഴിഞ്ഞിട്ടില്ലെന്ന സംഗതിയായിരിക്കണം, ഈ മനോഭാവത്തിന്നു കാരണം. വീണ്ടും വീണ്ടും ബോധ്യംവന്നിട്ടുള്ള ഒരു കാര്യമാണ്, അറിവിന്നൊത്തതും ധർമ്മത്തിന്നു നിരക്കുന്നതുമായ ഒരു ലോകവീക്ഷണം വ്യക്തമായി സ്ഥാപിക്കുവാൻ ചിന്തയ്ക്കു കഴിഞ്ഞിട്ടു

ണ്ടെന്നു്. എന്നാൽ അതേസമയത്തുതന്നെ, വീണ്ടും വീണ്ടും ബോദ്ധ്യംവന്നിട്ടുണ്ടു്, അതു നടപ്പാക്കുന്നതിൽ ചിന്ത പരാജയപ്പെട്ടിരിക്കുന്നുവെന്നു്.

നമ്മുടെ ജീവിതത്തിന്നു അത്ഥവും കാമ്പും നല്കുമാറു ലോകപ്രശ്നങ്ങളേയും അവയോടു നമുക്കുള്ള ബന്ധത്തേയും കൈകാര്യം ചെയ്യുവാൻ ചിന്തയ്ക്കു് എപ്പോഴെങ്കിലും കഴിവുണ്ടാവുമോ? സ്വാഭാവികമായി ഉയൎന്നേയ്ക്കാവുന്ന ഒരു സംശയമാണിതു്.

എന്നാൽ ഇന്നു ചിന്തയോടു് ഉപേക്ഷമാത്രമല്ല, അവിശ്വാസംപോലും കാണിച്ചുവരുന്നുണ്ടു്. രാഷ്ട്രീയവും സാമൂഹ്യവും മതപരവുമായി സുസംഘടിതമായ സ്ഥാപനങ്ങൾ എന്താണു് ചെയ്യുന്നതു്? ചിന്തിക്കുവാനല്ല, തങ്ങൾ തയ്യാറാക്കിവെച്ച വിശ്വാസപ്രമാണങ്ങളെ കണ്ണടച്ചു സ്വീകരിപ്പാനാണു്, അവ മനുഷ്യനെ പ്രേരിപ്പിക്കുന്നതു്. സ്വയം ചിന്തിക്കുവാൻ മുതിരുകയും ആത്മീയമായ സ്വാതന്ത്ര്യം കൈവെടിയാതിരിക്കുകയും ചെയ്യുന്ന വ്യക്തിയെ അവ അപകടക്കാരനും സൂത്രക്കാരനുമായി കണക്കാക്കുന്നു; അവയുടെ ഇച്ഛയ്ക്കൊത്തു് അവയിൽ ലയിക്കുവാൻ അയാൾ സന്നദ്ധനാവുമെന്നു് ഉറപ്പില്ലല്ലോ. ഈ സംഘടിതസ്ഥാപനങ്ങൾ അവയുടെ ശക്തിയായി ഗണിക്കുന്നതു്, അവ പ്രതിനിധാനംചെയ്യുന്ന ആശയങ്ങളുടേയും അവയിലെ അംഗങ്ങളുടേയും ആത്മീയമൂല്യമല്ല. അഭേദ്യമായ ഐകരൂപ്യം സാധിക്കയും ലേശംപോലും കൂടിക്കലൎപ്പുവരാതെ കഴിക്കയുമാണു് അവയുടെ ലക്ഷ്യം. ഇതിൽനിന്നാണു്, ആക്രമണത്തിന്നും ചെറുത്തുനില്പിന്നും വേണ്ട ശക്തിയെ അവ പ്രതീക്ഷിക്കുന്നതു്.

ഇന്നത്തെ മനോഭാവം ആഹ്ലാദിക്കയാണു് ചെയ്യുന്നതു്—വിലപിക്കുന്നതിനുപകരം. ചിന്തയ്ക്കു് അതിന്റെ കടമകൾ നിൎവ്വഹിക്കുവാൻ സാധിക്കാത്തതിൽ ഇന്നു ഖേദമേയില്ല. എത്രതന്നെ അപൂൎണ്ണതകളുണ്ടെങ്കിലും, ചില നേട്ടങ്ങൾ അതിന്നുണ്ടായിട്ടുണ്ടല്ലോ. അതു വകവെച്ചുകൊടുപ്പാൻ ആളുകൾ തയ്യാറില്ല. ഇന്നുവ

രെയുണ്ടായിട്ടുള്ള ആത്മീയപുരോഗതിയെല്ലാം ചിന്തയുടെ നേട്ടങ്ങളിലൂടെ സിദ്ധിച്ചതാണെങ്കിലും, അതു സമ്മതിക്കുവാൻ ആളുകൾ കൂട്ടാക്കുന്നില്ല. ഇതുവരെയായി സാധിക്കാത്ത കാര്യങ്ങൾ മേലിൽ സാധിച്ചുകൂടായ്കയില്ലെന്നു് ആലോചിക്കുവാൻപോലും മുതിരുന്നില്ല. ഇന്നത്തെ മനോഭാവം ഇത്തരം സംഗതികൾ പരിഗണനാർഹ്ഹമായിട്ടുകൂടെ ഗണിക്കുന്നേയില്ല. ആവുംവിധത്തിലെല്ലാം വ്യക്തിയുടെ ചിന്താശീലത്തെ അവഹേളിക്കുന്നതിൽമാത്രമേ അതിന്നു താൽപര്യമുള്ളു. അതിൻെറ മുദ്രാവാക്യം ഈ പഴമൊഴിയാണു്: "ദരിദ്രൻെറ കയ്യിൽ വല്ലതുമുണ്ടെങ്കിൽ, അതുംകൂടി തട്ടിയെടുക്കുക."

അതായതു്, സ്വന്തം ചിന്താശക്തിയിലുള്ള ആത്മവിശ്വാസത്തെ കവച്ചുചെയ്യുന്ന ശക്തികളാണു് ഇന്നത്തെ മനുഷ്യനെ സദാ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതു്. **ആത്മീയമായ അടി**മത്തം സ്വീകരിപ്പാനുള്ള ആഹ്വാനമാണു് **അയാളിന്നു** കേൾക്കുന്നതു്, വായിക്കുന്നതു്. ദിവസേന കാണുന്ന ആളുകളും ഇതിൻെറ സന്ദേശവാഹകന്മാരാണു്. അയാളെ സ്വന്തമായി അവകാശപ്പെടുന്ന സംഘടനകളും സമാജങ്ങളും ഇതേ സന്ദേശംതന്നെ പ്രചരിപ്പിക്കുന്നു. ജീവിതത്തിലങ്ങോളമിങ്ങോളം ഈ സന്ദേശം വ്യാപിച്ചിരിക്കുന്നു.

മനുഷ്യൻെറ മേൽ അധികാരം പുലർത്തുന്ന സംഘടനകളിൽനിന്നുമാത്രമേ ജീവിതത്തിന്നാവശ്യമായ സത്യങ്ങളും വിശ്വാസങ്ങളും സ്വീകരിപ്പാൻ പാടുള്ളുവെന്നു് എല്ലാ ഭാഗത്തുനിന്നും ഏററവും വിവിധമായ രീതിയിൽ അയാളിൽ കുത്തിക്കയററപ്പെട്ടുകൊണ്ടിരിക്കയാണു്. ഇന്നത്തെ കാലബോധം അയാളെ സ്വതന്ത്രനാവാൻ ഒരിക്കലും അനുവദിക്കുന്നില്ല. വീണ്ടും വീണ്ടും വിശ്വാസങ്ങൾ അയാളുടെ മേൽ വെച്ചുകെട്ടപ്പെടുകയാണു്. വലിയ പട്ടണങ്ങളിൽ കണ്ണു ചിന്നിക്കാറുള്ളതാണല്ലോ, വൈദ്യുതശക്തിയുപയോഗിച്ചുള്ള പരസ്യങ്ങൾ. നില ഭദ്രമാക്കാൻ വേണ്ട മൂലധനമുള്ള ഏതു കമ്പനിയും, അത്തരം പരസ്യങ്ങൾവഴി, മനു

ഷ്യനിൽ എപ്പോഴും സമ്മർദ്ദം ചെലുത്തിക്കൊണ്ടേയിരിക്കുന്നു; അവ രുടെ പോളിഷോ ഗുളികകളോ വാങ്ങുവാൻ അയാളെ ഓരോ കാൽവെപ്പിലും പ്രേരിപ്പിക്കുന്നു. വിശ്വാസപ്രമാണങ്ങളുടെ കഥ തത്തുല്യമാണ്.

സ്വന്തം ചിന്താശക്തിയെപ്പോലും അവിശ്വസിക്കുവാൻ ഇന്നത്തെ മനുഷ്യൻ കാലബോധത്താൽ നിർബ്ബദ്ധനാവുന്നു. അ ധികാരസ്ഥാനങ്ങളിൽനിന്ന് ഒഴുകിവരുന്ന സത്യം അയാളെക്കൊ ണ്ടു സ്വീകരിപ്പിക്കുവാനുള്ള ഉപായമാണിത്. ഇടവിടാതെയുള്ള ഈ സ്വാധീനങ്ങളെ ചെറുക്കുവാൻ, അതെത്രതന്നെ ആശാസ്യ മായാലും, അയാൾക്കു കഴിയുന്നില്ല. എന്തെന്നാൽ, അയാൾ ക ഴിവിൽക്കവിഞ്ഞു ജോലിചെയ്യുന്നവനും മനസ്സു പതറിക്കൊണ്ടി രിക്കുന്നവനുമാണ്; അയാൾക്കു ശ്രദ്ധ കേന്ദ്രീകരിച്ചുനിർത്തുവാനു ള്ള ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. അത്രയുമല്ല, എണ്ണമററ ലൌകി കക്ലേശങ്ങൾ അയാളെ അലട്ടിക്കൊണ്ടേയിരിക്കുന്നു. ഒടുവിൽ, അയാൾ കരുതിത്തുടങ്ങുന്നു, സ്വകീയമായ ചിന്തയ്ക്കു താൻ അർഹ നല്ലെന്ന്.

ദിവസേന പെരുകിക്കൊണ്ടേയിരിക്കുന്ന ഇന്നത്തെ 'വിജ്ഞാ ന'ഭാരം അയാളിൽ സമ്മർദ്ദം ചെലുത്തുകമൂലം അയാളുടെ ആത്മ വിശ്വാസംതന്നെ കുറഞ്ഞുപോയിരിക്കുന്നു. പുതുതായി എപ്പോ ഴും പ്രഖ്യാപിച്ചുകാണുന്ന കണ്ടുപിടുത്തങ്ങളുടെ പൊരുൾ മനസ്സി ലാക്കുവാനുള്ള കഴിവ് അയാൾക്കില്ല. മനസ്സിലായില്ലെങ്കിലും, അ തെല്ലാം യാഥാർത്ഥ്യങ്ങളായി സ്വീകരിപ്പാനേ അയാൾക്കു നിർവ്വാ ഹമുള്ളു. ശാസ്ത്രസത്യവുമായുള്ള അയാളുടെ ബന്ധം ഇപ്രകാരമി രിക്കുന്നതുകൊണ്ട്, ചിന്തയുടെ കാര്യത്തിലും തൻെറ അഭിപ്രായ ങ്ങളെ വിശ്വസിക്കവയ്യെന്നൊരു തോന്നലിന്ന് അയാൾ അടിമ പ്പെട്ടുപോവുന്നു.

അങ്ങനെ, കാലസ്ഥിതി ആവുന്നതെല്ലാം ചെയ്യുന്നു, അയാ ളെ കാലബോധത്തിന്നു ഒററിക്കൊടുക്കുവാൻ.

അവിശ്വാസത്തിൻെറ വിത്തു മുളച്ചുകഴിഞ്ഞു. യഥാൎത്ഥത്തിൽ, ആധുനികമനുഷ്യനു് ആത്മീയകാര്യങ്ങളിൽ വിശ്വാസമേയില്ല. വിശ്വാസത്തിൻെറ പുറംപൂച്ചിൽ അയാൾ ആന്തരികമായ വിശ്വാസരാഹിത്യം ഒളിച്ചുവെയ്ക്കുന്നു. ഭൌതികകാര്യങ്ങളിൽ അയാൾക്കുള്ള കഴിവു വലുതാണു്. എന്നിരുന്നാലും, അയാൾ വളച്ചുമുട്ടി മുരടിച്ചുപോയ ഒരു വ്യക്തിയാണു്. എന്തെന്നാൽ, സ്വന്തം ചിന്താശക്തിയെ അയാൾ ഉപയോഗപ്പെടുത്തുന്നേയില്ലല്ലോ. കണ്ടുപിടുത്തങ്ങളിലും മററും ഇന്നത്തെ തലമുറയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ അതിൻെറ ഉയൎച്ചയെ പ്രഖ്യാപിക്കുന്നു; എന്നാൽ ചിന്തയെ ഉപേക്ഷിക്കുവാൻതക്കവണ്ണം അതു് ആത്മീയമായി അങ്ങേയററത്തോളം താഴ്ന്നുപോകയും ചെയ്തിരിക്കുന്നു. എന്നും ദുൎഗ്രാഹ്യമായിത്തന്നെയിരിക്കും ഈ വൈപരീത്യം.

യുക്തിചിന്ത—അല്ലെങ്കിൽ സ്വതന്ത്രചിന്ത—യോടു സാദൃശ്യമുള്ള എന്തും അസംബന്ധവും മൂല്യരഹിതവും പഴഞ്ചനും പണ്ടേയ്ക്കുപണ്ടേ ഉപേക്ഷിക്കപ്പെട്ടതുമാണെന്നു കരുതുന്ന ഇക്കാലത്തു്, പതിനെട്ടാംനൂററാണ്ടിൽ നേടിവെച്ചതും അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതുമായ മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുവാൻ മുതിരുന്നതു പരിഹാസ്യമായിട്ടുപോലും കണക്കാക്കുന്ന ഇക്കാലത്തു്, ഞാൻ സമ്മതിക്കുവാൻ ധൈര്യപ്പെടുന്നു, യുക്തിചിന്തയിൽ എനിക്കു പൂൎണ്ണവിശ്വാസമുണ്ടെന്നു്. ഇന്നത്തെ തലമുറയോടു ഞാൻ പറയുന്നു, യുക്തിചിന്തയുമായി ഇനി യാതൊരു ഇടപാടുമില്ലെന്നു കരുതുന്നതു തെററാണെന്നു്. മുമ്പു യുക്തിചിന്തയുടെ സ്ഥാനം സങ്കല്പവാദം കരസ്ഥമാക്കുകയുണ്ടായിട്ടുണ്ടു്; തുടൎന്നു്, 'ശുദ്ധരാഷ്ട്രീയം' അതിനേയും ആട്ടിയോടിച്ചു. ശരിതന്നെ. പക്ഷേ ഇക്കാരണംകൊണ്ടു യുക്തിചിന്തയെ പരിത്യജിക്കണമെന്നില്ല. ഇന്നു് ആത്മീയവും ഭൌതികവുമായ മണ്ഡലങ്ങളുടെ ആധിപത്യം വഹിക്കുന്നതു 'ശുദ്ധരാഷ്ട്രീയ'മാണു്. അതിൽ അന്തൎല്ലീനമായിക്കിടക്കുന്ന വിഡ്ഢിത്തങ്ങൾമൂലം ഈ തലമുറ ആത്മീയവും

ഭൌതികവുമായി അങ്ങേയററം അധഃപതിക്കുകയും കഷ്ടപ്പെടുകയും ചെയ്യാതിരിക്കയില്ല. അപ്പോഴതിന്നു മനസ്സിലാവും, പുതിയൊരു യുക്തിചിന്തയിൽ—പഴയതിനേക്കാൾ കാമ്പും കാര്യക്ഷമതയുമുള്ള ഒരു യുക്തിചിന്തയിൽ—വിശ്വാസമർപ്പിക്കയേ നിർവ്വാഹമുള്ളുവെന്നു്. അങ്ങനെമാത്രമേ മോചനം ലഭിക്കയുള്ളു.

ചിന്തയുടെ പരിത്യാഗം ആത്മീയമായ പാപ്പരത്തം പ്രഖ്യാപിക്കലാണു്. സ്വന്തം ചിന്തയിലൂടെ സത്യത്തിലെത്തുവാൻ കഴിയുമെന്ന ദൃഢവിശ്വാസം എവിടെ ഇല്ലാതാവുന്നുവോ, അവിടെ അവിശ്വാസം തുടങ്ങുന്നു. ഇക്കാലത്തെ അവിശ്വാസത്തിൻെറ കാലമാക്കുവാൻ ശ്രമിക്കുന്നവരുടെ പ്രതീക്ഷ ഇതാണു്: സത്യത്തെ തനിയെ കണ്ടുപിടിക്കുവാനുള്ള ആശ ഇല്ലാതാവുമ്പോൾ, അധികാരവും പ്രചരണവും തള്ളിയേല്പിക്കുന്ന 'സത്യങ്ങൾ' സ്വീകരിക്കുവാൻ മനുഷ്യൻ നിർബ്ബന്ധനാവും.

പക്ഷേ ഈ പ്രതീക്ഷ തെററാണു്. അവിശ്വാസത്തിൻെറ പ്രവാഹത്തെ തുറന്നുവിടുന്ന യാതൊരാൾക്കും അതിനെ വീണ്ടും പഴയ അതിർത്തികളിൽ നിയന്ത്രിച്ചുനിർത്തുവാൻ ഒരിക്കലും സാധിക്കയില്ല. സ്വകീയചിന്തയിലൂടെ സത്യമന്വേഷിപ്പാൻ കഴിയുമെന്ന ആത്മവിശ്വാസം നഷ്ടപ്പെട്ടവരിൽ ചെറിയൊരു വിഭാഗം മാത്രമേ, തങ്ങൾക്കുവേണ്ടി മററുള്ളവർ തയ്യാറാക്കിവെച്ച 'സത്യം' സ്വീകരിക്കുവാൻ മുതിരുന്നുള്ളു. അധികമാളുകളും അവിശ്വാസികളായി നിലകൊള്ളുകയാണു് ചെയ്യുന്നതു്. അവക്കു സത്യബോധംതന്നെ ഇല്ലാതാവുന്നു. അതിൻെറ ആവശ്യവും അവർ കാണുന്നില്ല. ചിന്തയില്ലാത്ത ഒരു ജീവിതത്തിൽ അവർ അലക്ഷ്യമായി കഴിഞ്ഞുകൂടുകയാണു്—ഒരു അഭിപ്രായത്തിൽനിന്നു മറെറാന്നിലേയ്ക്കായി മാറിമാറി അങ്ങോട്ടുമിങ്ങോട്ടും ആട്ടിയോടിക്കപ്പെട്ടുകൊണ്ടു്.

അധികാരസ്ഥാനങ്ങളിൽനിന്നു കിട്ടുന്ന സത്യം സ്വീകരിക്കുന്നതുകൊണ്ടു്—അതിൽ ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങ

ളുണ്ടെങ്കിൽക്കൂടി—അവിശ്വാസം ഇല്ലാതാവുന്നില്ല. അതിനെ മൂടിവെപ്പാൻമാത്രമേ അതു സഹായകമാവുന്നുള്ളു. ഏതു സത്യവും സ്വയം കണ്ടുപിടിക്കാവുന്നതാണെന്ന കാര്യത്തിലുള്ള അസ്വാഭാവികമായ അവിശ്വാസം തുടരുന്നു. അതിന്റെ അനന്തരഫലങ്ങൾ സ്വാഭാവികമായി ഉണ്ടാവുകയും ചെയ്യുന്നു. അവിശ്വാസത്തിന്റെ ചതുപ്പുനിലത്തിൽ സത്യനഗരി നിർമ്മിക്കുവാൻ സാധ്യമല്ലതന്നെ. നമ്മുടെ ആത്മീയജീവിതത്തിന്റെ ഉള്ള മുഴുവൻ കെട്ടുപോയിരിക്കുന്നു; അവിശ്വാസം വ്യാപിക്കാത്ത ഭാഗം അതിലില്ലെന്നതാണ് അതിന്നു കാരണം. തൽഫലമായി, അസത്യപൂർണ്ണമായ ഒരു ലോകത്തിലാണ് നാമിന്നു ജീവിക്കുന്നതു്. സത്യത്തെപ്പോലും സുസംഘടിതമാക്കുവാനാണ് ഇപ്പോഴത്തെ ശ്രമം. അതൊരു പാറക്കെട്ടാണ്; അതിലടിച്ചു നമ്മുടെ കപ്പൽ തകന്നുപോവാൻ ഏറെത്താമസമില്ല.

അവിശ്വാസം കയ്യടക്കിവെച്ചിരിക്കുന്ന സത്യത്തിന്നു്, ചിന്തയിൽനിന്നു സംജാതമായ സത്യത്തിന്റെ ആത്മീയമൂല്യങ്ങളില്ല. മുൻപറഞ്ഞ സത്യം പരാശ്രയിയാണ്; അതു മരവിച്ചുപോയിരിക്കുന്നു. ഒരു മനുഷ്യനെ വശപ്പെടുത്തുവാനുള്ള കഴിവു് അതിന്നുണ്ടു്. എന്നാൽ മജ്ജവരെ ഇറങ്ങിച്ചെന്നു് അയാളിൽ ലയിക്കുവാൻ അതിന്നു സാധ്യമല്ല. ചിന്തയിൽനിന്നു് ഉത്ഭവിച്ച സത്യംമാത്രമാണ് ജീവിക്കുന്ന സത്യം.

ഒരു വൃക്ഷം കൊല്ലംതോറും ഒരേ ഫലങ്ങൾതന്നെ തരുന്നു; എന്നാൽ ഓരോ കൊല്ലവും ഉണ്ടാവുന്ന ഫലങ്ങൾ പുതുപുതുതാണുതാനും. ചിന്തയുടെ കാര്യവും ഇങ്ങനെയാണ്. ശാശ്വതമൂല്യങ്ങളുള്ള ആശയങ്ങളെല്ലാം വീണ്ടുംവീണ്ടും ചിന്തയിൽനിന്നു സംജാതമായിക്കൊണ്ടേയിരിക്കണം. പക്ഷേ ഇന്നത്തെ യുഗം എന്താണ് ചെയ്യുന്നതു്?—അവിശ്വാസം കായ്ക്കാത്ത ഒരു വൃക്ഷമാണ്; അതിന്റെ കൊമ്പുകളിൽ സത്യമാകുന്ന കായകൾ കെട്ടിത്തൂക്കി, അതിനെ ഫലവത്താക്കുവാൻ ശ്രമിക്കുന്നു.

സ്വകീയമായ ചിന്തയിലൂടെ സത്യത്തിലെത്തുവാൻ കഴിയുമെന്ന ആത്മവിശ്വാസമുള്ളവക്കുമാത്രമേ, പുറമേനിന്നു സത്യത്തെ സ്വീകരിപ്പാനും യഥാത്ഥത്തിൽ സാധിക്കയുള്ളു. ചിന്ത അനിയന്ത്രിതമായതുകൊണ്ടു തകരാറില്ല, അതിന്നു് ആഴമുണ്ടെങ്കിൽ. വളരെക്കാലമായി സത്യമാണെന്നു് അംഗീകരിക്കപ്പെട്ടിട്ടുള്ള സംഗതികൾക്കു നവചൈതന്യം കൊടുക്കുവാൻപോലും ഈ സ്വതന്ത്രചിന്തക്കു കഴിവുണ്ടു്. അവയെക്കൂടി വിജ്ഞാനമായി സ്വീകരിപ്പാനും അതിന്നു സാധിക്കുന്നു.

സത്യവാഞ്ഛയേക്കാൾ ഒട്ടും അപ്രധാനമായതല്ല ആത്മാത്ഥത. ആത്മീയശക്തിയായി പ്രവത്തിക്കുന്ന സത്യത്തെ സ്വീകരിപ്പാൻ കഴിയണമെങ്കിൽ സുധീരമായ ആത്മാത്ഥത പാലിച്ചേതീരൂ.

ആത്മീയജീവിതത്തിന്റെ അടിത്തറ ആത്മാത്ഥതയാണു്.

ചിന്തയുടെ അധഃപതനംമൂലം, നമ്മുടെ തലമുറക്കു് ആത്മാത്ഥതാബോധവും അതോടൊപ്പം സത്യബോധവും നഷ്ടപ്പെട്ടിരിക്കുന്നു. അതിനെ രക്ഷിക്കണമെങ്കിൽ, ചിന്തയുടെ മാഗ്ഗത്തിലേക്കു തിരിച്ചുകൊണ്ടുവരികതന്നെ വേണം.

ഈ കാര്യങ്ങളിൽ എനിക്കു സംശയമേയില്ല. അതുകൊണ്ടാണു് ഞാൻ ഈ കാലബോധത്തെ എതിക്കുന്നതു്. അതുകൊണ്ടുതന്നെയാണു്, ചിന്തയുടെ നാളം വീണ്ടും കൊളുത്തുന്നതിന്റെ ഉത്തരവാദിത്വം ഞാൻ ദൃഢവിശ്വാസത്തോടുകൂടി ഏറെറടുക്കുന്നതും.

ഞാൻ ഒരു അശുഭാപ്തിവിശ്വാസിയോ ശുഭാപ്തിവിശ്വാസിയോ എന്ന ചോദ്യത്തിന്നു് എന്റെ സമാധാനം ഇതാണു്: എന്റെ അറിവിനെസ്സംബന്ധിച്ചിടത്തോളം അശുഭാപ്തിവിശ്വാസി; ഇച്ഛയേയും ആശയേയും സംബന്ധിച്ചാകട്ടെ, ശുഭാപ്തിവിശ്വാസിയും.

ഞാൻ ഈ നിലക്കു് ഒരു അശുഭാപ്തിവിശ്വാസിയാണു്: ലോകത്തിലെ സംഭവഗതിയിൽ ഒരു ഉദ്ദേശ്യം ദൃശ്യമാവുന്നില്ലെ

ന്ന ബോധത്തിന്റെ ഫലമായി, കനത്തൊരു ഭാരം ഞാൻ അനു ഭവിക്കുന്നുണ്ട്. അപൂൎവ്വനിമിഷങ്ങളിൽമാത്രമേ ജീവിതത്തിൽ എനിക്കാഹ്ലാദം തോന്നിയിട്ടുള്ളു. എനിക്കു ചുററും കാണുന്ന നാനാവിധമായ വേദനകളിൽ—മനുഷ്യരുടെമാത്രമല്ല, സകലജീവജാലങ്ങളുടേയും വേദനകളിൽ—പൂൎണ്ണമായി സഹതപിക്കാതിരിപ്പാനും വ്യസനിക്കാതിരിപ്പാനും എനിക്കു സാധ്യമല്ല. യാതനയുടെ ഈ സമൂഹത്തിൽനിന്നു വേറിട്ടുനില്ക്കുവാൻ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. ഈ ലോകത്തിലുള്ള വേദനകളുടെയെല്ലാം പങ്കു നാമോരോരുത്തരും വഹിക്കേണ്ടതാണെന്നു് എനിക്കു തോന്നുന്നു. ലോകത്തിലെ കഷ്ടതകളെക്കുറിച്ചുള്ള ഏതു വിശദീകരണവും എന്നെ തൃപ്തിപ്പെടുത്തുവാൻ പൎയ്യാപ്തമല്ലെന്നു് എനിക്കു സ്ക്കൂൾകുട്ടിയായിരുന്ന കാലത്തുതന്നെ തോന്നാറുണ്ട്. തികച്ചും വിശ്വസനീയമായ വിശദീകരണങ്ങളിൽപ്പോലും പ്രമാദങ്ങൾ പതുങ്ങിക്കിടപ്പുണ്ടെന്നു തീൎച്ചയാണ്. ചുററുമുള്ള യാതനകളിൽനിന്നുണ്ടാവുന്ന വികാരങ്ങളെ ആറിത്തണുപ്പിയ്ക്കുകമാത്രമാണു് ഈ വിശദീകരണങ്ങളുടെയെല്ലാം ഉദ്ദേശം. ലീബ്നിററ്സ് പറഞ്ഞിട്ടുണ്ടു്: ഈ ലോകം തീൎച്ചയായും നല്ലതല്ല; എന്നിരുന്നാലും, ആവുന്നിടത്തോളം നന്മ ഇവിടെയുണ്ടു്! മഹാനായൊരു ചിന്തകൻ ഇത്രയും പാപ്പരായൊരു നിഗമനത്തിലെത്തിച്ചേൎന്നതെങ്ങനെയെന്നു് എനിക്കിതുവരെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

ലോകത്തിലെ കഷ്ടപ്പാടുകളിൽ എത്രയേറെ ഉൽക്കണ്ഠ എനിക്കുണ്ടെന്നിരുന്നാലും അതിനെപ്പററി വ്യസനിച്ചു ഞാൻ സമയം കളയാറില്ല. കഷ്ടതയുടെ ഒരംശമെങ്കിലും ദൂരീകരിക്കുവാനുള്ള കഴിവു നമ്മൾക്കോരോരുത്തൎക്കുമുണ്ടെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ പ്രശ്നത്തെസ്സംബന്ധിച്ചു നമുക്കു മനസ്സിലാക്കാവുന്നതായി ഒരേ ഒരു കാൎയ്യമേയുള്ളു. അതിതാണ്: നാമോരോരുത്തരും താന്താങ്ങളുടെ മാൎഗ്ഗങ്ങളിൽത്തന്നെ ചരിച്ചുകൊള്ളുക; ക

ഷ്ടപ്പെടുന്നവരെ മോചിപ്പിക്കുവാൻ ആവുന്ന സഹായമെല്ലാം ചെയ്യുമെന്ന ദൃഢനിശ്ചയം ഉണ്ടായിരിക്കണമെന്നുമാത്രം.

ആധുനികമനുഷ്യനെ ഇന്നു വലയംചെയ്തിരിക്കുന്ന സ്ഥിതിവിശേഷത്തെസ്സംബന്ധിച്ചും ഞാനൊരു അശുഭാപ്തിവിശ്വാസിയാണ്. തോന്നുന്നപോലെത്തന്നെ മോശമല്ല അയാളുടെ നിലയെന്ന് എനിക്കു തോന്നുന്നേയില്ല. അത്രയുമല്ല, ഇപ്പോൾ പോകുന്ന വഴിക്കു പോയ്ക്കൊണ്ടേയിരിക്കയാണെങ്കിൽ, പുതുരൂപത്തിലുള്ള ഒരു 'ഇരുളടഞ്ഞ മദ്ധ്യകാല'ത്തിലാണ് അയാൾ എത്തിച്ചേരുകയെന്നൊരു തോന്നൽ എനിക്കുണ്ടുതാനും. ചിന്തയുടേയും അതിൽനിന്നുയരുന്ന ആദർശങ്ങളുടേയും പരിത്യാഗത്തിലൂടെ, അയാളിന്ന് ആത്മീയവും ഭൌതികവുമായ കഷ്ടതകൾക്ക് അടിമപ്പെട്ടുകയാണ്. ഇതിൻെറ അനന്തരഫലങ്ങൾ അങ്ങേയററത്തോളം ഞാൻ മനസ്സിലാക്കുന്നുണ്ട്. എന്നാലും, ഞാനൊരു ശുഭാപ്തിവിശ്വാസിയാണ്. കുട്ടിക്കാലംതൊട്ടുള്ള ഒരു വിശ്വാസത്തെ ഞാൻ ഇന്നുവരെ മുറുകെപ്പിടിച്ചിട്ടുണ്ട്—സത്യത്തിലുള്ള വിശ്വാസം. അതിന്നു പരിതസ്ഥിതിയേക്കാൾ ശക്തിയുണ്ട്. എൻെറ അഭിപ്രായത്തിൽ, മാനസികവും ആത്മീയവുമായ നിലപാടിൽ നിന്നുളവാകുന്നതല്ലാതെ, മററൊരു വിധിയും മനുഷ്യനെ കാത്തിരിക്കുന്നില്ല. അതുകൊണ്ടു നാശത്തിലേയ്ക്കുള്ള മാർഗ്ഗം അവസാനംവരെ ചവിട്ടേണ്ടിവരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

ചിന്തയുടെ അഭാവത്തിന്നെതിരായി സമരംചെയ്യുവാൻ സന്നദ്ധതയുള്ള ആളുകളുണ്ടാവുകയും ധാർമ്മികപുരോഗതിയുടെ ആദർശനങ്ങൾ ഒരു ശക്തിയെന്നോണം അവരിൽനിന്നു പ്രസരിക്കത്തക്ക വ്യക്തിപ്രഭാവം അവർക്കുണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ, പുതിയൊരു ആത്മീയപ്രവർത്തനം രൂപംകൊള്ളാതിരിക്കയില്ല. മാനസികവും ആത്മീയവുമായ പുതിയൊരു സ്ഥിതിവിശേഷം സൃഷ്ടിക്കുവാൻ വേണ്ട ശക്തി അതിന്നുണ്ടായിരിക്കയും ചെയ്യും.

എനിക്കു സത്യത്തിൻേറയും ആത്മീയതയുടേയും ശക്തിയിൽ വിശ്വാസമുള്ളതുകൊണ്ടു്, ഞാൻ മനുഷ്യൻെറ ഭാവിയിലും വിശ്വസിക്കുന്നു. തൽഫലമായി, എത്ര ഇരുണ്ട യാഥാത്ഥ്യത്തേയും നേരിടാനും അതിൻെറ മുഖത്തു നോക്കുവാനും എനിക്കു ഭയമേയില്ല.

ഉൽക്കണ്ഠ, കഷ്ടപ്പാടു്, ദുഃഖം എന്നിവയെല്ലാം എനിക്കു കണക്കില്ലാതെ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. അതിൻെറ ചുമടുകൊണ്ടു ഞാൻ പൊട്ടിത്തകരുമായിരുന്നു, എൻെറ ഞരമ്പുകൾ ഇത്രയും സുശക്തമല്ലായിരുന്നെങ്കിൽ. വളരെ കൊല്ലങ്ങളായി, വിശ്രമമെന്തെന്നു ഞാനറിഞ്ഞിട്ടില്ല. എന്നിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഭാരിച്ചതാണു്, ആരേയും തളത്തുന്നതാണു്. എൻെറ ജീവിതത്തിൽ എനിക്കുവേണ്ടി ചെലവാക്കിയിട്ടുള്ള സമയം വളരെ തുച്ഛമാണു്. ഭാൎയ്യക്കും കുട്ടികൾക്കുമായി നീക്കിവെയ്ക്കുവാൻ ഞാൻ കൊതിക്കാറുള്ള മണിക്കൂറുകൾപോലും മററുവിധത്തിലാണു് വിനിയോഗിക്കപ്പെട്ടിട്ടുള്ളതു്.

എന്നാലും ഞാൻ അനുഗൃഹീതനാണു്: ദയയുടെ സേവനമാണു് എൻേറതു്; അതു വിജയപ്രദവുമാണു്; മററുള്ളവരിൽനിന്നു സ്നേഹവും കാരുണ്യവും നിൎല്ലോഭമായി എനിക്കു കിട്ടിയിട്ടുണ്ടു്; എൻെറ പ്രവത്തനവുമായി ഇണങ്ങിച്ചേന്ന വിശ്വസ്തസഹപ്രവത്തകരെ എനിക്കു കിട്ടിയിട്ടുണ്ടു്; വളരെ തളത്തുന്ന ജോലികൾപോലും ഏറെറടുക്കുവാൻ അനുവദിക്കുന്ന ആരോഗ്യം എനിക്കുണ്ടു്; വ്യതിചലനമില്ലാത്ത നല്ല സമതയുള്ള സ്വഭാവമാണു് എനിക്കുള്ളതു്; ശാന്തതയോടെ, ഉദ്ദേശത്തിനൊത്തു ക്ലേശിക്കുവാനുള്ള ഓജസ്സു് എനിക്കുണ്ടു്; വല്ല സുഖവും ലഭ്യമാവുന്നുവെങ്കിൽ, അതു നന്ദിയോടെ സ്വീകരിപ്പാനുള്ള മനസ്ഥിതിയും എനിക്കുണ്ടു്.

മിക്കവരും അസ്വാതന്ത്ര്യത്തിൻെറ മദ്ദനമേററു ജീവിക്കുമ്പോൾ, സ്വാതന്ത്ര്യത്തോടുകൂടി പ്രവൃത്തിയെടുപ്പാൻ എനിക്കു

കഴിയുന്നുണ്ട്. എൻെറ അടിയന്തരജോലി ലൌകികമാണെങ്കിലും ആത്മീയവും ബുദ്ധിപരവുമായ മണ്ഡലങ്ങളിൽ സ്വയം ചരിക്കുവാനുള്ള അവസരങ്ങൾ എനിക്കു കിട്ടുന്നുണ്ട്. എൻെറ മനസ്സിൽ ആഴത്തിൽ പതിഞ്ഞ സംഗതികളാണിവ.

എൻെറ പ്രവൎത്തനത്തിന്നു തുലോം അനുകൂലമായ സാഹചര്യങ്ങളാണ് ജീവിതത്തിലെ പരിതസ്ഥിതികൾ എനിക്കുണ്ടാക്കിത്തന്നിട്ടുള്ളതു്. ഈ ആനുകൂല്യങ്ങൾക്ക് അൎഹനാവാൻ ഞാൻ സദാ സസന്തോഷം പരിശ്രമിക്കുന്നതാണ്.

ഞാൻ പരിപാടിയിട്ടിട്ടുള്ളതും എൻെറ മനസ്സിലുള്ളതുമായ പ്രവൃത്തി എത്രത്തോളം എനിക്കു മുഴുമിപ്പാൻ കഴിയും?

എൻെറ തലമുടി വെളുത്തുതുടങ്ങിയിരിക്കുന്നു. അതിരുകവിഞ്ഞ അദ്ധ്വാനവും കാലത്തിൻെറ പോക്കും ശരീരത്തിൽ പ്രതിഫലിച്ചുതുടങ്ങിയിട്ടുമുണ്ട്.

ഇടതടവില്ലാതെ ശാരീരികവും മാനസികവുമായ പ്രവൃത്തിയിലേൎപ്പെടുവാനുള്ള കഴിവ് എനിക്കുണ്ടായിരുന്നു; അക്കാലങ്ങളിൽ എൻെറ ശക്തിവ്യയത്തെ നിയന്ത്രിക്കേണ്ട ആവശ്യമേ നേരിട്ടിട്ടില്ല. ഞാൻ നന്ദിയോടെ അക്കാലം അനുസ്മരിക്കുന്നു. ശാന്തതയോടും താഴ്മയോടുംകൂടിയാണ് ഞാൻ ഭാവിയെ നേരിടുന്നതു്. വേണ്ടിവരികയാണെങ്കിൽ, സൎവ്വവും പരിത്യജിക്കുവാൻപോലും ഞാൻ തയ്യാറാവാതിരുന്നിട്ടില്ല. നാം പ്രവൃത്തിയെടുക്കുന്നവരോ കഷ്ടപ്പെടുന്നവരോ ആയിക്കൊള്ളട്ടെ, സ്വന്തം കഴിവുകളെ ദുൎവ്വ്യയംചെയ്യാതിരിക്കേണ്ടതു തീൎച്ചയായും നമ്മുടെ കടമയാണ്. എന്തെന്നാൽ പ്രവൎത്തനത്തിലൂടെ മാൎഗ്ഗം തെളിയിച്ചു മുന്നേറിയവരാണ് നമ്മൾ—അജ്ഞേയമായ ശാന്തിയിലേയ്ക്കുള്ള മാൎഗ്ഗം.

ലാംബറീനി,
മാൎച്ച് 7, 1931.

# അനുബന്ധം

## 1932–1949

ലേഖകൻ:

## എവറെററ് സ്റ്റില്ലിങ്ങ്സ്

### രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ്

1931-ലെ ശരൽക്കാലത്തു്, ആഫ്രിക്കയിൽ മൂന്നാമത്തെ താമസകാലം അവസാനിക്കാറായപ്പോൾ ഫ്രാൻക്ഫർട്ട്നഗരത്തിൽനിന്നു് ആൽബർട്ട് ഷ്വൈറ്റ്സർക്കു് ഒരു ക്ഷണനം ലഭിച്ചു—ഗീഥെയുടെ മരണത്തിൻെറ ശതവാർഷികാഘോഷത്തിൽ പ്രസംഗിക്കുവാൻ. ആത്മകഥ എഴുതിത്തീർത്തുകഴിഞ്ഞതേയുള്ളു അദ്ദേഹം. ഗീഥെയുടെ കൃതികളെല്ലാം ലാംബറീനിയിൽ ഉണ്ടായിരുന്നതുകൊണ്ടു്, ഉടൻതന്നെ അദ്ദേഹം സ്മാരകപ്രസംഗത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ജനവരിയിൽ യൂറോപ്പിലേയ്ക്കു കപ്പൽ കയറുന്നതിനുമുമ്പായിത്തന്നെ പ്രസംഗത്തിൻെറ രൂപരേഖ തയ്യാറായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ കൂടെ മടങ്ങിയിരുന്ന നാലു 'നഴ്സു'മാരിൽ ഒരാൾ ഓക്സ്ഫോർഡിലെ മിസ് മാർഗററ് ഡനീക്—ആഫ്രിക്കയിലെ താമസകാലത്തു നാടൻവേലക്കാരുടെ മേൽനോട്ടം വഹിച്ചിരുന്നതു് ഇവരാണു്—അനുസ്മരിക്കുന്നു, മടക്കയാത്ര സുഖകരമായിരുന്നുവെന്നും എല്ലാവരും ഉത്സാഹഭരിതരായിരുന്നുവെന്നും. ആസ്പത്രിയിൽ ഒട്ടധികം പ്രവൃത്തി മുഴുമിച്ചുകഴിഞ്ഞിരുന്നു: ചില പുതിയ കെട്ടിടങ്ങൾ; പുതിയ ഒരു നിരത്തും നടപ്പാതകളും; പുഴവക്കിൽ പുതിയൊരു തോണിക്കട

വു്. എല്ലാം നിശ്ചയിച്ച കാലാവധിക്കുള്ളിൽ പണിതീൎന്നു. കപ്പൽയാത്രയിൽപ്പോലും, ഡോക്ടരുടെ ദിവസങ്ങൾ ചിട്ടപ്പെടാത്തതാണു്. നല്ല നേരമെല്ലാം അദ്ദേഹം എഴുത്തിൽ ചെലവഴിക്കും. വൈകുന്നേരങ്ങൾ വിനോദങ്ങൾക്കായി വിനിയോഗിക്കും. സംഗീതം ഒഴിച്ചുകൂടാൻവയ്യാത്ത ഒരു ഇനമായിരുന്നു. ഇംഗ്ലീഷുപഠിത്തവുമുണ്ടായിരുന്നു ഡോക്ടൎക്കു്. 'രസകരമായ ഒരു വിനോദമെന്ന നിലയ്ക്കാണു് അദ്ദേഹം പഠിപ്പു നടത്തുക'—ഗുരുവിൻെറ അഭിപ്രായമാണിതു്. പതിനെട്ടുദിവസത്തെ യാത്രയ്ക്കുശേഷം കപ്പൽ ബോർഡോതുറമുഖത്തിൽ പ്രവേശിച്ചപ്പോഴയ്ക്കും, ഗീഥെസ്മാരക പ്രസംഗം എഴുതിത്തീൎന്നു.

1932 മാൎച്ച് 22-ാം തീയതിയായിരുന്നു ഫ്രാൻക്ഫർട്ടിലെ ആഘോഷങ്ങൾ. ഗീഥെ മരിച്ച അന്ത്യസമയത്തു കൃത്യമായി ഷ്വൈറ്റ്സർ പ്രസംഗമാരംഭിച്ചു. ഭീമമായൊരു ദേശീയവിപത്തു തങ്ങളെ അഭിമുഖീകരിക്കുന്നുണ്ടെന്നു സദസ്യരിൽ മിക്കവൎക്കും ബോധമുണ്ടായിരുന്നു. ലോകത്തിനുമീതെ തൂങ്ങിക്കിടന്നിരുന്ന അത്യാപത്തിൻെറ കാരണങ്ങൾ വ്യക്തമായി അദ്ദേഹം അപഗ്രഥിച്ചുകാണിച്ചു. ഷ്വൈറ്റ്സരുടെ സ്നേഹിതയും സഹപ്രവൎത്തകയുമായ മിസിസ്സ് സി. ഇ. ബി. റസ്സൽ എഴുതുന്നു: "എത്ര ആവേശകരമായിരുന്നു ആ സന്ദൎഭം!...........കവിയുടെ ജന്മസ്ഥലത്തെ ആ വലിയ നാടകശാല സദസ്യരെക്കൊണ്ടു തിങ്ങിവിങ്ങിയിരുന്നു. ഏകപ്രാസംഗികൻെറ ഗൌരവഭാവം എവരേയും നിന്ദിമേഷരാക്കി. അറുപത്തഞ്ചുമിനിട്ടുനേരത്തേയ്ക്കു് അദ്ദേഹത്തിൻേറതൊഴിച്ചു മറെറാരു ശബ്ദവും കേട്ടില്ല. ഇക്കാലത്തെ 'ഭയങ്കര'മെന്ന പദംകൊണ്ടു് അദ്ദേഹം വീണ്ടും വീണ്ടും വിശേഷിപ്പിച്ചു. ലോകരംഗത്തിൽ 'ഫോസ്റ്റു്'നാടകം വൻതോതിൽ ആവൎത്തിക്കപ്പെടുകയാണു് ഇപ്പോഴെന്നു് അദ്ദേഹം പ്രഖ്യാപിച്ചു."

ഷ്വൈറ്റ്സരുടെ പ്രസംഗത്തിൽനിന്നുതന്നെ ഉദ്ധരിക്കട്ടെ:

“ഫിലമോണിൻേറയും ബോസിസ്സിൻേറയും കുടിൽ ആയിരമായിരം തീനാളങ്ങളുയത്തിക്കൊണ്ടു കത്തുന്നു! മൃഗമായിക്കഴിഞ്ഞ മനുഷ്യൻ അതിക്രൂരമായൊരു വിനോദത്തിലേപ്പെട്ടിരിക്കയാണു്—ആയിരമായിരം ആക്രമണങ്ങളും കൊലകളും നടത്തപ്പെട്ടുന്ന ഒരു വിനോദം! മെഫിസ്റ്റോഫിലിസ് നമ്മെ പുച്ഛിക്കയാണു്, ആയിരമായിരം കൊഞ്ഞനങ്ങളെക്കൊണ്ടു്! യാഥാത്ഥ്യവുമായുള്ള നൈസൎഗ്ഗികബന്ധത്തെ ഉപേക്ഷിക്കുവാൻ ആയിരമായിരം പ്രേരണകളാൽ മനുഷ്യൻ നിർബ്ബദ്ധനാവുന്നു! എന്നിട്ടോ? സാമ്പത്തികവും സാമൂഹ്യവുമായ ഇന്ദ്രജാലവിദ്യയിൽ അയാൾ അഭയം തേടുന്നു. സാമ്പത്തികവും സാമൂഹ്യവുമായ കഷ്ടതകളിൽനിന്നു മോചനം ലഭിക്കുവാൻ കൂടുതൽ വിഷമമാവുകമാത്രമാണു് ഇതിൻെറ ഫലം.

“ഈ ഇന്ദ്രജാലവിദ്യയുടെ—അതു സാമ്പത്തികവും സാമൂഹ്യവുമായ ഏതുതരം ഇന്ദ്രജാലമായാലും വേണ്ടതില്ല—ആപൽക്കരമായ അത്ഥം ഇതുമാത്രമാണു് എപ്പോഴും: മനുഷ്യൻ അയാളുടെ ഭൌതികവും ആത്മീയവുമായ വ്യക്തിത്വം ഉപേക്ഷിക്കണം; ആത്മീയചൈതന്യം നശിച്ച്, ഭൌതികവാദം ഉൽഘോഷിക്കുന്ന, ജനസമൂഹത്തിൽ അയാൾ സ്വയം ലയിക്കുകയും വേണം.”

ഷൈ്വറ്റ്സർ പ്രസംഗമവസാനിപ്പിച്ചതു് ആശാവഹമായ സൂചനയോടുകൂടിയാണു്. അദ്ദേഹം പറയുന്നു:

“അല്പജ്ഞർ കരുതുന്നപോലെ, തുടച്ച്യായുള്ള പരിവത്തനഫലമായി ചരിത്രത്തിലുള്ളതെല്ലാം പുറംതള്ളപ്പെടണമെന്നില്ല. മറിച്ച്, ശാശ്വതമൂല്യങ്ങളുള്ള ആദൎശങ്ങൾ മാറുന്ന പരിതസ്ഥിതികളുമായി ഇണങ്ങിച്ചേരുകയും അവസ്ഥിടയിൽ കിടന്നു കൂടുതൽ സുശക്തവും അഗാധവുമായിത്തീരുകയും ചെയ്യുന്നതാണു്. അത്തരമൊരു ആദൎശമാണു് വ്യക്തിത്വം. അതു കൈവെടിഞ്ഞാൽ, മനുഷ്യാത്മാവു നശിക്കാതിരിക്കയില്ല. അതിൻെറ അത്ഥമെന്താ

ണ്?—സംസ്കാരത്തിന്റേയും മനുഷ്യത്വത്തിന്റേതന്നേയും നാശം........

"രണ്ടു ദശാബ്ദങ്ങൾ കഴിയുംമുമ്പ്", ഫ്രാൻക്ഫർട്ട് അതിന്റെ ഏററവും മഹാനായ പുത്രന്റെ ഇരുനൂറാംപിറന്നാൾ ആഘോഷിക്കുന്നതാണ്. ആ പുതിയ ആഘോഷങ്ങളിൽ സ്മാരകപ്രസംഗം നടത്തുന്ന ആൾക്കു് ഇങ്ങനെ പറയാൻ ഇടവരട്ടെ: ഈ ആഘോഷങ്ങളെ ആവരണംചെയ്തിരിക്കുന്ന കൂരിരുൾ നീങ്ങിത്തുടങ്ങിയിരിക്കുന്നു; ശരിയായ യാഥാർത്ഥ്യബോധമുള്ള മനുഷ്യവംശം അതിന്റെ പൊരുൾ മനസ്സിലാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്; വ്യക്തിത്വമാകുന്ന ഏകാദർശത്തെ മുറുകെപ്പിടിക്കുന്നതിൽ ഏകോപിച്ചുനില്ക്കുന്ന മനുഷ്യർ ഭൌതികവും സാമൂഹ്യവുമായ ആവശ്യങ്ങളെ കീഴ്പ്പെടുത്തുന്നതിൽ വിജയിച്ചുതുടങ്ങിയിരിക്കുന്നു."

1932 ഫെബ്രുവരിതൊട്ടു് 1933 മാർച്ച്വരെ ഷ്വൈററ്സർ യൂറോപ്പിൽ താമസിച്ചു. അക്കാലത്തു്, 'ഗീഥെപ്രസംഗ'ത്തിനു പുറമേ, ഒട്ടേറെ പ്രസംഗങ്ങളും കച്ചേരികളും അദ്ദേഹം നടത്തുകയുണ്ടായി—ഹോളണ്ട്, ഇംഗ്ലണ്ട്, സ്വീഡൻ, ജർമ്മനി, സ്വിററ്സർലണ്ട് എന്നീ രാജ്യങ്ങളിൽവെച്ചു്. പിയർ വാൻ പാസ്സൻ പറയുന്നു: "ക്രിസ്തുമസ്പ്രാർത്ഥനാപ്രസംഗത്തിന്നായി ഡോക്ടർ ഷ്വൈററ്സർ ഒരിക്കൽ സൂട്ഫനിൽ (ഹോളണ്ട്) വന്നതു ഞാൻ ഓർക്കുന്നു. അദ്ദേഹം തിങ്കളാഴ്ച വന്നു; ശനിയാഴ്ചയായിരുന്നു ക്രിസ്തുമസ്സ്. ആ മഹാനെ ഞങ്ങൾ എങ്ങും കണ്ടതേയില്ല. ഒടുവിൽ ഒരു ദിവസം പള്ളിയുടെ അടുത്തുടെ പോവുമ്പോൾ കിന്നരസംഗീതം ഉയരുന്നതു കേട്ടു. നോക്കിയപ്പോഴുണ്ടു് ഡോക്ടർ ഷ്വൈററ്സർ ഇരിക്കുന്നു, പൊടിയും വിയർപ്പും പുരണ്ടുകൊണ്ടു്. കിന്നരത്തിന്റെ കുഴലുകൾ നേരെയാക്കുകയായിരുന്നു അദ്ദേഹം. ക്രിസ്തുമസ്സ്ദിവസം അദ്ദേഹം പ്രാർത്ഥനാപ്രസംഗം നടത്തി. കിന്നരം വായിക്കയും ചെയ്തു. അതു ഭക്തജനങ്ങളെ വല്ലാ

തെ അത്ഭുതപ്പെടുത്തി. 'നമ്മുടെ പഴയ കിന്നരംതന്നെയോ ഇതു്?' അവരെല്ലാം അന്യോന്യം ചോദിച്ചുകൊണ്ടിരുന്നു. ഉപ്പ്സലയിൽവെച്ചും ഇതുപോലൊരു സംഭവമുണ്ടായെന്നു പ്രധാനമെത്രാൻ, സോഡർബ്ലോം, എന്നോടു പറഞ്ഞു. പക്ഷേ അവിടുത്തെ കിന്നരം പഴയപടിയാക്കാൻ രണ്ടു മാസം പണിയെടുക്കേണ്ടിവന്നുവത്രേ."

ഷൈ്വറ്റ്സർ ഏററവുമധികം യാത്രചെയ്കയുണ്ടായതു് ഇംഗ്ലണ്ടിലാണു്. 1932 ജൂൺ ആദ്യത്തിൽ തുടങ്ങിയ പര്യടനം വളരെ ആഴ്ചകളോളം നീണ്ടുനിന്നു. ഇംഗ്ലണ്ടിലെ നാനാഭാഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു, കച്ചേരികൾ നടത്തി, സ്നേഹിതന്മാരെ സന്ദർശിച്ചു. വെസ്റ്റ്മിൻസ്റ്ററിലെ സെൻറ്മാർഗററ്റ്പള്ളിയിൽ വെച്ചു് അദ്ദേഹം ഒരു പ്രക്ഷേപണം നടത്തി, 'റിക്കോർഡു'കളെടുക്കയുണ്ടായി. മോഡ്റോയ്ഡൻെറ ഗിൽഡ്ഹൌസിൽവെച്ചു് അദ്ദേഹം ഒരു മതപ്രസംഗം ചെയ്തു. അദ്ദേഹം സ്കോട്ട്ലാണ്ട് സന്ദർശിച്ചു. അവിടെ ആദ്യമായാണു് പോകുന്നതു്. സർ വാൾട്ടർ സ്കോട്ടിനെ അനുസ്മരിച്ചു്, അങ്ങോട്ടു പോവാൻ അദ്ദേഹത്തിൻെറ അമ്മ ആഗ്രഹിച്ചിരുന്നു. ആ ആഗ്രഹം നിറവേറുകയുണ്ടായില്ല. ഷൈ്വറ്റ്സർ സ്കോട്ട്ലാണ്ടിൽ പോവാനുള്ള കാരണം അതാണു്.

ബ്രിട്ടനിലെ സന്ദർശനകാലത്തു്, ഷൈ്വറ്റ്സർക്കു നാലു ബിരുദങ്ങൾ ലഭിക്കയുണ്ടായി: ഓക്സ്ഫോർഡിൽനിന്നു മതശാസ്ത്രത്തിൽ, എഡിൻബറോവിൽനിന്നു മതശാസ്ത്രത്തിലും സംഗീതത്തിലും, സെൻറ് ആൻഡ്റൂസിൽനിന്നു നിയമത്തിൽ. ജനറൽ സ്മട്ട്സിൻെറ ഒഴിവിൽ സെൻറ്ആൻഡ്റൂസ്സർവ്വകലാശാലയിലെ അധ്യക്ഷനാവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. പക്ഷേ വേണ്ടത്ര ഇംഗ്ലീഷറിയില്ലെന്ന കാരണംകൊണ്ടു ക്ഷണനം നിരസിക്കയാണു് അദ്ദേഹമുണ്ടായതു്. ലിവിങ്സ്റ്റൺ വൈദ്യവിദ്യാഭ്യാസം കഴിച്ച ഗ്ലാസ്ഗോവിലെ പൌരന്മാർ അദ്ദേഹത്തിന്നു ഗംഭീരമായൊരു വിരുന്നുസല്ക്കാരം നല്കി.

ചെറുപ്പകാലത്തു്, യാത്രചെയ്യുന്ന അവസരങ്ങളിൽ, ദിവസേന പതിനാറുമണിക്കൂർനേരം അദ്ദേഹം ജോലിയെടുക്കും. അദ്ദേഹത്തിൻെറ ഗതി ദ്രുതവും ഓജസ്സുററതുമായിരുന്നു. ഊണും ഉറക്കവും വളരെ കുറഞ്ഞുപോയാൽപ്പോലും, പരിപാടി പാലിക്കുവാൻ അദ്ദേഹത്തിന്നു വിഷമമില്ല. അത്രയേറെ കരുത്തുററ ശരീരപ്രകൃതിയായിരുന്നു അദ്ദേഹത്തിൻേറതു്. ഒരു ദിവസം വെളുപ്പാൻകാലത്തു നാലുമണിവരെ പ്രവൃത്തി തുടൎന്ന അദ്ദേഹത്തോടു് ഒരു സ്നേഹിതൻ പറഞ്ഞു, "മെഴുകുതിരിയുടെ രണ്ടററവും ഒരുമിച്ചു കത്തിപ്പാൻ കഴിയില്ല." "ഓ, തീൎച്ചയായും കഴിയും, മെഴുകുതിരി നീളമുള്ളതായിരിക്കണമെന്നുമാത്രം" എന്നായിരുന്നു ഷെപാറ്സരുടെ മറുപടി.

യാത്രചെയ്യുമ്പോൾ രണ്ടു തുണിക്കെട്ടുകൾ എപ്പോഴും അദ്ദേഹത്തിൻെറ കൂടെയുണ്ടാവും. കണ്ടാൽ അലക്കുകെട്ടാണെന്നാണു് തോന്നുക. ആ ഭാണ്ഡങ്ങൾ നിറയെ എഴുത്തായിരിക്കും—ഒന്നിൽ മറുപടി അയപ്പാനുള്ളതു്, മറേറതിൽ മറുപടി അയച്ചുകഴിഞ്ഞതും.

കിന്നരക്കച്ചേരികൾക്കുമുമ്പു്, അദ്ദേഹം സുദീൎഘമായ പരിശീലനങ്ങൾ നടത്തും. എട്ടുമണിക്കൂർനേരം അഭ്യസിച്ചിട്ടുള്ള സന്ദൎഭങ്ങളുണ്ടു്. അദ്ദേഹവും സഹായിയും ചേൎന്ന കിന്നരം സൂക്ഷ്മം പരിശോധിച്ചുനോക്കും. എന്തെന്നാൽ കിന്നരങ്ങളൊന്നും ഒരുപോലെയല്ല. കച്ചേരിക്കുമുമ്പു് കിന്നരത്തിൻെറ പ്രത്യേകതകളെല്ലാം. അദ്ദേഹം എഴുതിവെയ്ക്കുയാണു് പതിവു്. എങ്കിൽ മാത്രമേ, കച്ചേരി കുററമററതാകയുള്ളു.

ഒരു അമേരിക്കൻസ്നേഹിതന്നു ഡോക്ടർ ഷെപാറ്സർ അയച്ച ഒരു കത്തിൽ തൻെറ പ്രസംഗങ്ങളെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഞാൻ പ്രസംഗം എപ്പോഴും എഴുതിക്കൊണ്ടു വരും; അതിൽ ഒരു മാററവും വരുത്താതെ സംസാരിക്കും. വിവൎത്തകൻ മുൻകൂട്ടി പ്രസംഗം വായിച്ചു പഠിക്കുന്നു. ഞങ്ങൾ രണ്ടു

പേരും ചേൎന്നു പ്രസംഗമാകെ അഭിനയിക്കും. തൽഫലമായി, ഞങ്ങൾ സദസ്യരുടെ മുമ്പിൽ നില്ക്കുമ്പോൾ, ഞാൻ പറയുന്നതു ഗ്രഹിക്കുവാൻ വിവൎത്തകൻ വിഷമിക്കയേ വേണ്ടല്ലോ. എന്നെപ്പോലെ അയാൾക്കും പ്രസംഗം മനഃപാഠമാണു്. ഇരുഭാഷകളിലുമായി പ്രസംഗം സുഗമമായി ഒഴുകുന്നു. വിവൎത്തനത്തിലൂടെയാണു് പ്രസംഗം കേൾക്കുന്നതെന്ന ബോധംതന്നെ സദസ്യൎക്കില്ലാതാവുന്നു. ഞാനും വിവൎത്തകനും ഇതിന്നു വളരെ ക്ലേശിക്കേണ്ടതുണ്ടു്. പക്ഷേ സദസ്യരെ മുഷിപ്പിക്കാതെ, വിദേശരാജ്യങ്ങളിൽ പ്രസംഗങ്ങൾ നടത്താൻ എനിക്കു സാധിക്കുന്നു.''

ഇംഗ്ലണ്ടിൽനിന്നു മടങ്ങിയെത്തിയശേഷം, ഗ്രൻസ്ബാക്കിലെ 'അതിഥിമന്ദിര'ത്തിൽവെച്ചു ഷ്വെപ്പററ്സർ ഒട്ടേറെ സന്ദൎശകരെ സ്വീകരിച്ചുപോന്നു. പക്ഷേ 1933-മാൎച്ചിൽ ആഫ്രിക്കയിലേക്കു പുറപ്പെടുന്നതുവരെ അദ്ദേഹം മിക്കസമയത്തും പഠിക്കയും എഴുതുകയുംതന്നെയായിരുന്നു, ചൈനയിലേയും ഇന്ത്യയിലേയും തത്വചിന്തയെപ്പററി. ഡോക്ടർ ഷ്വെപ്പററ്സറുടെ യൂറോപ്യൻപ്രവൎത്തനങ്ങൾക്കുള്ള കേന്ദ്രസ്ഥാനമായിരുന്നു 'അതിഥിമന്ദിരം.' അദ്ദേഹത്തിൻെറ വിശ്വസ്തയും പ്രാപ്തയുമായ സിക്രട്ടറി മാഡം എമ്മി മാർട്ടിൻ ഇവിടെവെച്ചാണു് തൻെറ ഭാരിച്ച ജോലിയെല്ലാം നിൎവ്വഹിക്കുക പതിവു്. അവർ എത്രയെത്ര എഴുത്തുകളാണു് നടത്തുന്നതു്—മരുന്നുകളും മററു സാധനങ്ങളും വാങ്ങുന്നതുസംബന്ധിച്ചു പല കമ്പനികളുമായി; ആസ്പത്രിയുടെ നിലനില്പിനെ സഹായിക്കുന്ന വിവിധരാജ്യങ്ങളിലെ സ്നേഹിതന്മാരുമായി; ഷ്വെപ്പററ്സറുടെ കൂടെ പ്രവൃത്തിയെടുപ്പാനുള്ള അപൂൎവ്വാവസരം ലഭിക്കുവാൻ കൊതിക്കുന്ന ലോകത്തിലെങ്ങുമുള്ള സ്ത്രീപുരുഷന്മാരുമായി! ആഫ്രിക്കക്കാൎക്കു ഗുണമുണ്ടാവുമോയെന്നു വിവരമില്ലെങ്കിലും, തങ്ങൾക്കു ഗുണമുണ്ടാവുമെന്നു് ഉറപ്പുള്ളവരാണു് ഒടുവിൽ പറഞ്ഞവർ. ലാംബറീനിയിൽനിന്നു് അവധിയിൽ വന്നിട്ടുള്ള ഡോക്ടർമാരും നഴ്സുമാരും ഇവിടെ കുറച്ചു ദിവ

സമെങ്കിലും താമസിക്കാതിരിക്കയില്ല; ചിലർ ദീർഘകാലംതന്നെ താമസിക്കാറുണ്ടു്. ലാംബറീനിയിലേയ്ക്കു പോയ ആദ്യത്തെ അമേരിക്കൻനഴ്സ് മിസ് ഗ്ലോറിയ ക്ലൂളിഡ്ജ് കുറെ മാസം മാർട്ടിനൊരുമിച്ചു് അതിഥിമന്ദിരത്തിൽ താമസിച്ചു; 1942 ജനവരിയിൽ ആഫ്രിക്കയിലേയ്ക്കു പോവുംമുമ്പു് അവർ ആസ്പത്രിയിലെ ജോലിയെസ്സംബന്ധിച്ച വിശദവിവരങ്ങളെല്ലാം മനസ്സിലാക്കി.

യൂറോപ്പിലെ താമസക്കാലത്തു ഡോക്ടർ ഷ്വൈറ്റ്സർ എഴുത്തുജോലിയെല്ലാം നിർവ്വഹിക്കാറു്, ഗുൺസ്ബാക്കിൽവെച്ചാണു്. എന്നാലും, എത്ര ജോലിത്തിരക്കുണ്ടായാലും വേണ്ടില്ല, സന്ദർശകരെ സ്വീകരിപ്പാൻ അദ്ദേഹം എപ്പോഴും സന്നദ്ധനാണു്. പലപ്പോഴും അദ്ദേഹംതന്നെ തീവണ്ടിയാപ്പീസ്സിൽച്ചെന്നു് അതിഥിയെ സ്വീകരിക്കുന്നു. അതിഥിമന്ദിരത്തിലേയ്ക്കുള്ള അരനാഴികദൂരം മുഴുവൻ അതിഥിയുടെ സാമാനങ്ങൾ ഷ്വൈറ്റ്സർതന്നെ ഏററും, അല്ലെങ്കിൽ ഉന്തുവണ്ടിയിൽക്കയററി വലിക്കും. സുന്ദരമായ ആ പഴയ ഗ്രാമം മുഴുവൻ സന്ദർശകനു് അദ്ദേഹം നടന്നു കാണിച്ചുകൊടുക്കും. ഒടുവിൽ പള്ളിയിൽച്ചെന്നു കിന്നരത്തിൽ ബാക്കിൻെറയോ മെൻഡൽസോണിൻെറയോ പാട്ടുകൾ വായിച്ചു കേൾപ്പിക്കും. അപ്പോഴെല്ലാം തൻെറ അടുത്തുള്ള ബെഞ്ചിൽ അതിഥിയെ ഇരുത്തിയിട്ടുണ്ടാവും.

ഈ നൂററാണ്ടിലെ രണ്ടാംദശകത്തിൻെറ അവസാനത്തിൽ കോൾംബികോളേജിലെ പ്രസിഡണ്ടു് ജെ. എസ്. ബിക്സ്ലർ—അദ്ദേഹമന്നു ഹാർവാർഡിലായിരുന്നു—യൂറോപ്പിലേയ്ക്കു പോയപ്പോൾ, പ്രസിഡണ്ടു് ലൊവൽ അദ്ദേഹത്തോടാവശ്യപ്പെട്ടു, ഷ്വൈറ്റ്സറെ കാണുവാനും ലൊവൽപ്രസംഗങ്ങൾ നിർവ്വഹിപ്പാനായി ബോസ്റ്റണിലേയ്ക്കു ക്ഷണിപ്പാനും. അതിഥിമന്ദിരം പണിതുതീരുന്നതിനുമുമ്പാണതുണ്ടായതു്. അതുകൊണ്ടു 'ബ്ലാക്ക് ഫോറസ്റ്റി'ലെ മലകൾക്കിടയിൽ സ്ഥിതിചെയ്യുന്ന കോണിഗ്സ്ഫെൽഡിലേയ്ക്കു ബിക്സ്ലർ ക്ഷണിക്കപ്പെട്ടു. ഇപ്പോഴും ഷ്വൈ

ററ്സറുടെ കൊച്ചുവീട്ട് അവിടെത്തന്നെ നില്ക്കുന്നുണ്ടു്. ഡോക്ടർ ബിക്സ്ലർ എഴുതുന്നു:

"അക്കാലത്തു ഞാൻ ഡോക്ടർ ഷൈ്വററ്സറെ രണ്ടുതവണ സന്ദർശിക്കയുണ്ടായി. എൻെറ ജീവിതത്തിലെ സ്മരണീയഘട്ടങ്ങളിലൊന്നായിരുന്നു അതു്. മൂന്നു കാര്യങ്ങൾ സ്മരണയിൽ പൊന്തിനില്ക്കുന്നു. ഒന്നു്: ഷൈ്വററ്സർ എന്നോടു ചോദിച്ചു, 'യോട്സ്' തുടങ്ങേണ്ട സമയമായില്ലേയെന്നു്. ഇങ്ങനെയൊരു വാക്കു ഞാൻ കേട്ടിട്ടേയുണ്ടായിരുന്നില്ല. പക്ഷേ അദ്ദേഹം ഉടൻതന്നെ പിയാണോവിനു മുമ്പിൽ ചെന്നിരുന്നു പാടിത്തുടങ്ങി. അപ്പോഴേ എനിക്കു മനസ്സിലായുള്ളൂ, 'ജാസ്'* എന്നാണു് അദ്ദേഹം പറഞ്ഞതെന്നു്.

"രണ്ടു്: എഴുത്തുകളുടെ ഒരു വലിയ ഭാണ്ഡം മുറിയുടെ ഒരു മൂലയിൽ കിടന്നിരുന്നു. അദ്ദേഹത്തിന്നു നിത്യേന അക്ഷമയോടെ കൈകാര്യംചെയ്യേണ്ടിവരുന്ന എഴുത്തുകുത്തുകളുടെ പെരുപ്പത്തെയാണു് അതു കാണിക്കുന്നതു്. എന്നിരുന്നാലും, തന്നെ കാണ്മാൻ വന്ന, തികച്ചും അപരിചിതനായ, അമേരിക്കക്കാരനോടു സംസാരിക്കുവാൻ വേണ്ട ക്ഷമയും സമയവും അദ്ദേഹത്തിന്നു ധാരാളമുണ്ടായിരുന്നു.

"മൂന്നു്: അദ്ദേഹത്തിൻെറ അഭിപ്രായപ്രകടനങ്ങളാണു് എന്നിൽ ഏററവുമധികം ആഴത്തിൽ പതിഞ്ഞതു്. അദ്ദേഹം പറഞ്ഞു: 'മതവുമായി ബന്ധപ്പെട്ട ഒരു മനുഷ്യന്നുണ്ടാവേണ്ട മുഖ്യഗുണം സത്യത്തോടുള്ള ഉറച്ച കൂറാണു്.' ഈ പ്രസ്താവനയെപ്പററി ഞാൻ പലപ്പോഴും ആലോചിച്ചുനോക്കാറുണ്ടു്. 'യേശുവിനെക്കുറിച്ചുള്ള ചരിത്രപരമായ അന്വേഷണ'ത്തിൽ യാഥാർത്ഥ്യങ്ങളോടു് അദ്ദേഹം പ്രദർശിപ്പിച്ചുകാണുന്ന വിദഗ്ദ്ധമായ ആവേശവും ഇപ്പറഞ്ഞ വാക്കുകളും തികച്ചും പൊരുത്തപ്പെടുന്നുണ്ടു്. കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹം ഫ്രീബർഗ്ഗിൽവെച്ചു ബാ

---

* ഒരുതരം സംഗീതമാണു് 'ജാസ്.'

ക്ക് സംഗീതക്കച്ചേരി നടത്തുകയുണ്ടായി. ഭാവപ്രധാനമായ ആശയങ്ങൾ പ്രകാശിപ്പിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ കഴിവ് അപ്പോൾ തെളിഞ്ഞുകണ്ടു. പിന്നീടൊരു സന്ദർഭത്തിൽ അദ്ദേഹം പറകയുണ്ടായി. താൻ ആഫ്രിക്കയിലേയ്ക്കു പോയതു സാമാന്യനീതിയുടെ പേർക്കാണെന്നു്. ഇപ്പോൾ ചിത്രം പരിപൂർണ്ണമായെന്നു് എനിക്കു തോന്നി.

"സത്യം, സൌന്ദര്യം, നീതി—ഈ മൂന്നിനോടും കൂറുള്ളവനായിരുന്നു ഡോക്ടർ ഷ്വൈററ്സർ. അദ്ദേഹത്തിന്റെ മതപരമായ ആഗ്രഹത്തെ നിറവേററുവാൻ അതു് അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹത്തിന്റെ മതപരമായ ആഗ്രഹം ഇതാണു്: 'എന്റെ ഇച്ഛയല്ല, അങ്ങയുടേതു്, നിറവേററപ്പെട്ടും.' "

'നാസി'കളുടെ തകൎച്ചയ്ക്കു കുറച്ചുമുമ്പു്, അമേരിക്കയിലുള്ള ഒരു സ്നേഹിതനു ഷ്വൈററ്സർ ഇപ്രകാരം എഴുതി: "ആൽസെസ്സിൽനിന്നു് എനിക്കൊരു കമ്പിസന്ദേശം ലഭിച്ചിരിക്കുന്നു, മുൺസ്റ്റർതാഴ്വരയ്ക്കനുഭവിക്കേണ്ടിവന്ന ബോംബാക്രമണത്തിൽനിന്നു ഗുൺസ്ബാക്കിലെ എന്റെ വീടു രക്ഷപ്പെട്ടിരിക്കുന്നുവെന്നു്. ഗുൺസ്ബാക്ക് ഗ്രാമം മുഴുവൻ നല്ല നിലയിലാണു്. മുൺസ്റ്റർ (ഗുൺസ്ബാക്കിൽനിന്നു് $2\frac{1}{2}$ കില്ലോമീററർ അകലെയാണതു്) ഭാഗികമായി നശിച്ചിരിക്കുന്നു..............."

1933-ൽ മിസിസ്സ് ഷ്വൈററ്സർ പുത്രിയുമൊന്നിച്ചു കോണിഗ്സ്ഫെൽഡ് വിട്ടു. ലൌസാനിലാണു് അവർ തുടൎന്നു താമസമാക്കിയതു്. ഡോക്ടർ യൂറോപ്പിലായ കാലത്തു്, യാത്രകളും പ്രവൃത്തിയും അനുവദിക്കുമ്പോൾ, അവിടെയാണു് അധികവും താമസിക്കാറു്. അവർ ലൌസാൻ തിരഞ്ഞെടുത്തതു്, കാലാവസ്ഥയും മകളുടെ വിദ്യാഭ്യാസത്തിന്നുള്ള സൌകര്യങ്ങളും പരിഗണിച്ചാണു്. ഷ്വൈററ്സർ എഴുതുന്നു: "സ്വതവേതന്നെ സഹാനുഭൂതിയുള്ള ഈ നഗരത്തിൽ എനിക്കു കൂടുതലായൊരു ആകൎഷണംകൂടിയുണ്ടു്—ഇവിടെയുള്ള എന്റെ പ്രിയമിത്രങ്ങൾ."

ആഫ്രിക്കയിൽ നാലാമത്തെ തവണ താമസിച്ചശേഷം, ഇംഗ്ലീഷ്സ്നേഹിതന്മാരുടെ അറിവിന്നായി ഷൈപറസ്സർ ആശുപത്രിയുടെ പ്രവൎത്തനങ്ങൾ വിവരിക്കയുണ്ടായി, 1935 സപ്തെമ്പർ 6-ാംതിയ്യതിയിലെ 'സ്പെക്ടേററി'ൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോൎട്ടിൽ. അതിൻെറ ഒരു സംക്ഷേപം ഇതാ:—

"വെള്ളക്കാരനായ ഒരു രോഗി നന്ദിപൂൎവ്വം വലിയൊരു മണ്ണെണ്ണവിളക്കു് ആസ്പത്രിക്കു സമ്മാനിക്കയുണ്ടായി. അതുകൊണ്ടിപ്പോൾ, അടിയന്തരമായ ശസ്ത്രക്രിയകൾ രാത്രിയിൽ നടത്തുവാൻ കഴിയുന്നുണ്ടു്. വേദനയില്ലാതാക്കാൻ 'ഈതർ' ഉപയോഗിക്കുവാൻ പാടില്ലെന്നുമാത്രം. അതു തീപ്പിടിക്കുവാൻ എളുപ്പമാണല്ലോ. പക്ഷേ സാധാരണയായിത്തന്നെ പ്രാദേശികമായോ മുതുകെല്ലിലൂടെയോ മരവിപ്പിക്കയാണു് ഞങ്ങൾ പതിവു്. വിഷജ്വരം കാരണം ഈ കൊല്ലങ്ങളിൽ ആസ്പത്രി രോഗികളെക്കൊണ്ടു നിറഞ്ഞിരുന്നു. ഒരേസമയത്തു്, മുപ്പതോളം രോഗികൾ ശസ്ത്രക്രിയയ്ക്കു് ഊഴംകാത്തു കിടക്കുന്നുണ്ടാവും. [ശരീരത്തിൻെറ നാനാഭാഗങ്ങളിൽ പുഴുക്കൾ ഉണ്ടാവുന്നതുകൊണ്ടാണു് രോഗവും വേദനയും ഉണ്ടാവുന്നതെന്നു് ഇന്നാട്ടുകാർ വിശ്വസിക്കുന്നു. തൽഫലമായി, ശസ്ത്രക്രിയയ്ക്കു വലിയ താൽപര്യമാണിവൎക്കു്; പുഴുവിനെ പുറത്തെടുത്തുകളഞ്ഞാൽ രോഗം സുഖപ്പെട്ടുമല്ലോ.] ഒരു ദിവസം ഡോക്ടർ ഗോൾഡ് ഷ്മിഡ് ഒരു സ്ത്രീയെ ശസ്ത്രക്രിയയ്ക്കു മേശമേൽ കിടത്തി. മനസ്സു് അന്യവിഷയങ്ങളിലേയ്ക്കു തിരിച്ചുവിടുവാനും ധൈര്യപ്പെടുത്തുവാനുമായി അദ്ദേഹം മൈത്രീഭാവത്തിൽ സംസാരിച്ചുതുടങ്ങി. അതോടൊപ്പം മരവിപ്പിക്കാനുള്ള കുത്തിവെപ്പു നടത്തുന്നുമുണ്ടായിരുന്നു. അപ്പോൾ അവൾ പറയുകയാണു്: 'ഇതു നാട്ടുവൎത്തമാനത്തിന്നുള്ള സമയമല്ല, കീറിമുറി വേഗം തുടങ്ങിൻ!' "

1934-ൽ 622 വൻശസ്ത്രക്രിയകൾ നടത്തപ്പെട്ടു. ഒരു ദിവസം ഉച്ചയ്ക്കു് ഒരുമണിയോടുകൂടി മൂന്നു രോഗികൾ ആസ്പത്രിയി

ലെത്തി. അവർ വിവിധപ്രദേശങ്ങളിൽനിന്നാണ് വരുന്നതു്. മൂവക്കും രോഗം ഒന്നുതന്നെ—കുടലിറക്കം. [വളരെ ആളുകൾക്കു് ഈ രോഗം കാണുന്നുണ്ടു്. ജോലിയെടുക്കായ്കമൂലം മാംസപേശികൾക്കു് അയവുവന്നതായിരിക്കണം ഇതിന്നു കാരണം. ക്ലേശകരമായ ജോലിയെല്ലാം പെണ്ണുങ്ങളെ അയയ്ക്കുകയെന്നതാണു് നാട്ടുനടപ്പു്.] കുടലിറക്കം, മന്തു്, ഉദരവ്രണങ്ങൾ എന്നിവയാണു് ശസ്ത്രക്രിയ വേണ്ടിവരുന്ന സാധാരണരോഗങ്ങൾ. [അർബ്ബുദവും 'അപ്പൻഡിസൈററിസ്സും' ആഫ്രിക്കക്കാരുടെയിടയിൽ കണ്ടിട്ടേയില്ല.]

1934 ഫെബ്രു്വരിയിൽ ഷ്വൈററ്സർ വീണ്ടും യൂറോപ്പിലെത്തി. വസന്തത്തിലും വേനലിലും ഗുൺസ്ബാക്കിലാണു് അദ്ദേഹം അധികവും താമസിച്ചതു്. 'തത്വശാസ്ത്ര'ത്തിന്റെ മൂന്നാം വാല്യവും ഗിഫോഡ്പ്രസംഗങ്ങളും എഴുതുകയായിരുന്നു അദ്ദേഹം. ആ കൊല്ലത്തിൽ ഡോക്ടർ ഏണസ്റ്റു് ബ്യൂഡിങ്—അദ്ദേഹമിപ്പോൾ വെസ്റ്റേൺ റിസേവ്സർവ്വകലാശാലയിലാണു്—രസാവഹമായ രീതിയിൽ ഷ്വൈററ്സറുമായി പരിചയപ്പെട്ടുകയുണ്ടായി. പാരീസ്സിലെ 'പാസ്ച്യർ'ഇൻസ്റ്റിററ്യൂട്ടിൽവെച്ചാണതുണ്ടായതു്. വൈദ്യശാസ്ത്രത്തോടു ഡോക്ടർക്കുള്ള ശ്രേഷ്ഠമായ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്ന ആ സംഭവം ബ്യൂഡിങ് ഇങ്ങനെ വിവരിച്ചിരിക്കുന്നു: "മഞ്ഞപ്പനി തടയുവാനുള്ള പുതിയൊരു ഔഷധം നിമ്മിച്ചു പരിശോധിക്കയായിരുന്നു ഒരു ഗവേഷണസംഘം. രോഗബാധ തടയുവാനുള്ള ശക്തി കുറച്ചെല്ലാം അതിന്നുണ്ടായിരുന്നു. ഒരു ദിവസം ആൽസെസ്സിലെ കോൾമാറിൽനിന്നു് ആരോ ഫോണിൽ വിളിച്ചുചോദിച്ചു, ഈ ഔഷധത്തിന്റെ വിവരങ്ങൾ എന്താല്ലാമെന്നു്. ആസ്പത്രിയിലെ ചില രോഗികളേയും മററുചിലരേയും കുത്തിവെപ്പാനായി ആഫ്രിക്കയിലേക്കു കൊണ്ടുപോവാൻ താൻ ആഗ്രഹിക്കുന്നുവെന്നു് ആ ആൾ സൂചിപ്പിക്കയുണ്ടായി. മരുന്നിന്റെ കുത്തിവെപ്പിൽനിന്നു ഗുരുതരമായ പ്രതി

കരണങ്ങൾ ഉണ്ടായേക്കുമെന്നു മുന്നറിയിപ്പു കൊടുത്തപ്പോൾ, ആൾ പറയുകയാണു്, സ്വശരീരത്തിൽ കുത്തിവെച്ചു ഫലമറിഞ്ഞല്ലാതെ, വൻതോതിലുള്ള കുത്തിവെപ്പിന്നു താൻ പുറപ്പെടുകയില്ലെന്നു്. വയസ്സെത്രയായെന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി, അറുപതെന്നാണു്. ഈ മരുന്നു സ്വയം പരിശോധിച്ചുനോക്കിപ്പോകരുതെന്നു് അസന്ദിഗ്ദ്ധമായ ഭാഷയിൽ ഉപദേശിക്കപ്പെട്ടു. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. കാര്യം കൂടുതലായി ചർച്ച ചെയ്യാൻ അടുത്ത ദിവസം പാരീസ്സിൽ വരാമെന്നു 'കോൾമാറിൽനിന്നുള്ള ഡോക്ടർ' പറഞ്ഞു. ആഫ്രിക്കയിലെ നാട്ടുകാർക്കു് അപായകരമല്ലെന്നു കരുതപ്പെടുന്ന മരുന്നു തനിക്കും അപായകരമാവില്ലെന്നു് അദ്ദേഹം നിർബ്ബന്ധിച്ചു. ഈ ടെലിഫോൺസംഭാഷണം ഗവേഷണശാലയിൽവെച്ചു ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, യാദൃച്ഛികമായി ഞാനും അവിടെയുണ്ടായിരുന്നു. 'കോൾമാറിൽനിന്നുള്ള ഈ ഡോക്ടർ' ആൽബെർട്ട് ഷ്വൈറ്റ്സർതന്നെയായിരിക്കുമോയെന്നു പെട്ടെന്നു് എനിക്കു തോന്നി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ എന്റെ അങ്ങേയറ്റത്തെ ബഹുമാനാദരങ്ങൾക്കു പാത്രീഭവിച്ചിരുന്നു. എന്റെ ഊഹം ശരിയായി. ഷ്വൈറ്റ്സറുടെ വ്യക്തിപ്രഭാവം, ആശയമഹിമ, സവിശേഷസിദ്ധികൾ —ഇവയെപ്പററിയെല്ലാം ഞാൻ ഗവേഷണശാലാഭാരവാഹികൾക്കു മുൻകൂട്ടി പറഞ്ഞുകൊടുത്തു. ഷ്വൈറ്റ്സർ വന്നപ്പോൾ, ഗവേഷണശാലാധ്യക്ഷൻ വീണ്ടും അദ്ദേഹത്തെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചു, ഈ പരീക്ഷണത്തിന്നു സ്വയം വിധേയനാവുന്നതു സാഹസമാണെന്നു്. അതുകൊണ്ടും ഫലമൊന്നും ഉണ്ടായില്ല. കുത്തിവെപ്പു നടത്തുവാൻ അദ്ദേഹം ഉറച്ചുകഴിഞ്ഞിരുന്നു. അതിന്നിനി ഇളക്കമില്ല. അതുകൊണ്ടു് ഒരു മുൻകരുതലെന്ന നിലക്കു്, അദ്ദേഹത്തെ 'പാസ്ച്യൂർ'ആസ്പത്രിയിൽ രണ്ടു ദിവസം കിടത്തി. ഭാഗ്യവശാൽ, ഷ്വൈറ്റ്സർക്കു യാതൊരു തകരാറും ഉണ്ടായില്ല. എന്നാൽ വളരെ 'ചീത്ത'യായ ഒരു 'രോഗി'യായിരുന്നു

അദ്ദേഹം. രണ്ടു ദിവസം തൻെറ പ്രവൃത്തിയെല്ലാം എന്തിനാണ് ഇങ്ങനെ ആസ്പത്രിയിൽ കിടത്തി മുടക്കുന്നതെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞതേയില്ല.''

1934-ലെ ശരൽക്കാലത്തു ഷൈ്വററ്സർ വീണ്ടും ഇംഗ്ലണ്ടു സന്ദർശിച്ചു—ഓക്സ്ഫോർഡിലെ മാൻചസ്റ്റർകോളേജിൽ 'ഹിബ്ബർട്ട്' പ്രസംഗങ്ങൾ നടത്തുവാൻ. 'ആധുനികസംസ്കാരത്തിൽ മതം' എന്നായിരുന്നു പ്രസംഗവിഷയം. ഒക്ടോബർ 16, 25 തീയതികൾക്കിടയിൽ നാലു പ്രഭാഷണങ്ങളായാണ് ആ പരമ്പര നടത്തപ്പെട്ടതു്. ഈ പ്രസംഗം ലണ്ടൻസർവ്വകലാശാലയിൽ ആവർത്തിക്കപ്പെടുകയുണ്ടായി. ഇന്നുവരെ പ്രസിദ്ധീകരിച്ചിട്ടില്ല ഈ പ്രസംഗം. എന്നാൽ 1934 നവമ്പർ 21, 28 തീയതികളിലെ 'ക്രിസ്ത്യൻസെൻചററി'യിൽ ഒരു സംഗ്രഹം ഷൈ്വററ്സർതന്നെ എഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിലെ ആദ്യത്തേതും അവസാനത്തേതുമായ ഖണ്ഡികകൾ ഇതാ:

''നമ്മുടെ കാലത്തെ ആത്മീയജീവിതത്തിലും സംസ്കാരത്തിലും മതത്തിന്നുള്ള പങ്കിനെപ്പററിയാണ് ഞാൻ ചർച്ചചെയ്യാൻ പോകുന്നതു്. അതുകൊണ്ടു് ആദ്യമായി നമ്മെ നേരിടുന്ന ചോദ്യം ഇതാണ്: ഇന്നത്തെ ആത്മീയജീവിതത്തിൽ മതം ഒരു ശക്തിയായി വർത്തിക്കുന്നുണ്ടോ? ഞാൻ എൻേറയും നിങ്ങളുടേയും പേരിൽ മറുപടി പറയുന്നു, 'ഇല്ല!........' എന്നാൽ പള്ളിയിൽനിന്നു വിട്ടുനില്ക്കുന്ന പലരിലും ഒരു മതതൃഷ്ണ കാണുന്നുണ്ടു്. ഞാനിതിൽ സന്തോഷിക്കുന്നു. അതേസമയത്തുതന്നെ നാം സമ്മതിച്ചേ തീരൂ, മതം ഇന്നൊരു ശക്തിയല്ലെന്നു്. അതിന്നു തെളിവെവിടെ? യുദ്ധം........

''നാമിപ്പോൾ ഇരുളിൽ അലഞ്ഞുതിരിയുകയാണ്. എന്നാൽ വെളിച്ചത്തിലേയ്ക്കുതന്നെയാണ് മുന്നേറുന്നതു്. മതവും ധാർമ്മികചിന്തയും തമ്മിൽ വീണ്ടും ചേരുന്ന കാലം വരാതിരിക്കയില്ല. നമ്മുടെ വിശ്വാസം, ആശ, പ്രവൃത്തി—എല്ലാം ഇതിന്നായാണ്.

നമ്മുടെ ജീവിതത്തിൽ ധാർമ്മികാദർശങ്ങൾ സജീവമാവുമ്പോൾ, മററുള്ളവരിലേയ്ക്കും അതു പകരാതിരിക്കയില്ലെന്നു നാം വിശ്വസിന്നു. നമുക്കു വെളിച്ചത്തിലേയ്ക്കു നോക്കുക. ചിന്ത നമ്മെ എന്തൊന്നിനാണു് സജ്ജമാക്കുന്നതെന്നു് ആലോചിച്ചു നമുക്കു് ആശ്വസിക്കുക.''

നവമ്പറിൽ 'ഗിഫോർഡ്'' പ്രസംഗങ്ങൾക്കായി ഷ്വൈററ്സർ എഡിൻബറോവിലേയ്ക്കു പോയി. ആഴ്ചയിൽ മൂന്നുതവണയായി, പത്തു പ്രഭാഷണങ്ങളിലൂടെയാണു് അദ്ദേഹം പ്രസംഗം നിർവ്വഹിച്ചതു്. 'തത്വചിന്തയുടേയും ധർമ്മത്തിൻേറയും പ്രശ്നങ്ങൾ' എന്നതായിരുന്നു പ്രസംഗവിഷയം. ഇന്ത്യ, ചീന, ഗ്രീസ്, പേർസ്യ എന്നീ രാജ്യങ്ങളിലെ വലിയ ചിന്തകന്മാർതൊട്ടു് ഇന്നോളം മനുഷ്യചിന്തയ്ക്കുണ്ടായിട്ടുള്ള പുരോഗതിയെ അദ്ദേഹം വിവരിച്ചു. ഭാരതീയചിന്തയുടെ പരിണാമത്തെപ്പററിയുള്ള അധ്യായം വല്ലാതെ വലുതായിപ്പോയി. അതുകൊണ്ടു്, വേറിട്ടൊരു പുസ്തകമായിട്ടുതന്നെ അതു പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം തീരുമാനിച്ചു. 'ഭാരതീയചിന്തയും അതിൻെറ വളർച്ചയും' എന്ന പുസ്തകത്തിൻെറ ജർമ്മൻപതിപ്പു് 1934-ൽ മ്യൂണിക്കിലെ ബെക് പ്രസിദ്ധീകരിച്ചു. ഷ്വൈററ്സർതന്നെ വിവർത്തനംചെയ്ത ഫ്രെഞ്ചുപതിപ്പു് 1936-ൽ പേയോ പുറത്തിറക്കി. ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തിയതു മിസിസ്സ് സി. ഇ. ബി. റസ്സലാണു്. 1936-ൽ പുറത്തുവന്ന ഇംഗ്ലീഷുപതിപ്പിൻെറ പ്രസാധകർ ലണ്ടനിലെ ഹോഡർ ആൻഡ് സ്റ്റൌട്ടൺ ആയിരുന്നു. അതേ കൊല്ലത്തിൽത്തന്നെ ഹെൻറി ഹോൾട്ട് ആൻഡ് കമ്പനി അമേരിക്കൻപതിപ്പും ഇറക്കി. ഗ്രന്ഥരചനയിൽ—പ്രത്യേകിച്ചു്, ആധുനികഭാരതീയചിന്തയെക്കുറിച്ചുള്ള അധ്യായങ്ങളിൽ—ഗാന്ധിജിയുടെ മിത്രമായ സി. എഫ്. ആൻഡ്രൂസ്, ഷ്വൈററ്സറെ സഹായിച്ചു. ഇന്ത്യയെസ്സംബന്ധിച്ച കാര്യങ്ങളിൽ അസാധാരണപണ്ഡിതനായ പ്രാഗിലെ പ്രൊഫസർ വിൻടേർനിററ്സിൻെറ സഹായ

വും അദ്ദേഹത്തിന്നു ലഭിച്ചിരുന്നു. വിമർശനത്തിന്നായി പുസ്തകത്തിൻെറ കയ്യെഴുത്തുകോപ്പി ഷൈപററ്സർ അദ്ദേഹത്തിന്നയച്ചുകൊടുക്കുകയുണ്ടായി. ചീനയിലെ ചിന്തകന്മാരെക്കുറിച്ചും ഒരു പുസ്തകം പ്രസിദ്ധീകൃതമാവുന്നതാണ്—ഒരു ചൈനീസ് പണ്ഡിതൻെറ അഭിപ്രായവും വിമർശനവും അറിഞ്ഞശേഷം. ഷൈപററ്സർ പറഞ്ഞിട്ടുണ്ട്:

"ഹിബ്ബെട്ട്-ഗിഫോർഡ് പ്രസംഗങ്ങൾ കുറച്ചൊക്കെ അന്രൂപങ്ങളാണ്. എന്തെന്നാൽ, രണ്ടിലും ഞാൻ ചെയ്തതു്, 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തെ പ്രസംഗരൂപത്തിൽ പ്രതിപാദിക്കയാണ്."

'ഗിഫോർഡ്" പ്രസംഗത്തിന്നായി ഷൈപററ്സർ എഡിൻബറോവിൽ പോയപ്പോൾ, ലബ്രഡോറിൽനിന്നു സർ വില്ല്യം ഗ്രെൻഫെൽ വീട്ടിൽ തിരിച്ചെത്തിയ കാലമായിരുന്നു. ഇരുവരുടേയും സ്നേഹിതനായ ഒരാൾ ഇവരെ കൂട്ടിമുട്ടിച്ചു. ഷൈപററ്സർ പറയുന്നു, "ഞങ്ങൾ ഉടൻതന്നെ അന്യോന്യം ചോദിപ്പാൻ തുടങ്ങി, ആസ്പത്രികളുടെ നടത്തിപ്പിനെപ്പററി. മാനുകളെ ഇടയ്ക്കെല്ലാം കാണാതാവുന്നതായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്ന വലിയൊരു ശല്യം. മോഷണംകൊണ്ടും പാമ്പുകടികൊണ്ടും നഷ്ടപ്പെടുന്ന ആടുകളെപ്പററിയായിരുന്നു എൻെറ ആവലാതി. അന്ത്യമായപ്പോൾ ഞങ്ങളിരുവരും പൊട്ടിച്ചിരിച്ചു: രോഗികളിൽ താൽപര്യമുള്ള ഡോക്ടർമാരായല്ല, ആടുമാടുകളിൽ താൽപര്യമുള്ള കൃഷിക്കാരായാണ് ഞങ്ങൾ സംസാരിക്കുന്നതു്!"

ആതിഥേയൻെറ വീടു വിടുമ്പോൾ, 'അതിഥിപുസ്തകത്തിൽ" ഒപ്പിടണമെന്നു നിർദ്ദേശിക്കപ്പെട്ടു. ഗ്രെൻഫൽ ഉടൻതന്നെ പേരെഴുതി. ഷൈപററ്സറാകട്ടെ, തൻെറ തടിച്ചുകൊഴുത്ത കുററൻ ശരീരവും കൂട്ടുകാരൻെറ വെള്ളത്തലമുടിയും കുറിയ ദേഹവും അനുസ്മരിച്ചുകൊണ്ടു്, സ്വന്തം ഒപ്പിനുതാഴെ ഇങ്ങനെ എഴുതി:

"വെള്ളക്കരടിയെ കാണുവാൻ കഴിഞ്ഞതിൽ, കണ്ടാമൃഗം അതീയായി സന്തോഷിക്കുന്നു."

1935 ജനവരി 14-ാംനു സ്ട്രാസ്ബ്വർഗ്ഗ് നഗരം ഷ്വൈറ്റ്സറുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ചു. നഗരത്തിലെ സുന്ദരമായൊരു ഉദ്യാനത്തിന്നു ഷ്വൈറ്റ്സറുടെ നാമം നല്കപ്പെട്ടു. ഫെബ്രുവരി അവസാനത്തോടുകൂടി, ഷ്വൈറ്റ്സർ വീണ്ടും ലാംബറീനിയിലെത്തി. പക്ഷേ ഇത്തവണ ഏഴുമാസമേ താമസിച്ചുള്ളൂ. എന്തെന്നാൽ, നവമ്പർ ആദ്യത്തിൽ എഡിൻബറോവിൽവെച്ചു 'ഗിഫോർഡ്' പ്രസംഗങ്ങളുടെ രണ്ടാം പരമ്പര നടത്തുവാൻ അദ്ദേഹം സമ്മതിച്ചിട്ടുണ്ടായിരുന്നു. പന്ത്രണ്ടു പ്രഭാഷണങ്ങളാണ് ഇത്തവണയുണ്ടായത്.

ഗ്രെയ്റ്റ്ബ്രിട്ടണിലേക്കുള്ള ഈ സന്ദർശനകാലത്ത്, രണ്ടു മാസം തുടർച്ചയായി അദ്ദേഹം പാട്ടുകച്ചേരികളും പ്രസംഗങ്ങളും നടത്തി. ഷ്വൈറ്റ്സർ എഴുതിയിരിക്കുന്നു: "എൻെറ സ്നേഹിതനും വിവർത്തകനുമായ സി. ടി. കാമ്പിയൺ ചിലേടങ്ങളിലേക്കെല്ലാം എൻെറ കൂടെയുണ്ടായിരുന്നു. അതു ഞങ്ങളുടെ അവസാനത്തെ സമാഗമമായിരുന്നു. കുറച്ചു കൊല്ലങ്ങൾക്കുശേഷം, ആഫ്രിക്കയിൽവെച്ചു ഞാൻ അദ്ദേഹത്തിൻെറ മരണവാർത്ത കേട്ടു."

ബ്രിട്ടണിൽ അങ്ങോളമിങ്ങോളം ഷ്വൈറ്റ്സർ ആദരിക്കപ്പെട്ടിരുന്നുവെന്നതിന്നു തെളിവു ധാരാളമാണ്. അദ്ദേഹത്തിൻെറ ലീഡ്സിലെ ആതിഥേയൻ എഴുതുന്നു: "ഞങ്ങളുടെ എളിയ വീട്ടിൽ അദ്ദേഹത്തെ സ്വീകരിക്കുന്ന കാര്യത്തിൽ ഞങ്ങൾക്കാദ്യം തെല്ലൊരു ഭയമുണ്ടായിരുന്നു. പക്ഷേ അദ്ദേഹം മുറിയിൽ പ്രവേശിച്ച ഉടനെത്തന്നെ ഞങ്ങൾക്കു് ആശ്വാസമായി. സൌഹൃദത്തിൻേറയും സംതൃപ്തിയുടേയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം വന്നത്........എൻെറ ഏഴുവയസ്സായ പെൺകുട്ടിയെ മടിയിലിരുത്തി പിയാണോവിൽ പാടികേൾപ്പിച്ചും അ

വളുടെ കൊച്ചുവിരലുകൾ പിടിച്ച് അതിൽ വായിപ്പിച്ചും ഇരുന്നിരുന്ന അദ്ദേഹത്തെ എനിക്കിപ്പോഴും കാണാൻ കഴിയുന്നുണ്ട്."

അദ്ദേഹത്തിൻെറ സന്ദർശനത്തിൻെറ സ്മരണ പീററർബറോവിലെ ഡീനിൻെറ മനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടക്കുന്നു: "ഒരു ദന്തവൈദ്യനെ കാണുക, പള്ളിയിൽ പോയി കിന്നരം വായിക്കുക, ഭാരിച്ച എഴുത്തുകുത്തുകൾ കൈകാര്യംചെയ്യുക—ഇതെല്ലാം കുറച്ചു മണിക്കൂറിനകത്തു ചെയ്തുതീക്കുന്ന ഒരു അതിഥി; മിടുക്കനായ പരിഭാഷകൻെറ സഹായത്തോടുകൂടി സദസ്യരെ സ്തബ്ധരാക്കുകയും സ്വന്തം ഭാഷയിലുള്ള പ്രസംഗമാണ് കേൾക്കുന്നതെന്ന തോന്നൽ അവരിൽ ജനിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രാസംഗികൻ. കെല്പററ അദ്ദേഹത്തിന്നു തളച്ചയേയില്ല.........."

കാൻറർബറിയിലെ ഡീൻ, ഡോക്ടർ ഹ്യൂലററ് ജോൺസൺ എഴുതുന്നു:

"സ്വാഭാവികമായി, ഡോക്ടർ ഷൈ്വററ്സരുടെ സന്ദർശനം ഒരു സുപ്രധാനസംഭവമായിരുന്നു. എൻെറ വലിയ ഇരിപ്പുമുറിയിൽവെച്ച് അദ്ദേഹം ഇരുന്നൂറോളം ആളുകളോടു സംസാരിച്ചു.... സ്വന്തം വ്യക്തിപ്രഭാവം അദ്ദേഹത്തിൻെറ വാക്കുകളെ കൂടുതൽ ശോഭായമാനമാക്കി........മുൻകൊല്ലം ചൈനയിൽ വലിയ വെള്ളപ്പൊക്കമുണ്ടായപ്പോൾ, ദുരിതാശ്വാസനടപടികൾക്കായി അദ്ദേഹവും ഡോക്ടർ ഗ്രെൻഫെലും ഞാനും കഗാവയോടൊപ്പം—ജപ്പാൻകാരനായ ഒരു ക്രിസ്ത്യാനിയാണദ്ദേഹം—അങ്ങോട്ടു പോവേണ്ടതാണെന്നു നിർദ്ദേശിക്കപ്പെട്ടിരുന്നു. പക്ഷേ അതു നടപ്പിൽ വന്നില്ല. ഞാൻ തനിച്ചാണ് അങ്ങോട്ടു പോയതു്. ഡോക്ടർ ഷൈ്വററ്സർ എനിക്കെഴുതി, എത്ര സന്തോഷത്തോടുകൂടി താൻ ചൈനയിലേയ്ക്കു പുറപ്പെട്ടുമായിരുന്നുവെന്നു്. പക്ഷേ, ആഫ്രിക്കയിലെ ജോലി അദ്ദേഹത്തെ അതിന്നനുവദിച്ചില്ല. അദ്ദേഹം അവിടെത്തന്നെ പ്രവൎത്തനം തുടരും. പഴയ വണ്ടി വലിച്ചോ

ടിക്കൊണ്ടേയിരിക്കുവാനുള്ള ശക്തി തനിക്കുണ്ടെന്നും എന്നാൽ പുതിയ വണ്ടി വലിക്കുവാൻ തന്നെക്കൊണ്ടു കഴിഞ്ഞില്ലെന്നു വരാമെന്നും അദ്ദേഹം എഴുതി!............

"ഇത്തരം നേരംപോക്കുകൾ, പൊതുവിലുള്ള ശുഭാപ്തിവിശ്വാസം, ഓജസ്സ്, ഉത്സാഹം—ഇവയുടെ കൂടിച്ചേരലിൽനിന്നു ഗംഭീരനായ ഒരു മനുഷ്യൻെറ ചിത്രം രൂപംകൊള്ളുന്നു. ഇതുപോലൊരു വ്യക്തിയെ ഞാൻ കണ്ടിട്ടേയില്ല. ഒരു നിലയ്ക്കു, അദ്ദേഹവും ഗ്രെൻഫെലും തുല്യന്മാരാണ്. എന്നാൽ അഗാധമായ പാണ്ഡിത്യത്തിലും നാനാമുഖമായ വിദ്വത്ത്വത്തിലും ഷ്വൈററ്സർ മുന്നിട്ടുനില്ക്കുന്നു. അതിൽ അഭിമാനമോ ഗർവ്വോ അദ്ദേഹത്തിന്നു ലവലേശംപോലുമില്ല. അദ്ദേഹത്തിൻെറ മനുഷ്യത്വം മററെല്ലാററിനെക്കാളും മുന്തിനിന്നിരുന്നു........"

1936-ലെ വസന്തത്തിൽ തനിക്കു പ്രിയമായ സ്വിററ്സർലണ്ടിൽ ഷ്വൈററ്സർ പ്രസംഗങ്ങളും കച്ചേരികളും നടത്തി. ലാംബറീനിയിലെ പ്രവൎത്തനത്തിന്നു ഒട്ടേറെ ഡോക്ടർമാരേയും നഴ്സുമാരേയും പ്രദാനംചെയ്ത നാടാണതു്. അക്കൊല്ലത്തിൻെറ ബാക്കിഭാഗമെല്ലാം ഗുൺസ്ബാക്കിലെ അതിഥിമന്ദിരത്തിലുള്ള തൻെറ മേശയ്ക്കുമുമ്പിൽ അദ്ദേഹം ചെലവഴിച്ചു. ഭാരതീയതത്വചിന്തകന്മാരെക്കുറിച്ചുള്ള പുസ്തകം ഫ്രഞ്ചുഭാഷയിലേയ്ക്കു അദ്ദേഹം വിവൎത്തനംചെയ്തു. 'സംസ്കാരത്തിൻെറ തത്വശാസ്ത്രം—ജീവിതഭക്തി' എന്ന പുസ്തകത്തിൻെറ മൂന്നാംവാല്യമെഴുതുവാനും അദ്ദേഹം വളരെ സമയം വിനിയോഗിച്ചു. ഒക്ടോബറിൽ അദ്ദേഹം സ്ട്രാസ്ബുൎഗ്ഗിലെ സെൻറ്ഓറീലിയാപള്ളിയിലെ കിന്നരം വായിക്കയും ലണ്ടനിലെ 'കൊളമ്പിയാറിക്കോർഡ്സ്' അതു ശബ്ദഗ്രഹണയന്ത്രത്തിൽ മുദ്രണംചെയ്കയും ചെയ്തു.

ജനവരി അവസാനത്തിൽ അദ്ദേഹം ആറാമത്തെ തവണ ആഫ്രിക്കയിലേയ്ക്കു യാത്രയായി. മൂന്നാംവാല്യത്തിൻെറ കയ്യെഴു

ത്തുപുസ്തകവും കയ്യിലെടുത്തിരുന്നു. ഇപ്പോഴെങ്കിലും അതു മുഴമി ക്കാൻ കഴിയുമെന്നു് അദ്ദേഹം ആശിച്ചു. പക്ഷേ ആസ്പത്രിയിലെ ഭാരിച്ച ചുമതലകൾകാരണം അതിന്നൊഴിവു കിട്ടിയില്ല. എന്നി രുന്നാലും, ആഫ്രിക്കക്കാരുടെ ജീവിതരീതിയേയും ആശയങ്ങളേ യും അധികരിച്ചു് ഒരു ചെറുപുസ്തകമെഴുതുവാൻ 1958-ൽ അദ്ദേ ഹത്തിന്നു കഴിഞ്ഞു. അതിൻെറ ജമ്മൻപതിപ്പു ലീപ്സിഗിലെ മീനർ 1938-ൽ പ്രസിദ്ധീകരിച്ചു. 1941-ൽ പാരീസിലെ പേ യോ ഫ്രെഞ്ചുപതിപ്പും പുറത്തിറക്കി. 1938-ൽ തന്നെ ലണ്ടനി ലെ അല്ലൻ ആൻഡു് അൺവിൻ ഇംഗ്ലീഷുപതിപ്പു പ്രസിദ്ധപ്പെ ടുത്തി. 1939-ൽ ന്യൂയോക്കിലെ ഹെൻറി ഹോൾട്ടു് അതു അ മേരിക്കയിലും പ്രസിദ്ധീകരിച്ചു.

ഒരു കാലത്തും വരണ്ടുപോവാത്ത ഒരു ഉറവു ഷ്വെഹറ്സർ 1937-ൽ ആസ്പത്രിക്കടുത്തു കണ്ടെത്തി. ലാംബറീനിയിലെ പ്രവ ത്തനങ്ങളെ പതറാതെ സഹായിച്ചുപോന്നിരുന്ന ഒരു സ്ഥാപന മായിരുന്നു, ലണ്ടനിലെ 'ഡോക്ടർ മോഡ് റോയ്ഡൻസ് ഗിൽ ഡ്ഹൌസ് ഫെല്ലോഷിപ്പ്' അതിൻെറ സിക്രട്ടറിയായിരുന്ന മിസ് ഡോറോത്തി മാന്നറിങ്ങിൻെറ ഓമ്മയ്ക്കായി, ആ ഉറവിന്നു് അവരുടെ പേർ കൊടുത്തു. ഷ്വെഹറ്സർ മിസ് റോയ്ഡന്നു് എഴുതി:

"ഒരിക്കലും വററിപ്പോവാത്ത ഒരു ഉറവു കണ്ടെത്തുവാനു ള്ള മഹാഭാഗ്യം എനിക്കുണ്ടായി. മണ്ണിടിഞ്ഞു് അതു തൂൎന്നുപോ വാതിരിക്കുവാനായി മാഡംവാസൽ ഹോസ്ക്നെക്ടും ഞാനുംകൂ ടി വാത്തെടുത്ത 750 കോൺക്രീററുകട്ടകൾകൊണ്ടു വക്കുകൾ പട ത്തുകെട്ടുകയും ചെയ്തു."

1938-ൽ ലാംബറീനിയിലെ ആസ്പത്രിയുടെ രജതജൂബി ലിസ്മാരകമായി ഒഗോവ്പ്രദേശത്തിൽ താമസിക്കുന്ന യൂറോപ്യ ന്മാർ 90,000 ഫ്രാങ്ക് ഡോക്ടർ ഷ്വെഹറ്സക്കു സമ്മാനിച്ചു—

ഒരു എക്സ്-റേയന്ത്രം വാങ്ങുവാൻ. എന്നാൽ ആ തുകകൊണ്ടു് അത്യാവശ്യമായ മരുന്നുകൾ ധാരാളം വാങ്ങുവാൻ ഷ്വൈററ്സർ ആഗ്രഹിച്ചു; അതിന്നു ദാതാക്കളുടെ അനുവാദം അദ്ദേഹത്തിന്നു ലഭിക്കുകയും ചെയ്തു. ദീർഘദൃഷ്ടിയോടുകൂടിയ ഒരു തീരുമാനമായിരുന്നു അതു്; എന്തെന്നാൽ ഏറെത്താമസിയാതെ യുദ്ധം വന്നു.

## യുദ്ധകാലവും അതിനുശേഷവും

വീണ്ടും ഒരു ലോകയുദ്ധം ഷ്വൈററ്സർമാരെ അഭിമുഖീകരിച്ചു. 1937-നു മുമ്പുതന്നെ വ്യക്തമായിക്കഴിഞ്ഞിരുന്നു, യുദ്ധം അനിവാര്യമാണെന്നു്, അതു് എപ്പോഴും പൊട്ടിപ്പുറപ്പെട്ടേക്കുമെന്നു്. ആസ്സ്ത്രിക്ക യൂറോപ്പിൽനിന്നു ലഭിച്ചുപോന്നിരുന്ന സഹായം പെട്ടെന്നപ്പോൾ നിന്നുപോവും. അതുകൊണ്ടു് 1937-ലും വീണ്ടും 1938-ലും മാഡം ഷ്വൈററ്സർ ഐക്യനാടുകൾ സന്ദർശിച്ചു. അവർ പ്രസംഗപര്യടനങ്ങൾ നടത്തി, സംഭാവനകൾ പിരിച്ചു, പഴയ സ്നേഹിതന്മാരുമായി ബന്ധം പുനസ്ഥാപിച്ചു, പുതിയ സ്നേഹിതന്മാരെ ഉണ്ടാക്കി. അവരുടെ പുത്രി റീനയും കൂടെയുണ്ടായിരുന്നു.

1939 ഫെബ്രു്വരി 1-ാംതീയതി ഡോക്ടർ ഷ്വൈററ്സർ ബോർഡോവിലെത്തി. അദ്ദേഹത്തിന്നു വിശ്രമം ആവശ്യമായിരുന്നു. അതുകൊണ്ടു നേരെ ഗ്രൂൻസ്ബാക്കിലേയ്ക്കു പോകയാണു് അദ്ദേഹമുണ്ടായതു്. പക്ഷേ യുദ്ധഭീതി യൂറോപ്പിൽ കനത്തുതൂങ്ങിയിരുന്നു. അതുകൊണ്ടു സാമാനങ്ങൾ കെട്ടഴിക്കപോലും ചെയ്തില്ല അദ്ദേഹം. തന്റെ ജീവിതത്തിൽ 30 കൊല്ലത്തിലേറെക്കാലം ആർക്കുവേണ്ടിയാണോ ചെലവാക്കിയതു്, അതേ ജനതയുടെ സേവനത്തിന്നായി അദ്ദേഹം ബോർഡോവിലേയ്ക്കുതന്നെ മടങ്ങി. താൻ യൂറോപ്പിലേയ്ക്കു വന്ന കപ്പലിൽത്തന്നെ അദ്ദേഹം ആഫ്രിക്കയിലേയ്ക്കു പുറപ്പെട്ടു. ഇത്തവണ മാഡം ഷ്വൈററ്സർ അനുഗമിച്ചില്ല.

യുദ്ധാരംഭത്തിൽ അമേരിക്കയിലെ ഒരു സ്നേഹിതന്നു ഡോക്ടർ ഷ്വെപ്റററ്സർ ഇപ്രകാരം എഴുതി:

"യുദ്ധംമൂലം സംജാതമായിട്ടുള്ള പ്രശ്നങ്ങൾ ആഫ്രിക്കക്കാരായ നാട്ടുകാരെ അമ്പരപ്പിച്ചിരിക്കുന്നുവെന്നു ഞങ്ങൾക്കെല്ലാം അറിയാം. യേശുവിൻെറ സ്നേഹസന്ദേശം കൊണ്ടുവന്ന വെള്ളക്കാർ ഇപ്പോഴെന്താണ് ചെയ്യുന്നതു്? അന്യോന്യം കൊലചെയ്യുന്നു, യേശുവിൻെറ ശാസനങ്ങളെ അവഹേളിക്കുന്നു. ഇതെങ്ങനെ സംഭവിച്ചു? ഈ ചോദ്യം അവർ ഞങ്ങളോടു ചോദിക്കുമ്പോൾ ഞങ്ങൾ നിസ്സഹായരാവുന്നു. ചിന്തിക്കുവാൻ കഴിവുള്ളവല്ലവരുമാണ് എന്നോടു് ഈ ചോദ്യം ചോദിച്ചതെങ്കിൽ, ഞാൻ ന്യായീകരിക്കുവാനോ വിശദീകരിക്കുവാനോ മുതിരാറില്ല; മാത്രമല്ല, ഭയങ്കരവും ദുർഗ്രഹവുമായ ഒന്നിൻെറ മുമ്പിലാണ് പെട്ടുപോയിരിക്കുന്നതെന്നു ഞാൻ തുറന്നുപറകയും ചെയ്യും. പ്രകൃതിയുടെ മക്കളുടെ ഇടയിൽ വെള്ളക്കാരന്നുള്ള ധാർമ്മികവും മതപരവുമായ സ്ഥാനമുണ്ടല്ലോ, അതിന്നു യുദ്ധംകാരണം എത്രകണ്ടു ക്ഷതം തട്ടിയിട്ടുണ്ടെന്നു് ഇപ്പോൾ പറവാൻ പ്രയാസം. അതു ഗണ്യമായിരിക്കുമെന്നാണ് എൻെറ ഭയം."

ലാംബറീനിയിലെ യുദ്ധകാലപ്രവർത്തനങ്ങളെപ്പററി ഡോക്ടർ ഷ്വെപ്റററ്സർ എഴുതിയ ഒരു ലഘുലേഖ 1947 ജനവരിയിൽ ഐക്യനാടുകളിൽ പ്രസിദ്ധപ്പെടുത്തി.* അതിലെ ചില ഭാഗങ്ങൾ ഇതാ:

"1939 മാർച്ച് 3-ാംതീയതി ഒരു ചെറു ആവിക്കപ്പലിൽ ഞാൻ ഒരിക്കൽക്കൂടി ഒഗോവ്നദിയിൽ പ്രവേശിച്ചു. ഞാൻ വീണ്ടും ഈ പുഴയിലൂടെ സമുദ്രത്തിൽ പ്രവേശിക്കുംമുമ്പ് എന്തെല്ലാം സംഭവിക്കുമെന്നു ഞാൻ വിറയ്ക്കുന്ന ഹൃദയത്തോടെ സ്വയം ചോദിച്ചു. ആസ്പത്രിയുടെ പണമെല്ലാം മരുന്നുകളും മററു് അവശ്യ

* "ലാംബറീനിയിലെ ആസ്പത്രി യുദ്ധകാലത്തു്", 1939-'45.

സാധനങ്ങളും വാങ്ങുവാൻ ഉപയോഗിച്ചു. ആഫ്രിക്കയിൽത്തന്നെ ലഭ്യമാവുന്നതു് ഉടൻതന്നെ വാങ്ങി. മററിനങ്ങൾക്കു യൂറോപ്പിലേക്കു് എഴുതി. ഭാഗ്യവശാൽ, യുദ്ധം തുടങ്ങുന്നതിനു മുമ്പു മിക്കതും എത്തിച്ചേർന്നു.

"ശസ്ത്രക്രിയയ്ക്കായി ഉൾനാട്ടുകളിൽനിന്നു വന്ന മിക്ക രോഗികളേയും സെപ്തമ്പറിൽ മടക്കി അയച്ചു. ഔഷധാദികളുടെ ചെലവു് അങ്ങേയററം ചുരുക്കിയേ തീരൂ. അതുകൊണ്ടു് അടിയന്തരമായ ശസ്ത്രക്രിയകൾമാത്രമേ ഞങ്ങൾ ചെയ്യാറുള്ളൂ. സാരമായ രോഗമില്ലാത്തവരേയും ഞങ്ങൾ പിരിച്ചയച്ചു. ഈ ആളുകളെയെല്ലാം മടക്കിയയയ്ക്കുന്നതു് എത്ര വ്യസനകരമായിരുന്നു! ഏതു പ്രതികൂലപരിതസ്ഥിതിയിലും ഞങ്ങളുടെ കൂടെ താമസിപ്പാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷകളെ വീണ്ടും വീണ്ടും ഞങ്ങൾക്കു നിരസിക്കേണ്ടിവന്നു. വളരെ പേർ ആവിക്കപ്പലിലും മോട്ടോർ ബോട്ടിലും വീട്ടിലേക്കു മടങ്ങി. മററുള്ളവരാകട്ടെ, കാട്ടിലെ നീണ്ടിഴഞ്ഞ ദുർഗ്ഗമമാർഗ്ഗങ്ങളിലൂടെ വിദൂരഗ്രാമങ്ങളിലേക്കു നടന്നുപോയി. ഒടുവിൽ അവരെല്ലാം പോയിക്കഴിഞ്ഞു; ഹൃദയം പിളക്കുന്ന രംഗങ്ങൾ അവസാനിച്ചു.

"ബോർഡോവിന്നും ആഫ്രിക്കയ്ക്കുമിടയിൽ വളരെക്കാലമായി ഓടിക്കൊണ്ടിരുന്ന ആ കപ്പൽ, ബ്രാസാ, ഫിനിസ്റ്ററെമുനമ്പിന്നടുത്തുവെച്ചു മാർച്ചുമാസത്തിൽ 'ടോർപ്പിഡോ'ചെയ്യപ്പെട്ടു. കപ്പൽ അതിവേഗം താണുപോയതിന്റെ ഫലമായി, രക്ഷപ്പെട്ട യാത്രക്കാർ കുറവായിരുന്നു. ഞങ്ങളുടെ ജില്ലയിലുള്ള പലരും മരിച്ചവരിൽ ഉൾപ്പെടും. യൂറോപ്പിൽനിന്നു് അവസാനമായി അയച്ച മരുന്നുകളും സാമാനങ്ങളും കപ്പലോടുകൂടി നഷ്ടപ്പെട്ടുപോയി.

"1940-ലെ ശരൽക്കാലത്തു്, ജനറൽ ദ്ഗോളിന്റേയും 'വിഷി'യുടേയും സേനകൾ ലാംബറീനി കൈവശപ്പെടുത്തുവാൻ പോരാടുകയായിരുന്നു. ഗ്രാമത്തിൽനിന്നു പുഴയിലൂടെ രണ്ടരനാ

ഴികമേല്പോട്ടാണ് ഞങ്ങളുടെ ആസ്പത്രി സ്ഥിതിചെയ്യുന്നതു്. അത്രയുമല്ല, ഗ്രാമത്തിന്നും ആസ്പത്രിക്കുമിടയിൽ പുഴയുടെ ഒരു ശാഖ 600വാര വീതിയിൽ കിടക്കുന്നുമുണ്ടു്. ആസ്പത്രിക്കു മീതെ ബോംബുചെയ്യപ്പോകരുതെന്നു് ഇരുചേരികളിലേയും വൈമാനികൎക്കു കല്പനയുണ്ടായിരുന്നു. അതുകൊണ്ടു സാരമായ കേടുപാടുകളൊന്നും അതിന്നു നേരിട്ടില്ല. മാത്രമല്ല, വെള്ളക്കാരുടേയും കറുത്ത മനുഷ്യരുടേയും രക്ഷാകേന്ദ്രംകൂടിയായി ആസ്പത്രി. ഉന്നം തെററിയ ഉണ്ടകളുടെ ശല്യം കുറയ്ക്കുവാൻവേണ്ടി, ലാംബറീനിക്കു ചുററും ഉണ്ടായിരുന്ന മരംകൊണ്ടുള്ള മതിൽ കട്ടിയുള്ള തുത്തനാകപ്പലകകൊണ്ടു ബലവത്താക്കി. തുത്തനാകപ്പലകയാകട്ടെ, ധാരാളം കൈവശമുണ്ടായിരുന്നുതാനും.

"1940-ലെ ശരൽക്കാലത്തിനുശേഷം, സഖ്യകക്ഷികളുമായി സഹകരിക്കുന്ന ഒരു ഗവമ്മേണ്ടു് ഞങ്ങൾക്കുണ്ടായി. തൽഫലമായി, ഫ്രാൻസിൽനിന്നും യൂറോപ്പിൽനിന്നുതന്നേയും ഞങ്ങൾ വേർപെട്ടുപോയി. പകരം, ഇംഗ്ലണ്ടും ഐക്യനാടുകളുമായി ബന്ധം സ്ഥാപിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. ഇംഗ്ലണ്ടുവഴി സ്വീഡനുമായും ചിലപ്പോഴെല്ലാം ഞങ്ങൾ സമ്പൎക്കം പുലത്തിയിരുന്നു. എന്നാലും, ഈ രാജ്യങ്ങളുമായി തപാൽബന്ധം പുനസ്ഥാപിക്കുവാൻ ഏറെക്കാലം കഴിയേണ്ടിവന്നു. കുറച്ചുകാലത്തേയ്ക്കു് ആഫ്രിക്കയിലെ കച്ചവടകേന്ദ്രങ്ങളിൽനിന്നു് ആവശ്യമുള്ള സാമാനങ്ങളെല്ലാം വാങ്ങുവാൻ കിട്ടിയിരുന്നു. അനുകൂലമായ വിലയ്ക്കു വളരെയധികം അരി തരാമെന്നു കച്ചവടക്കാർ ഒന്നിലധികംതവണ എന്നോടു പറകയുണ്ടായിട്ടുണ്ടു്. ആ അരിയെല്ലാം കയ്യൊഴിക്കാൻ അവക്കു താൽപര്യമുള്ളപോലെ തോന്നി. ഒന്നാമതു്, ഗുണംകുറഞ്ഞ അരിയായിരുന്നു. രണ്ടാമതു്, കീടങ്ങൾ അതെല്ലാം കേടുവരുത്തിത്തുടങ്ങുകയും ചെയ്തിരുന്നു. അതുകൊണ്ടു വളരെയധികം അരി എന്റെ തലയ്ക്കു തള്ളപ്പെട്ടു എന്നുതന്നെ പറയാം.

ഭാഗ്യവശാൽ, അതു സൂക്ഷിച്ചുവെപ്പാനുള്ള സ്ഥലം എൻെറ കൈവശമുണ്ടായിരുന്നു. മൂന്നു കൊല്ലത്തോളം കാലം നാടൻരോഗികൾക്കു ഭക്ഷണം കൊടുപ്പാൻ ആ അരി ഉപകരിച്ചു. ഇന്നാട്ടിൽ അരിയുടെ ഈടുവെപ്പു് അത്യന്താപേക്ഷിതമാണു്. എന്തെന്നാൽ കൊയ്ത്തുകളുടെ ഇടക്കാലങ്ങളിൽ വാഴപ്പഴത്തിന്നും കൊള്ളിക്കിഴങ്ങിന്നും ക്ഷാമം നേരിടാറുണ്ടു്. നാടന്മാരുടെ മുഖ്യഭക്ഷണം അവയാണു്. ചിലപ്പോൾ, വേനൽക്കാലത്തു ശക്തിയേറിയ മഴയുണ്ടാകും. അത്തരം സന്ദർഭങ്ങളിൽ ക്ഷാമനില കുറേ മാസങ്ങൾ നീണ്ടുനില്ക്കും. കാലഗുണമെന്നു പറയട്ടെ, ഇത്തരത്തിലുള്ള ക്ഷാമം യുദ്ധകാലത്തുണ്ടായില്ല. എന്നാൽ പിന്നീടു്, ആ വിപത്തുഞങ്ങളെ നേരിട്ടു. കൃഷിപ്പണിക്കായി നാട്ടുകാർ വെട്ടിത്തെളിയിച്ച സ്ഥലങ്ങൾ തീയിട്ടുചുടുവാൻ 1944-ലെ വേനല്ക്കാലത്തു മഴമൂലം കഴിഞ്ഞില്ല. ഭാഗ്യവശാൽ, 1942 മുതൽ നെൽക്കൃഷി നിർബ്ബന്ധമാക്കിയിരുന്നു. പക്ഷിക്കൂട്ടങ്ങളുടെ ആക്രമണങ്ങളിൽനിന്നു രാപ്പകൽ അതു കാത്തുരക്ഷിക്കേണ്ടിവന്നിരുന്നെങ്കിലും, ഒരു ജില്ലാ ഉദ്യോഗസ്ഥൻ അങ്ങനെ കല്പിച്ചു. ധാരാളം അരി വാങ്ങി സൂക്ഷിക്കുവാനുള്ള പണം എൻെറ കയ്യിൽ ഉണ്ടായിരുന്നില്ലെങ്കിൽ, വിദ്യാലയങ്ങളെപ്പോലെ ആസ്പത്രിയും അടച്ചുപൂട്ടേണ്ടിവരുമായിരുന്നു. കുട്ടികൾക്കു ഭക്ഷണം കൊടുപ്പാനില്ലാഞ്ഞിട്ടു പാതിരികേന്ദ്രത്തിലെ വിദ്യാലയങ്ങളെല്ലാം പൂട്ടുകയുണ്ടായി.

"1940-ൻെറ അവസാനത്തിൽ സന്തോഷപ്രദമായ ഒരത്ഭുതസംഭവമുണ്ടായി. എൻെറ ആവശ്യം അറിയിച്ചാൽ, ഔഷധങ്ങളും മററു സാമാനങ്ങളും അയയ്ക്കുന്നതാണെന്നു് അമേരിക്കയിൽനിന്നൊരു സന്ദേശം ലഭിച്ചു. അതെല്ലാം ഇവിടെ എത്തിയതു് ഒരു കൊല്ലത്തിലേറെ താമസിച്ചു 1942 മേയ്മാസത്തിൽമാത്രമാണു്. തക്കസമയത്താണതു വന്നുചേർന്നതു്; എന്തെന്നാൽ ഞങ്ങളുടെ കയ്യിലുണ്ടായിരുന്നതെല്ലാം തീർന്നുമട്ടായിരുന്നു. അയച്ചുകിട്ടിയ പെട്ടികളിൽ മരുന്നുമാത്രമല്ല, ആവശ്യമായ മററു പല സാ-

മാനങ്ങളുമുണ്ടായിരുന്നു. കെട്ടഴിച്ചുകൊണ്ടിരിക്കുമ്പോൾ, വീണ്ടും വീണ്ടും സന്തോഷഘോഷങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു; അത്യന്താപേക്ഷിതമായ പലയിനങ്ങളും പുറത്തു വന്നുകൊണ്ടേയിരുന്നു. എൻെറ കൈക്കു കൃത്യമായി ചേരുന്ന റബ്ബർകയ്യുറകൾ എനിക്കു വളരെയധികം വിലപ്പെട്ടതായി തോന്നി. വലിപ്പം കുറഞ്ഞ കയ്യുറകളുപയോഗിച്ചു ശസ്ത്രക്രിയകൾ നടത്തുവാൻ കുറച്ചു കാലമായി ഞാൻ നിർബ്ബദ്ധനായിരിക്കയായിരുന്നു. പുതിയ വെപ്പുപാത്രങ്ങൾ കണ്ടപ്പോൾ അടുക്കളപ്പണിക്കാർ ആഹ്ലാദം കൊണ്ടു തുള്ളിച്ചാടി. സാമാനങ്ങൾ പിന്നേയും വന്നുകൊണ്ടിരുന്നു. ഞങ്ങളുടെ ഊട്ടുവെപ്പു പരിപുഷ്ടമാക്കുവാൻ അതു സഹായകമായി. 1943-ൽ എത്തിച്ചേർന്ന ഷൂസുകളും വലിയ അനുഗ്രഹമായി, ഞങ്ങളിൽ പലക്കും.

"ആസ്സത്രി ഒരു നിലക്കു നടത്തിക്കൊണ്ടിരിക്കുവാനേ, 1941-ൽ ലഭിച്ച സംഭാവനകൾ പര്യാപ്തമായുള്ളു. എന്നാൽ 1942-ലും 1943-ലും കിട്ടിയവയാകട്ടെ, ക്രമത്തിൽ കൂടുതൽ രോഗികളെ സ്വീകരിപ്പാൻ ഞങ്ങളെ അനുവദിച്ചു. എന്നെ സഹായിച്ചുപോരുന്ന വിശ്വസ്തമിത്രങ്ങളോടു ഞാനെത്ര കടപ്പെട്ടവനാണ്! വൈദ്യസഹായം അത്യാവശ്യമായ രോഗികളെയെല്ലാം എടുക്കുവാൻ എനിക്കിപ്പോൾ കഴിയുന്നുണ്ട്. ഞങ്ങളുടെ പ്രവൃത്തിയിൽ വല്ലാത്ത പ്രോത്സാഹനമാണ് ഞങ്ങൾക്കു ലഭിക്കുന്നതു്.

"അസഹ്യമായ കാലാവസ്ഥയിൽ ദീഘകാലം താമസിച്ചതിൻെറ ഫലമായി ഞങ്ങൾ അധികമധികം ക്ഷീണിച്ചുവന്നു. അതോടൊപ്പം പ്രവൃത്തി തുടച്ചയായി വദ്ധിച്ചുകൊണ്ടിരിക്കയും ചെയ്തു. വെള്ളക്കാരായ രോഗികളുടെ ആധിക്യമാണ് അതിന്നൊരു കാരണം. കുറേ ആഴ്ചകളായി ഒരൊററ കിടക്കപോലും ഒഴിവില്ല. ഈ അനാരോഗ്യത്തിന്നു മുഖ്യകാരണം ഭക്ഷണത്തിൽ 'കാൽസിയ'ത്തിൻെറ അഭാവമാണ്. ഭാഗ്യവശാൽ, സ്വിററ്സർലണ്ടിലും അമേരിക്കയിലും ഉണ്ടാക്കിയ കാൽസിയവും ഫ്രാൻ

സിൽ ഉണ്ടാക്കിയ 'ഫോസ്ഫറസ്സും' ഞങ്ങളുടെ പക്കൽ ധാരാള മുണ്ടായിരുന്നു. 'കാൽസിയം' ശരീരത്തിൽ ചേരുവാൻ സഹായ കമാണു് 'ഫോസ്ഫറസ്'. ഇംഗ്ലണ്ടിലും അമേരിക്കയിലും സ്വി റ്റ്സർലണ്ടിലും നിർമ്മിതമായ യകൃത്തും ഇരിമ്പും ചേർത്ത ഔഷ ധങ്ങളും ഞങ്ങൾക്കു വേണ്ടുവോളം ലഭിച്ചിരുന്നു.

" 'നിദ്രാരോഗ'ത്തോടു പടവെട്ടേണ്ട ചുമതല ഗവർമ്മേണ്ട് ഏറ്റെടുത്തിരുന്നു. അതുകൊണ്ടു് അതുണ്ടെന്നു സംശയിക്കപ്പെ ടുന്ന രോഗികളെ 'കൊളോണിയൽ സാനിറ്ററി സർവ്വീസി'ലേ ക്കു് ഏല്പിച്ചുകൊടുക്കുകമാത്രമേ ഞങ്ങൾ ചെയ്യേണ്ടതുള്ളു. പുഴ യിലൂടെ താഴോട്ടു കുറച്ചകലെയായി, ഇത്തരം രോഗികൾക്കു വ ലിയൊരു 'കേമ്പ്' സ്ഥാപിച്ചിരുന്നു. ഡോക്ടർമാരോ അവരുടെ വെള്ളക്കാരായ സഹായികളോ ഓരോ ഗ്രാമവും സന്ദർശിക്കുന്നു; ഓരോ നിവാസിയുടേയും രക്തവും മുതുകെല്ലിലെ നീരും ഭൂതക്ക ണ്ണാടിയിലൂടെ പരിശോധിക്കുന്നു. ദൌർഭാഗ്യവശാൽ, ഞങ്ങളു ടെ ജില്ലയിൽ ഈ രോഗം കുറയുകയല്ല, വർദ്ധിക്കയാണു് ചെയ്യു ന്നതു്.

"കുഷ്ഠരോഗികളായ നാടന്മാരുടെ കാര്യത്തിൽ ഞങ്ങൾക്കു വലിയ ഉൽക്കണ്ഠയാണു്. ഇംഗ്ലണ്ടിൽനിന്നു് അയച്ചുകിട്ടിയ 'ഡിഫ്ത്തീരിയ ടോക്സോയ്ഡ്' എന്ന ഔഷധം ഫലപ്രദമായ തായിരുന്നു. പക്ഷേ സാധുക്കളായ ആ കറുപ്പുവർഗ്ഗക്കാർക്കു വേ ണ്ടത്ര ക്ഷമയില്ല. ശരിയായ ചികിത്സയ്ക്കു കുറേ മാസങ്ങൾ പി ടിക്കും. അത്രയും കാലം ഞങ്ങളുടെ അടുക്കൽ താമസിപ്പാൻ അ വർ കൂട്ടാക്കുകയില്ല. സ്വല്പം സുഖം തോന്നിയാൽ, വ്രണങ്ങൾ ഉണങ്ങിത്തുടങ്ങിയാൽ, അവർ കരുതുകയായി, ഇനി ചികിത്സ യില്ലെങ്കിൽത്തന്നെ തകരാറില്ലെന്നു്. അവർ ആസ്പത്രി വിടുന്നു. എന്തിനു്? കുറച്ചുമാസങ്ങൾക്കുശേഷം, വർദ്ധിച്ച രോഗവുമായി മടങ്ങിവരുവാൻ! കുഷ്ഠരോഗചികിത്സയിൽ സുപ്രധാനമായ പു രോഗതിയുണ്ടാവുമെന്നു് ആശിക്കുവാൻ ഇപ്പോൾ അടിസ്ഥാനമു

ണ്ടു്. മഡഗാസ്സർദ്വീപിൽ കണ്ടുവരുന്ന ഒരുതരം ചെടിയിൽനിന്നു കിട്ടുന്ന ഔഷധത്തെപ്പററി ഫ്രെഞ്ച്ഡോക്ടർമാർ 1937-മുതൽ ഗവേഷണങ്ങൾ നടത്തിപ്പോന്നിട്ടുണ്ടു്. ആശ്വാസം കൊടുക്കുന്നവയാണവ. കുഷ്ഠവ്രണങ്ങൾ അതിവേഗം ഉണക്കുവാൻ ഈ ഔഷധത്തിന്നു കഴിവുണ്ടു്. അമേരിക്കയിൽ 'പ്രോമിൻ' എന്നു പേരായ ഒരു ഔഷധവും വിജയപ്രദമായി ഉപയോഗിച്ചുപോരുന്നുണ്ടു്.

"കാട്ടുമൃഗങ്ങളിൽനിന്നു മുറിവേററു് ആസ്പത്രിയിൽ വരുന്ന ആളുകളെ കാണുമ്പോഴാണു്, ഞങ്ങളുടേതു് ഒരു കാട്ടാസ്പത്രിയാണെന്നു് ഓർമ്മവരുന്നതു്. ചിതലും ഇതു് എപ്പോഴും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. ഞങ്ങൾക്കു വിശ്രമം തരികയേയില്ല അതു്. ചിതല്ക്കൂട്ടു് കണ്ടെത്തുമ്പോഴേക്കും ഗണ്യമായ നാശം സംഭവിച്ചുകഴിഞ്ഞിരിക്കും. എന്നിട്ടു്, എല്ലാ സാമാനങ്ങളും മാററിവെച്ചു്, അതിൻെറ ഉത്ഭവസ്ഥാനം കണ്ടുപിടിക്കണം. ഈ ക്രൂരജീവികൾമൂലം എത്രയാണു് ക്ലേശിക്കേണ്ടിവന്നിട്ടുള്ളതു്, എത്ര സമയമാണു് പാഴായിപ്പോയിട്ടുള്ളതു്! അവയെ അകററിനിൎത്തുവാൻ ഇതുവരെ ഒന്നും ഫലപ്രദമായിട്ടില്ല. ഇപ്പോൾ ഡി. ഡി. ടി. യുടെ ഉപയോഗത്തിൽ ഒരു ആശാരശ്മി കാണുന്നുണ്ടെന്നുമാത്രം.

"ആനകളെക്കൊണ്ടും ഉപദ്രവമുണ്ടു്. ഇടയ്ക്കിടയ്ക്കെല്ലാം അവ നാട്ടുകാരുടെ വാഴത്തോട്ടങ്ങളിൽക്കടന്നു്, വല്ലാതെ നാശമുണ്ടാക്കും. ആസ്പത്രിയിലേക്കു വാഴപ്പഴം തന്നുകൊണ്ടിരിക്കുന്ന തോട്ടങ്ങളുമായിരിക്കും അവ. തൽഫലമായി ഭക്ഷണസാധനങ്ങളില്ലാതെ ഞങ്ങൾ വളരെ വിഷമിക്കാറുണ്ടു്. വന്യമൃഗങ്ങൾ എത്ര അടുത്തു വരാറുണ്ടെന്നതിന്നു് ഈയിടയ്ക്കു് ഒരു ദൃഷ്ടാന്തമുണ്ടായി. ആസ്പത്രിയുടെ അധീനത്തിലുള്ള പറമ്പിൽ തോട്ടം വെച്ചുപിടിപ്പിക്കയായിരുന്നു. അതിന്നായി പറമ്പിൻെറ അതിൎത്തിയെല്ലാം പുതുതായി അടയാളപ്പെടുത്തേണ്ടിവന്നു. അതിൎത്തിക്കാലുകൾ നാട്ടുന്നതിൻെറ മേൽനോട്ടം വഹിച്ചുകൊണ്ടു ഞാൻ നില്ക്കുമ്പോൾ,

പിന്നിൽനിന്നു മനുഷ്യശബ്ദങ്ങൾ കേട്ടു. ഞാൻ പണിക്കാരോടു വിളിച്ചുചോദിച്ചു, 'എന്താണതു്? ഈ പെണ്ണുങ്ങളും കുട്ടികളും എന്താണിവിടെ ചെയ്യുന്നതു്?' ചിരിച്ചുകൊണ്ടു് അവർ മറുപടി പറഞ്ഞു, 'ഈ പെണ്ണുങ്ങളും കുട്ടികളും 'ചിമ്പാൻസി'ക്കുരങ്ങുകളാണു്. നിങ്ങളുടെ ശബ്ദം കേട്ടു് അവർ പരിഭ്രമിച്ചിരിക്കയാണു്.'

"യുദ്ധം തുടങ്ങിയതോടെ മരക്കച്ചവടം തകൎന്നു. തൽഫലമായി ചുരുങ്ങിയ കൂലിയ്ക്കു് ആളുകളെ കിട്ടുവാൻ എളുപ്പമായിരുന്നു. അതുകൊണ്ടു്, വളരെ കാലമായി നീട്ടിക്കൊണ്ടുപോയിരുന്ന പല പണികളും നടത്തുവാൻ ഞാൻ തീരുമാനിച്ചു. കൂടുതൽ നിലം കൃഷിയോഗ്യമാക്കിയേ തീരൂ. പുഴയ്ക്കടുത്തു കുന്നിൻചരിവിലുള്ള വലിയ തോട്ടം മഴക്കാലത്തു മണ്ണിടിഞ്ഞു കേടുവന്നുതുടങ്ങിയിരുന്നു. ഇതു തടയുവാൻ കല്ലുകൊണ്ടുള്ള നല്ല ഇടക്കെട്ടുകൾ ഉറപ്പിൽ പണിയണം. കല്ലുകൾ ശേഖരിക്കുന്നതുതന്നെ ഭാരിച്ച ജോലിയായിരുന്നു; അടുത്തെങ്ങും കല്ലു കിട്ടുവാനുണ്ടായിരുന്നില്ല. മഴവെള്ളം കുത്തിയൊലിച്ചു്, നിരത്തുകളെല്ലാം കേടുവന്നിരുന്നു; പിന്നിലെ കുന്നുകളിൽനിന്നു വരുന്ന വെള്ളത്തെ തടയുവാൻ ഞങ്ങൾ മതിലുകൾ കെട്ടി. യുദ്ധകാലത്തെ ആദ്യവൎഷങ്ങൾ രണ്ടും കൂലിക്കാരെ നയിക്കുന്നതിനായി ഞാൻ ചെലവാക്കി. എന്തെന്നാൽ, ഒരു യൂറോപ്യൻെറ മേൽനോട്ടമുണ്ടെങ്കിലേ അവർ പണിയെടുക്കയുള്ളു.

"1941-നുശേഷം ഇവിടെ വലിയ മാററങ്ങൾ ഉണ്ടായിത്തുടങ്ങി. യുദ്ധാവശ്യങ്ങൾക്കായി റോഡുകൾ നിൎമ്മിക്കപ്പെട്ടു. കേപ്പ്ടൌൺമുതൽ ആൾജിയേഴ്സ്വരെ നീണ്ടുകിടക്കുന്ന നിരത്തു ലാംബറീനിയിലൂടെയാണു് പോകുന്നതു്. സ്വാഭാവികമായി, ഈ പുതിയ നിരത്തുകൾ വളരെ അപൂൎണ്ണങ്ങളാണു്. അതിലൂടെയുള്ള യാത്ര ഒരു സുഖമല്ലതന്നെ. എങ്കിൽക്കൂടി, പഴയ യാത്രാമാൎഗ്ഗങ്ങൾ ആലോചിക്കുമ്പോൾ, ഇതു വലിയ പുരോഗതിയാണു്.

"1939-ലെ വസന്തത്തിലും വേനലിലുമായി രണ്ടു ഡോക്ടർമാരും രണ്ടു നഴ്സുമാരും സ്വിററ്സർലണ്ടിലേയ്ക്കു മടങ്ങി. ഡോക്ടർമാരിൽ ഒരാൾ ചട്ടത്തൊപ്പിക്കുപകരം പട്ടാളത്തൊപ്പി ധരിച്ചുതുടങ്ങുവാൻ താമസമുണ്ടായില്ല. ഇവരുടെ പോക്കുകാരണം, ചികിത്സയും ശസ്ത്രക്രിയയും നടത്തുവാൻ മൂന്നുപേർമാത്രമേ ഉള്ളുവെന്നായി—ഡോക്ടർ ലാഡിസ്ലാസ് ഗോൾഡ്ഷ്മിഡ്, ഡോക്ടർ അന്നാവിൽധിക്കാൻ, ഞാൻ. ഡോക്ടർ ഗോൾഡ്ഷ്മിഡ് 1933-ൽ ആണ് ഇവിടെ പ്രവൃത്തി തുടങ്ങിയതു്. അവധിയെടുത്തു യൂറോപ്പിൽ പോയശേഷം അദ്ദേഹം 1938-ൽ മടങ്ങിയെത്തി. ഡോക്ടർ വിൽധിക്കാൻ 1935-മുതൽ 1937വരെ ലാംബറീനിയിൽ പണിയെടുത്തു. 1940 ജനവരിയിൽ അവർ വീണ്ടും ആഫ്രിക്കയിലേയ്ക്കു വന്നു. യുദ്ധകാലത്തു റീഗയിലുള്ള വീട്ടിൽനിന്നു് അവർ ബോർഡോവിലെത്തിയ കഥ അത്ഭുതാവഹമാണ്. അവർ വന്ന ഉടനെ, മാഡംവാസൽ ഗർട്രൂഡ് കോക് വിമാനമാർഗ്ഗം സ്വിററ്സർലണ്ടിലേയ്ക്കു മടങ്ങി; മൂന്നുതവണ ഇവർ ഇവിടെ പണിയെടുത്തുകഴിഞ്ഞു.

"1943-ൽ ഡോക്ടർ ഗോൾഡ്ഷ്മിഡ് വിശ്രമാർത്ഥം ബെൽജിയൻകോംഗോവിലേയ്ക്കു പോയി. കുറേ മാസങ്ങളോളം അദ്ദേഹം അവിടെയായിരുന്നു. അക്കാലത്തു ഡോക്ടർ വിൽധിക്കാൻ സകലജോലിയും നിർവ്വിഘ്നം നടത്തി. എന്നിട്ടവർ 1944-ൽ കുറേ മാസത്തെ അവധിയിൽ പ്രവേശിച്ചു. ഞങ്ങളുടെ അടുത്തുള്ള 'നിദ്രാരോഗ'കേമ്പിലെ ഗവമ്മേണ്ട്ഡോക്ടരുടെ ജോലികൂടി 1944 ഏപ്രിൽമുതൽ ഡോക്ടർ ഗോൾഡ്ഷ്മിഡ് ഏറെറടുത്തു. തൽഫലമായി കാലത്തും—അപ്പോഴാണ് അദ്ദേഹം ശസ്ത്രക്രിയകൾ നടത്തുക—ഉച്ചതിരിഞ്ഞു രണ്ടുമൂന്നു മണിക്കൂറുനേരവും മാത്രമേ അദ്ദേഹം ആസ്പത്രിയിലുണ്ടാകാറുള്ളൂ.

"1941-ലെ വേനൽക്കാലത്തു് എൻെറ ഭാര്യ ലാംബറീനിയിൽ എത്തി. ഫ്രാൻസിൽനിന്നു ലിസ്ബണിലെത്തുവാൻ അ

വൾക്കു കഴിഞ്ഞതു് ഒരു മഹാത്ഭുതമാണു്; അവിടെനിന്നു് ഒരു പോർച്ചുഗീസ്കപ്പലിൽ അവൾ കോംഗോനദീമുഖത്തുള്ള അൻഗോള—ഒരു പോർച്ചുഗീസ്കോളനിയാണതു്—യിലെ ഒരു തുറമുഖത്തെത്തി. ബെൽജിയൻകോംഗോവഴി അവൾ ആഗസ്റ്റ് 2-ാം തീയതി ഇവിടെയുമെത്തി.

"യുദ്ധാരംഭത്തിൽ ആസ്പത്രിയുടെ പ്രവർത്തനം വെട്ടിക്കുറച്ചപ്പോൾ, നഴ്സുമാരിൽ ചിലർ മററിടങ്ങളിൽ ജോലിക്കു ചേന്നു. ഒടുവിൽ നാലു നഴ്സുമാരേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു—സ്വിററ്സർലണ്ടുകാരികളായ മാഡംവാസൽ നോട്സ്ലിയും മാഡംവാസൽ മുള്ളറും, ഡച്ചുകാരിയായ മാഡംവാസൽ മാറിയ ലാജെൻഡിക്, ആൽസെസ്സുകാരിയായ മാഡംവാസൽ എമ്മാ ഹോസ്ക്നെക്റ്റ്. ഇവരിൽ ഓരോരുത്തരുടേയും ഒഴിവിൽ എന്റെ ഭാര്യ ജോലി ചെയ്തുപോന്നു; തൽഫലമായി യുദ്ധാരംഭംമുതൽ ഒഴിവില്ലാതെ ജോലി ചെയ്തുപോന്ന ഇവക്കു തെല്ലൊരു വിശ്രമം കിട്ടി. ശസ്ത്രക്രിയയ്ക്കു വേണ്ടതെല്ലാം നേരാംവണ്ണം സൂക്ഷിക്കുന്നതിൽ അവൾ ശ്രദ്ധിച്ചു; വേണ്ടിടത്തെല്ലാം ആവശ്യമായ സഹായങ്ങൾ ചെയ്തു. കത്തെഴുതുന്നതിലും ഗ്രന്ഥരചനയിലും അവളെന്നെ സഹായിച്ചു. രൂക്ഷമായ കാലാവസ്ഥ സഹിക്കുവാൻ എന്റെ പ്രതീക്ഷയിൽക്കവിഞ്ഞു്, അവൾക്കു സാധിച്ചു. അവൾ അവിശ്രമം ജോലിചെയ്തുകൊണ്ടേയിരിക്കുന്നു. അവളുടെ സഹായം വളരെ വിലപ്പെട്ടതുതന്നെ.

"1938മുതൽ ഞങ്ങളുടെ കൂടെയായിരുന്ന മാഡംവാസൽ നോട്ട്സ്ലി 1943 ജൂൺ ആദ്യത്തിൽ സ്വിററ്സർലണ്ടിലേയ്ക്കു പുറപ്പെട്ടു. ആറുമസത്തിലേറെ യാത്രചെയ്തശേഷം അവൾ വീട്ടിലെത്തി. പകരം, മാഡംവാസൽ കോക്ക് ജൂലായ്മാസത്തിൽ ഇവിടെ മടങ്ങിയെത്തി. യാത്രയ്ക്കു് ആവശ്യമായ പ്രമാണപത്രങ്ങൾ സമ്പാദിക്കുവാൻ കുറേ മാസങ്ങൾതന്നെ പണിപ്പെടേണ്ടിവന്നു. സ്വിററ്സർലണ്ടിൽനിന്നു കുറേ മരുന്നുപെട്ടികൾക്കു

ടി അവർ കൊണ്ടുവന്നു. ഇവിടെ വന്ന ഉടനെ, അവർ അടുക്കളയുടെ ചുമതല ഏറ്റെടുക്കുകയും ഡച്ചുകാരിയായ മാഡംവാസൽ മാറിയയെ സഹായിക്കയും ചെയ്തു. മാറിയയുടെ ആരോഗ്യം മോശമായിരുന്നു.

"1944-ൽ ഞങ്ങൾ വല്ലാതെ വിഷമിച്ചു. മാഡംവാസൽ മാറിയയ്ക്കു ജോലി ഉപേക്ഷിക്കേണ്ടിവന്നു. ആഗസ്റ്റ്മാസത്തിൽ കാമറൂൺമലമുകളിലുള്ള ആസ്പത്രിയിലേയ്ക്കു് അവളെ അയച്ചു. ആരോഗ്യം വേണ്ടത്ര ഭേദപ്പെട്ടപ്പോൾ, 1945-ൽ അവൾ വിമാനമാർഗ്ഗം പാരീസ്സിലേയ്ക്കു പോയി. ഹോളണ്ടിൻെറ വിമോചനദിവസങ്ങളിലാണു് അവൾ പാരീസ്സിലെത്തിയതു്.

"ഇപ്പോൾ ആസ്പത്രിയുടെ ഭാരമെല്ലാം മാഡംവാസൽ കോക്കിന്നായി. അടുക്കളയുടേയും വീടിൻേറയും തോട്ടത്തിൻേറയും മേൽനോട്ടം മാഡംവാസൽ എമ്മയും ഏറ്റെടുത്തു. കുറേ കാലത്തേയ്ക്കു ഞങ്ങൾക്കു മൂന്നു നഴ്സുമാരേ ഉണ്ടായിരുന്നുള്ളു. അപ്പോഴാണു് ഞങ്ങൾ മനസ്സിലാക്കിത്തുടങ്ങിയതു്, ഞങ്ങൾ എത്രയേറെ ക്ഷീണിച്ചുപോയിരിക്കുന്നുവെന്നു്. അത്യുഷ്ണപ്രദേശത്തു ദീർഘകാലം താമസിച്ചതുകൊണ്ടുമാത്രമുള്ളതല്ല ഈ ക്ഷീണം. ഭാരിച്ച ജോലിയും അത്യധ്വാനവുമാണു് അതിന്നു പ്രധാനകാരണം. ദൈനംദിനജോലികൾ നിർവ്വഹിക്കുവാൻ കഴിയണമെങ്കിൽ, എപ്പോഴും മാന്ദ്യത്തിൽനിന്നു സ്വയം പിടിച്ചുവലിക്കേണ്ടിവന്നു ഞങ്ങൾക്കെല്ലാവർക്കും.

"യൂറോപ്പിലെ യുദ്ധമവസാനിച്ച വർത്തമാനം മേയ് 7-ാംനു-ഉച്ചയ്ക്കു ഞങ്ങൾക്കു കിട്ടി. ഞാൻ അടിയന്തരമായ ചില കത്തുകൾ എഴുതിക്കൊണ്ടിരിക്കയായിരുന്നു; രണ്ടുമണിയോടുകൂടി പുഴയിലെ ആവിക്കപ്പലിൽ ആ കത്തുകൾ എത്തിയേ തീരു. ധൃതിപിടിച്ചു് എഴുതുമ്പോൾ, വെള്ളക്കാരനായ ഒരു രോഗി ജനലിൽ പ്രത്യക്ഷനായി. അയാൾ ആസ്പത്രിയിലേയ്ക്കു വരുമ്പോൾ, റേഡിയോകൂടി കൊണ്ടുവന്നിരുന്നു. യൂറോപ്പിൽ സന്ധി ഒപ്പിട്ടുകഴിഞ്ഞു

വെന്നു് അയാൾ ഉറക്കെ വിളിച്ചുപറഞ്ഞു. എഴുത്തുകൾ മുഴുമിക്കാതെ നിവൃത്തിയില്ല; അതിനുശേഷം ആസ്പത്രിയിലേയ്ക്കു പോകയും വേണം. എന്നിട്ടു്, എത്രതന്നെ ക്ഷീണമുണ്ടെങ്കിലും, തോട്ടത്തിലെ പണി നോക്കുവാൻ അങ്ങോട്ടു പോയേ തീരൂ. ഉച്ചതിരിഞ്ഞു് ആസ്പത്രിയിലെ വലിയ മണി അടിക്കുകയും സന്തോഷവർത്തമാനം കേൾപ്പാൻ ആളുകൾ കൂട്ടംകൂടുകയും ചെയ്തുവെങ്കിലും, വൈകുന്നേരംവരെ ഒന്നിനെപ്പററിയും ചിന്തിക്കുവാൻ എനിക്കു കഴിഞ്ഞില്ല. യുദ്ധാവസാനത്തിൻെറ അർത്ഥത്തെപ്പററി ഞാൻ ആലോചിച്ചുതുടങ്ങിയതു് അപ്പോൾമാത്രമാണു്. പുറത്തു കൂരിരുളിൽ പനയോലകൾ കാററു തട്ടി ശബ്ദിച്ചുകൊണ്ടിരിക്കുമ്പോൾ, ഞാനെൻെറ കൊച്ചുപുസ്തകം എടുത്തു. ക്രിസ്തുവിനു മുമ്പു് ആറാംശതകത്തിൽ ജീവിച്ചിരുന്ന മഹാനായ ചൈനീസ്സ് ചിന്തകൻ ലാവോസെയുടെ വചനങ്ങൾ അതിലുണ്ടു്. യുദ്ധത്തെക്കുറിച്ചും വിജയത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിൻെറ ഹൃദ്യവചനങ്ങൾ ഞാൻ വായിച്ചു: 'ആയുധങ്ങൾ നാശകാരിയായ ഉപകരണങ്ങളാണു്. നല്ലവനു ചേർന്നതല്ല അവ. വേറെ പോംവഴിയില്ലെങ്കിലല്ലാതെ അവൻ അവയെ പ്രയോഗിക്കയില്ല. സമാധാനവും ശാന്തിയുമാണു് അവന്നു് ഏററവും വിലപ്പെട്ടതു്. അവൻ കീഴടക്കുന്നു; പക്ഷേ അതിൽ സന്തോഷിക്കുന്നില്ല. വിജയത്തിൽ ആഹ്ലാദിക്കുന്നവൻ കൊലയിലും ആഹ്ലാദിക്കും. വിജയം കൊണ്ടാടുമ്പോൾ, ശവസംസ്കാരച്ചടങ്ങിലെന്നപോലെയാണു് സേനാനായകൻ അതിൽ പങ്കുചേരേണ്ടതു്. ആളുകളുടെ കൂട്ടക്കൊലയിൽ കണ്ണീർ വാർത്തു സഹതപിക്കയാണു് വേണ്ടതു്. അതുകൊണ്ടു പോർക്കളത്തിൽ വിജയിച്ചവൻ ദുഃഖിതനെപ്പോലെ പെരുമാറണം.'

"യൂറോപ്പിലെ യുദ്ധം അവസാനിച്ച സ്ഥിതിക്കു്, കാലതാമസംകൂടാതെ പുതിയ നഴ്സുമാരേയും ഡോക്ടർമാരേയും കിട്ടുവാൻ കഴിയുമെന്നു ഞങ്ങൾ കരുതി. പക്ഷേ ഞങ്ങളുടെ പ്രതീക്ഷയെല്ലാം അസ്ഥാനത്തായി. ആഫ്രിക്കയിലേയ്ക്കു പുറപ്പെടുന്നതിനു

മുമ്പു മുഴുമിക്കേണ്ട ഔപചാരികനടപടികൾക്കു വളരെ മാസങ്ങൾ തന്നെ വേണ്ടിവന്നു. ഒടുവിൽ മാഡംവാസൽ കോട്മാൻ വിമാനമാർഗ്ഗം ലിബ്രെവില്ലെയിലെത്തി. ആഗസ്റ്റ്മാസത്തിൽ അവൾ ലാംബറീനിയിലുമെത്തിച്ചേർന്നു. ഉടനെത്തന്നെ, മാഡംവാസൽ ഫോസ്ക്നക്ടിനേയും എന്നേയും അവൾ ഗണ്യമായി സഹായിച്ചുതുടങ്ങി.

"1945 സെപ്തമ്പറിൽ, മഴ തുടങ്ങുന്നതിനു മുമ്പ് എന്റെ ഭാര്യ യൂറോപ്പിലേയ്ക്കു മടങ്ങി. 1941 ആഗസ്റ്റ്മുതൽ അവൾ ലാംബറീനിയിൽത്തന്നെയായിരുന്നു. 1946-ലും 1947-ലും അവൾ വീണ്ടും ലാംബറീനിയിലേയ്ക്കു മടങ്ങിവന്നുവെങ്കിലും, നല്ല കാലത്തേ—അതായത്, മേയ്മുതൽ സെപ്തമ്പർവരെമാത്രമേ—ഇവിടെ താമസിച്ചിരുന്നുള്ളു.

"കോളനിയിലെ യൂറോപ്യന്മാരെ നാട്ടിലേയ്ക്കു കൊണ്ടുപോവാനായി, ഒക്ടോബറിൽ ചിരപ്രതീക്ഷിതമായ ആ കപ്പൽ, 'പ്രോവിഡൻസ്', എത്തിച്ചേർന്നു. യൂറോപ്യന്മാർ നൂറുകണക്കിൽ കപ്പൽകയറി. ഞങ്ങളുടെ ജില്ലയിൽനിന്നും പലരും പോയി; ആരോഗ്യകാരണങ്ങളാൽ, കഴിയുന്ന വേഗം ആഫ്രിക്ക വിടാതെ അവർക്കു നിവൃത്തിയില്ല. വളരെക്കാലമായി ആസ്പത്രിയിലെ സ്ഥിരതാമസക്കാരായ രോഗികളായിരുന്നു ഇവർ.

"യുദ്ധാനന്തരം വിലകൾ വർദ്ധിച്ചുകൊണ്ടേയിരുന്നു. എത്രതന്നെ പിശുക്കുപിടിച്ചാലും, മുൻകാലങ്ങളേക്കാൾ നാലിരട്ടി ചെലവു സഹിക്കാതെ ആസ്പത്രി നടത്തുവാൻ സാധ്യമല്ലാതായി. ഇറക്കുമതിചെയ്യുന്ന സാമാനങ്ങൾക്കെല്ലാം വില കൂടുതലായിരുന്നു. മാത്രമല്ല, വാഴപ്പഴത്തിന്നും കൊള്ളിക്കിഴങ്ങിന്നുംകൂടി വില വർദ്ധിച്ചു. തൽഫലമായി കൂലിയും വർദ്ധിച്ചു. യൂറോപ്പിലേയ്ക്കും അവിടെനിന്നിങ്ങോട്ടുമുള്ള യാത്രക്കൂലി കണക്കില്ലാതെ കൂടിപ്പോയി; അതാണ് ഞങ്ങളെ ഏററവുമധികം ക്ലേശിപ്പിച്ചതു്. ഇക്കാര്യത്തിൽ ചെലവു ചുരുക്കാൻ വയ്യല്ലോ."

യുദ്ധകാലത്തു് ഒഴിവില്ലാതെ ഏഴ് കൊല്ലം ലാംബറീനിയിൽ പ്രവൃത്തിയെടുത്ത എമ്മാ ഹോസ്കനക്ക് 1946-ൽ 'ഷൈ്വറ്സർഫെല്ലോഷിപ്പി'ലേക്കു് ഇപ്രകാരം എഴുതി:—

"ഞാൻ ഡോക്ടർ ഷൈ്വററ്സരുടെ ആസ്പത്രിയിലെ ഒരു നഴ്സാണ്. ഇരുപതുകൊല്ലം മുമ്പാണു് ഞാൻ ലാംബറീനിയിൽ പ്രവൃത്തി തുടങ്ങിയതു്. യുദ്ധകാലത്തെല്ലാം പ്രിയപ്പെട്ട ഡോക്ടർ ഷൈ്വററ്സരൊന്നിച്ചു് ആസ്പത്രിയിൽ പണിയെടുക്കുവാനുള്ള മഹാഭാഗ്യം എനിക്കുണ്ടായി. ഞങ്ങളെല്ലാം വല്ലാതെ തളർന്നിരിക്കുന്നു. പക്ഷേ ഡോക്ടർക്കു യാതൊരു ക്ഷീണവുമില്ല.

"പകലിലെ ജോലിയെല്ലാം തീർന്നാൽ, അദ്ദേഹം കിന്നരത്തിൻെറ ചവിട്ടുവെച്ച പിയാണോ വായിച്ചുതുടങ്ങും. രാത്രിയുടെ നിശ്ശബ്ദതയിൽ, മഹാവനത്തിൻെറ മധ്യത്തിലുള്ള മുറികളിലിരുന്നു ഞങ്ങൾ കുററമററ സംഗീതം ആസ്വദിക്കും. സംഗീതാഭ്യസനവേള ആശ്വാസപ്രദമായതാണു്. അതു് ആന്തരികമായി ഞങ്ങൾക്കു തുലോം സഹായകമായി. വീട്ടിൽനിന്നു വേർപെട്ട ഇത്രയും കൊല്ലങ്ങളിൽ ഈ സംഗീതം എനിക്കു് അമൂല്യമായിരുന്നു.

"ലാംബറീനിയുടെ അമേരിക്കൻസ്നേഹിതന്മാർ യുദ്ധകാലത്തു ചെയ്ത സഹായങ്ങൾ മറക്കാവതല്ല. ആസ്പത്രിയും അതിലെ ജോലിക്കാരും ഉൾക്കൊള്ളാതെ ഈ പ്രദേശത്തെപ്പററി വിചാരിപ്പാൻ സാധ്യമല്ല. ശക്തിയുള്ള കാലത്തോളം ഇവിടെത്തന്നെ തുടരുവാൻ ഞങ്ങൾ പ്രേരിതരാവുന്നു, ഇവിടത്തെ ദുരിതങ്ങൾ കാണുമ്പോൾ."

ആയിടക്കു്, 1939 മേയ്മധ്യത്തിൽ, മാഡം ഷൈ്വററ്സരും മകളും ലാംബറീനിയിലേക്കു കപ്പൽകയറി. ആഫ്രിക്കയിലേക്കുള്ള ആദ്യത്തെ യാത്രയായിരുന്നു റീനയുടേതു്. അവൾ ആഹ്ലാദഭരിതയായി. ഒരു അമേരിക്കൻസ്നേഹിതന്നു ഡോക്ടർ ഇപ്രകാരം എഴുതി: "എൻെറ മകൾക്കു് എൻെറ ആസ്പത്രി കാണു

വാൻ കഴിഞ്ഞതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. മുററത്തു് ഓടിക്കളിക്കുന്ന ആറു ചിമ്പാൻസികളേയും അഞ്ചു കൃഷ്ണമൃഗങ്ങളേയും കണ്ടു് അവൾ അത്യന്തം സന്തുഷ്ടയായിരിക്കുന്നു.'' യുദ്ധം തുടങ്ങുന്നതിനുമുമ്പു് അവർ യൂറോപ്പിലേയ്ക്കു മടങ്ങി. റീന പാരീസ്സിലുള്ള ഭർത്തൃഗൃഹത്തിലേയ്ക്കാണു് പോയതു്. എക്കർട്ടു് എന്നു പേരായ ഒരു ആൽസെസ്സ്കാരനെയാണു് അവൾ വിവാഹം കഴിച്ചിരുന്നതു്. കിന്നരപ്പണിക്കാരനായ അദ്ദേഹം ഷൈപററ്സറുടെ ഉററ മിത്രമായിരുന്നു.

1940 ൽ ഫ്രഞ്ച്ഗവമ്മേണ്ടു് തകന്നപ്പോൾ, മാഡം ഷൈപററ്സർ ലൌസാനിൽനിന്നു് എക്കർട്ടുകുടുംബത്തെ സന്ദശിപ്പാനായി പാരീസ്സിലേയ്ക്കു വന്ന കാലമായിരുന്നു. തെക്കൻഫ്രാൻസിലേയ്ക്കു് അവരെല്ലാം രക്ഷാത്ഥം ഓടിപ്പോയ ദുഃഖപൂർണ്ണമായ കഥ, മാഡം എക്കർട്ടു് ഒരു അമേരിക്കൻസ്നേഹിതയ്ക്കെഴുതിയ കത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: ''മററുപലരെപ്പോലെയും ഞങ്ങൾ ജൂൺമാസത്തിൽ പാരീസ് വിട്ടു. ഞങ്ങളുടെ കൊച്ചുകാറിൽ അവശ്യസാധനങ്ങൾമാത്രം എടുത്തുവെച്ചിരുന്നു. എൻെറ അമ്മ, ഭത്താവു്, കൊച്ചുമകൾ, ഞാൻ—എല്ലാവരും ഫ്രാൻസിലൂടെ യാത്ര തുടന്നു. ഒരു മാസകാലം ഞങ്ങളുടെ ജീവിതം റോഡിലായിരുന്നു. കാറിൽക്കിടന്നു് ഉറങ്ങും. വല്ലതും കിട്ടിയാൽ ഭക്ഷിക്കും.''

ലിയോൺസിൽ താമസമുറപ്പിക്കുന്നതിനു മുമ്പു്, എക്കർട്ടുമാക്കു രണ്ടാമതൊരു കുട്ടികൂടി പിറന്നു. ലിയോൺസിൽ എക്കർട്ടിന്നു് ഒരു ജോലിയും താമസിപ്പാൻ ഒരു വീടും കിട്ടി. 1941-ലെ വേനലിൽ മാഡം ഷൈപററ്സർ ആഫ്രിക്കയിലേയ്ക്കു പോയി. പിന്നീടു് എക്കർട്ടുമാക്കു സ്വിററ്സർലണ്ടിലേയ്ക്കു പോവാൻ കഴിഞ്ഞു. സൂറിച്ചിലെ 'ഹ്യൂൻ' എന്ന കമ്പനിയിൽ—സ്വിററ്സർലണ്ടിലെ സുപ്രസിദ്ധമായ ഒരു കിന്നരനിമ്മാണക്കമ്പനിയാണതു്—എക്കർട്ടിന്നു് ഉദ്യോഗം ലഭിച്ചു. കാലക്രമത്തിൽ അദ്ദേഹം അതിലെ ഒരു ഡയറക്ടറായി. എക്കർട്ടുമാക്കിപ്പോൾ നാലു കുട്ടിക

ളുണ്ടു്. പുതിയ 'ഷൈപററ്സർസമാഹാര'ത്തിൻെറ പ്രസാധകൻ ഡോക്ടരോടു് ആവശ്യപ്പെട്ടു, പുസ്തകം സൌജന്യമായി അയച്ചുകൊടുപ്പാൻവേണ്ടി, ആസ്സ്വത്രിയുടെ സഹായികളുടേയും മിത്രങ്ങളുടേയും പേർവിവരം എഴുതി അയപ്പാൻ. അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു: "ഞാൻ കണ്ടിട്ടില്ലാത്ത പൌത്രന്മാൎക്കുള്ളതാണു് ആദ്യത്തെ നാലു കോപ്പികൾ."

'ആൽബർട്ടു്ഷൈപററ്സർജ്ജൂബ്'ലി'ഗ്രന്ഥത്തിൽ, 'മനുഷ്യസ്നേഹിയായ ഷൈപററ്സർ' എന്ന ശീഷകത്തോടുകൂടി ഞാനെഴുതിയ ലേഖനത്തിലെ ചില ഭാഗങ്ങളാണു് ചുവടെ ചേക്കുന്നതു്:

"യുദ്ധം തുടങ്ങിയപ്പോൾ ഷൈപററ്സർ അമേരിക്കയിലെ സ്നേഹിതന്മാൎക്കെഴുതി, സഹപ്രവത്തകരോടുകൂടി ലാംബറീനിയിൽത്തന്നെ താമസിച്ചു തൻെറ മനുഷ്യസേവനപ്രവത്തനം തുടരുകയോ ആസ്സ്വത്രി പൂട്ടിയിട്ടു സൌകര്യം കിട്ടുമ്പോൾ യൂറോപ്പിലേയ്ക്കു മടങ്ങുകയോ ഏതാണു് വേണ്ടതെന്നു തനിക്കു വിവരമില്ലെന്നു്. പിന്നീടു് ആസ്സ്വത്രി തുറന്നുവെപ്പാൻതന്നെ ഷൈപററ്സർ തീച്ചപ്പെടുത്തിയ വിവരം അറിവായപ്പോൾ അദ്ദേഹത്തിൻെറ മിത്രങ്ങൾ ഒത്തുചേന്നു് അമേരിക്കൻസഹായം ലഭ്യമാക്കുവാൻ വേണ്ട പരിപാടികൾ തയ്യാറാക്കി.

"അങ്ങനെയാണു് 1939-ൽ അമേരിക്കയിലെ 'ആൽബർട്ടു് ഷൈപററ്സർ ഫെല്ലോഷിപ്പു്' സ്ഥാപിതമായതു്. 'കാട്ടുവക്കിൽ' എന്ന പുസ്തകത്തിൻെറ അവസാനാദ്ധ്യായത്തിൽ ഷൈപററ്സർ തന്നെ ഉപയോഗിച്ചിട്ടുള്ള ഒരു പദമാണു് 'ഫെല്ലോഷിപ്പു്' (സുഹൃൽസംഘം); അതിൽനിന്നാണു് സ്ഥാപനത്തിന്നു് ആ പേർ കിട്ടിയതു്. 'വേദനയുടെ മുദ്ര പതിഞ്ഞവരുടെ സുഹൃൽസംഘ'ത്തെപ്പററി അദ്ദേഹം എഴുതിയിട്ടുണ്ടു്. അദ്ദേഹം പറയുന്നു: 'ഈ സുഹൃൽസംഘത്തിലെ അംഗങ്ങൾ ആരെല്ലാമാണു്? വേദനയും യാതനയും എന്തെന്നു് അനുഭവത്തിൽനിന്നു പഠിച്ച ലോകരെ

ല്ലാം ഇതിലെ അംഗങ്ങളാണ്. അദൃശ്യമായൊരു ബന്ധം അവരെ ഒന്നിപ്പിക്കുന്നുണ്ട്. മനുഷ്യരെ നേരിട്ടേയ്ക്കാവുന്ന യാതനകളുടെ ഭയങ്കരതകൾ അവരിൽ ഓരോരുത്തനും അറിയാം. അതിൽനിന്നു വിമുക്തനാവാനുള്ള ആഗ്രഹത്തെപ്പററിയും അവരിലേവനുമറിയാം."

ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരുന്ന പരിപാടികളെപ്പററി മനസ്സിലാക്കിയപ്പോൾ, ഷൈപററ്സർ എഴുതി: "അമേരിക്കയിൽനിന്നു സഹായം ലഭിക്കുമെന്നു കേട്ടപ്പോൾ എനിക്കു വളരെ ആശ്വാസമായി. അതൊരു മഹാത്ഭുതംപോലെ എനിക്കു തോന്നുന്നു. നിങ്ങളോടെല്ലാം വേണ്ടത്ര നന്ദി കാണിപ്പാൻ എന്നേക്കൊണ്ട് ഒരിക്കലും കഴികയില്ല." തൻെറ പ്രവൎത്തനങ്ങളുടെ സ്വഭാവത്തെ അദ്ദേഹം ആ എഴുത്തിൽ തുടൎന്നു വിവരിച്ചു. പള്ളിയുമായോ പാതിരിസംഘവുമായോ മറേറതെങ്കിലും സ്ഥാപനവുമായോ അതിന്നു യാതൊരു ബന്ധവുമില്ല. ഞങ്ങളുടെ സ്ഥാപനത്തിൻെറ രൂപം കഴിയുന്നിടത്തോളം എളിയതായിരിക്കണമെന്നു മാത്രമാണ് അദ്ദേഹത്തിൻെറ ഏകാപേക്ഷ. വ്യക്തിക്കു പ്രാധാന്യം കല്പിക്കാത്ത, കൎശനമായ, ഒരു സംഘടനയല്ല അദ്ദേഹത്തിന്നു പ്രിയം. വ്യക്തികൾതമ്മിൽ നേരിട്ടു ബന്ധം പുലൎത്തുന്ന കാൎയ്യത്തിൽ അദ്ദേഹം വളരെ പ്രാധാന്യം കല്പിക്കുന്നു. അദ്ദേഹത്തിൻെറ പ്രവൎത്തനത്തിൽ പൂൎണ്ണമായ താൽപര്യവും ആത്മീയമായ അനുഭാവവും ഉണ്ടാവാൻ അതാണ് ഏകമാൎഗ്ഗം.

1943-ൽ കലിഫോർണിയയിൽ ഫെല്ലോഷിപ്പിൻെറ ഒരു ശാന്തസമുദ്രതീരശാഖ സ്ഥാപിതമായി. ഷൈപററ്സരുടെ പ്രവൎത്തനത്തിൽ അത്രയേറെ താൽപര്യം വൎദ്ധിച്ചുകഴിഞ്ഞിരുന്നു. ഈ ശാഖ ആയിരമായിരം ഡോളർ ആഫ്രിക്കയിലേയ്ക്കു പിരിച്ചയച്ചിട്ടുണ്ട്. അമേരിക്കയുടെ ശാന്തസമുദ്രതീരപ്രദേശങ്ങളിൽ ഇക്കാൎയ്യത്തിലുള്ള താൽപര്യം കൂടുതൽ വികസിപ്പിക്കുവാനും അതിന്നു കഴിഞ്ഞിട്ടുണ്ട്.

കിന്നരവിദഗ്ധയായ മാഡം ആലിസ് എലർസ് പശ്ചിമതീരത്തിൽ ഒട്ടേറെ കച്ചേരികൾ നടത്തി, ലാംബറീനിയിലേയ്ക്കു പണമുണ്ടാക്കുവാൻ. അവർ യൂറോപ്പിൽവെച്ചു ഷ്വൈറ്റ്സർമാരുമായി പരിചയപ്പെട്ടിരുന്നു.

അമേരിക്കയിലെ കിന്നരവായനക്കാർ, തങ്ങളുടെ സംഘടനയായ 'അമേരിക്കൻകിന്നരസംഘം'വഴി, ഗണ്യമായ സേവനങ്ങൾ ചെയ്തിട്ടുണ്ട്. മിസ്റ്റർ എഡ്വേഡ് നീസ്-ബർഗർ ആണ് ഇക്കാര്യത്തിൽ മുൻകയ്യെടുത്തതു്. അദ്ദേഹം ധനദശപരാർത്ഥം ഒട്ടേറെ കച്ചേരികൾ നടത്തി. കുട്ടിക്കാലത്തു സ്റ്റ്രാസ്ബുഗ്ഗിൽവെച്ചു് അദ്ദേഹം ഷ്വൈറ്റ്സറുമായി പരിചയപ്പെട്ടിട്ടുണ്ട്.

വിദൂരരാജ്യങ്ങളായ ആസ്ത്രേലിയയിൽനിന്നും ന്യൂസിലണ്ടിൽനിന്നുപോലും 'ആൽബർട്ട് ഷ്വൈറ്റ്സർഫെല്ലോഷിപ്പി'നെപ്പററി അന്വേഷണങ്ങൾ വന്നിട്ടുണ്ട്. വർഗ്ഗമൈത്രി പുനസ്ഥാപിക്കുന്നതിൽ ഷ്വൈറ്റ്സർമാരുടെ പ്രവർത്തനത്തിന്റെ സാർവ്വദേശീയപ്രാധാന്യത്തിനു് അതു സാക്ഷ്യം വഹിക്കുന്നു. ആസ്ത്രേലിയയിലെ 'പ്രെസ് ബിറേററിയൻ'പള്ളിയുടെ അധ്യക്ഷൻ ഇങ്ങനെ എഴുതി: "ഇപ്പോൾ ഇററലിയിലുള്ള, ന്യൂസിലാണ്ടുകാരനായ ഒരു പുരോഹിതനുമായി പരിചയപ്പെട്ടതിന്റെ ഫലമായി, ആഫ്രിക്കയിലെ കാര്യങ്ങളെക്കുറിച്ചു വെർമോണ്ടിൽനിന്നു മെൽബോണിലുള്ള എനിക്കു നിങ്ങൾ എഴുതിയിരിക്കുന്നു. സാർവ്വദേശീയതയുടെ പ്രത്യക്ഷോദാഹരണംതന്നെ!"

1945 ജനവരി 14-ാംനു ഷ്വൈറ്റ്സർക്കു് എഴുപതു തികഞ്ഞു. അന്നു് ഐക്യനാടുകളിലെ സംഗീതവൃത്തങ്ങളും വാരികകളും പള്ളികളും മററു സംഘടനകളും അതു് അനുസ്മരിച്ചു. ഡോക്ടർ ഷ്വൈറ്റ്സർ 'ഫെല്ലോഷിപ്പി'നു് ഇപ്രകാരം എഴുതി:

"പണമയയ്ക്കുന്നുണ്ടെന്നു കാണിച്ചു ജനവരി 14-ാംനു നിങ്ങൾ അയച്ച കമ്പിസന്ദേശം എന്നെ അത്യധികം സന്തുഷ്ടനാക്കിയിരിക്കുന്നു. ഇതു സുസാധ്യമാക്കിയ ദാതാക്കളോടെല്ലാം ഞാൻ

വളരെ കൃതജ്ഞതയുള്ളവനാണ്. യൂണിറേറ്റിയൻ സർവ്വീസ് കമ്മിററിയിലെ ഡോക്ടർ ജോയിയുടെ ഒരു സന്ദേശവും എനിക്കു കിട്ടിയിട്ടുണ്ട്. അദ്ദേഹത്തിൻെറ കമ്മിററിയും 'ജനറൽ കൌൺസിൽ ഓഫ് കോൺഗ്രിഗേഷണൽ ചർച്ചസ്സും', 'എപ്പിസ്കോപ്പൽ പള്ളി'യും അതിൽ എന്നെ ആശീർവ്വദിച്ചിരിക്കുന്നു. ഈ മൂന്നു സംഘടനയും ആസ്പത്രിക്കുവേണ്ടി സംഭാവനകൾ അയയ്ക്കുന്നുണ്ടെന്നും സന്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. എൻെറ പ്രവൎത്തനത്തിൽ ആളുകൾക്കുള്ള അനുഭവമുണ്ടല്ലോ. അതിൻെറ ഓരോ ദൃഷ്ടാന്തവും എനിക്കു പുതുജീവൻ നല്കുന്നു.

"അറുപത്തഞ്ചു കഴിഞ്ഞാൽ ആസ്പത്രിയിലെ മിക്ക ജോലിയും മററു ഡോക്ടർമാൎക്ക് ഏല്പിച്ചുകൊടുക്കാൻ കഴിയുമെന്നു ഞാൻ കരുതിയിരുന്നു. എൻെറ പുസ്തകങ്ങൾ മുഴുമിക്കുവാനും ആസ്പത്രിക്കുവേണ്ടി കച്ചേരികൾ നടത്തുവാനുമായി ഇടയ്ക്കെല്ലാം യൂറോപ്പിൽ കുറച്ചു മാസങ്ങളോളം ചെലവഴിക്കുവാൻ സാധിക്കുമെന്നായിരുന്നു എൻെറ ആശ. ചിലപ്പോൾ കുറേ ആഴ്ചകളോളം വിശ്രമമെടുക്കുവാൻപോലും ഞാൻ സ്വപ്നംകണ്ടിരുന്നു. അപ്പോഴെയ്ക്കുമിതാ, യുദ്ധം വന്നെത്തി. ഇപ്പോൾ എല്ലാം മാറിയിരിക്കുന്നു. ഈ കൊല്ലങ്ങളിൽ ഞാൻ വല്ലാത്ത ക്ഷീണപാരവശ്യം അനുഭവിച്ചിട്ടുണ്ട്. എങ്കിൽക്കൂടി കാലാവസ്ഥയെ ചെറുത്തുനില്പാനും അവിശ്രമം പ്രവൃത്തി തുടരുവാനും എനിക്കു കഴിഞ്ഞിട്ടുണ്ട്."

1945 ഫെബ്രുവരി 14-ാംനു-യിലെ 'ക്രിസ്ത്യൻസെൻചറി' ഷ്വൈററ്സറുടെ എഴുപതാംജന്മദിനത്തെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: "തത്വചിന്തയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ഗ്രന്ഥം മുഴുമിപ്പാനുള്ള ശക്തി അദ്ദേഹത്തിന്നു സിദ്ധിക്കുമെന്നു നമുക്ക് ആശിക്കുക. സഹോദരഹത്യയിൽ അധിഷ്ഠിതമായ ഇന്നത്തെ സംസ്കാരത്തെ വിലയിരുത്തുവാനും ജീവിതഭക്തിയിലേയ്ക്കു തിരിച്ചുചെല്ലുവാൻ ആഹ്വാനംചെയ്യുവാനും കൂടുതൽ അൎഹനായി മററാരുണ്ട്?........പിറന്നാൾദിവസം അദ്ദേഹം എന്തെ

ല്ലാമാണ് ചെയ്യതെന്നു് അറിവാൻ ഞങ്ങൾക്കു് ഒരു മാർഗ്ഗവുമില്ല. എന്നാൽ മുപ്പതുകൊല്ലംമുമ്പു് ആസ്പത്രി സ്ഥാപിച്ചിട്ടുള്ള പതിനോരായിരം ദിവസങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കയില്ല ആ ദിനവുമെന്നു് അനുമാനിക്കുവാൻ ന്യായമുണ്ടു്."

പിറന്നാൾദിവസത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കു മറുപടിയായി ഷ്വൈറ്റ്സർ പത്രാധിപക്കു് ഇങ്ങനെ എഴുതി: "കഷ്ടം! എൻെറ മുമ്പിലുള്ള പ്രവൃത്തിക്കു് എഴുപതല്ല, മുപ്പതുവയസ്സാണു് എനിക്കിപ്പോൾ തികയേണ്ടിയിരുന്നതു്!........ഞാൻ ദിവസം ചെലവാക്കിയതെങ്ങനെയെന്നറിവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അതൊരു ഞായറാഴ്ചയായിരുന്നു, പതിവിലധികം ജോലിയുള്ള ഒരു ദിവസം. കുടലിറക്കവുമായി കാലത്തു വന്നെത്തിയ ഒരു രോഗിയെ ഞാനും സഹപ്രവർത്തകനും ചേർന്നു് ഉച്ചതിരിഞ്ഞു ശസ്ത്രക്രിയചെയ്തു. എന്നെ വല്ലാതെ പരിഭ്രമിപ്പിച്ചുകൊണ്ടിരുന്ന കുറേ ഹൃദ്രോഗികൾ ആസ്പത്രിയിലുണ്ടായിരുന്നു. എല്ലാററിനും പുറമേ, അന്നത്തെ ഉഷ്ണം അസഹ്യമായിരുന്നു, ഉഷ്ണരാജ്യങ്ങളിൽ ദീർഘകാലം താമസിച്ചവർക്കുകൂടി."

എഴുപതാംജന്മദിനം ലണ്ടനിലും ആഘോഷിക്കപ്പെട്ടു. 'ക്രിസ്ത്യൻസെൻചറി'യുടെ ബ്രിട്ടീഷ്‌ലേഖകൻ, പരേതനായ എഡ്വേഡ് ഷില്ലിടോ, 1945 ഫെബ്രു്വരി 21-ാംനു-ത്തെ ലക്കത്തിൽ ഇപ്രകാരം എഴുതി: "കൂടുതൽ സൌഹൃദമോ വിനയമോ പ്രദർശിപ്പിച്ച ഒരു വ്യക്തി ഇതുവരെ ഈ രാജ്യം സന്ദർശിച്ചിട്ടില്ല. എവിടേയും അദ്ദേഹം ഭക്ത്യാദരങ്ങൾക്കു പാത്രമായി........ഒരു പ്രക്ഷേപണവേളയിൽ ഉണ്ടായ ആ സംഭവം രസാവഹമാണു്. ഷ്വൈറ്റ്സറുടെ പ്രസംഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതുന്ന ആൾ ചോദിച്ചു, അദ്ദേഹത്തെ എങ്ങനെയാണു് സദസ്സിന്നു പരിചയപ്പെടുത്തിക്കൊടുക്കേണ്ടതെന്നു്. അദ്ദേഹം മറുപടി നല്കി, "ഒരു സ്കോട്ടിഷ്കൂലിക്കാരനെപ്പോലെയിരിക്കുന്ന ഈ മനുഷ്യൻ ആൽബെർട്ട് ഷ്വൈറ്റ്സറാണെന്നുമാത്രം പറഞ്ഞാൽ മതി." വെസ്റ്റ്മിൻ

സ്റ്റർപള്ളിയിൽ അദ്ദേഹം ആദ്യമായി കിന്നരം വായിച്ചപ്പോൾ, എത്ര ലണ്ടൻനിവാസികളാണു് പള്ളിയുടെ വാതില്ക്കൽ വരിയൊത്തു നിന്നിരുന്നതു്!........ഷൈ്വറ്റ്സറുടെ യേശുവിനെപ്പറ്റിയുള്ള വ്യാഖ്യാനത്തെക്കുറിച്ചു് ഓക്സ്ഫോർഡിലെ ഡോക്ടർ മിക്ലെം ഒരു പ്രഭാഷണമദ്ധ്യേ പ്രതിപാദിക്കയുണ്ടായി. അന്നത്തെ യേശുവിനെയാണു്, അല്ലാതെ പലരും വ്യാഖ്യാനിക്കുന്നപോലെ ഇന്നത്തെ യേശുവിനെയല്ല, ഷൈ്വറ്റ്സർ വിഭാവനംചെയ്യുന്നതു്."

യുദ്ധശേഷം ഒട്ടേറെ അമേരിക്കക്കാർ ഷൈ്വറ്റ്സറെ ആഫ്രിക്കയിലെ ആസ്പത്രിയിൽച്ചെന്നു സന്ദർശിച്ചിട്ടുണ്ടു്. 'ഫോറിൻ മിഷൻസ് കോൺഫറൻസി'ലെ ഡോക്ടർ എമറി റോസ്സും—അദ്ദേഹം അമേരിക്കയിലെ ആൽബർട്ട് ഷൈ്വറ്റ്സർ ഫെല്ലോഷിപ്പിന്റെ കാര്യദർശിയും ചെജാൻജിയുംകൂടിയാണു്—പത്നിയും 1946 ആഗസ്റ്റിൽ ലാംബറീനിയിലുണ്ടായിരുന്നു. അവരുടെ ഡയറിയിൽനിന്നു ചില ഉദ്ധാരണങ്ങൾ ഇതാ:

"സുപ്രസിദ്ധമായ ആസ്പത്രിയെയും കൂടുതൽ പ്രസിദ്ധനായ ഡോക്ടർ ആൽബർട്ട് ഷൈ്വറ്റ്സറേയും സന്ദർശിച്ച അവസരത്തിൽ ഞങ്ങൾക്കുണ്ടായ അനുഭവങ്ങൾ വർണ്ണിക്കുവാൻ ഏററവും അനുഗ്രഹീതമായ പേനക്കേ സാധ്യമാകൂ. അതു കയ്യിലണയുവാൻ ആഗ്രഹിച്ചുപോവുന്ന അപൂർവ്വാവസരങ്ങളിലൊന്നാണിതു്.

"ഞങ്ങൾ 7—30-നാണു് എത്തിയതു്. നേരം ഇരുട്ടിയിരുന്നു. രാത്രിയിലെ കൂരിരുളിൽ വിശ്വസ്തരായ ആഫ്രിക്കൻവേലക്കാർ ഞങ്ങളെ ബോട്ടിൽനിന്നു് ഇറങ്ങുവാൻ സഹായിച്ചു. മണലിൽ കാൽ പൂഴ്ന്നുകൊണ്ടു ഞങ്ങൾ ഒട്ടുദൂരം നടന്നു. പിന്നെ, 'ടോർച്ചു'വിളക്കിന്റെ സഹായത്തോടുകൂടി, കുറേ കല്പടവുകൾ കയറി. ഉടനെ കരിങ്കാട്ടിലേയ്ക്കു് ഊളിയിട്ടു. കുറച്ചു ചെന്നപ്പോൾ അങ്ങുമിങ്ങും വെളിച്ചം കണ്ടുതുടങ്ങി. പെട്ടെന്നു ഞങ്ങൾ ജനലുകളുടെ അടുത്തെത്തി. അകത്തു് ഒരു നീളൻമുറി കണ്ടു. നീളത്തിലു

ള്ള ഒരു മേശക്കു ചുററും ആളുകൾ ഇരുന്നിരുന്നു. മൂന്നോനാലോ മണ്ണെണ്ണവിളക്കുകൾ മേശമേൽ നിരത്തിവെച്ചിരുന്നു.

"ഞങ്ങൾ ഈ രംഗം കണ്ടമാത്രയിൽത്തന്നെ, അവർ ഞങ്ങളുടെ ശബ്ദം കേട്ട് എഴുന്നേററുതുടങ്ങി. ഞങ്ങൾ വാതില്ക്കൽ എത്തിയപ്പോഴെക്കും ഡോക്ടർ ഷെപ്പാററ്സർ ഞങ്ങളെ സ്വീകരിപ്പാനെത്തിക്കഴിഞ്ഞു. പിന്നിൽ മിസിസ്സ് ഷെപ്പാററ്സരും ഉണ്ടായിരുന്നു. അങ്ങനെയാണ് അദ്ദേഹത്തെ ഞങ്ങൾ ആദ്യമായി കണ്ടതു്. അദ്ദേഹത്തിൻെറ മഹത്വത്തെ ഞങ്ങൾ മുമ്പുതന്നെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നുവെങ്കിലും, അതു പൂർണ്ണമായി ബോധപ്പെട്ടതു്, അദ്ദേഹമൊരുമിച്ചു കുറച്ചുദിവസം താമസിപ്പാനും ആഫ്രിക്കയിലെ മഹാവനത്തിൽ അദ്ദേഹം ഇന്നുവരെ നടത്തിയിട്ടുള്ള പ്രവൎത്തനങ്ങൾ കാണുവാനും അവസരം ലഭിച്ചപ്പോൾ മാത്രമാണ്........

"ഏഴരമണിക്കു പ്രാതലിന്നുള്ള മണിയടിച്ചു. തലേദിവസം രാത്രി ഞങ്ങൾ വന്നപ്പോൾ ഇരുൾമൂടിക്കിടന്നിരുന്ന ആ അസാധാരണലോകത്തിലേക്കു ഞങ്ങൾ പ്രവേശിച്ചു. എന്തൊരു ലോകം! ഫ്രാൻസിലേയും ജൎമ്മനിയിലേയും പുരകളും കൃഷിയിടങ്ങളും കണ്ടിട്ടുള്ളവൎക്കു ചിത്രം മനസ്സിലാകും........വീടിന്നു താഴെയും അതിന്നു ചുററും വളൎത്തുജീവികളുടെ സമൂഹംതന്നെ: കോഴി, താറാവു്, ടൎക്കിക്കോഴി, പൂച്ച, നായ, ആട്, കരിമാൻ, പക്ഷി, മററും മററും. പെലിക്കൻപക്ഷി അനുസരണശീലമുള്ള ഒരു ജീവിയാണ്. എന്നിരുന്നാലും, ഉറങ്ങുവാൻ പോവാനുള്ള മിസിസ്സ് ഷെപ്പാററ്സരുടെ കല്പന അതു് അവഗണിക്കുന്നു. ഡോക്ടർ ഷെപ്പാററ്സരുടെ ചുററും തിങ്ങിക്കൂടുന്ന പക്ഷിമൃഗാദികളുടെ കൂടെ അതും ദിവസേന ഒത്തുചേരുന്നു....യഥാൎത്ഥമായും, അദ്ദേഹം മറെറാരു 'അസിസ്സിയിലെ ഫ്രാൻസിസ്പുണ്യവാളനാണ്"....രാത്രിയിൽ തത്വശാസ്ത്രപുസ്തകം എഴുതിക്കൊണ്ടിരിക്കുമ്പോൾ, ഒരു പൂച്ച വിളക്കിന്നു ചുററും ചുരുണ്ടുകിടക്കുന്നുണ്ടാവും. മഞ്ഞയും വെളുപ്പും ഇടക

ലന്ന ആ പൂച്ച കുട്ടിയായിരുന്നപ്പോൾ അദ്ദേഹം വളർത്തിക്കൊണ്ടു വന്നതാണ്. കാറൽബാത്തിനെപ്പററിയും മററു ചിന്തകന്മാരെപ്പററിയും ഞങ്ങളോടു സംസാരിക്കുമ്പോൾ, അദ്ദേഹം ഇടയ്ക്കെല്ലാം പൂച്ചയുടെ തല വാത്സല്യത്തോടെ തടവിക്കൊണ്ടിരിക്കും; അതിനെപ്പററിയോ അതിനോടോ സംസാരിക്കും. അദ്ദേഹത്തിൻെറ സ്വഭാവത്തിൽ ഞാനിതുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു വശമാണ് ഈ വാത്സല്യം. മറെറാന്ന്, അദ്ദേഹത്തിൻെറ ഫലിതപ്രിയത്വമാണ്. ഊണു കഴിക്കുമ്പോൾ, ഓരോരോ ഫലിതങ്ങൾ പറഞ്ഞ് അദ്ദേഹം എവരേയും ചിരിപ്പിച്ചുകൊണ്ടേയിരിക്കും.

"ഒരു ന്യൂയോക്കാസ്പത്രിപോലുള്ളതല്ല ഇവിടത്തേതു്. ജനങ്ങളുടെ സംസ്കാരത്തിനൊത്ത നിലവാരം പാലിക്കുന്നതിലാണ് ഷ്വൈററ്സർ വിശ്വസിക്കുന്നതു്. എന്നിരുന്നാലും, ആസ്പത്രിയുടെ ബാഹ്യമായ പരുക്കത്തം അതിലെ പ്രവൃത്തിയെ ബാധിക്കുന്നില്ല. പ്രവൃത്തിയുടെ ഗുണവും അളവും നോക്കുമ്പോൾ ഈ ആസ്പത്രിയുടെ നേട്ടം അത്ഭുതകരമാണ്. ആഫ്രിക്കക്കാരും യൂറോപ്യന്മാരും ഒന്നുപോലെ അതിനെപ്പിടിച്ച് ആണയിടുന്നു, നൂറു നൂറു നാഴിക ദൂരത്തുനിന്നു വന്ന് അവിടെ തടിച്ചുകൂടുന്നു........പലതരം രോഗങ്ങളുള്ള ഒട്ടേറെ ആഫ്രിക്കക്കാർ അവിടെയുണ്ടു്. ഡോക്ടറൊരുമിച്ചു ഞാനൊരു ദിവസം അവരെ സന്ദർശിച്ചു. അദ്ദേഹത്തിന്ന് അവരോടുള്ള വാത്സല്യവും അനുഭാവവും അടുപ്പവും കാണേണ്ടതുതന്നെയാണ്."

1947-ലെ വേനലിൽ ഡോക്ടർ ചാൾസ് ആർ ജോയിയും മിസ്റ്റർ മെൽവിൻ ആർണോൾഡും ആഫ്രിക്കയിലേക്കു പറന്നു. അടുത്തു പ്രസിദ്ധീകരിക്കുന്ന ഒരു പുസ്തകത്തിനുവേണ്ടി ഷ്വൈററ്സറുമായി അഭിമുഖസംഭാഷണം നടത്തുകയും ആസ്പത്രിയുടെ ചിത്രങ്ങൾ എടുക്കുകയുമാണ് അവരുടെ ഉദ്ദേശം. ഡോക്ടർ ഷ്വൈററ്സറേയും അദ്ദേഹത്തിൻെറ കൃതികളേയും അമേരിക്കക്കാർക്കു കൂടുതൽ പരിചയപ്പെടുത്തിക്കൊടുപ്പാനായി ബീക്കൺപ്രസ്സും മ

റവുപല പ്രസിദ്ധീകരണശാലക്കാരും ചേൎന്നു് ആസൂത്രണംചെയ്ത പ്രസിദ്ധീകരണപദ്ധതിയിൽപ്പെട്ടതാണു് ആ പുസ്തകം. വെറും സന്ദൎശകരായല്ല ഇവർ സ്വീകരിക്കപ്പെട്ടതു്. 'ആസ്സൂത്രികുടുംബ'ത്തിലെ അംഗങ്ങളായി അവർ. "അസാധാരണനായ ഈ കാട്ടു ഡോക്ടരുടെ പ്രശ്നങ്ങളിലും ഉൽക്കണ്ഠകളിലും ആശകളിലും പരിപാടികളിലും സ്വപ്നങ്ങളിലും എല്ലാം അവർ പങ്കാളികളായി." 'സംസ്കാരത്തിൻെറ തത്വശാസ്ത്ര'ത്തിൻെറ മൂന്നാംവാല്യം എഴുതിത്തീക്കുന്നതിലുള്ള അദ്ദേഹത്തിൻെറ ഔത്സുക്യം അവർ വിവരിക്കുന്നു:

"രാത്രി വൈകീട്ടു്, ഒരു മണ്ണെണ്ണവിളക്കിൻെറ നാളത്തിനു താഴെയിരുന്നുകൊണ്ടു്, തൻെറ ചെറിയ 'വായന-ആപ്പീസ്സ്-കിടപ്പുമുറി'യിലെ മേശയുടെ മുമ്പിലിരുന്നുകൊണ്ടു ഡോക്ടർ പണിയെടുക്കുന്നു.....അധ്യായങ്ങൾ മുഴുമിക്കുമ്പോൾ, മുകളിലുള്ള ഷെൽഫിൽ മേല്ക്കുമേലെയായി അദ്ദേഹം അവ അടക്കിവെയ്ക്കുന്നു. എഴുതിത്തീരാത്ത അധ്യായങ്ങൾ ചരടിൽക്കോത്തു്, പിന്നിലുള്ള ആണികളിൽ തൂക്കിയിടുകയും ചെയ്യുന്നു—നായാട്ടുകാരൻ പക്ഷികളെ തൂക്കിയിടുന്നപോലെ! അദ്ദേഹം ചിരിക്കുന്നു.

"കഴിഞ്ഞ ദശാബ്ദത്തിലെ ലോകകാര്യങ്ങളെക്കുറിച്ചുള്ള ഒന്നാമത്തെ അഭിമുഖസംഭാഷണത്തിൽ, ഡോക്ടർ ഷൈ്വററ്സർ ഞങ്ങളോടിങ്ങനെ പറഞ്ഞു: 'നമുക്കിന്നാവശ്യം പ്രചരണമല്ല, ശരിയായ സത്യം ഗ്രഹിപ്പാനുള്ള കഴിവാണു്; ഇന്നത്തെ മട്ടിലുള്ള ദേശഭക്തിയല്ല, മനുഷ്യരാശിയുടെ മുഴുവൻ ഗുണത്തെ മുൻനിൎത്തിയുള്ള ശ്രേഷ്ഠമായൊരു ദേശഭക്തിയാണു്; വ്യക്ത്യാരാധനയിൽ അധിഷ്ഠിതമായ ദേശീയതയല്ല, സമാനസംസ്കാരമുള്ള ലോകജനതയാണു്; ശരിയായ ആദൎശപരത നഷ്ടപ്പെട്ട സമുദായമല്ല, പരിഷ്കൃതരാജ്യനീതിയിലുള്ള വിശ്വാസത്തിൻെറ പുനസ്ഥാപനമാണു്;......ആത്മീയത തൊട്ടുകുളിപ്പാനില്ലാത്ത ഒരു മനോഭാവമല്ല,

പുരോഗതിയിലുള്ള വിശ്വാസമാണു്; ഇതെല്ലാമത്രേ നമ്മുടെ കടമകൾ.*"

ഒഴിവും വിശ്രമവും കൂടാതെ, ആൽബെട്ട് ഷ്വെറ്റ്സർ പത്തുകൊല്ലത്തോളം ലാംബറീനിയിൽത്തന്നെ താമസിച്ചു. ഒടുവിൽ 1948 നവമ്പറിൽ ഗുൺസ്ബാക്കിലേക്കു മടങ്ങിയപ്പോൾ, അദ്ദേഹം വല്ലാതെ ക്ഷീണിച്ചിരുന്നുവെന്നു മാഡം മാർട്ടിൻ അറിയിക്കുന്നു. അദ്ദേഹത്തിൻെറ സുഹൃത്തുക്കൾക്കു വല്ലാത്ത ഉൽക്കണ്ഠയായി. 'ബ്ലാക്ക്ഫോറസ്റ്റി'ലെ കോണിഗ്സ് ഫെൽഡിൽ അദ്ദേഹം കുറച്ചുകാലം വിശ്രമിച്ചു; തുടന്നു്, സ്വിററ്സർലണ്ടിലും. അവിടെവെച്ചു തൻെറ പൌത്രന്മാരെ അദ്ദേഹം ആദ്യമായി കണ്ടു. അദ്ദേഹത്തിൻെറ ആരോഗ്യം മെച്ചപ്പെട്ടുവന്നു. 1949-ലെ വേനലിൽ ഐക്യനാടുകൾ സന്ദർശിക്കുവാൻ കഴിയുമെന്നു് അദ്ദേഹം ആശ പ്രകടിപ്പിച്ചു.

അമേരിക്കയിലേക്കു ചെല്ലുവാൻ മുമ്പുതന്നെ ഷ്വെറ്റ്സർ പലതവണ ക്ഷണിക്കപ്പെട്ടിട്ടുണ്ടു്. ചില ക്ഷണനങ്ങൾമാത്രം എടുത്തു പറയാം. ലൊവൽപ്രസംഗങ്ങൾ നടത്തുവാനും മൂന്നാം ശതവാഷികാഘോഷങ്ങളിൽ പിന്നീടു പങ്കുചേരാനും ഹാർവാഡ്സർവ്വകലാശാല അദ്ദേഹത്തെ ക്ഷണിച്ചു. പ്രിൻസ്റ്റണിലേക്കു വരുവാനും അവിടെ താമസിച്ചു തത്വശാസ്ത്രത്തിൻെറ മൂന്നാം വാള്യം മുഴുമിപ്പാനും അവിടുത്തെ 'ഇൻസ്റ്റിററ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്' ആവശ്യപ്പെട്ടു. പ്രസംഗങ്ങളും കച്ചേരികളും നടത്താൻ മററു പല വിദ്യാഭ്യാസസ്ഥാപനങ്ങളും മതസംഘടനകളും സംഗീതസംഘങ്ങളും അദ്ദേഹത്തോടപേക്ഷിച്ചു. ഒടുവിൽ കൊളറാഡോവിലെ ആസ്പനിൽ ഗീഥെയുടെ ജനനത്തിൻെറ രണ്ടാംശതവാഷികാഘോഷത്തിൽ പങ്കുചേരാനും പ്രസംഗിക്കുവാനുമുള്ള ക്ഷണനം അദ്ദേഹം സ്വീകരിച്ചു.

---

* സി. ആർ. ജോയിയും എം. ആർണോൾഡും ചേന്നെഴുതിയ 'ആൽബെട്ട് ഷ്വെറ്റ്സരുടെ ആഫ്രിക്ക' എന്ന പുസ്തകത്തിൽനിന്നു്.

216227
Q6wM75
32372
UNIVERSITY LIBRARY
2 NOV 1964